# കേരള സ® ക്കാ®

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വൈക്കം മുനിസിപ്പാലിറ്റി

# ഓഡിറ്റ് റിപ്പോ® ട്ട്

# 2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയി® : doktm.ksad@kerala.gov.in
ഫോ® : 0481-2564886

(രജിസ്റ്റ® ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പ® : കെ.എസ്.എ-കെ.ടി.എം പി 17-318/2026

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 21/03/2026
ഇ-മെയി® :
doktm.ksad@kerala.gov.in
ഫോ® : 0481-2564886

സീനിയ® ഡെപ്യൂട്ടി ഡയറക്ട®

ചെയ® മാ® (സെക്രട്ടറി മുഖേന)
വൈക്കം മുനിസിപ്പാലിറ്റി

സ® ,

**വിഷയം : വൈക്കം മു® സിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വ® ഷത്തെ ഓഡിറ്റ് റിപ്പോ® ട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്ക® ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്ക® ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥക® പ്രകാരം വൈക്കം മു® സിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വ® ഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോ® ട്ട് 1996 ലെ കേരള ലോക്ക® ഫണ്ട് ഓഡിറ്റ് ചട്ടം 23(1)® നി® ദ്ദേശിക്കുന്ന പ്രകാരമുള്ള തുട® നടപടിക® ക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോ® ട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോ® ട്ട് കൈപ്പറ്റിയാലുട® ഇതി® പരാമ® ശിക്കുന്ന ക്രമക്കേടുക® ക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പക® പ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോ® ട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോ® ട്ട് വിശദമായി ച® ച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോ® ട്ടിന്റെയും അതിന്മേ® എടുത്ത തീരുമാനത്തിന്റെയും പക® പ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോ® ട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതി® ഉ® പ്പെടുന്ന ഓഡിറ്റ് പരാമ® ശങ്ങ® / തടസ്സങ്ങ® ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോ® ട്ട് പ്രസ്തുത കാലയളവിനുള്ളി® ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്ക® ഫണ്ട് ഓഡിറ്റ് നിയമം സെക്ഷ® 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയ® ഡെപ്യൂട്ടി ഡയറക്ട®

പക® പ്പ്:

1)ഡയറക്ട® , കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഇ-മെയിൽ)

2)ജോയിന്റ് ഡയറക്ടർ തദ്ദേശ സ്വയംഭരണ വകുപ്പ്, കോട്ടയം
3)കാര്യാലയ കോപ്പി

നമ്പ® : കെ.എസ്.എ-കെ.ടി.എം പി 17-318/2026 തീയ്യതി: 21/03/2026

## കോട്ടയം ജില്ലയിലെ വൈക്കം മു® സിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വ® ഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോ® ട്ട്.

(1994 ലെ കേരള ലോക്ക®  ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്ക®  ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ വൈക്കം മു® സിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വ® ഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2025 മുത®  31-01-2026 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-01-2025 മുത®  31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റി®  കണ്ടെത്തിയ അപാകതക®  അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയി® പ്പെടുത്തിയിട്ടുണ്ട്. 78 അന്വേഷണക്കുറിപ്പുക® ന® കിയതി® 44 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോ® ട്ടി® ഉ® പ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളി® മേലുള്ള തുട®  നടപടിക®  സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തി®  നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോ® ട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമ® ശങ്ങ®  28-02-2026 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തി®  അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങ®  മാത്രമാണ് ഓഡിറ്റ് റിപ്പോ® ട്ടി® ഉ® പ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം ന® കിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തി®  തയ്യാറാക്കി ഈ റിപ്പോ® ട്ടി®  ഉ® പ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തി®  മറ്റൊരു ഓഡിറ്റ് ഏജ® സി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ® :**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബീനാകുമാരി സി ആർ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 10-02-2026 | 28-02-2026 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 10-02-2026 | 28-02-2026 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥ® :**

ശ്രീമതി സുലത ഡി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി സ്മിത ജി.നായർ, ഓഡിറ്റ് ഓഫീസർ
ശ്രീമതി ജയശ്രീ പി.ജി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.യോഗേഷ് ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ബീനാകുമാരി റ്റി.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ
സിനിമോൾ ഏബ്രഹാം, ഓഡിറ്റർ

## (ബി)നി® വഹണാധികാരിക®

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി പ്രീത രാജേഷ് | ചെയർപേഴ്സൺ | 01-04-2024 | 31-03-2025 |
| ശ്രീമതി സൗമ്യാ ഗോപാലകൃഷ്ണൻ | സെക്രട്ടറി | 01-04-2024 | 31-03-2025 |

## നി® വ്വഹണഉദ്യോഗസ്ഥ®

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.ട্വിങ്കിൾ പ്രഭാകരൻ | മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി, വൈക്കം | 01-04-2024 | 31-03-2025 |
| ശ്രീമതി ശ്രീമോൾ എസ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2024 | 31-03-2025 |
| ശ്രീ. സോണി ചെറിയാൻ | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി ഷീല റാണി ആർ | അഗ്രിക്കൾച്ചറൽ ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി പ്രിയമോൾ വി എസ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി സുനിത വി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 26-05-2024 |
| ശ്രീമതി സന്ധ്യ എൽ കെ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ (ഇൻ ചാർജ്) | 27-05-2024 | 31-05-2024 |
| ശ്രീമതി സുനിത വി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-06-2024 | 03-09-2024 |
| ശ്രീ. രാജി എസ് മോനി | ഡയറി എക്സ്റ്റൻഷൻ | 04-09-2024 | 20-09-2024 |

| | | | |
|---|---|---|---|
| | ഓഫീസർ (ഇൻ ചാർജ്) | | |
| ശ്രീമതി സുനിത വി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 21-09-2024 | 31-03-2025 |
| ശ്രീ. തുളസീദാസ് | ഹെൽത്ത് ഇൻസ്പെക്ടർ | 01-04-2024 | 28-01-2025 |
| ശ്രീ. ഷിബു പി | ഹെൽത്ത് ഇൻസ്പെക്ടർ | 29-01-2025 | 31-03-2025 |
| ഡോ.മിനി ഹബീബ് | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2024 | 23-07-2024 |
| ഡോ. സജ്ല എൻ രാജൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 24-07-2024 | 06-08-2024 |
| ഡോ. ഹരികുമാർ ജി | മെഡിക്കൽ ഓഫീസർ, ആയുർവേദം | 07-08-2024 | 28-02-2025 |
| ഡോ. ബിസിനി എസ് | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-03-2025 | 07-03-2025 |
| ഡോ. ഹരികുമാർ ജി | മെഡിക്കൽ ഓഫീസർ, ആയുർവേദം | 08-03-2025 | 31-03-2025 |
| ഡോ.രഞ്ജിനി സി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2024 | 10-05-2024 |
| ഡോ. വി എസ് ജയ | മെഡിക്കൽ ഓഫീസർ, ഹോമിയോ (ഇൻ ചാർജ്) | 11-05-2024 | 27-05-2024 |
| ഡോ.രഞ്ജിനി സി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 28-05-2024 | 09-08-2024 |
| ഡോ. വി എസ് ജയ | മെഡിക്കൽ ഓഫീസർ, ഹോമിയോ (ഇൻ ചാർജ്) | 10-08-2024 | 21-08-2024 |
| ഡോ.രഞ്ജിനി സി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 22-08-2024 | 17-12-2024 |
| ഡോ. ബിന്ദു ബി പണിക്കർ | മെഡിക്കൽ ഓഫീസർ, ഹോമിയോ (ഇൻ ചാർജ്) | 18-12-2024 | 31-01-2025 |
| ഡോ.രഞ്ജിനി സി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-02-2025 | 31-03-2025 |
| ശ്രീ.ജയകുമാർ ബി. | മുൻസിപ്പൽ എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| ഡോ.സെങ്കോട്ടയ്യൻ | സീനിയർ വെറ്ററിനറി | 01-04-2024 | 31-03-2025 |

| | | | |
|---|---|---|---|
| | സർജൻ | | |
| ശ്രീമതി ഷാലിമോൾ എസ് | ഹെഡ്മിസ്ട്രസ്, ഗവ. എൽ പി സ്കൂൾ, വൈക്കം ടൗൺ | 01-04-2024 | 31-03-2025 |
| ശ്രീ. അജിത്ത് വി പി | ക്ലീൻ സിറ്റി മാനേജർ | 01-04-2024 | 31-03-2025 |

ഡോ.സാജു എൻ രാജൻ, 24.07.2024 മുതൽ 06.08.2024 വരെയും ഡോ.ബിസിനി എസ് 01.03.2025 മുതൽ 07.03.2025 വരെയും മെഡിക്കൽ ഓഫീസറിന്റെ (ആയുർവേദം) ചാർജ് വഹിച്ചിരുന്നു.

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2024-25 | 1-1 |
| 2 | നഗരസഭയുടെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല | 1-1-1 |
| 3 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശം ലഭ്യമല്ല | 1-1-2 |
| 4 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തി ആസ്തി ഡേറ്റാബേസ് കാലികമാക്കിയിട്ടില്ല | 1-1-3 |
| 5 | മുൻകാല അക്കൗണ്ടിംഗ് ക്രമീകരണം- 2,80,52,685/-രൂപയുടെ വിശദാംശങ്ങൾ ലഭ്യമല്ല | 1-1-4 |
| 6 | എൻ.യു.എൽ.എം അക്കൗണ്ടുകൾ വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-5 |
| 7 | പെൻഷൻ ഫണ്ട്-കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല-വിശദാംശങ്ങൾ ലഭ്യമല്ല | 1-1-6 |
| 8 | ലോൺ വരവ് കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല | 1-1-7 |
| 9 | ജീവനക്കാരുടെ ലോൺ റിക്കവറി തുക തിരിച്ചടയ്ക്കുവാനുള്ള ലോൺ തുകയായി അക്കൗണ്ട് ചെയ്തു | 1-1-8 |
| 10 | തെറ്റായ ശീർഷകങ്ങളിൽ വൻതുകകൾ വരവായി അക്കൗണ്ട് ചെയ്തു. | 1-1-9 |
| 11 | വിവിധ ശീർഷകങ്ങളിൽ അക്കൗണ്ട് ചെയ്ത തുകകളുടെ കൃത്യത വ്യക്തമല്ല | 1-1-10 |
| 12 | ബാങ്ക് സ്റ്റേറ്റ്മെന്റ്/പൊരുത്തപ്പെടുത്തൽ പത്രികകൾ ഓഡിറ്റിന് ഹാജരാക്കിയില്ല | 1-1-11 |
| 13 | റിഡംപ്ഷൻ തുക ക്രമീകരിച്ചില്ല | 1-1-12 |
| 14 | പൊരുത്തപ്പെടുത്തലിന്റെ കൃത്യത വ്യക്തമല്ല | 1-1-13 |
| 15 | അഡ്വാൻസ് നൽകിയ തുകകൾ സുസ്ഥിര ആസ്തിയിൽ അക്കൗണ്ട് ചെയ്തു | 1-1-14 |
| 16 | ഗ്രാന്റുകളുടെ ചെലവുകൾ പൊരുത്തപ്പെടുന്നില്ല | 1-1-15 |
| 17 | ബി-4,ബി-17 ഷെഡ്യൂളുകളിലെ നീക്കിയിരിപ്പുകൾ വ്യത്യാസപ്പെട്ടിരിക്കുന്നു. | 1-1-16 |
| 18 | ആസ്തികളുടെ മൂല്യശോഷണം അക്കൗണ്ട് ചെയ്തതിന്റെ കൃത്യത വ്യക്തമാക്കിയിട്ടില്ല | 1-1-17 |
| 19 | അഡ്വാൻസ്, ഡെപ്പോസിറ്റ് രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിച്ചിട്ടില്ല-തുകളുടെ കൃത്യത ഉറപ്പാക്കുവാൻ സാധിച്ചില്ല | 1-1-18 |
| 20 | പ്രത്യേക ഉദ്ദേശ ഗ്രാന്റുകളുടെ വിനിമയം അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലൂടെ നിരീക്ഷിക്കുന്നില്ല | 1-1-19 |
| 21 | സർക്കാരിലേയ്ക്കും മറ്റ് സ്ഥാപനങ്ങളിലേയ്ക്കും ഒടുക്കാനുള്ള ബാധ്യത തുക - രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-20 |

| | | |
|---|---|---|
| 22 | അക്രുവൽ വരവുകളുടെ ഡിമാന്റ് കൃത്യമായി നിർണ്ണയിച്ചിട്ടില്ല | 1-1-21 |
| 23 | വാടകയുടെ മുൻകാല കുടിശ്ശിക തെറ്റായി അക്കൗണ്ട് ചെയ്തു | 1-1-22 |
| 24 | ബജറ്റ് | 1-2 |
| 25 | സാമ്പത്തിക വിശകലനം | 1-3 |
| 26 | ഗ്രാന്റ് വിനിയോഗം | 1-4-0 |
| 27 | സർക്കാർ ഗ്രാന്റ് വിനിയോഗത്തിലെ കുറവ് - നഗരസഭയ്ക്ക് നഷ്ടമാകുന്നത് 44.11 ലക്ഷം രൂപ | 1-4-1 |
| 28 | ഗ്രാന്റുകൾ വരവായി എടുക്കുകയോ ചെലവഴിക്കുകയോ ചെയ്തില്ല-ഫണ്ട് ലാപ്സായി | 1-4-2 |
| 29 | വാർഷിക പദ്ധതി | 1-5 |
| 30 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 1-6 |
| 31 | ക്ഷേമ പെൻഷനുകൾ | 1-7 |
| 32 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 33 | ആഭ്യന്തരനിയന്ത്രണ സംവിധാനം | 1-9 |
| 34 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 35 | എൻ.യു.എൽ.എം പദ്ധതിയുടെ ബാങ്ക് അക്കൗണ്ടുകൾ വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-11 |
| 36 | 8,87,377/- രൂപയുടെ ചെക്കുകൾ പണമാകാതെ അക്കൗണ്ടിൽ അവശേഷിയ്ക്കുന്നു. | 1-12 |
| 37 | ഇ പോസ് മെഷീനുകളുടെ ഉപയോഗത്തിലെ അപാകതകൾ | 1-13-1 |
| 38 | രസീതു ബുക്കുകളുടെ പരിപാലനത്തിലെ അപാകതകൾ | 1-13 |
| 39 | ബാങ്ക് അക്കൗണ്ടുകളുടെ റീക്കൺസിലിയേഷൻ നടത്തിയിട്ടില്ല | 1- 14 |
| 40 | ചെക്കു തുകകളുടെ വിശദാംശങ്ങൾ കെ സ്മാർട്ടിൽ നിന്നും ലഭ്യമാകുന്നില്ല | 1-15 |
| 41 | ബാങ്ക് ചാർജ്ജ് ഇനത്തിൽ 37322/- രൂപ ഈടാക്കി-വിശദാംശങ്ങൾ ലഭ്യമല്ല | 1- 16 |
| 42 | മുൻകൂർ നൽകിയ തുകകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു | 1- 17 |
| 43 | കെ.യു.ആർ.ഡി.എഫ്.സി ലോൺ വിനിമയത്തിലും അക്കൗണ്ടിംഗിലും അപാകതകൾ | 1-18 |
| 44 | തനത് നികുതി പിരിവിലെ കുറവ് മൂലം വികസന ഫണ്ട് ജനറൽ വിഭാഗത്തിൽ 251350/- രൂപ സ്രോതസ്സിൽ കുറവ് ചെയ്തു | 1- 19 |
| 45 | അനധികൃത കെട്ടിടങ്ങളെ കെ-സ്മാർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-20 |
| 46 | അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനത്തിന്റെ വസ്തുനികുതി | 1-21 |

| | | |
|---|---|---|
| | ഈടാക്കിയിട്ടില്ല | |
| 47 | സർക്കാർ ഓഫീസുകൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല | 1-22 |
| 48 | മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല | 1-23 |
| 49 | ഒരേ റോഡ് തന്നെ വിവിധ രീതികളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നത് | 1-24 |
| 50 | വസ്തുനികുതി-റോഡുകൾ അടിസ്ഥാനത്തിലുള്ള തരംതിരിക്കൽ അന്തിമ വിജ്ഞാപനം ലഭ്യമായില്ല, വിവരങ്ങൾ കെ സ്മാർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1- 25 |
| 51 | വസ്തുനികുതി പരിഷ്കരണം- ഡേറ്റാ പ്യൂരിഫിക്കേഷൻ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല | 1-26 |
| 52 | വസ്തുനികുതി കുടിശ്ശിക- 1.24 കോടി രൂപ ഈടാക്കാൻ അവശേഷികകുന്നു | 1-27 |
| 53 | ക്രമവൽക്കരണം നടത്തിയ 501 ച.മീ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയിച്ചില്ല | 1-28 |
| 54 | കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിന്റെ റിപ്പോർട്ട് ലഭ്യമല്ല | 1- 29 |
| 55 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-30 |
| 56 | പരിഷ്ക്കരിച്ച നിരക്കിലുള്ള തൊഴിൽ നികുതി ഈടാക്കിയില്ല | 1- 31 |
| 57 | ലൈസൻസ് ഫീസ് ഈടാക്കാതെ ലൈസൻസ് നൽകി | 1-32 |
| 58 | IFTE & OS - ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിയ്ക്കുന്നു | 1-33 |
| 59 | തൻവർഷ വാടക കുടിശ്ശിക ഈടാക്കുവാൻ അവശേഷിക്കുന്നു | 1- 34 |
| 60 | ദീർഘകാലമായി കുടിശ്ശിക വരുത്തിയ കുത്തകക്കാർക്ക് മുറികൾ തുടർന്നും വാടകയ്ക്ക് നൽകുന്നു | 1-35 |
| 61 | വാടക കുടിശ്ശിക അടവാക്കാതെ കുത്തകക്കാർ ഒഴിഞ്ഞ് പോയി | 1-36 |
| 62 | നഗരസഭയുടെ ഉടമസ്ഥതയിലുള്ള  ഒട്ടേറെ കടമുറികൾ വാടകരഹിതമായി ഒഴിഞ്ഞ് കിടക്കുന്നു | 1-37 |
| 63 | കുത്തകാവകാശങ്ങളും ആസ്തികളും വരുമാനദായകമാക്കുന്നില്ല | 1-38 |
| 64 | കീഴ് വാടക സമ്പ്രദായം - വിശദാംശങ്ങൾ ലഭ്യമാക്കിയില്ല | 1-39 |
| 65 | വാടകയുടെ മുൻവർഷ കുടിശ്ശികയിനത്തിൽ 65.5 ലക്ഷം രൂപ ഈടാക്കുവാൻ അവശേഷിക്കുന്നു | 1-40 |
| 66 | സത്യാഗ്രഹ സ്മാരക ഹാൾ നിർമ്മാണം- തൊഴിലാളി മരണപ്പെട്ട സംഭവത്തിൽ നഗരസഭയ്ക്കെതിരെ 10.14 ലക്ഷം രൂപയുടെ റവന്യൂ റിക്കവറി നടപടി | 1-41 |
| 67 | നഗരസഭാവക സ്ഥലത്ത് തീയറ്റർ കോംപ്ലക്സ് നിർമ്മാണം-കരാർ വ്യവസ്ഥകൾ പാലിക്കപ്പെടുന്നില്ല. | 1-42 |

| | | |
|---|---|---|
| 68 | മുനിസിപ്പൽബീച്ചിൽ  കളിസ്ഥലവും സ്റ്റേഡിയം നിർമ്മാണവും - യാഥാർത്ഥ്യമായിട്ടില്ല. | 1-43 |
| 69 | പെൻഷൻ ഫണ്ട്-അപാകതകൾ | 1-44 |
| 70 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ സ്കൂൾ പ്രവർത്തിയ്ക്കുന്നു | 1- 45 |
| 71 | ടേക്ക് എ ബ്രേക്ക് - വഴിയോരവിശ്രമ കേന്ദ്രങ്ങൾ - കോവിലകത്തും കടവിലെ ടോയ് ലെറ്റ് സമുച്ചയം നാളിതുവരെ ഉപയോഗപ്രദമാക്കിയില്ല | 1-46 |
| 72 | അങ്കണവാടി നിർമ്മാണം - തറനിർമ്മാണത്തിനു മാത്രമായി പ്രോജക്ട് തയ്യാറാക്കി | 1-47 |
| 73 | അന്ധകാരത്തോട്ടിൽ കണക്ഷൻ ഡ്രെയിനേജ് നിർമ്മാണം- പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല | 1-48 |
| 74 | പഠനമുറി നിർമ്മാണം - രേഖകൾ ലഭ്യമായില്ല. | 1-49 |
| 75 | റോഡ് ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലിവീപ്പകളുടെ വില തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു | 1-50 |
| 76 | വൈക്കം താലൂക്ക് ആശുപത്രിയിൽ എക്സ്റേ ഫിലിം വാങ്ങൽ-വിതരണ ഏജൻസിയുടെ ബില്ലിൽനിന്ന് ജി.എസ്.ടി ടി.ഡി.എസ്.നടത്തിയില്ല | 1-51 |
| 77 | സ്കൂളുകൾക്ക് ലാപ് ടോപ്പ് - സർക്കാർ നിർദ്ദേശം പാലിച്ചില്ല.- അധികം തുക ചെലവഴിച്ചു | 1-52 |
| 78 | സ്കൂൾ വിദ്യാർത്ഥിനികൾക്ക് ഷീ പാഡ് പദ്ധതി-പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല | 1- 53 |
| 79 | സ്വയംതൊഴിൽ (വനിത) – തൊഴിൽസംരംഭം  പ്രവർത്തിക്കുന്നില്ല. | 1-54 |
| 80 | നാപ്കിൻ ഡിസ്പോസൽ മെഷീൻ സ്ഥാപിക്കൽ -മെഷീനുകൾ ഉപയോഗപ്രദമല്ല. | 1-55 |
| 81 | തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം - 2012- 13 ൽ തുക കൈമാറിയ പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. | 1-56 |
| 82 | ജലാശയങ്ങളുടെ പുനരുജ്ജീവനം- 18ലക്ഷത്തിലധികം രൂപ 4വർഷമായി ചെലവഴിക്കാതെ നിർവ്വഹണ ഏജൻസിയുടെ അക്കൗണ്ടിലവശേഷിക്കുന്നു. | 1-57 |
| 83 | ഉന്നത വിദ്യാഭ്യാസമുള്ള വനിതകൾക്ക് മത്സരപരീക്ഷാ പരിശീലനം- പ്രോജകട് പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല. | 1-58 |
| 84 | പിഎഫ് റിക്കവറി യഥാസമയം അടവാക്കിയില്ല - നഗരസഭാഫണ്ടിൽ നിന്നും പിഴ അടവാക്കി | 1-59 |
| 85 | ഹോമിയോ മരുന്ന് വാങ്ങൽ -മരുന്ന് പൂർണ്ണമായി ലഭ്യമായില്ല | 1-60 |
| 86 | ആയുർവേദം - മരുന്നുകൾ ലഭ്യമാകാൻ ശേഷിക്കുന്നു | 1- 61 |
| 87 | പിഎംഎവൈ ഭവനപദ്ധതി -മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താക്കൾ | 1-62 |

| | | |
|---|---|---|
| | ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല /നിർമ്മാണപുരോഗതി കൈവരിച്ചിട്ടില്ല. | |
| 88 | 364035/- രൂപ സർക്കാരിലേക്ക് തിരികെ അടവാക്കുവാൻ അവശേഷിക്കുന്നു | 1-63 |
| 89 | ലൈബ്രറി സെസ് അടവാക്കുന്നില്ല- 6735515/- രൂപ കുടിശ്ശികയിനത്തിൽ ബാധ്യത | 1-64 |
| 90 | ഫെസ്റ്റിവൽ അഡ്വാൻസ് തിരികെ ലഭ്യമാക്കി ക്രമീകരിക്കുവാൻ അവശേഷിക്കുന്നു | 1-65 |
| 91 | അമൃത് 2.0 ജലശക്തി അഭിയാൻ പദ്ധതി - അപാകതകൾ പരിഹരിച്ച് പദ്ധതികൾ പൂർത്തിയാക്കിയിട്ടില്ല | 1-66 |
| 92 | ഇ.ടെണ്ടർ ഫീസ് - അക്കൗണ്ട് വിവരങ്ങൾ ലഭ്യമായില്ല | 1-67 |
| 93 | പുതിയ വാഹനത്തിന്റെ ഇൻഷ്വറൻസ്, ചെലവുകൾക്ക് തനത് ഫണ്ടിൽ നിന്ന് അനുവദിച്ച തുക റീ ക്ലപ്പ് ചെയ്തില്ല. പഴയ വാഹനം കണ്ടം ചെയ്യുന്നതിനുള്ള നടപടി ക്രമങ്ങൾ പാലിച്ചില്ല. | 1-68 |
| 94 | പഴയ മോട്ടോറുകൾ വില്പന നടത്തി തുക മുതൽ കൂട്ടിയില്ല. | 1-69 |
| 95 | മരം മുറിച്ച് മാറ്റിയതിന്റെ ചെലവ് തുക ഈടാക്കിയില്ല | 1-70 |
| 96 | ആർദ്രം പദ്ധതി പുരസ്ക്കാര തുക -ബാലൻസ് തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല | 1-71 |
| 97 | സ്ഥലം വിട്ടുകിട്ടി വർഷം കഴിഞ്ഞിട്ടും നിശ്ചിതകാര്യത്തിനായി പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചില്ല | 1-72 |
| 98 | കെ സ്മാർട്ട് - അവലോകനം | 1-73 |
| 99 | ഹെൽത്ത് ഗ്രാന്റ് വിനിയോഗം - അവലോകനം | 1-74 |
| 100 | ദേശീയനഗര ഉപജീവനമിഷൻ (എൻ.യു.എൽ.എം)-പദ്ധതി നിർവ്വഹണം- അവലോകനം | 1-75 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | സ്കൂളുകൾക്ക് ലാപ് ടോപ്പ് - സർക്കാർ നിർദ്ദേശം പാലിച്ചില്ല.- അധികം തുക ചെലവഴിച്ചു | 3-1 |
| **ഭാഗം 4** | | |
| 1 | മെഡിസെപ് - അവലോകനം | 4-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിശദാംശങ്ങൾ | 4-2 |
| 3 | സംയുക്ത പ്രോജക്ടിനായി ചെലവഴിച്ച തുകയുടെ വിവരം | 4-3 |

| | | |
|---|---|---|
| 4 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-5 |
| 6 | വായ്പ/വായ്പ തിരിച്ചടവ് | 4-6 |
| 7 | സ്ഥിരനിക്ഷേപങ്ങൾ | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ നിലവിലെ അവസ്ഥ | 4-9 |
| 10 | ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം. | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് 2024-25

1. വൈക്കം നഗരസഭയുടെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31-03-2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണ സമിതിയുടെ 30-10-2025 തീയതിയിലെ 8/1 നം. തീരുമാനം പ്രകാരം അംഗീകരിച്ച് 30-11-2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007-ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1 & 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര / സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരപാലിക സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.
2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യ പത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യ പത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലിക സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.
3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വൈക്കം**

നഗരസഭയുടെ **2024-25** വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യ പത്രികകൾ **31-03-2025** ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും **31-03-2025** ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

| | |
|---|---|
| **തീയതി: 21.03.2026** | **സീനിയർ ഡെപ്യൂട്ടി ഡയറക്ടർ** |

### 1-1-1 നഗരസഭയുടെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല

നഗരസഭയുടെ 31/03/2025 തീയതിയിലെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത അനുബന്ധ രേഖകളുടെ അഭാവത്തിൽ വ്യക്തമല്ല. 2007-ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി അക്കൗണ്ടിങ്ങ് ആരംഭിച്ചപ്പോൾ ജനറൽ ഫണ്ട് നിർണ്ണയിച്ചതിന്റെ ആധികാരിക ആസ്തി-ബാധ്യത രേഖയായ OBRP വിവരം സൂക്ഷിച്ചിട്ടില്ല. ജനറൽ ഫണ്ട് മൂല്യം വ്യക്തമാക്കുന്ന രേഖകൾ തയ്യാറാക്കി സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതുമാണ്.

### 1-1-2 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശം ലഭ്യമല്ല

2024-25 വർഷം അക്കൗണ്ട് ചെയ്യപ്പെട്ട ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുക തൻവർഷ മൂലധന ചെലവിന് തുല്യമായ തുകയാണോ എന്നതിൽ വ്യക്തതയില്ല. വിവിധ ഗ്രാന്റുകളുടെ ചെലവ്, മൂലധന / റവന്യൂ തിരിച്ച് രേഖപ്പെടുത്തിയ വിശദമായ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രജിസ്റ്റർ / വിശദാംശം നഗരസഭയിൽ സൂക്ഷിച്ചിട്ടില്ല. ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശങ്ങൾ തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

### 1-1-3 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തി ആസ്തി ഡേറ്റാബേസ് കാലികമാക്കിയിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി നഗരസഭ ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. 23-08-2025 ലെ സ.ഉ.(കൈ) നം. 156/2025/LSGD പ്രകാരം K-SMART ആരംഭിച്ച ശേഷം നഗരസഭയുടെ ആസ്തി ഡേറ്റാബേസ് കൃത്യമാക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചതും നടപ്പിലാക്കിയിട്ടില്ല. ആയതിനാൽ 31/03/2025 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റയും മൂല്യത്തിന്റയും ആധികാരികതയും കൃത്യതയും വ്യക്തമല്ല. നഗരസഭ ആസ്തി വിവരങ്ങൾ എല്ലാം ക്രോഡീകരിച്ച ആസ്തി ഡേറ്റാബേസും (Asset Register / Database) വിവിധ നിർമ്മിതികളുടെയും സ്ഥാപനങ്ങളുടെയും വിവിധ അതിർത്തികളുടെയും (Landmark) റോഡുകളുടെയും സ്ഥാനം രേഖപ്പെടുത്തിയ നഗര പ്രദേശത്തെ റോഡ് കണക്ടിവിറ്റി മാപ്പും കാലികമാക്കി 31-03-2025 വരെയുള്ള ആസ്തി ഡിജിറ്റലൈസേഷൻ പൂർത്തിയാക്കിയ ശേഷം ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിൽ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

### 1-1-4 മുൻകാല അക്കൗണ്ടിംഗ് ക്രമീകരണം- 2,80,52,685/-രൂപയുടെ വിശദാംശങ്ങൾ ലഭ്യമല്ല

ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റിലെ I-19 ഷെഡ്യൂൾ പ്രകാരം (28052685/-) രൂപ Prior Period Item എന്ന ഇനത്തിൽ ക്രമീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. ആയതിനാൽ പ്രസ്തുത ക്രമീകരണത്തിന്റെ ആധികാരികത ഉറപ്പാക്കുവാൻ സാധിച്ചില്ല. Prior Period ക്രമീകരണത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

### 1-1-5 എൻ.യു.എൽ.എം അക്കൗണ്ടുകൾ വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല.

ദേശീയനഗര ഉപജീവന മിഷൻ (എൻ. യു. എൽ. എം.) പദ്ധതിയുടെ ഫണ്ട് വിനിമയങ്ങൾക്കായി

നഗരസഭയിൽ ആരംഭിച്ചിട്ടുള്ള താഴെ ചേർക്കുന്ന ബാങ്ക് അക്കൗണ്ടുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. അപാകത പരിഹരിക്കേണ്ടതാണ്.

| ബാങ്ക് | അക്കൗണ്ട് നം. |
|---|---|
| കാനറ ബാങ്ക്, വൈക്കം ശാഖ | 4670101007155 |
| ഇൻഡ്യൻ ബാങ്ക്, വൈക്കം ശാഖ | 7638203575 |

## 1-1-6 പെൻഷൻ ഫണ്ട്-കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല-വിശദാംശങ്ങൾ ലഭ്യമല്ല

റഗുലർ / കണ്ടിൻജന്റ് വിഭാഗത്തിൽ നിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷൻ വിതരണം സംബന്ധിച്ച് നഗരസഭയിൽ കൃത്യമായ കണക്കുകളില്ല. മുൻസിപ്പൽ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്ന് അലോട്ട്മെന്റ് ലഭിക്കുന്നതിന്റേയും സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് അടവാക്കുവാനുള്ള റഗുലർ വിഭാഗം ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ തുകയുടേയും പെൻഷൻ വിതരണത്തിനായി തനതു ഫണ്ടിൽ നിന്നും ചെലവഴിച്ചതിന് ശേഷം പെൻഷൻ ഫണ്ടിൽ നിന്നും ലഭിക്കുവാനുള്ള തുകയുടേയും വിശദാംശങ്ങൾ കൃത്യമായി ക്രോഡീകരിച്ച് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. പെൻഷൻ ഫണ്ട് വിനിമയം സബന്ധിച്ച് വിശദാംശങ്ങൾ കൃത്യമാക്കി വാർഷിക കണക്കിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 1-1-7 ലോൺ വരവ് കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല

ഭവന പദ്ധതിക്കായി കെ. യു. ആർ. ഡി. എഫ്. സി. യിൽ നിന്നും മുൻ വർഷം ലഭിച്ച ലോൺ തുകയായ 72,00,000/- രൂപ, തൻ വർഷം ലഭിച്ച 76,00,000/- രൂപ എന്നിവ ശരിയായി അക്കൗണ്ടിങ്ങ് ക്രമീകരണത്തിലൂടെ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല. ആയതിനാൽ ലോണിനത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുള്ളതായി ബി-5 ഷെഡ്യൂളിൽ പ്രതിഫലിപ്പിക്കുന്ന ബാധ്യത തുക കൃത്യമല്ല. ലോൺ തുക കൃത്യമായി അക്കൗണ്ട് ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

കൂടാതെ ലോൺ തുകയിൽ തിരിച്ചടയ്ക്കുവാനുള്ള തുകയായി ബി-5 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള 2,60,72,239/- രൂപയും Prepaid Expenses ആയി ബി-16 ഷെഡ്യൂളിൽ 2,96,46,547/- രൂപയുമാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്. 35,74,308/- രൂപയുടെ വ്യത്യാസം വിശദീകരിക്കപ്പെട്ടില്ല. അപാകത പരിഹരിക്കേണ്ടതാണ്.

## 1-1-8 ജീവനക്കാരുടെ ലോൺ റിക്കവറി തുക തിരിച്ചടയ്ക്കുവാനുള്ള ലോൺ തുകയായി അക്കൗണ്ട് ചെയ്തു

ജീവനക്കാരുടെ ലോൺ റിക്കവറി തുകയായ 34000/- രൂപ ഹെഡ്ഡ് മാറി അക്കൗണ്ട് ചെയ്തതിനാൽ ബാലൻസ് ഷീറ്റിലെ ബി-6 ഷെഡ്യൂളിൽ തിരിച്ചടയ്ക്കുവാനുള്ള ലോൺ തുകയായി ചേർത്തിരിക്കുന്നു. ആയത് കൃത്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-1-9 തെറ്റായ ശീ® ഷകങ്ങളി® വ® തുകക® വരവായി അക്കൗണ്ട് ചെയ്തു.

റസീപ്റ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റിലെ താഴെ ചേർക്കുന്ന വരവ് ശീർഷകങ്ങളിൽ കൃത്യമല്ലാത്ത വലിയ വരവ് തുകകൾ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടുള്ളതായി കാണുന്നു.

| ഷെഡ്യൂൾ | ശീർഷകം | തുക |
|---|---|---|
| R-3 | 1301002- Rent From Stadium | 7763553 |
| R-4 | 1401203- Permit Application Fee | 1447114 |
| R-11 | 3201011- PMAY-General | 42488371 |

മേൽ ഇനങ്ങളിൽ തൻവർഷം ഇത്രയും വലിയ തുകകൾ വരവില്ലാത്തതാണ്. പി. എം. എ. വൈ. കേന്ദ്ര വിഹതം തൻവർഷ വരവ് 13883000/- രൂപ മാത്രമായിരിക്കേ 4 കോടി രൂപയുടെ വരവ് അക്കൗണ്ട് ചെയ്തതിനും വ്യക്തതയില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 42(13)/23.02.2026) വിശദീകരണം ലഭ്യമാക്കിയില്ല. അപാകത പരിഹരിക്കേണ്ടതാണ്.

### 1-1-10 വിവിധ ശീർഷകങ്ങളിൽ അക്കൗണ്ട് ചെയ്ത തുകകളുടെ കൃത്യത വ്യക്തമല്ല

വാർഷിക കണക്കുകളിലെ താഴെ ചേർക്കുന്ന ശീർഷകങ്ങളിൽ അക്കൗണ്ട് ചെയ്തിട്ടുള്ള തുകകളുടെ കൃത്യത വ്യക്തമല്ല.

| ഷെഡ്യൂൾ | ശീർഷകം | തുക |
|---|---|---|
| R-18 | 4605009-Unauthorized Debt | 1963462 |
| R-21 | 3109002-Suspense | 171140 |
| P-4 | 2408001-Other Finance Expenses | 592935 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 42(14)/23.02.2026) മറുപടി ലഭ്യമാക്കിയില്ല. മേൽ തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

### 1-1-11 ബാങ്ക് സ്റ്റേറ്റ്മെന്റ്/പൊരുത്തപ്പെടുത്തൽ പത്രികകൾ ഓഡിറ്റിന് ഹാജരാക്കിയില്ല

ചുവടെ ചേർക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ്മെന്റ് / പൊരുത്തപ്പെടുത്തൽ പത്രികകൾ ഓഡിറ്റിന് ഹാജരാക്കിയില്ല.

| അക്കൗണ്ട് | നീക്കിയിരിപ്പ് |
|---|---|
| ട്രഷറി MF (നം.1-665) | 1 |

പ്രസ്തുത അക്കൗണ്ടുകൾ നിലവിലുള്ളതാണോയെന്ന് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-1-12 റിഡംപ്ഷൻ തുക ക്രമീകരിച്ചില്ല

2021-22 വർഷം വിവിധ ട്രഷറി അക്കൗണ്ടുകളിൽ നിന്നും സർക്കാർ തിരിച്ചെടുത്ത 14,16,489/- രൂപയിൽ 11,76,149/- രൂപ 04.03.2024 ൽ നഗരസഭയ്ക്ക് തിരികെ ലഭിച്ചിരുന്നു. എന്നാൽ റിഡംപ്ഷൻ ഇനത്തിൽ ലഭ്യമാകാനുള്ള തുകയായി 2024-25 ലെ വാർഷിക ധനകാര്യ പത്രികയുടെ B-14 ഷെഡ്യൂളിൽ അക്കൗണ്ട് ചെയ്തിട്ടുള്ള 38,58,979/- രൂപയിൽ 14,16,489/- രൂപ കൂടി ഉൾപ്പെട്ടിട്ടുണ്ട്. തിരികെ ലഭിച്ച 11,76,149/- രൂപയുടെ അക്കൗണ്ടിംഗ് ക്രമീകരണം നടത്തിയിട്ടില്ല. ആയത് ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

### 1-1-13 പൊരുത്തപ്പെടുത്തലിന്റെ കൃത്യത വ്യക്തമല്ല

ഹെൽത്ത് ഗ്രാന്റ് (അർബൻ ഹെൽത്ത് & വെൽനെസ് സെന്റേഴ്സ്) അക്കൗണ്ടിന്റെ 31.03.25 ലെ ബാങ്ക് റീകൺസിലേഷനിൽ 04.04.2024 ൽ അക്കൗണ്ടിൽ ക്രഡിറ്റായ 14,950/- രൂപ നിലവിലും Directly Credited By Bank എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി പൊരുത്തപ്പെടുത്തൽ നടത്തിയിട്ടുള്ളതായി കാണുന്നു. ആയതിന്റെ കൃത്യത വ്യക്തമല്ല. അപാകത പരിഹരിക്കേണ്ടതാണ്.

### 1-1-14 അഡ്വാൻസ് നൽകിയ തുകകൾ സുസ്ഥിര ആസ്തിയിൽ അക്കൗണ്ട് ചെയ്തു

ബാലൻസ് ഷീറ്റിലെ Advances To Others എന്ന ശീർഷകത്തിൽ ഉൾപ്പെട്ട 6,90,80,354/- രൂപ Loans, Advances And Deposits (ബി-18) എന്ന ഷെഡ്യൂളിന് പകരം Fixed Assets (ബി-9) എന്ന ഷെഡ്യൂളിലാണ് ഉൾപ്പെട്ടിട്ടുള്ളത്. അപാകത പരിഹരിക്കേണ്ടതാണ്.

## 1-1-15 ഗ്രാന്റുകളുടെ ചെലവുകൾ പൊരുത്തപ്പെടുന്നില്ല

വിവിധ സർക്കാർ ഗ്രാന്റുകളായ വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വാർഷിക പദ്ധതിയിലെ ചെലവും ധനകാര്യ പത്രിക പ്രകാരമുള്ള ചെലവും തമ്മിൽ വ്യത്യാസം കാണുന്നു. ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ നീക്കിയിരിപ്പും വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-1-16 ബി-4,ബി-17 ഷെഡ്യൂളുകളിലെ നീക്കിയിരിപ്പുകൾ വ്യത്യാസപ്പെട്ടിരിക്കുന്നു.

താഴെ ചേർക്കുന്ന ഫണ്ടുകളുടെ 31.03.2025 ലെ ബി-4, ബി-17 ബാലൻസുകൾ വ്യത്യാസപ്പെട്ടിരിക്കുന്നു.

| ക്രമ നം. | ഫണ്ടിനം | ബി-4 നീക്കിയിരിപ്പ് | ബി-17 നീക്കിയിരിപ്പ് |
|---|---|---|---|
| 1 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 11675461 | 12324362 |
| 2 | വെൽഫെയർ ബോഡീസ് | 1546504 | 557897 |
| 3 | ഹെൽത്ത് ഗ്രാന്റ് (ഡയഗനോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ) | 27498 | 27419 |

വ്യത്യാസത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-1-17 ആസ്തികളുടെ മൂല്യശോഷണം അക്കൗണ്ട് ചെയ്തതിന്റെ കൃത്യത വ്യക്തമാക്കിയിട്ടില്ല

2024-25 വർഷം സുസ്ഥിര ആസ്തികളുടെ മൂല്യശോഷണം അക്കൗണ്ട് ചെയ്തതിന്റെ ആധികാരികത Calculation Sheet ലൂടെ വ്യക്തമാക്കിയിട്ടില്ല. ആസ്തികളുടെ മൂല്യം, കാലപ്പഴക്കം എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമല്ലാത്തതിനാൽ ആസ്തി മൂല്യത്തിന് ആനുപാതികമായാണോ മൂല്യശോഷണം അക്കൗണ്ട് ചെയ്തത് എന്ന് വ്യക്തമല്ല. അപാകത പരിഹരിക്കേണ്ടതാണ്.

## 1-1-18 അഡ്വാൻസ്, ഡെപ്പോസിറ്റ് രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിച്ചിട്ടില്ല-തുകളുടെ കൃത്യത ഉറപ്പാക്കുവാൻ സാധിച്ചില്ല

അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ കാലികമാക്കി സൂക്ഷിക്കാത്തതിനാൽ ബി-7, ബി-18 ഷെഡ്യൂളുകളിലെ നീക്കിയിരിപ്പ് തുകകളുടെ കൃത്യത ഉറപ്പാക്കുവാൻ സാധിച്ചില്ല. വിവിധ ഷെഡ്യൂളുകൾ പ്രതിഫലിപ്പിക്കുന്ന തുകകൾക്ക് ആധികാരീകമായി സൂക്ഷിക്കുന്ന രജിസ്റ്ററുകളുടെ പിൻബലമുണ്ടാകേണ്ടതാണ്.

## 1-1-19 പ്രത്യേക ഉദ്ദേശ ഗ്രാന്റുകളുടെ വിനിമയം അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലൂടെ നിരീക്ഷിക്കുന്നില്ല

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. ആയതിനാൽ ബാലൻസ് ഷീറ്റിലെ ബി-4 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള ഗ്രാന്റുകളുടെ വിനിമയത്തിന്റെയും 31/03/2025 ലെ ബാധ്യതയായി കണക്കാക്കിയിട്ടുള്ള നീക്കിയിരിപ്പ് തുകയുടെയും കൃത്യത വ്യക്തമല്ല. രജിസ്റ്റർ സൂക്ഷിച്ച് ഗ്രാന്റുകളുടെ വിനിമയം നിരീക്ഷിക്കേണ്ടതാണ്.

## 1-1-20 സർക്കാരിലേയ്ക്കും മറ്റ് സ്ഥാപനങ്ങളിലേയ്ക്കും ഒടുക്കാനുള്ള ബാധ്യത തുക - രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

സർക്കാർ / മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള ബാധ്യത തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government / Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ബി-8 ഷെഡ്യൂൾ പ്രകാരമുള്ള ബാദ്ധ്യത തുകകളുടെ കൃത്യത ഉറപ്പാക്കുവാൻ സാധിച്ചില്ല. Government And Other Dues രജിസ്റ്റർ

സൂക്ഷിച്ച് വിവിധ റിക്കവറികളുടെ സമയബന്ധിതമായ ഒടുക്ക് നിരീക്ഷിക്കേണ്ടതാണ്.

## 1-1-21 അക്രൂവൽ വരവുകളുടെ ഡിമാന്റ് കൃത്യമായി നിർണ്ണയിച്ചിട്ടില്ല

അക്രൂവൽ വരവിനങ്ങളായ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി, ലൈസൻസ് ഫീസ്, വാടക തുടങ്ങിയവയുടെ ഡിമാന്റ് നിർണ്ണയിച്ച് സാമ്പത്തിക വർഷാരംഭത്തിൽ അക്കൗണ്ട് ചെയ്യുന്നില്ല. അക്രൂവൽ വരവുകളുടെ ഡിമാന്റ് കണക്കാക്കിയതിന്റെ ആധികാരികത വ്യക്തമല്ല. അംഗീകൃത സ്ഥാപന ലിസ്റ്റ്, വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ ഡിമാന്റ് കണക്കാക്കേണ്ടതായിരുന്നു. അക്രൂവൽ വരവുകളുടെ ഡിമാന്റ് കൃത്യമായി നിർണ്ണയിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതും വർഷാവസാനം ഡിമാന്റ് രജിസ്റ്ററുകൾ ക്ലോസ് ചെയ്ത് ഡി. സി. ബി., ഡി. സി. ബി. സംക്ഷിപ്തം എന്നിവ തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.
എന്നാൽ പ്രസ്തുത തുക മുൻവർഷ കുടിശ്ശികയായ 36,38,786/- രൂപയിൽ നിന്നും അടവാക്കിയ തുക കുറച്ചതിന് ശേഷമുള്ളതാണ്. അപാകത പരിഹരിക്കേണ്ടതാണ്.

## 1-1-22 വാടകയുടെ മുൻ കാല കുടിശ്ശിക തെറ്റായി അക്കൗണ്ട് ചെയ്തു

ബാലൻസ് ഷീറ്റിലെ ബി-15 ഷെഡ്യൂളിൽ Rent Receivables From Local Body Properties (Arrear) എന്ന ശീർഷകത്തിൽ 2912782/- രൂപ അക്കൗണ്ട് ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക മുൻവർഷ കുടിശ്ശികയായ 3638786/- രൂപയിൽ നിന്നും അടവാക്കിയ തുക കുറച്ചതിന് ശേഷമുള്ളതാണ്. അപാകത പരിഹരിക്കേണ്ടതാണ്.

## 1-2 ബജറ്റ്

2024-25 വർഷത്തെ ബജറ്റ് 14.02.2024 തീയതിയിലെ 1/1-ാം നം. തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. 21.03.2025 തീയതിയിലെ 1-ാം നം. തീരുമാന പ്രകാരം മേൽ ബജറ്റ് പുതുക്കി അംഗീകരിച്ചിട്ടുണ്ട്. ഒറിജിനൽ ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ പ്രകാരമുള്ള സംക്ഷിപ്ത വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | യഥാർത്ഥ ബജറ്റ് | പരിഷ്കരിച്ച ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 38026398 | 33435965 |
| വരവ് | 475214972 | 417174732 |
| ആകെ | 513241370 | 450610697 |
| ചെലവ് | 507262549 | 420989889 |
| നീക്കിയിരിപ്പ് | 5978821 | 29620808 |

ബജറ്റ് പ്രകാരം 51.32 കോടി രൂപയുടെ പ്രതീക്ഷിത വരവും 50.72 കോടി രൂപയുടെ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. നഗരസഭയുടെ 2024-25 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക (I&E) പ്രകാരം വരുമാനം 24.2 കോടി രൂപയും ചെലവ് 26.59 കോടി രൂപയുമാണ്. ബജറ്റ് വകയിരുത്തലിൽ നിന്നുള്ള വ്യതിചലനത്തിന്റെ തോത് താരതമ്യത്തിന് അതീതമാണ്. മുൻവർഷങ്ങളിലെ യഥാർത്ഥ കണക്കുകളെ ആധാരമാക്കാതെയും വിവിധ വരുമാന സ്രോതസ്സുകൾ സംബന്ധിച്ച് യാഥാർത്ഥ്യ ബോധത്തോടെ വിശകലനം നടത്താതെയും ചെലവിനങ്ങളുടെ സൂക്ഷ്മാംശങ്ങൾ പരിഗണിക്കാതെയും ബജറ്റ് തയ്യാറാക്കിയതുമൂലമാണ് യഥാർത്ഥ കണക്കുകളും പ്രതീക്ഷിത കണക്കുകളും തമ്മിൽ വലിയ അന്തരം

ഉണ്ടായത്. ശാസ്ത്രീയമായ ധനസമാഹരണത്തിനും ധനവിനിയോഗത്തിനും അടിസ്ഥാനമാക്കേണ്ട ഒരു പ്രാമാണിക രേഖ എന്ന രീതിയിൽ നിലവിൽ തയ്യാറാക്കപ്പെട്ടിട്ടുള്ള ബജറ്റ് പരിഗണിക്കുവാൻ സാധിക്കുന്നില്ല. 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ-286 ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി ബജറ്റ് തയ്യാറാക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്. സെക്ഷൻ-293 പ്രകാരം ബജറ്റ് അംഗീകരിക്കുന്നതിന് നിയമപരമായ നടപടിക്രമങ്ങൾ എല്ലാം കൃത്യമായി പാലിച്ചിട്ടുണ്ടെന്ന് നഗരസഭ കൗൺസിൽ ഉറപ്പാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

**റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം**

| | |
|---|---|
| മുന്നിരിപ്പ് | 3,34,35,965/- |
| ഓഡിറ്റ് വർഷത്തെ വരവ് | 15,15,37,235/- |
| ആകെ | 18,49,73,200/- |
| ഓഡിറ്റ് വർഷത്തെ ചെലവ് | 13,95,28,610/- |
| നീക്കിയിരിപ്പ് | 4,54,44,590/- |

**ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം**

| ഇനം | തുക |
|---|---|
| ആകെ വരുമാനം | 24,20,76,002/- |
| ആകെ ചെലവ് | 26,59,17,117/- |
| പ്രവർത്തന ലാഭം/ നഷ്ടം | (2,38,41,115) |
| മുൻകാല അക്കൗണ്ടിംഗ് ക്രമീകരണം (Prior Period Adjustment) | (2,80,52,685) |
| Gross Surplus / Defecit Of Income Over Expenditure | 42,11,570/- |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർചാർജ് ചെയ്യാവുന്നത്) | 4,13,460/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 26,32,300/- |

## 1-4-0 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | വരവ് (സ്രോതസിൽ കുറവ് ചെയ്ത തുക ഉൾപ്പെടെ) | ആകെ | ചെലവ് | നീക്കി-യിരിപ്പ്/ ലാപ്സായ തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 0 | 25135000 | *24251786 (NET) | 19720473 | 4531313 | 81 |
| വികസന ഫണ്ട് എസ്.സി.പി. | 0 | 8608000 + 631864 (പരിഹാര | 9239864 | 6777003 | 2462861 | 73.35 |

| | | | | | | |
|---|---|---|---|---|---|---|
| | | വകയി-രുത്തൽ) | | | | |
| വികസന ഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 24497000 | 24497000 | 15801265 | 8695735 | 64.5 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 32425000 | 32425000 | 26933475 | 5491525 | 83 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് -ടൈഡ് | 4984502 | 7639980 | 12624482 | 5442813 | 7181669 | 43 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് -അൺടൈഡ് | 2319846 | 3812725 + 354403 (പലിശ) | 6486974 | 2611053 | 3875921 | 40.3 |
| പി.എം.എ.വൈ- കേന്ദ്ര വിഹിതം | 0 | 13883000 | 13883000 | 13883000 | 0 | 100 |
| അമൃത് | 0 | 14634786 | 14634786 | 14634786 | 0 | 100 |
| സ്വച്ഛ് ഭാരത്- സോളിഡ് വേസ്റ്റ് മാനേജ്മെന്റ് | 0 | 119606 | 119606 | 0 | 119606 | 0 |
| സ്വച്ഛ് ഭാരത്- ഗ്രാമീൺ | 0 | 1360900 | 1360900 | 1360900 | 0 | 100 |
| ശുചിത്വമിഷൻ ഗ്രാന്റ് | 0 | 23907 | 23907 | 23907 | 0 | 100 |
| സമ്പൂർണ്ണ ശുചിത്വം | 0 | 28120 | 28120 | 0 | 28120 | 0 |
| ഐ.സി.ഡി.എസ് | 0 | 1527693 | 1527693 | 264573 | 1263120 | 17.3 |
| ഹെൽത്ത് ഗ്രാന്റ് (ഡയഗനോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ) | 16488 | 11010 | 27498 | 0 | 27498 | 0 |
| ഹെൽത്ത് ഗ്രാന്റ് (കൺവേർഷൻ ഓഫ് പിഎച്ച്സിസ് & സബ് സെന്റേഴ്സ്) | 6014474 | 2375110 | 8389584 | 2270216 | 6119368 | 27 |

*തനത് നികുതിയുടെ 90% ശേഖരിക്കാത്തതിനാൽ സ്രോതസ്സിൽ കുറവ് ചെയ്ത 2,51,350/- രൂപയും പരിഹാര വകയിരുത്തലായി എസ്.സി.പി ഫണ്ടിലേക്ക് ക്രമീകരിച്ച 6,31,864/- രൂപയും കുറവ് ചെയ്തതിന് ശേഷമുള്ള തുക

വിവിധ ഗ്രാന്റുകളുടെ അലോട്ട്മെന്റ്, ചെലവ് എന്നിവ അക്കൗണ്ട് ചെയ്തതിലും വിനിയോഗത്തിലും ശ്രദ്ധയിൽപ്പെട്ട നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1. വികസന ഫണ്ടിന്റെ പൊതു വിഭാഗം വിഹിതത്തിൽ നിന്ന് യഥാക്രമം 35,73,333/- രൂപ, 10,07,400/- രൂപ വീതം KURDFC വായ്പ തിരിച്ചടവ്, അങ്കണവാടി ഹോണറേറിയം എന്നീ ഇനങ്ങളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്തതിന് ശേഷമാണ് നഗരസഭയ്ക്ക് ലഭിച്ചത്. ഇപ്രകാരം സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും , അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ,

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവയിൽ ഉൾപ്പെട്ടിട്ടില്ല.

2. ഗ്രാന്റ് പത്രികയിൽ വിവിധ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുക ഉൾപ്പെട്ടിട്ടില്ല. എന്നാൽ ചെലവ് സ്രോതസ്സിൽ കുറവ് ചെയ്യപ്പെട്ട തുകകൾ ജി.ഒ. പ്രോജക്ടായി ക്രമീകരിച്ചത് ഉൾപ്പെടെയാണ്. ആയതിനാൽ ഫണ്ടുകളുടെ യഥാർത്ഥ നീക്കിയിരിപ്പ് ഗ്രാന്റ് പത്രികയിൽ പ്രതിഫലിക്കുന്നില്ല.

3. മുൻവർഷം വർഷം ഡിമാൻഡ് ചെയ്ത തനത് നികുതിയുടെ 90% എങ്കിലും ശേഖരിക്കാത്ത നഗരസഭകളുടെ 1% വികസന ഫണ്ട് സ്രോതസ്സിൽ കുറവ് ചെയ്യണമെന്ന സർക്കാർ ഉത്തരവ് പ്രകാരം (സ.ഉ (കൈ) നം. 179/2022/ധന. തീ. 18.10.2022) 251350/-രൂപ വികസനഫണ്ട് പൊതുവിഭാഗത്തിൽ നിന്നും സ്രോതസ്സിൽ കുറവ് ചെയ്തതിന് ശേഷമാണ് നഗരസഭയ്ക്ക് ലഭിച്ചത്.

4. എസ്.സി.പി പരിഹാര വകയിരുത്തലായി തൻവർഷം 631864/- രൂപ പൊതുവിഭാഗം വികസനഫണ്ടിൽ നിന്നും എസ്.സി.പി ഫണ്ടിലേക്ക് ക്രമീകരിച്ചിട്ടുണ്ട്.

5. ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ തൻവർഷത്ത അലോട്ട്മെന്റുകൾ കൂടാതെ 2021-22 മുതൽ 2022-23 വരെ ചെലവഴിക്കാതെ ലാപ്സായ ടൈഡ്-അൺടൈഡ് ഫണ്ടുകൾ രണ്ട് ഗഡുക്കളായി ട്രഷറിയിൽ അലോട്ട്മെന്റ് ലഭിച്ചിരുന്നു. ഇതിൽ ബേസിക് ഗ്രാന്റിൽ ലഭ്യമായ 17,99,087 /-രൂപയും ടൈഡ് ഫണ്ടിൽ ലഭ്യമായ 38,42,280/- രൂപയിൽ ഒരു ഗഡു തുകയായ 19,21,140/- രൂപയും നഗരസഭ വരവായി എടുക്കുകയോ ചെലവഴിക്കുകയോ ചെയ്തിട്ടില്ല. ടൈഡ് ഫണ്ടിലെ ഒരു ഗഡു 19,21,140/- രൂപ ട്രഷറിയ്ക്ക് പകരം ബാങ്ക് അക്കൗണ്ടിലാണ് ക്രഡിറ്റ് ചെയ്തിട്ടുള്ളത്.

6.ജി.ഒ(ആർ.റ്റി)5445/ 2024/ Fin/11.07.2024 പ്രകാരം നഗരസഭയ്ക്ക് തൻവർഷം ലഭിച്ച കെ.എസ്.ഡബ്ലിയു.എം.പി. ബേസിക് ഗ്രാന്റ് 5,56,910/- രൂപ വരവായി എടുക്കുകയോ വിനിയോഗിക്കുകയോ ചെയ്തിട്ടില്ല.

7.വിവിധ ഗ്രാന്റുകളുടെ സാംഖ്യ എ.സി.ആർ കൾ കൃത്യമല്ല. എസ്.സി.പി, ധനകാര്യകമ്മീഷൻ ഗ്രാന്റ് ടൈഡ്,അൺടൈഡ് എന്നിവയുടെ അലോട്ട്മെന്റുകൾ വരവായി എ.സി.ആർ ൽ ഉൾപ്പെട്ടിട്ടില്ല. വികസനഫണ്ട് ജനറൽ, മെയിന്റനൻസ് ഗ്രാന്റ് (റോഡ്, റോഡിതരം) എന്നിവയുടെ എല്ലാ അലോട്ട്മെന്റുകളും എ.സി.ആർ ൽ വരവായി ഉൾപ്പെട്ടിട്ടില്ല.ആയതിനാൽ എ.സി.ആർ ലെ ബാലൻസ് ഫണ്ട് കോളത്തിൽ നെഗറ്റീവ് തുകകളാണ് ഉൾപ്പെട്ടിട്ടുള്ളത്.

8. വികസനഫണ്ട് (പൊതുവിഭാഗം),ധനകാര്യകമ്മീഷൻ ഗ്രാന്റ് ടൈഡ്, അൺടൈഡ്, മെയിന്റനൻസ് ഗ്രാന്റ് റോഡ്,റോഡിതരം എന്നിവയുടെ സാംഖ്യ എ.സി.ആർ പ്രകാരമുള്ള ആകെ ചെലവ് ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, ചെലവ് പത്രിക,വാർഷികകണക്കുകൾ എന്നിവയുമായി പൊരുത്തപ്പെടുന്നില്ല. ചെലവ് പത്രിക പ്രകാരമുള്ള ചെലവാണ് മുകളിൽ ചേർത്തിട്ടുള്ളത്.

9.നഗരസഭയിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ് മെന്റിൽ എസ്.സി.പി, മെയിന്റനൻസ് ഗ്രാന്റ് റോഡിതരം എന്നീ ഫണ്ടുകൾക്ക് ലഭിച്ച അലോട്ട്മെന്റുകൾ വരവായി ഉൾപ്പെട്ടില്ല.വികസനഫണ്ട് പൊതുവിഭാഗത്തിന്റെ വരവായി ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ചേർത്തിരിക്കുന്ന തുകകളും ഉത്തരവുകളും കൃത്യമല്ല.

10.ധനകാര്യകമ്മീഷൻ ഗ്രാന്റ് ടൈഡ്,അൺടൈഡ് ,മെയിന്റനൻസ് ഗ്രാന്റ് റോഡ് എന്നീ ഫണ്ടുകളുടെ അലോട്ട്മെന്റായി ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടുള്ളത് പൊതു ആവശ്യ ഗ്രാന്റിന് വിവിധ ഗഡുക്കളായി തൻ വർഷം വരവ് വന്ന തുകകകളാണ്.

11. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം നിരീക്ഷിക്കുന്നതിനായി എ.സി.ആർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ മറ്റ് പ്രത്യേക ഉദ്ദേശ്യ ഫണ്ടുകളുടെ കൃത്യത ഉറപ്പാക്കുവാൻ സാധിച്ചിട്ടില്ല.

12. ധനകാര്യകമ്മീഷൻ ഗ്രാന്റിനത്തിൽ ബാങ്ക് അക്കൗണ്ടിലെ തുകയ്ക്ക് തൻ വർഷം ലഭിച്ച പലിശ 354403/- രൂപ അൺടൈഡ് ഗ്രാന്റിനത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. എന്നാൽ പ്രസ്തുത പലിശ തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റ് , വാർഷിക ധനകാര്യ പത്രിക എന്നിവയിൽ പ്രതിഫലിച്ചിട്ടില്ല

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.28/19.02.26) മറുപടി ലഭ്യമാക്കിയില്ല. മേൽ വിശദീകരണങ്ങൾക്കും അപാകതകൾക്കും വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം (അനുബന്ധം 2) നൽകിയിരിക്കുന്നത്.

## 1-4-1 സർക്കാർ ഗ്രാന്റ് വിനിയോഗത്തിലെ കുറവ് - നഗരസഭയ്ക്ക് നഷ്ടമാകുന്നത് 44.11 ലക്ഷം രൂപ

ധനകാര്യ വകുപ്പിന്റെ 15.07.2021-ലെ ജി.ഒ (എംഎസ്) 79/2021 നമ്പർ ഉത്തരവനുസരിച്ച്, ഒരു സാമ്പത്തിക വർഷം അനുവദിക്കുന്ന വികസന ഫണ്ട്, ആസ്തി പരിപാലന ഗ്രാന്റ് വിഹിതങ്ങൾ പൂർണ്ണമായി ചെലവഴിക്കാത്ത പക്ഷം ആകെ അനുവദിച്ച തുകയുടെ പരമാവധി 20 ശതമാനം മാത്രമാണ് അടുത്ത സാമ്പത്തിക വർഷത്തെ വിനിയോഗത്തിന് ലഭ്യമാകുന്നത്. ചെലവു പരിധി 80 ശതമാനം കൈവരിയ്ക്കാത്ത സാഹചര്യത്തിൽ യഥാർത്ഥ ചെലവും 80ശതമാനവും തമ്മിലുള്ള വ്യത്യാസം ഷോർട് ഫോളായി പരിഗണിച്ച് തുടർന്നു വരുന്നതിന്റെ അടുത്ത സാമ്പത്തിക വർഷത്തെ അലോട്ട്മെന്റിൽനിന്ന് കുറവു വരുത്തുന്നതാണ്. 2024-25 സാമ്പത്തിക വർഷം നഗരസഭയ്ക്ക് വികസന ഫണ്ട് (എസ് സി പി), മെയിന്റനൻസ് ഗ്രാന്റ് (റോഡ്) എന്നീ ഇനങ്ങളിൽ നിശ്ചിത 80% പരിധി അധികരിച്ച് ചെലവഴിയ്ക്കാനായിട്ടില്ല. തൻമൂലം ഷോർട്ട് ഫോളായി 44,11,223/- രൂപയാണ് 2026-27 ൽ നഷ്ടമാകുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു (ചെലവ് സുലേഖ ചെലവ് പത്രിക പ്രകാരം എടുത്തത്).

| ക്രമ നം. | ഫണ്ടിനം | അലോട്ട്-മെന്റ് (മുൻ വർഷത്തേ-യ്ക്കുള്ള പരിഹാര വകയി-രുത്തൽ ഉൾപ്പടെ) | 2024-25 ലെ ചെലവ് | ചെലവ് ശതമാനം | 2025-26 ൽ അനുവ-ദിക്കുന്ന ക്യാരി ഓവർ തുക (20%) | ഷോർട്ട് ഫോൾ ഇനത്തിൽ 2026-27-ൽ നഷ്ടമാകുന്ന തുക |
|---|---|---|---|---|---|---|
| 1 | വികസന ഫണ്ട് (എസ്.സി.പി) | 9239864 | 6777003 | 73.35 | 1847973 | 614888 |
| 2 | സംരക്ഷണ ഗ്രാന്റ് (റോഡ്) | 24497000 | 15801265 | 64.5 | 4899400 | 3796335 |
| | ആകെ | | | | | 4411223/- |

നഗരസഭയ്ക്ക് വാർഷിക പദ്ധതി നിർവഹണത്തിനായി ലഭിച്ച തുക സമയബന്ധിതവും കാര്യക്ഷമവുമായി വിനിയോഗിക്കാതെ നഷ്ടപ്പെടുത്തിയ നടപടി അംഗീകരിക്കാവുന്നതല്ല. അതത് വർഷം പ്രോജക്ടുകൾക്ക് വകയിരുത്തുന്ന തുക ചെലവഴിക്കാതെ വരുന്ന സാഹചര്യം തുടർവർഷങ്ങളിൽ ലഭ്യമാകുന്ന ഗ്രാന്റുകളിൽ കാര്യമായ കുറവ് സൃഷ്ടിക്കാനിടയാക്കുന്നുണ്ട്. ഷോർട്ട് ഫോളിലൂടെ നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടമുണ്ടാകുന്നത് ഒഴിവാക്കാൻ ഭാവിയിൽ മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്. നഗരസഭ ഭരണസമിതി, വർക്കിംഗ് ഗ്രൂപ്പ്, നിർവഹണ ഉദ്യോഗസ്ഥർ എന്നിവരുടെ അടിയന്തരശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-4-2 ഗ്രാന്റുകൾ വരവായി എടുക്കുകയോ ചെലവഴിക്കുകയോ ചെയ്തില്ല-ഫണ്ട് ലാപ്സായി

**1.ധനകാര്യകമ്മീഷൻ ഗ്രാന്റ്**

ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ തൻവർഷത്തെ അലോട്ട്മെന്റുകൾ കൂടാതെ 2021-22 മുതൽ 2022-23 വരെ ചെലവഴിക്കാതെ ലാപ്സായ ടൈഡ്-അൺടൈഡ് ഫണ്ടുകൾ രണ്ട് ഗഡുക്കളായി ട്രഷറിയിലും താഴെ ചേർക്കും പ്രകാരം അലോട്ട്മെന്റ് ലഭിച്ചിരുന്നു.

| ഉത്തരവ് | ബേസിക് ഗ്രാന്റ് | ടൈഡ് |
|---|---|---|
| ജി.ഒ(ആർ.റ്റി)4802/2024/ഫിൻ.18.06.24 | 899544 | 1921140 |
| ജി.ഒ(ആർ.റ്റി)2075/2025/ഫിൻ.04.03.25 | 899543 | 1921140 |
| ആകെ | 1799087 | 3842280 |

ഇതിൽ ബേസിക് ഗ്രാന്റിൽ ലഭ്യമായ 1799087 /-രൂപ നഗരസഭ വരവായി എടുത്തിട്ടില്ല. ടൈഡ് ഫണ്ടിൽ ലഭ്യമായ 3842280/- രൂപയിൽ ഒരു ഗഡു തുകയായ 1921140/- രൂപ ട്രഷറിയ്ക്ക് പകരം ധനകാര്യകമ്മീഷൻ ഗ്രാന്റിന്റെ ബാങ്ക് അക്കൗണ്ടിലാണ് ക്രഡിറ്റ് ചെയ്തിട്ടുള്ളത്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.28(1)/19.02.26) മറുപടി ലഭ്യമാക്കിയില്ല. വരവായി എടുക്കാത്ത 3720227/- (1799087 + 1921140) രൂപ തൻവർഷം ലാപ്സായി.

**2.കെ.എസ്.ഡബ്ലിയു.എം.പി.**

2024-25 വർഷം കേരള സ്റ്റേറ്റ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ടിനായുള്ള ബേസിക് ഗ്രാന്റ് (കംപോണന്റ് 2) ഒന്നാം ഗഡു തുക താഴെ ചേർക്കും പ്രകാരം നഗരസഭയ്ക്ക് അലോട്ട്മെന്റായി ലഭിച്ചിട്ടുള്ളതായി കാണുന്നു.

| ഉത്തരവ് നം. | ലോക ബാങ്ക് വിഹിതം | സംസ്ഥാന വിഹിതം | ആകെ (₹) |
|---|---|---|---|
| GO(Rt)No.5445/2024/Fin/11.07.2024 | 389837 | 167073 | 556910 |

പ്രസ്തുത തുകകൾ തൻവർഷ വാർഷിക ധനകാര്യ പത്രികയിൽ വരവായി എടുക്കുകയോ വിനിയോഗിക്കുകയോ ചെയ്തില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.55/24.02.26) മറുപടി ലഭ്യമായില്ല. തൻവർഷം ചെലവഴിക്കാത്ത തുക ലാപ്സായതായി കാണുന്നു. അലോട്ട്മെന്റുകളായി അതാത് വർഷം ലഭിക്കുന്ന തുകകൾ വരവിലെടുത്ത് ചെലവഴിക്കുന്നതിനുള്ള നടപടികൾ നഗരസഭ കൈക്കൊള്ളേണ്ടതാണ്. തുടർ വർഷങ്ങളിൽ അപാകത ഒഴിവാക്കേണ്ടതാണ്.

## 1-5 വാർഷിക പദ്ധതി

വൈക്കം നഗരസഭയുടെ 2024-25 വാർഷിക പദ്ധതിക്ക് നഗരസഭാ കൗൺസിലിന്റെ 22-01-24 ലെ 1(1)-ാം നമ്പർ യോഗ തീരുമാന പ്രകാരം ഭരണാനുമതിയും ജില്ലാ ആസൂത്രണ സമിതിയുടെ 01.04.2025 തീയതിയിലെ 83898/23/DPC/DPO/KTM നമ്പർ ഉത്തരവു പ്രകാരം അന്തിമ നിർവ്വഹണാംഗീകാരവും ലഭിച്ചിരുന്നു.

(എ) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച/ നടപ്പിലാക്കിയ പ്രോജക്ട് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | | ശതമാനം |
| 368 | 16,41,21,279 | 177 | 7,99,10,151 | 190 | 48.09 |

നഗരസഭകളും കോർപ്പറേഷനുകളും 2022-23 മുതൽ 2026-27 വരെയുള്ള കാലയളവിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ച് 19-4-22 ൽ തദ്ദേശസ്വയംഭരണവകുപ്പ് ഉത്തരവായിരുന്നു (സ.ഉ.(കൈ) നം. 86/2022 /19-4-22). പദ്ധതി രൂപീകരണത്തിൽ നഗരസഭ മാർഗ്ഗരേഖ പ്രകാരം നിർദ്ദേശിച്ചിരുന്ന പ്രവർത്തന കലണ്ടർ അനുസരിച്ച് നടത്തിയ വിവിധ പ്രവർത്തന ഘട്ടങ്ങളും സമയക്രമവും ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആസൂത്രണസമിതി യോഗം | 11-12-23 |
| വർക്കിങ്ങ് ഗ്രൂപ്പ് യോഗം | 19-12-23 |
| പദ്ധതി രൂപീകരണ വാർഡ് സഭകൾ | 1-1-2024 മുതൽ 20-1-24 വരെ തീയതികൾ |
| ഭിന്നശേഷി വാർഡ് സഭ | 16-1-24 |
| നിർവ്വഹണോദ്യോഗസ്ഥരുടെ യോഗം | 17-1-24 |
| വികസനസെമിനാർ | 24-1-24 |
| കരട് പദ്ധതി അംഗീകാരം | 22-1-24-ലെ 1-ാം നമ്പർ കൗൺസിൽ തീരുമാനം |
| ഗുണഭോക്തൃലിസ്റ്റ് അംഗീകാരം | 6-11-24-ലെ 1-ാം നമ്പർ കൗൺസിൽ തീരുമാനം |
| വാർഷികപദ്ധതി അന്തിമാംഗീകാരം | 8-2-24-ലെ 1-ാം നമ്പർ കൗൺസിൽ തീരുമാനം |

139 സ്പിൽ ഓവർ പ്രോജക്ടുകളും 229 പുതിയ പ്രോജക്ടുകളും ഉൾപ്പെടെ ആകെ 368 പ്രോജക്ടുകൾക്കാണ് വാർഷിക പദ്ധതി പ്രകാരം അംഗീകാരം ലഭിച്ചത്. അംഗീകാരം കിട്ടിയതിൽ 177 പ്രോജക്ടുകൾക്കു വേണ്ടി മാത്രമാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. സ്പിൽ ഓവർ പ്രോജക്ടുകൾ 81 എണ്ണവും പുതിയ പ്രോജക്ടുകൾ 97 എണ്ണവും നടപ്പാക്കിയിട്ടുണ്ട്. തൻവർഷം പ്രോജക്ടുകൾ ഏറ്റെടുത്ത 14 നിർവ്വഹണോദ്യോഗസ്ഥരിൽ ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ പ്രോജക്ട് നടപ്പാക്കിയും, വെറ്ററിനറി സർജൻ, പ്രോജക്ട്ഓഫീസർ, നഗര ദാരിദ്ര്യലഘൂകരണ വിഭാഗം, മുനിസിപ്പൽ എഞ്ചിനീയർ, എന്നിവരുടെ ചെലവ് 50 ശതമാനത്തിലും താഴെയാണ്. വാർഷിക പദ്ധതിയിലെ പകുതിയിലധികം പ്രോജക്ടുകളും (190 എണ്ണം) നടപ്പായിട്ടില്ലാത്തതോ/ തുക ചെലവഴിച്ചിട്ടില്ലാത്തതോ ആയ സാഹചര്യം സാമ്പത്തിക പ്രതിസന്ധി നേരിടുന്ന നഗരസഭയെ സംബന്ധിടത്തോളം ഗൗരവമായി കാണേണ്ടതാണ്. ഭരണഘടനാനുസൃതമായി നഗരസഭയിൽ നിക്ഷിപ്തമായ ചുമതലാ നിർവ്വഹണത്തിനുവേണ്ടി ലഭ്യമാവുന്ന വികസന ഫണ്ട് ഉൾപ്പെടെയുള്ള ഫണ്ടുകൾ പൂർണ്ണമായും വിനിയോഗിക്കാൻ സാധിക്കാത്ത അവസ്ഥ ആശാസ്യമല്ല വകയിരുത്തലിനെ അടിസ്ഥാനമാക്കുമ്പോൾ പദ്ധതിച്ചെലവ് 48.09 ശതമാനം മാത്രമാണ്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം (സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത്)ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണോദ്യോഗസ്ഥർ | അംഗീകാരം കിട്ടിയ പ്രോജക്ടു-കളുടെ എണ്ണം | വകയി-രുത്തൽ | തുക ചെലവഴി-ക്കപ്പെട്ട പ്രോജക്ടു-കളുടെ എണ്ണം | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | മെഡിക്കൽ ഓഫീസർ, ആയുർവേദം | 5 | 2220000 | 4 | 2200000 | 99 |
| 2 | മെഡിക്കൽ ഓഫീസർ, ഹോമിയോ | 3 | 7,90000 | 3 | 7,74,225 | 98% |
| 3 | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 1 | 8,40000 | 0 | 0 | 0 |
| 4 | കൃഷി ഓഫീസർ | 6 | 32,12000 | 6 | 24,69000 | 76.86 |
| 5 | സെക്രട്ടറി | 60 | 3,0986039 | 32 | 1,90,52,444 | 61.48 |
| 6 | ഹെഡ്മാസ്റ്റർ | 7 | 42,00000 | 5 | 38,84436 | 92.4 |
| 7 | വെറ്ററിനറി സർജൻ | 8 | 20,77,725 | 7 | 8,24,747 | 39.69 |
| 8 | ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീര വികസനം | 4 | 24,30,336 | 4 | 15,30,296 | 62.96 |
| 9 | പ്രോജക്ട് ഓഫീസർ നഗര ദാരിദ്ര്യ ലഘൂകരണ വിഭാഗം | 15 | 7988497 | 12 | 3315288 | 41.5 |
| 10 | ഹെൽത്ത് ഓഫീസർ | 12 | 4717550 | 4 | 2510368 | 53.21 |
| 11 | മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി | 14 | 8314164 | 13 | 8122651 | 97.69 |
| 12 | മുനിസിപ്പൽ എഞ്ചിനീയർ | 215 | 8,99,24,732 | 70 | 3,03,04,931 | 33.7 |
| 13 | ഐസിഡിഎസ് സൂപ്പർവൈസർ | 12 | 5374420 | 11 | 4006590 | 74.54 |
| 14 | ഫിഷറീസ് ഇൻസ്പെക്ടർ | 6 | 1045816 | 6 | 915175 | 87.5 |
| | ആകെ | 368 | 16,41,21,279 | 177 | 7,99,10,151 | 48.68 |

ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ 80/25 നമ്പർ സ്പിൽ ഓവർ പ്രോജക്ടിന് ചെലവഴിച്ച 1,80,000/- രൂപയുടെ ചെലവ് സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

2 കോടിയിലധികം രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടു

മുനിസിപ്പൽ എഞ്ചിനീയർ ഉൾപ്പടെയുള്ള നിർവ്വഹണോദ്യോഗസ്ഥർ ഏറ്റെടുത്ത 190 ഓളം പ്രോജക്ടുകൾ വിവിധ കാരണങ്ങളാൽ നടപ്പാക്കാത്തതിനാലും ട്രഷറി നിയന്ത്രണങ്ങളാൽ സമയബന്ധിതമായി ബില്ലുകൾ യഥാസമയം പണമാക്കാൻ സാധിക്കാതിരുന്നതിനാലും ചുവടെ ചേർക്കും പ്രകാരമുള്ള ഫണ്ടിനങ്ങൾ വർഷാവസാനം സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 4531313 |
| വികസന ഫണ്ട്- എസ് സിപി | 2462861 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 8695735 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 5491525 |

| ആകെ | 2,11,81,434 |
|---|---|

വികസന പദ്ധതികൾക്ക് സർക്കാരുകൾ ലഭ്യമാക്കുന്ന ധനസഹായവും നിയമപ്രകാരം ലഭ്യമാകുന്ന വിഹിതവും ചെലവഴിക്കപ്പെടാത്ത നടപടി ആശാസ്യമല്ല. 1994 -ലെ കേരളമുനിസിപ്പാലിറ്റി നിയമത്തിലെ ഷെഡ്യൂളുകളിൽ (ഇൻഡ്യൻ ഭരണഘടനയുടെ 12-ാം ഷെഡ്യൂൾ അടിസ്ഥാനമാക്കിയുള്ളവ) പ്രതിപാദിച്ചിട്ടുള്ള നഗരസഭയിൽ നിക്ഷിപ്തമായ പല ചുമതലകളും നിർവ്വഹിക്കപ്പെടാതെ അവശേഷിക്കുമ്പോഴും അനുവദിച്ച ഫണ്ട് ലാപ്സാകുന്ന സ്ഥിതിവിശേഷം വർഷങ്ങളായി ആവർത്തിക്കപ്പെടുന്നു. പദ്ധതി രൂപീകരണം മുതൽ പൂർത്തീകരണവും ബിൽ തയ്യാറാക്കലും ഉൾപ്പെടെയുള്ള അവസാനഘട്ട പ്രവർത്തനങ്ങൾവരെ ചിട്ടയായും ക്രമമായും സമയനിഷ്ഠ പാലിച്ചും നടപ്പാക്കി സർക്കാർ ഗ്രാന്റുകൾ ഫലപ്രദമായും പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിനുള്ള ആത്മാർത്ഥമായ പ്രവർത്തനങ്ങൾ ഉണ്ടാകേണ്ടതാണ്. ആയതിനു ഭരണ സമിതിയുടെ ശ്രദ്ധയോടെയുള്ള ഇടപെടലുകളും പ്രവർത്തനങ്ങളും മേൽനോട്ടവും അനിവാര്യമാണ്.

<u>മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ</u>

2024-25 വർഷം 64 സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പെടെ 215 പ്രോജക്ടുകളുടെ നിർവ്വഹണ ചുമതല മുനിസിപ്പൽ എഞ്ചിനീയറെ ഏൽപ്പിച്ചിരുന്നു. എന്നാൽ ഭാഗികമായി നിർവ്വഹിച്ചതുൾപ്പെടെ 70 പ്രോജക്ടുകൾക്കു വേണ്ടി മാത്രമേ തൻവർഷം തുക ചെലവഴിച്ചിട്ടുള്ളൂ. . 64 സ്പിൽ ഓവർ പ്രോജക്ടുകളിൽ 30 എണ്ണത്തിനും വാർഷിക പദ്ധതിയിൽ തുക ചെലവഴിച്ചിട്ടില്ല പുതിതായതായി ഏറ്റെടുത്ത 151 പ്രോജക്ടുകളിൽ 36 എണ്ണത്തിന് മാത്രമാണ് തൻവർഷം ചെലവുള്ളത്. 8.99 കോടി രൂപ വകയിരുത്തിയതിൽ 3.03 കോടി രൂപ മാത്രമാണ് ചെലവഴിക്കാനായത്. (ചെലവു ശതമാനം 33.7). റോഡ് പുനരുദ്ധാരണ പ്രോജക്ടുകൾ നടപ്പാക്കാഞ്ഞതിനാൽ മെയിന്റനൻസ് ഫണ്ട് റോഡിനത്തിൽ 86.95 ലക്ഷം രൂപ നഗരസഭക്ക് നഷ്ടമായി. ഇത്രയധികം പ്രോജക്ടുകൾ നിർവ്വഹിക്കപ്പെടാഞ്ഞത് മൂലം തൻവർഷത്തെ വിനിയോഗലക്ഷ്യം കൈവരിക്കപ്പെട്ടില്ലെന്നു മാത്രമല്ല പ്രസ്തുത പ്രോജക്ടുകളുടെ നിർവ്വഹണത്തിലൂടെ പൊതുജനങ്ങൾക്ക് ലഭ്യമാകേണ്ടിയിരുന്ന ഭൗതികനേട്ടം ആർജ്ജിക്കാൻ കഴിഞ്ഞതുമില്ല.

<u>സ്പിൽ ഓവറായി ഉൾപ്പെടുത്തിയിരുന്ന പ്രോജക്ടുകൾ നടപ്പാക്കിയില്ല.</u>

സ്പിൽ ഓവറായി ഉൾപ്പെടുത്തിയിരുന്ന 34 പ്രോജക്ടുകൾ നടപ്പാക്കിയില്ല. പ്രോജക്ടുകളുടെ ആദ്യ നടപടിക്രമങ്ങൾ പൂർത്തിയാക്കി കരാറിൽ ഏർപ്പെട്ടതിനു ശേഷമാണ് മരാമത്ത് പ്രവൃത്തികൾ സ്പിൽ ഓവറായി തുടർ വർഷങ്ങളിൽ ഉൾപ്പെടുത്തുന്നത്. 29.3.17-ലെ ജി.ഒ (എം.എസ്) 72/2017/തസ്വഭവ നമ്പർ മാർഗ്ഗരേഖാ ഉത്തരവ് ഖണ്ഡിക 6-8 (2) അനുസരിച്ച് സ്പിൽ ഓവർ പ്രോജക്ടുകൾ അവ സ്പിൽ ഓവറായ വർഷം തന്നെ നിർബന്ധമായും പൂർത്തീകരിക്കേണ്ടതാണ്. പ്രോജക്ടുകൾ നിർവ്വഹിക്കപ്പെടാത്തത് മൂലം തൻവർഷത്തെ വികസന പ്രവർത്തനത്തിനുപയോഗപ്പെടുത്തേണ്ട സർക്കാർ ഗ്രാന്റുകൾ നഷ്ടമാകാനിടയായ സാഹചര്യം മരാമത്ത് സ്റ്റാന്റിങ്ങ് കമ്മിറ്റിയും ഭരണസമിതിയും ശ്രദ്ധിക്കേണ്ടതും ആവശ്യമായ ഇടപെടലുകൾ ഫലപ്രദമായി നടത്തേണ്ടതുമാണ്.

**<u>വിവിധ സർക്കാർ ഗ്രാന്റുകൾ - നിശ്ചിത സാമ്പത്തിക ലക്ഷ്യം കൈവരിക്കാത്തതിനാലുള്ള നഷ്ടം</u>**

നിശ്ചിത സാമ്പത്തിക ലക്ഷ്യം കൈവരിക്കാത്തതിനാൽ സഞ്ചിത നിധിയിലേക്ക് വർഷാവസാനം തിരികെയെടുക്കപ്പെട്ട 2.11 കോടി രൂപയുടെ നഷ്ടത്തിനു പുറമേ സർക്കാർ നിർദ്ദേശാനുസരണമുള്ള മിനിമം ചെലവുപരിധി കൈവരിക്കാത്തതിനാൽ തുടർവർഷങ്ങളിലും നഗരസഭയ്ക്ക് ധനനഷ്ടം സംഭവിക്കാനുള്ള സാധ്യത നിലനിൽക്കുന്നു.

**<u>എ) പരമാവധി സ്പിൽ ഓവർവിഹിതം ലഭിക്കുന്നത് 20% മാത്രം</u>**

ധനകാര്യ വകുപ്പിന്റെ 15-7-2021-ലെ ജി.ഓ (എം.എസ്)നം.79/2021 പ്രകാരം ഒരു സാമ്പത്തിക വർഷം അനുവദിക്കുന്ന വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് വിഹിതങ്ങൾ പൂർണ്ണമായി ചെലവഴിക്കാത്ത പക്ഷം ഈയിനങ്ങളിൽ ആകെ അനുവദിച്ച തുകയുടെ പരമാവധി 20% മാത്രമാണ് ക്യാരി ഓവർ ചെയ്ത് സ്പിൽ ഓവർ വിഹിതമായി നിബന്ധനകൾക്ക് വിധേയമായി അടുത്ത സാമ്പത്തിക വർഷത്തെ വിനിയോഗത്തിന് ലഭ്യമാകുന്നത്. ആയതിനാൽ തൻവർഷം മെയിന്റനൻസ് ഗ്രാന്റ് റോഡിനത്തിൽ വർഷാവസാനം സഞ്ചിത നിധിയിലേക്ക് തിരികെ എടുക്കപ്പെട്ട 86.95 ലക്ഷം രൂപയിൽ 48.99 രൂപ മാത്രമേ തൻവർഷം നടപ്പാക്കാത്ത പ്രോജക്ടുകൾക്കു വേണ്ടി ചെലവഴിക്കുന്നതിന് അടുത്തവർഷം ലഭ്യമാവുകയുള്ളൂ. സ്പിൽഓവർ പ്രോജക്ടുകൾക്കായുള്ള ബാക്കിതുക അടുത് തവർഷത്തെ അലോട്ട്മെന്റിൽ നിന്നും കണ്ടെത്തേണ്ടതുണ്ട്.

<u>പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭ്യമായ 61 ലക്ഷത്തിലധികം രൂപ ചെലവഴിക്കാനവശേഷിക്കുന്നു.</u>

വാർഷിക കണക്ക് B-4 ഷെഡ്യൂൾ പ്രകാരം പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച 61.46 ലക്ഷം രൂപ ചെലവഴിക്കാതെ ബാങ്ക്, ട്രഷറി അക്കൗണ്ടുകളിൽ അവശേഷിക്കുന്നുണ്ട്. നഗരസഭയിൽ നിക്ഷിപ്തമായ പല അനിവാര്യ ചുമതലകളും നിർവ്വഹിക്കപ്പെടാത്ത സാഹചര്യത്തിലും ഇത്രയേറെ തുക വിനിയോഗിക്കപ്പെടാതെ അവശേഷിക്കുന്നത് ആശാസ്യമല്ല. ഗ്രാന്റുകളുടെ വിശദാംശങ്ങൾ പരിശോധിച്ച് നിയമാനുസൃത നടപടിക്രമങ്ങൾ പാലിച്ച് നിശ്ചിത ലക്ഷ്യങ്ങൾക്കായി ചെലവഴിക്കുന്നതിനുള്ള നടപടികളുണ്ടാകേണ്ടതും ചെലവഴിക്കാൻ കഴിയാത്തപക്ഷം നിശ്ചിത ഫണ്ട് ശീർഷകങ്ങളിൽ സർക്കാർ/ ബന്ധപ്പെട്ട സ്ഥാനങ്ങളിലേക്ക് തിരിച്ചടയ്ക്കേണ്ടതുമാണ്. കൂടാതെ ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ്, അൺടൈഡ് ഇനങ്ങളിലായി ലഭിച്ച 1.11 കോടി രൂപയും ചെലവഴിക്കപ്പെടാതെ അക്കൗണ്ടിലവശേഷിക്കുന്നുണ്ടെന്ന വിവരവും പ്രത്യേകം ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-6 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

2024-25 വർഷത്തെ ലേബർ ബജറ്റ് പ്രകാരം ആകെ 548 പ്രോജക്ടുകളാണ് വിഭാവനം ചെയ്തത്. സാങ്കേതികാനുമതി ലഭിച്ച 191 പദ്ധതികളിൽ 191 എണ്ണവും പൂർത്തീകരിച്ചിട്ടുണ്ട്. തൻവർഷം 1305 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. ജലസംരക്ഷണം, ഭൂവികസനം, മൈക്രോ ഇറിഗേഷൻ പ്രവൃത്തികൾ, സുഭിക്ഷ കേരളം പദ്ധതിയും തൊഴിലുറപ്പ് പദ്ധതിയും സംയോജിപ്പിച്ചുകൊണ്ട് നെൽകൃഷി, പച്ചക്കറികൃഷി, മത്സ്യകൃഷി, തീറ്റപ്പുൽകൃഷി എന്നിവയ്ക്കായി നിലം ഒരുക്കൽ പ്രവൃത്തികൾ തുടങ്ങിയവയാണ് തൻവർഷം പ്രധാനമായും നടപ്പാക്കിയത്. തൊഴിലുറപ്പ് പദ്ധതി ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ്-ചെലവ് കണക്കുകൾ ധനകാര്യ പത്രികയിലെ വരവ്-ചെലവ് കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. യഥാർത്ഥ വരവ് ചെലവുകൾ വാർഷിക ധനകാര്യ പത്രികയിൽ പ്രതിഫലിയ്ക്കുന്നില്ല എന്നതിനാൽ ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ്-ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| വരവ് | | ചെലവ് | |
|---|---|---|---|
| മുന്നിരിപ്പ് (01-04-2024) *ട്രഷറി | 0 | ഭരണ ചെലവ്-ശമ്പളം | 601184.00 |
| ബാങ്ക് അക്കൗണ്ട് നം. 55370201000561 (യൂണിയൻ ബാങ്ക് വൈക്കം) | 766.98 | ഭരണ ചെലവ്-ഓഡിറ്റ് ഫീസ് | 7500.00.00 |
| പലിശ വരവ് | 20.00 | വേതനം | 24842939.00 |

| | | | |
|---|---|---|---|
| ട്രഷറി അലോട്ട്മെന്റ് | 25500000.00 | നഗരസഭ തനത് ഫണ്ട് മുൻകൂർ തിരികെ നൽകാനുള്ളത് | 96160.00 |
| തനത് ഫണ്ട് മുൻകൂർ | 96160.00 | ട്രഷറി അലോട്ട്മെന്റ് തിരികെ (ലാപ്സായത്) | 48377.00 |
| | | **നീക്കിയിരിപ്പ് (31-03-2025)** ട്രഷറി | 0 |
| | | ബാങ്ക് | **786.98** |
| **ആകെ വരവ്** | **25596946.98** | **ആകെ** | **25596946.98** |

മുൻവർഷത്തെ (2023-24) ട്രഷറി നീക്കിയിരുപ്പ് 6781380/-രൂപ 2024 മാർച്ചിൽ ബില്ലുകൾ സമർപ്പിച്ചെങ്കിലും ട്രഷറി നിയന്ത്രണങ്ങൾ മൂലം പാസ്സാകാതെ ലാപ്സായി പോയിട്ടുള്ളതാണ്.

## 1-7 ക്ഷേമ പെൻഷനുകൾ

വാർഷിക ധനകാര്യപത്രിക പ്രകാരം തൻവർഷം വിവിധ ക്ഷേമ പെൻഷൻ വിതരണത്തിനായി ചെലവഴിച്ച തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 3652000 | 202 |
| വിധവാ പെൻഷൻ | 8518100 | 565 |
| വാർദ്ധക്യകാല പെൻഷൻ | 29909500 | 2030 |
| വികലാംഗ പെൻഷൻ | 2993000 | 198 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 824400 | 43 |

## 1-8 ക്യാഷ് ബാല® സ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.02.2026 ന് 3.10 പി എം ന് ക്യാഷ്യറിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 75,201/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണ സംവിധാനം

ഓഡിറ്റ് വർഷത്തെ രേഖകളും രജിസ്റ്ററും പരിശോധിച്ചതിൽ വിവിധ തസ്തികകളിലെ ജീവനക്കാരുടെ ചുമതലകൾ ഓഫീസ് ഉത്തരവിലൂടെ നിർണ്ണയിക്കുകയും വിവിധ സെക്ഷൻ മേധാവികൾക്ക് അധികാരം വിഭജിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. 01-01-24 മുതൽ കെ-സ്മാർട്ട് സോഫ്റ്റ്വെയറിലൂടെ വരവ് ചെലവുകൾ എൻട്രി വരുത്തുന്നുവെങ്കിലും കെ സ്മാർട്ട് സോഫ്റ്റ്വെയർ അപ്ഡേഷൻ പൂർത്തീകരിക്കാത്തതിനാൽ അക്കൗണ്ടിംഗ് സമ്പ്രദായത്തിൽ മുൻ വർഷത്തെപ്പോലെ തന്നെ വളരെയധികം പോരായ്മകൾ നിലനിൽക്കുന്നുണ്ട്. ബാങ്ക് ബുക്കുകളുടെ മാസാന്ത്യ, വർഷാന്ത്യ പൊരുത്തപ്പെടുത്തൽ യഥാസമയം കൃത്യമായി നടത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. NULM അക്കൗണ്ട് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല ഹഡ്കോ ലോൺ ആയി 14800000 ലഭിച്ചത് വാർഷികകണക്കുകളിൽ ഉൾപ്പെടുത്തിയിരുന്നില്ല. കെ-സ്മാർട്ട് സോഫ്റ്റ്വെയർ നടപ്പാക്കിയതിന് ശേഷവും മുൻപുമുള്ള വസ്തു നികുതി

സംബന്ധിച്ച് സോഫ്റ്റ്‌വെയർ ക്രമീകരണത്തിൽ നിരവധി പാളിച്ചകൾ കാണുന്നു. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, വാടക രജിസ്റ്റർ, വാഹനങ്ങളുടെ ലോഗ് ബുക്ക് തുടങ്ങിയവ മതിയായ വിവരങ്ങൾ ഉൾപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. നഗരസഭയുടെ ഉടമസ്ഥതയിൽ വരുന്ന റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ, സ്ഥലങ്ങൾ, വാഹനങ്ങൾ എന്നിവ ഉൾപ്പെടേയുള്ള ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.വരവിനങ്ങളിലെ ഭീമമായ കുടിശിക, വിവിധ രജിസ്റ്ററുകളുടെയും പ്രോജക്ട് ഫയൽ സൂക്ഷിപ്പിലെ അപാകതകൾ എന്നിവ ആഭ്യന്തര നിയന്ത്രണത്തിലെ പാളിച്ചകൾ വ്യക്തമാക്കുന്നു.

നഗരസഭ ജീവനക്കാരുടെ ശമ്പള ബില്ലിൽ നിന്ന് റിക്കവറി ചെയ്യുന്ന വിവിധ ശീർഷകങ്ങളിലുള്ള ക യഥാസമയം അടവാക്കുന്നില്ല. ജീവനക്കാരുടെ ശമ്പള ബില്ലിൽ നിന്ന് റിക്കവറി ചെയ്ത പി.എഫ് തുക യഥാസമയം അടവാക്കാതിരുന്നതിനാൽ പിഴ അടവാക്കേണ്ടി വന്നിട്ടുള്ളതാണ്.

2008-09 വർഷം മുതൽ നാളിതുവരെയായി റഗുലർ വിഭാഗം ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ സെൻട്രൽ പെൻഷൻ ഫണ്ടിലും കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അതത് മുനിസിപ്പാലിറ്റികളിൽ സൂക്ഷിക്കേണ്ട മുനിസിപ്പൽ പെൻഷൻ ഫണ്ടിലും പൂർണ്ണമായി അടവാക്കുന്നില്ല. പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കാത്തതിനാൽ നഗരസഭയ്ക്ക് പെൻഷൻ അലോട്ട്മെന്റ് ലഭിച്ചിരുന്നില്ല. നാളിതുവരെ ലഭിക്കാനുള്ള തുകയുടെ കണക്ക് നഗരസഭ സൂക്ഷിക്കുന്നില്ല.

പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും നികുതി പിരിവിലും വിവിധങ്ങളായ ഉദ്യോഗസ്ഥതലത്തിലുള്ള ഏകോപനം കാര്യക്ഷമമല്ലാത്തതിനാൽ നിയമാനുസൃത ചെലവ് പുരോഗതി കൈവരിക്കുവാൻ സാധിക്കാതെ വരുന്നത് നഗരസഭയ്ക്ക് ലഭിക്കേണ്ടതായ പദ്ധതിവിഹിതമിനത്തിൽ 251350 രൂപകുറവ് വരുത്തിയിട്ടുണ്ട്.

UPI പേയ്മെന്റ് ഗേറ്റ് വേ വഴി അയയ്ക്കുന്ന തുകകൾ ഏറെ നാളുകൾക്ക് ശേഷമാണ് നഗരസഭ അക്കൗണ്ടിൽ ക്രെഡിറ്റാവുന്നത്.ഇത്തരത്തിലുള്ള പോരായ്മ കൺട്രോളിംങ് ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽ പെടുത്തി പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

സർക്കുലർ നം. 17263/L3/തസ്വഭവ തീയതി 29.12.2000 പ്രകാരം ഓരോ അർദ്ധ വർഷവും പൂർത്തിയായ ശേഷം 30 ദിവസത്തിനകം ലഭിച്ച ലൈബ്രറി സെസ്സ് സംസ്ഥാന ലൈബ്രറി കൗൺസിലിൽ ഒടുക്കണമെന്നും നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ ആയത് നഗരസഭയിൽ പാലിക്കപ്പെടുന്നില്ല. കൂടാതെ സർക്കാറിലേക്ക് അടവാക്കാനുള്ള വിവിധ തുകകൾ നഗരസഭ അടവാക്കുന്നില്ല. പെൻഷൻ അംശദാനമായി അടക്കേണ്ട തുകകൾ സമയബന്ധിതമായി ഒടുക്കുവരുത്തുന്നില്ല.

വാർഷികപദ്ധതിയിയിൽ ഏറ്റെടുക്കുന്ന എല്ലാ പ്രോജക്ടുകളും നടപ്പാക്കാൻ നഗരസഭയ്ക്ക് സാധിക്കുന്നില്ല. പശ്ചാത്തലമേഖലയിലുൾപ്പെടെ വാർഷിക പദ്ധതി പ്രോജക്ടുകളുടെ നിർവഹണത്തിലെ കാര്യക്ഷമത, സമയബന്ധിതമായ പൂർത്തീകരണം, മേൽനോട്ടം, പ്രവൃത്തികളുടെ ഗുണനിലവാരം എന്നിവ ഇനിയും മെച്ചപ്പെടേണ്ടതുണ്ട്. വാർഷിക പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാത്തത് മൂലം വർഷാവസാനം വിവിധ ഗ്രാന്റുകളിൽ നിന്നും സഞ്ചിതനിധിയിലേക്ക് വലിയ തുകകൾ തിരികെ എടുക്കപ്പെടുന്നു. അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. പൊതുമരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് സമഗ്രമല്ല. വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന്റെ ലക്ഷ്യം ,ആവശ്യകത, ഇതിനോടകം പൂർത്തീകരിച്ച ഘട്ടങ്ങൾ , അന്തിമമായി പൂർത്തീകരിക്കാൻ ആവശ്യമായ പ്രവൃത്തികൾ മുതലായ അടിസ്ഥാന വിവരങ്ങൾ

പ്രോജക്റ്റ് റിപ്പോർട്ടിൽ വിവരണാത്മകമായി രേഖപ്പെടുത്തുന്നില്ല.
പ്രോജക്റ്റുകളുടെ നടത്തിപ്പ് വർക്കിംഗ് ഗ്രൂപ്പുകൾ കൃത്യമായി മോണിറ്റർ ചെയ്ത് പദ്ധതി പൂർത്തീകരണസാക്ഷ്യപത്രം തയ്യാറാക്കിയതായി ബന്ധപ്പെട്ട ഫയലുകളിൽ കാണുന്നില്ല.
ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ ഫലപ്രദമായ തുടർനടപടികൾ സ്വീകരിച്ച് നിയമാനുസൃത സമയപരിധിക്കുള്ളിൽ സമഗ്രമായ മറുപടി ലഭ്യമാക്കുന്നതിൽ തുടർച്ചയായി വീഴ്ച വരുത്തുന്നതായി കാണുന്നു. ഓഡിറ്റ് റിപ്പോർട്ട് ലഭ്യമായി രണ്ട് മാസത്തിനകം പ്രത്യേക കൗൺസിലിൽ റിപ്പോർട്ട് ചർച്ച ചെയ്ത് ന്യൂനതാ പരിഹാര റിപ്പോർട്ട് ലഭ്യമാക്കണമെന്ന 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(2) എന്നിവ പ്രകാരമുള്ള നിയമവ്യവസ്ഥകൾ തുടർച്ചയായി ലംഘിക്കുന്നതായി കാണുന്നു.
നഗരസഭയുടെ മികച്ച പ്രവർത്തനത്തിന് ആഭ്യന്തര നിയന്ത്രണം കാര്യക്ഷമമാക്കേണ്ടതുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നം./ ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11/12/2023 മുതൽ 12/12/2023 വരെ | 2022-23 വരെ | Audit1-AMG-1/HUH111/ 11/C 30/8A-15 |
| പെർഫോമൻസ് ഓഡിറ്റ് | ലഭ്യമല്ല | 2010-11 | F-520/9 |

## 1-11 എൻ.യു.എൽ.എം പദ്ധതിയുടെ ബാങ്ക് അക്കൗണ്ടുകൾ വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല

ദേശീയനഗര ഉപജീവന മിഷൻ (എൻ. യു. എൽ. എം.) പദ്ധതിയുടെ ഫണ്ട് വിനിമയങ്ങൾക്കായി നഗരസഭയിൽ 2 ബാങ്ക് അക്കൗണ്ടുകൾ ആരംഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബാങ്ക് | അക്കൗണ്ട് നം. | ആവശ്യം |
|---|---|---|
| കാനറ ബാങ്ക്, വൈക്കം ശാഖ | 4670101007155 | എൻ.യു.എൽ.എം പദ്ധതിക്കായി സെക്രട്ടറിയുടെ പേരിൽ ആരംഭിച്ച അക്കൗണ്ട് |
| ഇൻഡ്യൻ ബാങ്ക്, വൈക്കം ശാഖ | 7638203575 | എൻ.യു.എൽ.എം- സ്വാനിധി സെസമൃദ്ധി പദ്ധതിക്കായി തൻവർഷം ആരംഭിച്ച അക്കൗണ്ട്. |

എന്നാൽ മേൽ ബാങ്ക് അക്കൗണ്ടുകൾ നഗരസഭയുടെ വാർഷിക കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ലായെന്ന് കാണുന്നു. അക്കൗണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ്മെന്റുകൾ പ്രകാരം 31.03.2025 ൽ പ്രസ്തുത അക്കൗണ്ടുകളിൽ നീക്കി ബാക്കിയായി തുകകളൊന്നും അവശേഷിക്കുന്നില്ലായെങ്കിലും തൻവർഷം എൻ.യു.എൽ.എം പദ്ധതിയുമായി ബന്ധപ്പെട്ട് വിവിധ ട്രാൻസാക്ഷനുകൾ അക്കൗണ്ടുകളിലൂടെ നടന്നിട്ടുണ്ട്. ഇത്തരത്തിൽ ബാങ്ക് അക്കൗണ്ടുകൾ വാർഷിക കണക്കിൽ ഉൾപ്പെടാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 77/27.02.26) മറുപടി ലഭ്യമാക്കിയില്ല. വിവിധ ഇടപാടുകൾ നടക്കുന്ന 2 ബാങ്ക് അക്കൗണ്ടുകൾ വാർഷിക കണക്കിൽ ഉൾപ്പെടാത്തത് മൂലം വരവ് ചെലവ് കണക്കുകൾ നിരീക്ഷിക്കപ്പെടാതെ പോയ സാഹചര്യം അത്യന്തം ഗൗരവതരമാണ്. ഇത് സംബന്ധിച്ച് രേഖാമൂലം വിശദീകരണം ലഭ്യമാക്കേണ്ടതും 2 അക്കൗണ്ടുകളും വാർഷിക കണക്കിന്റെ ഭാഗമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-12 8,87,377/- രൂപയുടെ ചെക്കുകൾ പണമാകാതെ അക്കൗണ്ടിൽ അവശേഷിയ്ക്കുന്നു.

നഗരസഭയിലെ വിവിധ ബാങ്ക് അക്കൗണ്ടുകളുടെ 31.03.2025 ലെ പൊരുത്തപ്പെടുത്തൽ പത്രികകൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അക്കൗണ്ടുകളുടെ പൊരുത്തപ്പെടുത്തൽ പത്രികകളിൽ Cheques Deposited But Not Collected എന്ന ഇനത്തിൽ തുകകൾ ലഭ്യമാകുവാൻ അവശേഷിക്കുന്നതായി കാണുന്നു.

| ക്രമ നം. | ബാങ്ക് വിശദാംശങ്ങൾ | പണമാകാതെ അവശേഷിക്കുന്ന തുക |
|---|---|---|
| 1 | എസ്ബിഐ- 57039365397 | 444875 |
| 2 | യൂണിയൻ ബാങ്ക്- 553702010017071 | 442502 |
| | ആകെ | 887377 |

മേൽ തുകകൾ ലഭ്യമായ തീയതി ഉൾപ്പെടയുള്ള വിശദാംശങ്ങൾ K-Smart ലോഗിനിൽ ലഭ്യമല്ലാത്തതിനാൽ മേൽ ചെക്കുകൾ കാലഹരണപ്പെട്ടതാണോയെന്നും 2025-26 വർഷത്തെ പൊരുത്തപ്പെടുത്തൽ പത്രികകൾ കാലികമാക്കിയിട്ടില്ലാത്തതിനാൽ ടി തുകകൾ നഗരസഭയുടെ അക്കൗണ്ടിൽ ലഭ്യമായിട്ടുണ്ടോയെന്നും ഉറപ്പാക്കുവാൻ സാധിക്കുന്നില്ല. മേൽ തുകകൾ നഗരസഭയുടെ അക്കൗണ്ടിൽ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 7/16.02.26) മറുപടി ലഭ്യമാക്കിയില്ല. ഇത്തരത്തിൽ ക്രഡിറ്റാകാത്ത തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും ചെക്ക് തുകകൾ പഞ്ചായത്ത് ഫണ്ടിൽ വരവ് വയ്ക്കുന്നതിന് അടിയന്തിര നടപടി സ്വീകരിയ്ക്കേണ്ടതുമാണ്. കൂടാതെ നഗരസഭയിലെ വിവിധ ബാങ്ക് അക്കൗണ്ടുകളുടെ റിക്കൺസിലിയേഷൻ സമയ ബന്ധിതമായി പൂർത്തിയാക്കേണ്ടതുമാണ്.

## 1-13-1 ഇ പോസ് മെഷീനുകളുടെ ഉപയോഗത്തിലെ അപാകതകൾ

കെ സ്മാർട്ടിൽ നിന്ന് ലഭ്യമായിട്ടുള്ള കൺസോളിഡേറ്റഡ് റിപ്പോർട്ട് പ്രകാരം പണം പിരിവിനായി 2024-25, 2025-26 സാമ്പത്തിക വർഷങ്ങളിൽ നഗരസഭ ഉപയോഗിച്ചിട്ടുള്ള ഇ പോസ് മെഷീനുകളുടെ വിവരങ്ങളും നിലവിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന മെഷീനുകളുടെ വിവരങ്ങളും ചുവടെ ചേർക്കുന്നു.

1) ഇ പോസ് മെഷീനുകൾ ജീവനക്കാർക്ക് ഇഷ്യൂ ചെയ്ത് നൽകുന്ന തീയതിയും എന്നുവരെ ഓരോ ജീവനക്കാരനും പ്രസ്തുത മെഷീനുകൾ ഉപയോഗിക്കുന്നുവെന്ന വിവരങ്ങളും സംബന്ധിച്ചുള്ള രേഖകൾ സൂക്ഷിക്കുന്നില്ല.

2024-25 സാമ്പത്തിക വർഷത്തിൽ നഗരസഭ ഉപയോഗിച്ചിട്ടുള്ള ഇ പോസ് മെഷീനുകൾ

| Sl. No. | Pen No | Employee Name | Device ID | Device Name |
|---|---|---|---|---|
| 1 | G72815 | | 2428638A | WORLDLINE 3 |
| 2 | G82536 | KRISHNAPRIYA SANTHOSH | 2428638A | WORLDLINE 3 |
| 3 | G72857 | AMBILY P G | 2428641A | WorldLine2 |
| 4 | G72857 | AMBILY P G | 2428644A | WorldLine6 |
| 5 | G70273 | ANAKHAJITH P A | 2428645A | WORLDLINE 4 |
| 6 | G51831 | SREEJITH T R | 2428647A | WorldLine1 |

2025-26 സാമ്പത്തിക വർഷത്തിൽ നഗരസഭ ഉപയോഗിച്ചിട്ടുള്ള ഇ പോസ് മെഷീനുകൾ

| Sl. | Pen | Employee | Device | Device |
|---|---|---|---|---|

| No. | No | Name | ID | Name |
|---|---|---|---|---|
| 1 | G86866 | GREESHMA G KRISHNAN | 12000123242435 | MSWIPE5 |
| 2 | G86930 | JAYAKRISHNAN T R | 12000313243387 | MSWIPE7 |
| 3 | G85750 | JITHIN C MATHEW | 12000725233415 | MSWIPE1 |
| 4 | G82536 | KRISHNAPRIYA SANTHOSH | 12000912241636 | MSWIPE2 |
| 5 | G86930 | JAYAKRISHNAN T R | 12000912242269 | MSWIPE4 |
| 6 | G82536 | KRISHNAPRIYA SANTHOSH | 2428638A | WORLDLINE 3 |
| 7 | G85750 | JITHIN C MATHEW | 2428641A | WorldLine2 |
| 8 | G70273 | ANAKHAJITH A | 2428645A | WORLDLINE 4 |
| 9 | G51831 | SREEJITH T R | 2428647A | WorldLine1 |

ഓരോ മെഷീനുകളും മേൽ സൂചിപ്പിച്ചിരിക്കുന്ന ജീവനക്കാർക്ക് ഏത് തീയതി മുതലാണ് ഇഷ്യൂ ചെയ്തിട്ടുള്ളത് എന്നും, എന്ന് വരെ ഓരോ ജീവനക്കാരും അത് ഉപയോഗിച്ചിരുന്നെന്നും, നിലവിൽ ഉപയോഗിക്കുന്നതും, സ്റ്റോക്കിലോ / പ്രവർത്തനക്ഷമമല്ലാതെയോ സൂക്ഷിക്കുന്നതുമായ ഇ പോസ് മെഷീനുകളുടെ വിവരങ്ങളും സംബന്ധിച്ച് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം. 18/18.08.26) മറുപടി പ്രകാരം, 2024-25 സാമ്പത്തിക വർഷത്തിൽ പണം പിരിവിനായി 02/01/2024 തീയതിയിൽ യൂണിയൻ ബാങ്കിൽ നിന്ന് ലഭിച്ച WorldLine മെഷീനുകൾ ജീവനക്കാർക്ക് ഇഷ്യൂ ചെയത് നൽകിയ തീയതിയും, എന്നുവരെ ഓരോ ജീവനക്കാരനും പ്രസ്തുത മെഷീനുകൾ ഉപയോഗിച്ചിരുന്നുവെന്നും മാനുവലായി രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ലായെന്നും, 03.01.26 ഇൽ Worldline മെഷീനുകളെല്ലാം ബാങ്കിൽ തിരികെ ഏല്പിച്ചുവെന്നും അറിയിച്ചിട്ടുണ്ട്. അന്നേ തീയതി മുതൽ യൂണിയൻ ബാങ്കിൽ നിന്നു പുതുതായി ലഭിച്ച M Swipe മെഷീനുകൾ മാത്രമാണ് ഉപയോഗിക്കുന്നത് എന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. നിലവിൽ 7 M Swipe മെഷീനുകളാണ് നഗരസഭയ്ക്ക് ലഭിച്ചിട്ടുള്ളത്. അതിൽ ഒരു മെഷീൻ (Device ID – 12000823233983) സ്റ്റോക്കിൽ സൂക്ഷിച്ചിരിക്കുന്നു. ബാക്കി 6 M Swipe മെഷീനുകൾ 4 ജീവനക്കാർക്കായി ഇഷ്യൂ ചെയ്ത് നൽകിയിരിക്കുന്നു. എന്നാൽ മെഷീനുകൾ ലഭിച്ചതിന്റെയോ ജീവനക്കാർക്ക് ഇഷ്യൂ ചെയ്തതിന്റെയോ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുകയോ പരിശോധനയ്ക്ക് ഹാജരാക്കുകയോ ചെയ്തിട്ടില്ല.

03.01.26 മുതൽ ഉപയോഗിക്കുന്ന ഇ പോസ് മെഷീനുകൾ

| Sl. No. | Pen No | Employee Name | Device ID | Link & Delink Date |
|---|---|---|---|---|
| 1 | G86866 | GREESHMA G KRISHNAN | 12000123242435 MSWIPE5 | 03.01.26- |
| 2 | G86930 | JAYAKRISHNAN T R | 12000313243387 MSWIPE7 | 03.01.26- 20.01.26 |
| 3 | G85750 | JITHIN C MATHEW | 12000725233415 MSWIPE1 | 03.01.26-16.02.26 |
| 4 | G82536 | KRISHNAPRIYA SANTHOSH | 12000912241636 MSWIPE2 | 03.01.26-05.02.26 |
| 5 | G86930 | JAYAKRISHNAN T R | 12000912242269 MSWIPE4 | 20.01.26- 05.02.26 |
| 6 | 86930 | JAYAKRISHNAN T R | 12000725230839 | 02.02.26- 05.02.26 |

| Sl. No. | Pen No | Employee Name | Device ID | Link & Delink Date |
|---|---|---|---|---|
| 7 | 86930 | JAYAKRISHNAN T R | 12000912241636 MSWIPE2 | 05.02.26- 16.02.26 |
| 8 | 86930 | JAYAKRISHNAN T R | 12000725233415 MSWIPE1 | 16.02.26- |

2) 4 ജീവനക്കാർക്കായി 6 ഇ പോസ് മെഷീനുകൾ നൽകിയിട്ടുള്ളതും, ഒരേ ജീവനക്കാരന് തന്നെ ഒരേ കാലയളവിൽ 3 മെഷീനുകൾ നൽകിയതിന്റെ (ക്രമ നം. 5, 6, 7) ആവശ്യകതയും വ്യക്തമല്ല .

അപാകതകൾ സംബന്ധിച്ച വിശദീകരണം ലഭ്യമാക്കേണ്ടതും, പണം പിരിവ് പ്രവർത്തനങ്ങൾ കൂടുതൽ സുതര്യമായി നടക്കുന്നുവെന്ന് ഉറപ്പ് വരുത്താൻ ഓരോ ജീവനക്കാർക്കും ഈ പോസ് മെഷീനുകൾ ലിങ്ക് ആൻഡ് ഡിലിങ്ക് ചെയ്യുന്ന വർത്തനങ്ങൾ കൃത്യമായി രജിസ്റ്റർ ചെയ്ത് സൂക്ഷിക്കേണ്ടതുമാണ്.

## 1-13 രസീതു ബുക്കുകളുടെ പരിപാലനത്തിലെ അപാകതകൾ

വൈക്കത്തഷ്ടമിക്ക് കടകൾ നടത്തുന്നതിനായി കടകൾ ലേലത്തിൽ പിടിച്ച കടയുടമകളിൽ നിന്ന് പണം പിരിക്കുന്നതിനായി, മുനിസിപ്പാലിറ്റിയിലെ സീനിയർ ക്ലർക്കിന് 3 രസീത് ബുക്കുകൾ (ബുക്ക് നം. 188, 189, 192) ഇഷ്യൂ ചെയ്ത് നല്കിയിട്ടുണ്ടായിരുന്നു. ഈ മൂന്ന് രസീത് ബുക്കുകളിൽ നിന്നായി 93,83,118/- രൂപ പിരിച്ചെടുത്തിട്ടുണ്ട്. എന്നാൽ രസീത് ബുക്കുകളിലെ രേഖപ്പെടുത്തലുകൾ നടത്താൻ ഡബിൾ സൈഡഡ് കാർബൺ പേപ്പർ ഉപയോഗിച്ചിട്ടില്ല. മുൻകാലങ്ങളിൽ ഡബിൾ സൈഡഡ് കാർബൺ ഉപയോഗിക്കാതിരുന്നതിനാൽ തുടർന്നും അതേ രീതി പിന്തുടരുന്നത് ആശാസ്യമല്ല. നിലവിൽ ടി ജീവനക്കാരി വളരെ കൃത്യമായി തുക പിരിച്ചെടുക്കുകയും, രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുകയും പണം നഗരസഭയിൽ ഒടുക്കുകയും ചെയ്തിട്ടുണ്ടെങ്കിലും, ഭാവിയിൽ ജീവനക്കാർ മാറി വരുമ്പോൾ ക്രമക്കേടുകൾ ഉണ്ടാകാതിരിക്കാൻ, ഒരൊറ്റ രസീത് ഉപയോഗിച്ച തന്നെ ഒരു ലക്ഷത്തിലധികം രൂപയുടെ പണം പിരിവ് നടത്തുന്ന 'അഷ്ടമി രസീത് ബുക്കിലെ' രേഖപ്പെടുത്തലുകൾ സൂക്ഷ്മതയോടെ കൈകാര്യം ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്. രസീത് ബുക്കുകളിൽ ഡബിൾ സൈഡഡ് കാർബൺ ഉപയോഗിച്ച് തന്നെ കൃത്യമായി രേഖപ്പെടുത്തലുകൾ നടത്തേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

## 1- 14 ബാങ്ക് അക്കൗണ്ടുകളുടെ റീക്കൺസിലിയേഷൻ നടത്തിയിട്ടില്ല

1)കാലികമായ മാസങ്ങളിലെ ബാങ്ക് പൊരുത്തപ്പെടുത്തൽ നടത്തിയിട്ടില്ല

2024-25 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി പണം അടവ്, പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചതിൽ 01.4.2024 മുതൽ നാളിതുവരെ ചുവടെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടുകൾക്ക് അനുസൃതമായുള്ള സ്ഥാപനത്തിലെ കണക്കുകൾ പ്രകാരമുള്ള നീക്കിയിരുപ്പ്, അതത് ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരുപ്പുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

| ക്രമ നം. | ബാങ്ക് അക്കൗണ്ട് | 31.03.2025 ലെ ബി17 പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|---|
| 1 | Canara Bank Health Grant Infrastructure- 4950 | 27419/- |
| 2 | Canara Bank Health Grant Wellness - 5060 | 6119368/- |
| 3 | Indian Bank -Donation -9327 | 15000/- |
| 4 | State Bank Of India-MP Lads- 3022 | 17930/- |

| | | |
|---|---|---|
| 5 | SBI- MP-3354 | 26932/- |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 29/20.02.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. കൂടാതെ ഓഡിറ്റിന്റെ ഭാഗമായി കാലികമായ മാസങ്ങളിലെ ബാങ്ക് പൊരുത്തപ്പെടുത്തൽ നടത്തിയിട്ടുണ്ടോയെന്ന് പരിശോധിച്ചതിൻ പ്രകാരം, 2025 മാർച്ച് മാസത്തിനു ശേഷം നാളിതു വരെ ഒരു ബാങ്കുകളുടെയും (SBI Own Fund അക്കൗണ്ടിന്റേത് 2025 മെയ് വരെ) റീക്കൺസിലിയേഷൻ നടത്തിയിട്ടില്ല. കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 53 പ്രകാരം ബാങ്ക് ബുക്കുകളിലെ നീക്കിയിരുപ്പുകൾ ഓരോ മാസാവസാനവും പൊരുത്തപ്പെടുത്തി തൊട്ടടുത്ത മാസം 7-ാം തീയതിക്കകം അക്കൗണ്ടന്റ് പൊരുത്തൽപ്പെടുത്തൽ പത്രിക തയ്യാറാക്കേണ്ടതും അത് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. എന്നാൽ പ്രസ്തുത നിർദ്ദേശം നഗരസഭ പൂർണ്ണമായും പാലിച്ചിട്ടില്ല. ആയതിനാൽ നഗരസഭയിലെ വിവിധ അക്കൗണ്ടുകളിലെ ഇടപാടുകൾ സംബന്ധിച്ച സുതാര്യത ഉറപ്പുവരുത്തുന്നതിനും ചെക്കുകൾ പ്രകാരം ലഭിച്ച തുകകൾ യഥാസമയം അക്കൗണ്ടിൽ ക്രെഡിറ്റ് വന്നിട്ടുണ്ടോയെന്നും ഓഡിറ്റിൽ ഉറപ്പാക്കാൻ സാധിച്ചിട്ടില്ല. എല്ലാ ബാങ്ക് അക്കൗണ്ടുകളുടെയും ബാങ്ക് പൊരുത്തൽപ്പെടുത്തൽ പത്രിക തയ്യാറാക്കി ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

<u>2) നഗരസഭയുടെ സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്ക് അലോട്ട്മെന്റായി വരേണ്ടിയിരുന്ന തുക SBI ഓൺ ഫണ്ട് അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്തിരിക്കുന്നു.</u>

1996 ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത്- കം- റിട്ടയർമെന്റ് ബെനഫിറ്റ്) ചട്ടങ്ങൾ ചട്ടം 10 പ്രകാരം പെൻഷൻകാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനു വേണ്ടി മാത്രമായി ട്രഷറിയിലോ ദേശസാൽകൃതബാങ്കിലോ മുനിസിപ്പൽ പെൻഷൻ ഫണ്ട് എന്ന പേരിൽ അക്കൗണ്ട് തുടങ്ങേണ്ടതും 9-ാം ചട്ടത്തിലെ 3,4 ഉപചട്ടങ്ങൾ അനുസരിച്ച് ഡയറക്ടർ അനുവദിക്കുന്ന തുക ഈ അക്കൗണ്ടിൽ വരവ് വെയ്ക്കേണ്ടതും ചട്ടം 11 പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് വിതരണം ചെയ്യേണ്ടതുമാണ്. വൈക്കം നഗരസഭയിൽ റെഗുലർ പെൻഷണർമാർക്ക് സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിക്കുന്ന പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനായി ട്രഷറി സേവിംഗ്സ് ബാങ്കിൽ അക്കൗണ്ട് (അക്കൗണ്ട് നം. 799010100382130) നിലവിലിരിക്കെ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും 845112/- രൂപ നഗരസഭയുടെ ഓൺ ഫണ്ട് അക്കൗണ്ടിലേയ്ക്കാണ് (അക്കൗണ്ട് നം. 57039365397) 28.10.2025 ൽ വരവ് വന്നിട്ടുള്ളത്. ബാങ്കിലേയ്ക്ക് നേരിട്ട് ക്രെഡിറ്റ് ചെയ്യപ്പെട്ട പ്രസ്തുത തുകയുടെ വിവരം നഗരസഭയുടെ ബുക്ക്സ് ഓഫ് അക്കൗണ്ടുകളിൽ (ഡേ ബുക്ക്, ക്യാഷ് ബുക്ക്, രസീത് ബുക്ക്) വന്നിട്ടില്ല. SBI Own Fund അക്കൗണ്ടിന്റെ റീക്കൺസിലിയേഷൻ 2025 മെയ് മാസത്തിനു ശേഷം നടത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത തുകയുടെ വ്യത്യാസം പ്രസ്തുത രേഖകളുമായി പൊരുത്തപ്പെടുത്തി പരിശോധിച്ചിട്ടില്ലാത്തതുമാണ്. അപാകതകൾ സംബന്ധിച്ച് മറുപടി ലഭ്യമാക്കേണ്ടതും ടി തുക അലോട്ട്മെന്റ് വന്നതിന്റെ രേഖകളും, റീക്കൺസിലിയേഷൻ പൂർത്തിയാക്കിയതിന്റെ രേഖകളും സഹിതം ഓഡിറ്റിൽ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-15 ചെക്കു തുകകളുടെ വിശദാംശങ്ങ® കെ സ്മാർട്ടിൽ നിന്നും ലഭ്യമാകുന്നില്ല

നഗരസഭയുടെ 2024-25 വർഷത്തെ ധനകാര്യ പത്രികയുടെ ബി 17 ഷെഡ്യൂൾ പ്രകാരമുള്ള 31 ബാങ്ക് അക്കൗണ്ടുകളിൽ, കെ സ്മാർട്ടിൽ ലഭ്യമായ റിക്കൺസിലിയേഷൻ റിപ്പോർട്ട് പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന അക്കൗണ്ടുകളുടെ പ്രതിമാസ പൊരുത്തപ്പെടുത്തലുകൾ നടത്തിയിട്ടുണ്ടെങ്കിലും, ചെക്ക് ഇഷ്യൂഡ് ബട്ട് നോട്ട് പ്രസന്റഡ് ടു ബാങ്ക്, ചെക്ക് ഡിപ്പോസിറ്റഡ് ബട്ട് നോട്ട് കളക്ടഡ്, ഡയറക്ട്ലി ക്രെഡിറ്റഡ് ബൈ ബാങ്ക് എന്നീ ഇനങ്ങളിൽ ക്രമീകരിച്ച ചെക്കു തുകകളുടെ വിശദാംശങ്ങൾ കെ സ്മാർട്ടിൽ നിന്നും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | ബാങ്ക് അക്കൗണ്ട് | ചെക്ക് ഇഷ്യൂഡ് നോട്ട് പ്രസന്റഡ് ടു ബാങ്ക്, | ചെക്ക് ഡിപ്പോസിറ്റഡ് ബട്ട് നോട്ട് കളക്റ്റഡ് | ഡയറക്റ്റ്ലി ക്രെഡിറ്റഡ് ബൈ ബാങ്ക് |
|---|---|---|---|---|
| 1. | Catholic Syrian Bank- CFC Account 017804023994190001 | 14982 (Old) | - | 28116 (Old) |
| 2. | SBI Own Fund Account 57039365397 | 684846/- 2000/- (Old) | 444875 | - |
| 3. | UBI POS Account 553702010017071 | - | 442502 | - |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 29/20.02.26) മറുപടി ലഭ്യമാക്കിയിട്ടില്ല. കെ-സ്മാർട്ട് ൽ ലഭ്യമായിരിക്കുന്ന റിക്കൺസിലിയേഷൻ പത്രികയിൽ നിന്നും ചെക്കുകൾ സംബന്ധിച്ചുള്ള ഒരു വിശദാംശങ്ങളും ലഭ്യമാകുന്നില്ല. മുകളിൽ കൊടുത്തിട്ടുള്ള പട്ടികയിൽ ഓൾഡ് എന്ന് രേഖപ്പെടുത്തിയിരിക്കുന്ന തുകകൾ കാലഹരണപ്പെട്ടതാണോ എന്നും, ചെക്കുകൾ സംബന്ധിച്ചുള്ള വിശദാംശങ്ങളും ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1- 16 ബാങ്ക് ചാർജ്ജ് ഇനത്തിൽ 37322/- രൂപ ഈടാക്കി-വിശദാംശങ്ങൾ ലഭ്യമല്ല

2024-25 വാർഷിക കണക്കുകളിലെ റസീപ്റ്റ് & പേമെന്റ് പത്രികയിലെ P4 ഷെഡ്യൂൾ (Code-2407001) പ്രകാരം ബാങ്ക് ചാർജ്ജിനത്തിൽ 37322/- രൂപ ഈടാക്കിയിട്ടുള്ളതായി കാണുന്നു. പ്രസ്തുത ശീർഷകത്തിന്റെ ലഡ്ജർ പരിശോധിച്ചതിൽ വലിയ തുകകൾ ബാങ്ക് ചാർജ്ജായി ഈടാക്കിയ ബാങ്ക് അക്കൗണ്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| അക്കൗണ്ട് നം. | ബാങ്ക് | ആവശ്യം | 2024-25 ൽ ആകെ ബാങ്ക് ചാർജ്ജിനത്തിൽ ഈടാക്കിയ തുക |
|---|---|---|---|
| 553702010017071 | യൂണിയൻ ബാങ്ക് | POS മെഷീൻ | 8485 |
| 57039365397 | എസ്.ബി.ഐ | തനത് ഫണ്ട് | 28777 |

ഇതിൽ POS മെഷീൻ അക്കൗണ്ടിൽ നിന്നും ഒരു തവണ മാത്രമായി 6160/- രൂപയും തനത് ഫണ്ട് അക്കൗണ്ടിൽ നിന്ന് 28777/- രൂപയും ബാങ്ക് ചാർജ്ജായി ഈടാക്കിയതായും കാണുന്നു. ഇത്തരത്തിൽ ബാങ്ക് ചാർജ്ജിനത്തിൽ ബാങ്കുകൾ തുക ഈടാക്കുവാനുണ്ടായ സാഹചര്യവും തുക തിരികെ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 6/16.02.25) മറുപടി ലഭ്യമാക്കിയില്ല. മേൽ സാഹചര്യത്തിൽ ബാങ്കുകളുമായി ബന്ധപ്പെട്ട് ബാങ്ക് ചാർജ്ജ് ഈടാക്കുവാനുണ്ടായ സാഹചര്യം ബോദ്ധ്യപ്പെടേണ്ടതും ബാങ്ക് ചാർജ്ജിനത്തിൽ ഈടാക്കിയ തുക തിരികെ ആക്കൗണ്ടിൽ ക്രഡിറ്റാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച തുടർ നടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1- 17 മുൻകൂർ നൽകിയ തുകകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു

നഗരസഭയുടെ 31/03/2025 ലെ ബാലൻസ് ഷീറ്റ് ബി-18 ഷെഡ്യൂൾ പ്രകാരം വിവിധ ഏജൻസികൾക്കും

വ്യക്തികൾക്കും നൽകിയിട്ടുള്ള ൻകൂർ തുകകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നതായി കാണുന്നു. ക്രമീകരിക്കാതെ തുടരുന്ന മുൻകൂറുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ശീർഷകം | വിവരണം | മുൻകൂർ തുക |
|---|---|---|---|
| 1 | 4601099 | Other Loans And Advances | 1879015 |
| 2 | 4604002 | Advance To Contractors | 444108 |
| 3 | 4606001 | Electricity Depopsits | 2661871 |
| 4 | 4606003 | Water Deposits | 2435000 |
| 5 | 4606099 | Other Deposits With External Agencies | 3022892 |
| | ആകെ | | 10442886 |

ധനകാര്യ വകുപ്പിന്റെ 4-10-2011 ലെ ജി ഒ (പി) 419/2011/ഫിൻ നമ്പർ ഉത്തരവ് പ്രകാരം താൽക്കാലിക മുൻകൂറുകൾ കൈപ്പറ്റി മൂന്ന് മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കണമെന്നും, അഡ്ജസ്റ്റ്മെൻറ് ബിൽ സമർപ്പിച്ചിട്ടും പൂർണ്ണമായി വിനിയോഗിക്കാത്ത മുൻകൂർ തുകയ്ക്ക് ഒരു വർഷത്തേക്ക് 18% നിരക്കിൽ പലിശ ഈടാക്കണമെന്നും, നിശ്ചിത സമയപരിധിക്കകം അഡ്ജസ്റ്റ്മെൻറ് ബിൽ സമർപ്പിച്ചിട്ടില്ലെങ്കിൽ അടിയന്തിരമായി മുഴുവൻ തുകയും തുക പിൻവലിച്ച ദിവസം മുതൽ തിരിച്ചു പിടിക്കുന്ന ദിവസം വരെ 18% നിരക്കിൽ പലിശ സഹിതം ഈടാക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ എല്ലാത്തരം അക്രഡിറ്റഡ് ഏജൻസികൾ മുഖേനയും നടത്തുന്ന നിക്ഷേപ പ്രവൃത്തികൾക്കായി പ്രദേശിക സർക്കാരുകൾ നിക്ഷേപിച്ചിട്ടുള്ള തുക അതാത് വർഷം തന്നെ പ്രോജക്ട് പൂർത്തീകരണത്തിനായി ചെലവഴിക്കേണ്ടതാണെന്നും പ്രോജക്ട് പൂർത്തീകരിക്കാത്തതിനെ തുടർന്ന് ചെലവഴിക്കാത്ത തുക അതാത് വർഷം തന്നെ പ്രാദേശിക സർക്കാരുകൾ സഞ്ചിത നിധിയിലേക്ക് തിരിച്ചടയ്ക്കേണ്ടതാണെന്നും 09/03/2023 ലെ സ.ഉ.(കൈ) നം. 38/2023/ധന ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. മേൽ മുൻകൂറുകളുടെ ഉദ്ദേശം, മുൻകൂർ തുകകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നതിന് വിശദീകരണം എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (10/16.02.26) മറുപടി ലഭ്യമാക്കിയില്ല. ഡെപ്പോസിറ്റ് ചെയ്ത വലിയ തുകകൾ വളരെ കാലം നിർവ്വഹണ ഏജൻസികളിൽ ക്രമീകരിക്കാതെ അവശേഷിക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്. മേൽ തുകകളുടെ കൃത്യത പരിശോധിച്ച് തുകകൾ അടിയന്തിരമായി ക്രമീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് തുടർ നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-18 കെ.യു.ആർ.ഡി.എഫ്.സി ലോൺ വിനിമയത്തിലും അക്കൗണ്ടിംഗിലും അപാകതകൾ

പി.എം.എ.വൈ ഭവന പദ്ധതിയ്ക്കായി കെ. യു. ആർ. ഡി. എഫ്. സി. യിൽ നിന്നും എടുത്തിട്ടുള്ള ലോൺ തുകയുടെ വിനിമയത്തിലും അക്കൗണ്ടിംഗിലും ചുവടെ ചേർക്കുന്ന അപാകതകൾ നിലനിൽക്കുന്നതായി കാണുന്നു.

1.) കെ. യു. ആർ. ഡി. എഫ്. സി. ലോണിനത്തിൽ 2023-24 വർഷം നഗരസഭയ്ക്ക് ലഭ്യമായ 72,00,000/- രൂപയും 2024-25 വർഷം ലഭ്യമായ 76,00,000/- രൂപയും കൃത്യമായ അക്കൗണ്ടിങ്ങ് ക്രമീകരണത്തിലൂടെ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല. ആയതിനാൽ ലോണിനത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുള്ളതായി വാർഷിക കണക്കിൽ പ്രതിഫലിക്കുന്ന ബാധ്യത തുകയും യഥാർത്ഥ ബാദ്ധ്യത തുകയുമായി 1.48 കോടി രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

2.) 2,96,45,572/- രൂപ മുൻവർഷ ലോൺ ചെലവായി ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റിലെ Prior

Period Expenses എന്ന ശീർഷകത്തിൽ ക്രമീകരിച്ചതായി കാണുന്നു. ഇത്രയും വലിയ തുക ക്രമീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

3.) ലോണിന്റെ വിനിമയത്തിനായുള്ള ICICI ബാങ്കിന്റെ സേവിംഗ്സ് അക്കൗണ്ടിൽ (അക്കൗണ്ട് നം. 117101000829) 31.03.2025 ൽ 95,79,111/- രൂപ അവശേഷിക്കുന്നതായി കാണുന്നു. PMAY ഗുണഭോക്താക്കൾക്ക് കൃത്യസമയത്ത് ആനുകൂല്യം നൽകുവാനുള്ള തുക ചെലവഴിക്കാതെ അവശേഷിക്കുന്നത് എന്തുകൊണ്ടെന്ന് വ്യക്തമല്ല.

4.) 2024-25 വർഷത്തെ വായ്പയുടെ മുന്നിരിപ്പ്, തൻ വർഷ ഇടപാടുകളുടെ വിവരം എന്നിവ ചേർത്ത് Loan Register കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 43/23.02.26) മറുപടി ലഭ്യമാക്കിയില്ല. ലോൺ വരവ് തുകകൾ കൃത്യമായി അക്കൗണ്ട് ചെയ്യാത്തതും ലോൺ ചെലവുകൾ ആധികാരികതയില്ലാതെ മുൻകാല അക്കൗണ്ടിംഗ് ക്രമീകരണം നടത്തുന്നതും വാർഷിക കണക്കുകളുടെ മൊത്തത്തിലുള്ള വിശ്വാസ്യതയെ തന്നെ ബാധിക്കുന്നതാണ്. ആയതിനാൽ ലോൺ രജിസ്റ്റർ കാലികമാക്കി ലോൺ വരവുകൾ കൃത്യമായ അക്കൗണ്ടിംഗ് ക്രമീകരണത്തിലൂടെ വാർഷിക കണക്കിൽ ഉൾപ്പെടുത്തേണ്ടതും ലോൺതുകയുടെ ചെലവിൽ ക്രമീകരണം നടത്തിയത് സംബന്ധിച്ച് ആധികാരികമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. കൂടാതെ ലോണിനത്തിൽ എടുക്കുന്ന തുക PMAY ഗുണഭോക്താക്കൾക്ക് കൃത്യസമയത്ത് വിതരണം ചെയ്യേണ്ടതും ചെലവഴിക്കാതെ അവശേഷിക്കുന്ന വണത ഒഴിവാക്കേണ്ടതുമാണ്.

## 1- 19 തനത് നികുതി പിരിവിലെ കുറവ് മൂലം വികസന ഫണ്ട് ജനറൽ വിഭാഗത്തിൽ 251350/- രൂപ സ്രോതസ്സിൽ കുറവ് ചെയ്തു

മുൻവർഷം ഡിമാൻഡ് ചെയ്ത തനത് നികുതിയുടെ 90% എങ്കിലും ശേഖരിക്കാത്ത നഗരസഭകളുടെ 1% വികസന ഫണ്ട് സ്രോതസ്സിൽ കുറവ് ചെയ്യണമെന്ന സർക്കാർ ഉത്തരവ് പ്രകാരം (സ.ഉ (കൈ) നം. 179/2022/ധന. തീ. 18.10.2022) 2024-25 വർഷം 251350/- രൂപ വികസന ഫണ്ട് പൊതു വിഭാഗത്തിൽ നിന്നും സ്രോതസ്സിൽ കുറവ് ചെയ്തതിന് ശേഷമാണ് നഗരസഭയ്ക്ക് ലഭിച്ചത്. 2024-25 വർഷവും വസ്തുനികുതി പിരിവ് 90% ൽ എത്തിയിട്ടില്ലാത്തതിനാൽ 2025-26 വർഷവും സമാന സാഹചര്യം നിലനിൽക്കുന്നതായി കാണുന്നു. തനത് വരുമാനം കുറവായ നഗരസഭയിൽ വസ്തു നികുതി ഉൾപ്പെടെയുള്ള നികുതി പിരിച്ചെടുക്കാത്തത് കാരണം വികസന ഫണ്ടിൽ നിന്നും തുക നഷ്ടമാകുന്ന സാഹചര്യത്തിനും കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 56/24.02.26) മറുപടി ലഭ്യമാക്കിയില്ല. തനത് വരുമാനം പിരിച്ചെടുക്കുന്നതിലെ കുറവ് മൂലം വികസന പ്രവൃത്തികൾക്ക് വിനിയോഗിക്കേണ്ട പ്ലാൻ ഫണ്ടിൽ കുറവ് വരുന്ന സാഹചര്യം ഗൗരവതരമാണ്. തുടർ വർഷങ്ങളിൽ നികുതി വരുമാനം പൂർണ്ണമായും പിരിച്ചെടുത്ത് സമാന സാഹചര്യം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 അനധികൃത കെട്ടിടങ്ങളെ കെ-സ്മാ® ട്ടി® ഉ® പ്പെടുത്തിയിട്ടില്ല

1. കേരള മുനിസിപ്പാലിറ്റി നിയമം, സെക്ഷൻ 242 (4) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കുന്ന കെട്ടിടത്തിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്ററുകൾ വാർഡ് തലത്തിൽ തയ്യാറാക്കേണ്ടതാണെന്നു നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ K Smart ൽ ഓഡിറ്റിനു ലഭ്യമാക്കിയ ലോഗിനിൽ അനധികൃത കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ലഭ്യമല്ല. K Smart ൽ Property Tax മോഡ്യൂളിലെ ബിൽഡിംഗ് കൌണ്ട്

പരിശോധിച്ചപ്പോൾ 13 കെട്ടിടങ്ങൾ മാത്രമാണ് Unauthorised എന്ന ലിസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഏതൊക്കെ കെട്ടിടങ്ങളാണ് അനധികൃതമെന്നുള്ളതിന്റെ വിശദാംശങ്ങൾ K-Smart ൽ ലഭ്യമല്ല.

2.കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് (അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്ക്കരണം) ചട്ടങ്ങൾ 2024 (SRO No. 172/2024; 09.02.2024) പ്രകാരം 07.11.2019 തീയതിയിലും അതു വരെയുമുള്ള അനധികൃത നിർമ്മാണങ്ങൾ ക്രമവത്ക്കരിക്കാവുന്നതാണ്. ഇപ്രകാരം നഗരസഭയിൽ 31.03.2025 വരെ ലഭിച്ച അപേക്ഷകളും അനധികൃത കെട്ടിടങ്ങളെ സർക്കാർ കമ്മിറ്റി വഴി (ജില്ലാ ടൌൺ പ്ലാനർ, സെക്രട്ടറി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ) ക്രമവത്ക്കരിച്ചതിന്റെ വിശദാംശങ്ങളും (ഫയൽ നമ്പരുകൾ) ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല.

3) നഗരസഭയിലെ ചുവടെ ചേർക്കുന്ന കെട്ടിടങ്ങൾ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം Unauthorised എന്ന ഗണത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ച് നികുതി ഈടാക്കിയിരുന്നതാണ്. എന്നാൽ കെ-സ്മാർട്ടിൽ ടി കെട്ടിടങ്ങൾ UNAuthorised എന്ന ഗണത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും Demand Notice, Collection വിശദാംശങ്ങൾ എന്നിവ ലഭ്യമല്ല.

| ക്രമ നം. | വാർഡ് നം. | കെട്ടിട ഉടമയുടെ വിശദാംശം | ഉപയോഗക്രമം | കെട്ടിടത്തിന്റെ അളവ് (ച.മീ.) |
|---|---|---|---|---|
| 1 | 3/254/ UA | RAVEENDRA NADHAN, MADATHILPUTHEN | പാർപ്പിടാവശ്യം | 80 |
| 2 | 4/167/ A.UA | PRAKASAN, KONARIL | പാർപ്പിടാവശ്യം | 72.28 |
| 3 | 4/168/ UA(-) | PRAMEELA, ANANTHA BHAVAN | പാർപ്പിടാവശ്യം | 97.58 |
| 4 | 4/193/ (-) | SAJEEV, ANANDHU BHAVAN | പാർപ്പിടാവശ്യം | 66 |
| 5 | 4/230/ A.UA | P K RAMESAN, VIRUTHITHARA | പാർപ്പിടാവശ്യം | 84 |
| 6 | 5/238/ UA(-) | PRASIDENT, DR AMBETHKAR COIR SOCIETY | ഗോഡൌൺ | 98 |
| 7 | 9/54/ UA | SHANMUKHAN, CHEDIYATH | വാണിജ്യാവശ്യം | 98 |
| 8 | 15/177/ UA | SILI JOY, PAZHEMADAM | ഓഫീസ് ആവശ്യത്തിനുള്ള മുറി | 156 |
| 9 | 19/29/ AUA | DEVI KRISHNAN, VAIKOM | ഓഫീസ് ആവശ്യത്തിനുള്ള മുറി | 20.35 |
| 10 | 19/64/ UA | NSS KARAYOGAM, VAIKOM | വ്യവസായിക ആവശ്യം | 12.56 |
| 11 | 19/149/ | RAJAGOPALAN, RAMNIVAS | പാർപ്പിടാവശ്യം | 67.26 |
| 12 | 19/162/ UA | N SIVARAMAN NAIR, KIZHAKKE VECHOOR | പാർപ്പിടാവശ്യം | 120.25 |
| 13 | 19/236/ UA | KRISHNAN KUTTY KALLATHARA | പാർപ്പിടാവശ്യം | 66.82 |
| 14 | 19/237/ UA | BABU, MADACHIRA | പാർപ്പിടാവശ്യം | 67.23 |

| | | | | |
|---|---|---|---|---|
| 15 | 19/254/ | SASIDHARAN, NADUVILE | വ്യവസായിക ആവശ്യം | 13.26 |
| 16 | 21/147/ UA | MANIYAPPAN, ALUNKAL | പാർപ്പിടാവശ്യം | 196 |
| 17 | 21/153/ UA | MADHUSUDHANAN, ALUNKAL | വാണിജ്യാവ-ശ്യത്തിനുള്ള ഓഫീസ് കെട്ടിടം | 30 |
| 18 | 21/183/ UA | PEETER, VATTATHARA | ഇതര വ്യവസായങ്ങൾ-ക്കുള്ളവ | 35 |
| 19 | 21/184/ A | THRESYAMMA, MANNASSERIL | പാർപ്പിടാവശ്യം | 280 |
| 20 | 21/220/ UA | BINDU SAIJU, KALATHIL PARAMBU | പാർപ്പിടാവശ്യം | 128.75 |
| 21 | 21/251/ UA | VALSALA, VAIKOM | പാർപ്പിടാവശ്യം | 207.48 |
| 22 | 21/257/ UA | K.J THOMAS, KALATHIL PARAMBU | പാർപ്പിടാവശ്യം | 84.42 |
| 23 | 21/310/ UA | VISWABHARATHI, MUTTATHEZHATH | പാർപ്പിടാവശ്യം | 90 |
| 24 | 21/314/ UA | SHIVANI, MUTTATHEZHATH | ഇതര വ്യവസായം | 43.2 |
| 25 | 21/321/ UA | RADHAKRISHNA PANIKER, SREELAKSHMI Vij | പാർപ്പിടാവശ്യം | 96.04 |
| 26 | 21/328/ UA | GAURI, THATTATH INPARAMB | ഇതര വ്യവസായം | 9 |
| 27 | 24/75/ A (UA) | SAHADEVAN, THEKKECHA YAPPALLIL | പാർപ്പിടാവശ്യം | 55.53 |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (നം. 16/17.02.26, 73/26.02.26) മറുപടി ലഭ്യമാക്കിയില്ല.

പ്രസ്തുത കെട്ടിടങ്ങൾക്ക് യു. എ. നമ്പർ നൽകി അനധികൃത കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ നികുതി നിർണ്ണയിച്ചിട്ടുള്ളതിനാൽ ആയത് കെ-സ്മാർട്ടിൽ ഉൾപ്പെടുത്തി നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങളും അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങൾക്കെതിരെ മുനിസിപ്പാലിറ്റി നിയമം, കെട്ടിട നിർമ്മാണ ചട്ടങ്ങൾ എന്നിവ അനുസരിച്ചുള്ള തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

കെ-സ്മാർട്ടിൽ അനധികൃത കെട്ടിടങ്ങളുടെ ഡിമാന്റ് നോട്ടീസ് ലഭ്യമല്ലാത്തതിനാൽ വസ്തു നികുതി ഈടാക്കുന്നത് സംബന്ധിച്ച് വ്യക്തത ഇല്ല. മേൽ കെട്ടിടങ്ങളുടെ നിലവിലെ അവസ്ഥ സംബന്ധിച്ച് സ്ഥലപരിശോധന നടത്തേണ്ടതും നഗരസഭയ്ക്ക് ലഭിയ്ക്കേണ്ട വരുമാനം നഷ്ടപ്പെടുന്നില്ല എന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 1-21 അ® ഏയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനത്തിന്റെ വസ്തുനികുതി ഈടാക്കിയിട്ടില്ല

നഗരസഭയിൽ പ്രവർത്തിക്കുന്ന ലിസ്യു സ്കൂളിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളെ നികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളുടെ ഗണത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത് (വാർഡ് 21/150A, B)

1994-ലെ മുനിസിപ്പാലിറ്റി നിയമം വകുപ്പ് 235 (ബി) വകുപ്പിന് 2023-ൽ വരുത്തിയ ഭേദഗതിയനുസരിച്ച്, (നിയമ നിർമ്മാണ (എ) വകുപ്പിന്റെ 28.03.2023-ലെ 15(2)/ലെഗ്.എ2/ 2023 നമ്പർ വിജ്ഞാപനം) “കേന്ദ്ര സർക്കാർ വകയോ, എയ്ഡഡോ, കേന്ദ്ര സർക്കാരിന്റെയോ, സംസ്ഥാന സർക്കാരിന്റെയോ ധനസഹായത്തോടെ പ്രവർത്തിക്കുന്നതോ ആയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് അല്ലെങ്കിൽ വിദ്യാഭ്യാസ അനുബന്ധ ആവശ്യങ്ങൾക്ക് മാത്രം

ഉപയോഗിക്കുന്ന കെട്ടിടങ്ങളും പ്രസ്തുത സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ താമസിക്കുന്നതുമായ ഹോസ്റ്റൽ കെട്ടിടങ്ങളും" എന്ന വിഭാഗത്തിൽപ്പെടുന്ന കെട്ടിടങ്ങളെയാണ് വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കാവുന്നത്. ആയതിനാൽ മേൽ സ്കൂളിന്റെ വസ്തു നികുതി ബാധകമായ നിരക്കിൽ നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-22 സർക്കാർ ഓഫീസുകൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല

നഗരസഭ പരിധിയിലുള്ള സർക്കാർ ഓഫീസുകൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി കുടിശ്ശിക അവശേഷിക്കുന്നതായി K-Smart സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | ഡോർ നമ്പർ | കെട്ടിട ഉടമയുടെ പേരും വിലാസവും | വസ്തു നികുതി കുടിശ്ശിക |
|---|---|---|---|
| 1 | 16/2 | അസിസ്റ്റന്റ് എഞ്ചിനിയർ, പൊതുമരാമത്ത് വിഭാഗം | 73846 |
| 2 | 16/ 3 | അസിസ്റ്റന്റ് എഞ്ചിനിയർ, പൊതുമരാമത്ത് വിഭാഗം | 177354 |
| 3 | 16/4 | അസിസ്റ്റന്റ് എഞ്ചിനിയർ, പൊതുമരാമത്ത് വിഭാഗം | 161732 |
| 4 | 21/6 | ഡിവിഷണ്ൽ എഞ്ചിനിയർ ടെലിഗ്രാഫ് | 403707 |
| 5 | 21/19A | അസിസ്റ്റന്റ് എഞ്ചിനിയർ, ഇറിഗേഷൻ | 16290 |
| 6 | 15/59 | അസിസ്റ്റന്റ് എഞ്ചിനിയർ, പൊതുമരാമത്ത് വിഭാഗം(B&R) | 18584 |
| 7 | 15/60 | അസിസ്റ്റന്റ് എഞ്ചിനിയർ, പൊതുമരാമത്ത് വിഭാഗം | 71476 |
| 8 | 15/61 | എക്സൈസ് ഇൻസ്പെക്ടർ, വൈക്കം | 79016 |
| 9 | 15/62 | അസിസ്റ്റന്റ് എഞ്ചിനിയർ, പൊതുമരാമത്ത് വിഭാഗം | 6983 |
| 10 | 3/104 | അസിസ്റ്റന്റ് എഞ്ചിനിയർ PHED | 324737 |
| | ആകെ | | 1333725 |

മേൽ കെട്ടിടങ്ങളുടെ നികുതി കുടിശ്ശികയുടെ കാലയളവ്, ഈടാക്കാൻ സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങൾ എന്നിവ ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷക്കുറിപ്പിന് (33/20.02.2026) നികുതി ഈടാക്കുന്നതിന് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. കുടിശ്ശിക ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-23 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല

1) കെ-സ്മാർട്ടിൽ വസ്തു നികുതി പരിശോധിച്ചതിൽ നഗരസഭയിലെ താഴെ പറയുന്ന (മൊബൈൽ സേവന ദാതാക്കളുടെ ഉടമസ്ഥതയിലുള്ള) മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശികയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ടവറിന്റെ വിശദാംശം | മേൽവിലാസം | വാർഡ് | കെട്ടിട നം. | 2024-25 വർഷം വരെ കുടിശ്ശിക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ESSAR TELECOM INDUSTRIES PVT LTD | MOBILE TOWER, KALOOR, COCHIN | 13 | 107 | 7848 |
| MANAGER | TATA TELE SERVICES | 20 | 161 | 5496 |
| Bharathi Infratel Ltd (9605243810) | | 13 | 209 | 42475 |
| | **ആകെ** | | | **55819** |

കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ എൻക്വയറി നം. 53/23.02.2026 ന് മറുപടി ലഭ്യമാക്കിയില്ല. മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കി രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

2) വൈക്കം മുൻസിപ്പാലിറ്റിയിലെ 1/786 എ നമ്പരായി വസ്തു നികുതി നിർണ്ണയിച്ചിരുന്ന റിലയൻസ് കമ്മ്യൂണിക്കേഷൻ ലിമി. (11.6 എം2 വിസ്തീർണ്ണം, പ്രൈവറ്റ് ബസ് സ്റ്റാന്റിന് സമീപം) മൊബൈൽ ടവർ കെ-സ്മാർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ല. മേൽ ടവർ നിലവിൽ പ്രവർത്തിക്കുന്നത് സംബന്ധിച്ച് പരിശോധന നടത്തിയതിന്റെ വിശദാംശം സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-24 ഒരേ റോഡ് തന്നെ വിവിധ രീതികളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നത്

2011 ലെ കേരള മുൻസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 പട്ടിക 2 പ്രകാരം കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾ (20 % നികുതി വർദ്ധനവ്), 1.5 മീറ്ററോ അതിൽ കുറവോ വഴി സൗകര്യമുള്ള കെട്ടിടങ്ങൾ (10% നികുതി ഇളവ്) പൊതു വഴി സൗകര്യം ഇല്ലാത്ത കെട്ടിടങ്ങൾ (20% നികുതി ഇളവ്) ' എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്. 1.5 മീറ്റർ മുതൽ 5 മീറ്റർ വരെ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് നികുതി വർദ്ധനവോ ഇളവോ ഇല്ല. വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ഒരേ റോഡ് തന്നെ വിവിധ രീതികളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നതായി കാണുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| റോഡിന്റെ പേര് | കെട്ടിട നമ്പർ | ഉടമസ്ഥൻ | പ്രസ്തുത റോഡ് വസ്തു നികുതി നിർണ്ണയ-ത്തിനായി പരിഗണി-ച്ചിരിക്കുന്ന തരം (ഫോം- 6 പ്രകാരം) |
|---|---|---|---|
| വൈക്കം മുത്തേടത്ത് കാവ് റോഡ് | 13/226A (ഗ്രൗണ്ട് ഫ്ലോർ 77.02m2 ഫസ്റ്റ് ഫ്ലോർ 18.74 --Dwelling For Own House,Homestay Upto 300m2) | അരുൺ ബേബി, പാറമ്പേത്ത് കിഴക്കേതിൽ | 5 മീറ്ററിൽ കുറവ് 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| | 13/193A (11.71m2, Commercial Building Upto 100m2) | സിബി ബാബു, കാട്ടിത്തറ | 5 മീറ്ററോ അതിൽ കൂടുതൽ വീതിയുള്ള റോഡ് |

ഇപ്രകാരം ഒരേ റോഡ് തന്നെ വ്യത്യസ്ത രീതികളിൽ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ

അന്വേഷണക്കുറിപ്പിന് (59/25.02.2026) പരിശോധന നടത്തി വിവരം അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. റോഡുകളുടെ കൃത്യത പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതും അപാകതകൾ പരിഹരിച്ച് വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്

**1- 25 വസ്തുനികുതി-റോഡുകൾ അടിസ്ഥാനത്തിലുള്ള തരംതിരിക്കൽ അന്തിമ വിജ്ഞാപനം ലഭ്യമായില്ല, വിവരങ്ങൾ കെ സ്മാർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ല.**

സ. ഉ. (കൈ) നം. 77/2023/തസ്വഭവ / 22.-03-23 ൽ 2023-24 മുതൽ പുതുതായി വസ്തു നികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങൾക്ക് ബാധകമാക്കേണ്ട നികുതി നിരക്കുകളും മേഖലകളും റോഡുകളുടെ തരംതിരിവ് പുതുക്കലും വിജ്ഞാപനം ചെയ്ത് അന്തിമമാക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. വൈക്കം നഗരസഭയുടെ വസ്തു നികുതി പരിഷ്കരണം അന്തിമ വിജ്ഞാപനത്തിൽ (10/11/2023 ലെ 16 തീരുമാന പ്രകാരം അംഗീകരിച്ചത്) കെട്ടിടങ്ങൾക്ക് ബാധകമാക്കേണ്ട നികുതി നിരക്കുകൾ, മേഖലാ അടിസ്ഥാനത്തിലുള്ള തരം തിരിവ് എന്നിവ അന്തിമമാക്കി വിജ്ഞാപനം ചെയ്തിട്ടുണ്ടെങ്കിലും റോഡുകളുടെ തരം തിരിവ് വിജ്ഞാപനം ചെയ്തതായി കാണുന്നില്ല.

നഗരസഭയിൽ വിന്യസിച്ചിട്ടുള്ള കെ സ്മാർട്ടിലെ Property Tax Local Body Settings- Functionality Rate Settings എന്ന Module ൽ നികുതി നിരക്കുകൾ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. റോഡുകളുടെ വിവരങ്ങൾ, മേഖലകളുടെ വിവരങ്ങൾ എന്നിവ നിലവിൽ കെ സ്മാർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ വസ്തു നികുതി നിർണ്ണയത്തിൽ നൽകിയിട്ടുള്ള നികുതി ഇളവിന്റെ / വർദ്ധനവിന്റെ കൃത്യത നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല നഗരസഭയിലെ സേവനങ്ങൾ പൂർണ്ണമായും കെ സ്മാർട്ടിലേക്ക് മാറിയതിനാൽ നിലവിൽ വഴിസൗകര്യം, മേഖലാ അടിസ്ഥാനത്തിലുള്ള ഇളവ് / വർദ്ധനവ് എപ്രകാരമാണ് നഗരസഭ കണക്കാക്കുന്നത് എന്ന് രേഖാമൂലം വിശദീകരിക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന് (19/18.02.2026) നിലവിൽ റവന്യു ഇൻസ്പെക്ടർ സൈറ്റ് പരിശോധിച്ച് റോഡിന്റെയും മേഖലകളുടെയും തരം സൈറ്റിൽ എൻട്രി വരുത്തുകയാണ് ചെയ്യുന്നതെന്നും റോഡുകളുടെ തരംതിരിക്കൽ സംബന്ധിച്ച് കെ സ്മാർട്ടിൽ എൻട്രി വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 8 ഉപചട്ടങ്ങൾ 1, 2 ലെ നിർദ്ദേശങ്ങൾ പാലിച്ച് വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിവ് വിജ്ഞാപനം ചെയ്ത് പ്രസ്തുത വിവരം പൊതുജനങ്ങളുടെ അറിവിലേയ്ക്കായി സെക്രട്ടറി നഗരസഭ ഓഫീസിന്റെ നോട്ടീസ് ബോർഡിൽ പരസ്യപ്പെടുത്തേണ്ടതാണ്. റോഡിന്റെ തരംതിരിവ് വിജ്ഞാപനം ചെയ്യേണ്ടതും ആയത് പ്രകാരം വസ്തു നികുതി നിർണ്ണയം നടത്തേണ്ടതുമാണ്. കൂടാതെ ഐ കെ എം മായി ബന്ധപ്പെട്ട് സോഫ്റ്റ്‌വെയറിൽ ആവശ്യമായ ക്രമീകരണം നടത്തേണ്ടതുമാണ്.

**1-26 വസ്തുനികുതി പരിഷ്കരണം- ഡേറ്റാ പ്യൂരിഫിക്കേഷൻ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല**

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 22/03/2023 ലെ സ. ഉ. (കൈ) നം. 77/2023/ LSGD നമ്പർ വസ്തു നികുതി പരിഷ്കരണ ഉത്തരവ് പ്രകാരം 2022-23 വർഷം വരെ വസ്തു നികുതി നിർണ്ണയം നടത്തിയിട്ടുള്ള കെട്ടിടങ്ങൾക്ക് തുടർ വർഷങ്ങളിൽ 5% വീതം നികുതി വർദ്ധനവും 01/04/2023 മുതൽ നികുതി നിർണ്ണയം നടത്തുന്ന കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്കുമാണ് പ്രാബല്യത്തിൽ വരുത്തേണ്ടത്.

01/04/2023 മുതൽ പുതുക്കിയ നിരക്കിൽ വസ്തു നികുതി നിർണയം നടത്തേണ്ട കെട്ടിടങ്ങൾക്ക് സഞ്ചയയിൽ പുതിയ നിരക്ക് പ്രാബല്യത്തിൽ വരാഞ്ഞതിനാൽ കെട്ടിട ഉടമയിൽ നിന്നും സത്യവാങ്മൂലം വാങ്ങി നിലവിലുള്ള നികുതി വാങ്ങാനും നികുതി പരിഷ്കരണത്തിനു ശേഷം ബാക്കി തുക വാങ്ങാനും

തീരുമാനിച്ചിട്ടുണ്ട്. പുതിയ നിരക്കുകൾ 09/2023 ന് ശേഷമാണ് സഞ്ചയയിൽ രേഖപ്പെടുത്തി നികുതി ഈടാക്കിയിട്ടുള്ളത്. 01/04/2023 മുതൽ 09/2023 വരെ നികുതി നിർണയം നടത്തിയ കെട്ടിടങ്ങളുടെ വസ്തു നികുതി പുതിയ നിരക്കിൽ നികുതിയുടെ പ്രാബല്യത്തീയതി മുതൽ ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയട്ടില്ല.

സ. ഉ. (സാധാ) നം. 1228/2024/ തസ്വഭവ/ തീയതി 06.07.2024 പ്രകാരം സഞ്ചയയിൽ ലഭ്യമായ കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ഡേറ്റാ പ്യൂരിഫിക്കേഷൻ നടത്തി കെ-സ്മാർട്ടിലേക്ക് പോർട്ട് ചെയ്യുന്നതിനുള്ള  ത്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഡേറ്റാ പ്യൂരിഫിക്കേഷനായി നിയമിക്കപ്പെടുന്ന താല്ക്കാലിക ജീവനക്കാരുടെ സഹായത്തോടെ മുഴുവൻ കെട്ടിടങ്ങളുടെയും ഡേറ്റാ പ്യൂരിഫിക്കേഷൻ നഗരസഭകൾ 2024 സെപ്റ്റംബർ 30 നകം പൂർത്തീകരിച്ച് ഡിമാൻഡ് രജിസ്റ്റർ കുറ്റമറ്റതാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

വൈക്കം നഗരസഭയിൽ വസ്തു നികുതി ഡാറ്റാ പ്യൂരിഫിക്കേഷനുമായി ബന്ധപ്പെട്ട് ചുവടെ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ ലഭ്യമാക്കിയില്ല

1. നഗരസഭയിൽ കെ-സ്മാർട്ട് മുഖേനയുള്ള വസ്തു നികുതി ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കി ഡിമാന്റ് രജിസ്റ്റർ കുറ്റമറ്റതാക്കിയതിന്റെ വിവരങ്ങളും പ്യൂരിഫിക്കേഷനു ശേഷം ഡിമാന്റിൽ വന്ന മാറ്റം പ്രതിഫലിക്കുന്ന കണക്കുകളും (പ്യൂരിഫിക്കേഷനു മുൻപുള്ളതും അതിനുശേഷമുള്ള DCB യും)

2. നഗരസഭയിലെ മുഴുവൻ കെട്ടിടങ്ങളുടെയും വിവരങ്ങൾ കെ-സ്മാർട്ട് ഡാറ്റാ ബേസിലേക്ക് മാറ്റിയിട്ടുണ്ടോ. ആകെ കെട്ടിടങ്ങളുടെ എണ്ണം, അവയിൽ കെ-സ്മാർട്ടിലേക്ക് മാറ്റിയതിന്റെയും മാറ്റാൻ അവശേഷിക്കുന്നവയുടെയും എണ്ണം, കെട്ടിടങ്ങൾ പൂർണ്ണമായി കെ-സ്മാർട്ടിലേക്ക് മാറ്റാൻ സാധിക്കാത്തതിന്റെ കാരണം

3. കെ- സ്മാർട്ടിലേക്ക് പോർട്ട് ചെയ്യാതെ സഞ്ചയ എൽ. ഡി. എം. എസ്. സൈറ്റിൽ അവശേഷിക്കുന്ന കെട്ടിടങ്ങളുടെ വിവരങ്ങൾ, പോർട്ട് ചെയ്യാൻ സാധിക്കാത്തതിന്റെ കാരണവും അത് പരിഹരിക്കാൻ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ

4. ഡാറ്റാ പ്യൂരിഫിക്കേഷന്റെ ഭാഗമായി ഒഴിവാക്കിയ കെട്ടിടങ്ങളെ സംബന്ധിച്ച രജിസ്റ്റർ

മേൽ വിശദാംശങ്ങൾ ലഭ്യമാക്കാഞ്ഞതിനാൽ കെ-സ്മാർട്ട് സംവിധാനത്തിലേയ്ക്ക് പോർട്ട് ചെയ്ത കെട്ടിട വിവരങ്ങൾ പൂർണ്ണമാണോ എന്ന് പരിശോധിക്കാൻ സാധിച്ചില്ല.

ഡേറ്റാ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കി നഗരസഭയ്ക്ക് സംഭവിക്കുന്ന നികുതി വരുമാന ചോർച്ച ഒഴിവാക്കേണ്ടതുമാണ്. കൂടാതെ നിലവിൽ ബേസ് ഡാറ്റാ സഞ്ചയയിൽ നിന്നും ലഭ്യമല്ലാത്തതിനാൽ കെ-സ്മാർട്ടിലേയ്ക്ക് പോർട്ട് ചെയ്യുന്നതിനു മുമ്പ് LDMS ലേയ്ക്ക് മാറ്റപ്പെട്ടിരുന്ന കെട്ടിടങ്ങളുടെ കൃത്യമായ വിവരങ്ങൾ പൂർത്തീകരിച്ച് കെ-സ്മാർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ഉറപ്പ് വരുത്തേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 15/17.02.2026)

## 1-27 വസ്തുനികുതി കുടിശ്ശിക- 1.24 കോടി രൂപ ഈടാക്കാൻ അവശേഷികകുന്ന

1. വൈക്കം നഗരസഭയുടെ 2024-25 വാർഷിക ധനകാര്യ പത്രിക ബി 14 ഷെഡ്യൂൾ പ്രകാരമുള്ള   ടിശ്ശിക വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| 4311001 – Receivables For Property Tax (Current) | 3822800 |
| 4311002 – Receivables For Property Tax (Arrear) | 8640228 |
| ആകെ | 12463028 |

2. കുടിശ്ശിക കണക്കുകൾ കെ സ്മാർട്ടിലെ പ്രൊവിഷണൽ DCB യുമായി പൊരുത്തപ്പെടുന്നില്ല

2024-25 വസ്തു നികുതിയുടെ കെ-സ്മാർട്ടിൽ നിന്നും ലഭിക്കുന്ന പ്രൊവിഷണൽ ഡി സി ബി സ്റ്റേറ്റ്മെന്റ് പ്രകാരം ബാലൻസ് തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു (16.02.2026 ൽ ജനറേറ്റ് ചെയ്തത്)

| ഇനം | തുക |
|---|---|
| Current Balance | 34785595 |
| Arrear Balance | 5325895.91 |
| ആകെ | 40111490.91 |

വസ്തു നികുതി കുടിശ്ശികയുടെ ഇനം തിരിച്ച വിവരങ്ങൾ, ഈടാക്കാൻ സ്വീകരിച്ച നടപടികൾ കുടിശ്ശികയിലെ പൊരുത്തക്കേട് എന്നിവ വിശദീകരിക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന് (20/18.02.2026) മറുപടി ലഭ്യമാക്കിയില്ല അപാകതകൾ പരിഹരിച്ച് കുടിശ്ശിക പൂർണ്ണമായും ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-28 ക്രമവൽക്കരണം നടത്തിയ 501 ച.മീ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയിച്ചില്ല

തമിഴ്നാട് സർക്കാരിന്റെ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ വകുപ്പിന് വേണ്ടി പെർമിറ്റ് എടുക്കാതെ നിർമ്മിച്ച വ്യത്യസ്ത ഉപയോഗ ക്രമങ്ങളുള്ള കെട്ടിടം 05.11.2024 ൽ ഫീസ് ഈടാക്കി ക്രമവൽക്കരിച്ച് നൽകിയിട്ടുള്ളതായി കാണുന്നു. കെട്ടിടത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ലൈബ്രറി | 156.59 ച. മീ. |
| മ്യൂസിയം | 195 ച. മീ. |
| സ്പെഷ്യൽ റസിഡൻസ് | 119.94 ച. മീ. |
| ടോയ് ലറ്റ് ബ്ലോക്ക് | 30.38 ച. മീ. |
| ആകെ | 501.91 ച.മീ. |

എന്നാൽ ക്രമവൽക്കരിച്ച് നൽകിയ ശേഷം പ്രസ്തുത കെട്ടിടത്തിന് നാളിതുവരെ കെട്ടിട നമ്പർ നൽകി വസ്തു നികുതി ഡിമാന്റ് ചെയ്തതായോ ഈടാക്കിയതായോ കാണുന്നില്ല. 05.11.2024 ൽ ക്രമവൽക്കരിച്ച കെട്ടിടത്തിന് നാളിതുവരെ കെട്ടിട നമ്പർ നൽകി വസ്തു നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 64/25.02.26) കെട്ടിട നമ്പർ നൽകുന്നതിനായി കക്ഷി അപേക്ഷ സമർപ്പിച്ചിട്ടില്ലെന്നും ഇത് സംബന്ധിച്ച് കക്ഷിയ്ക്ക് അറിയിപ്പ് നൽകുന്നതാണെന്നും മറുപടി ലഭ്യമാക്കി. അടിയന്തിരമായി കക്ഷിയുമായി ബന്ധപ്പെട്ട് കെട്ടിട നമ്പർ നൽകുന്നതിനും ക്രമവൽക്കരിച്ച് നൽകിയ കാലയളവ് മുതൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. നടപടികൾ പൂർത്തിയാക്കി വിവരം ഓഡിറ്റിൽ അറയിക്കേണ്ടതുമാണ്.

## 1- 29 കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിന്റെ റിപ്പോർ ട്ട് ലഭ്യമല്ല

കെ-സ്മാർട്ട് ആപ്ലിക്കേഷനിൽ ചുവടെ ചേർത്തിരിക്കുന്ന കെട്ടിടങ്ങൾ നികുതി ഒഴിവാക്കിയ കെട്ടിടങ്ങളുടെ

ഗണത്തിൽ ഉൾപ്പെട്ടിരിയ്ക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | ഉടമയുടെ പേര് |
|---|---|---|
| 1 | 24/150 എ | മാനേജർ ലിസ്യൂ ഇംഗ്ലീഷ് മീഡിയം സ്കൂൾ, വൈക്കം |
| 2 | 24/150 ബി | |
| 3 | 21/731 എ, ബി | മാനേജർ, വെൽഫയർ |
| 4 | 21/732 ബി | ഫാദർ തോമസ് പാറേക്കാട്ടിൽ, ഡയറക്ടർ വെൽഫയർ സെന്റർ വൈക്കം |
| 5 | 21/733 ബി | ഫാദർ തോമസ് പാറേക്കാട്ടിൽ, ഡയറക്ടർ വെൽഫയർ സെന്റർ വൈക്കം |
| 6 | 21/734 സി | ഫാദർ തോമസ് പാറേക്കാട്ടിൽ, ഡയറക്ടർ വെൽഫയർ സെന്റർ വൈക്കം |
| 7 | 21/734 ഡി | ഫാദർ തോമസ് പാറേക്കാട്ടിൽ, ഡയറക്ടർ വെൽഫയർ സെന്റർ വൈക്കം |
| 8 | 21/734 ഇ | ഫാദർ തോമസ് പാറേക്കാട്ടിൽ, ഡയറക്ടർ വെൽഫയർ സെന്റർ വൈക്കം |
| 9 | 21/734 എഫ് | ഫാദർ തോമസ് പാറേക്കാട്ടിൽ, ഡയറക്ടർ വെൽഫയർ സെന്റർ വൈക്കം |
| 10 | 21/734 ജി | ഫാദർ തോമസ് പാറേക്കാട്ടിൽ, ഡയറക്ടർ വെൽഫയർ സെന്റർ വൈക്കം |
| 11 | 21/734 എച്ച് | ഫാദർ തോമസ് പാറേക്കാട്ടിൽ, ഡയറക്ടർ വെൽഫയർ സെന്റർ വൈക്കം |
| 12 | 21/734 എൻ | ഫാദർ തോമസ് പാറേക്കാട്ടിൽ, ഡയറക്ടർ വെൽഫയർ സെന്റർ വൈക്കം |

പ്രസ്തുത കെട്ടിടങ്ങളുടെ ഫോം-6 നഗരസഭയിൽ നിന്നും അനുവദിച്ചുതന്ന ഓഡിറ്റർ ലോഗിനിൽ ലഭ്യമല്ല. ഓഡിറ്റ് എൻക്വയറി നം. 76/27.02.26 ന് കെട്ടിടം സംബന്ധിച്ച് പരിശോധന നടത്തി വിവരം അറിയിക്കുന്നതാണെന്ന് അറിയിച്ചു. ടി കെട്ടിടങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കിയ സാഹചര്യം പരിശോധനാ റിപ്പോർട്ട് സഹിതം ലഭ്യമാക്കേണ്ടതാണ്.

## 1-30 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2024-25 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി വരവുമായി ബന്ധപ്പെട്ട് കെ-സ്മാർട്ട് സോഫ്റ്റ്‌വെയറിൽ നടത്തിയ പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) ഓൺലൈൻ ആയാണ് പരിശോധന നടത്തിയത്. മുൻസിപ്പാലിറ്റി ഹാജരാക്കിയ തൊഴിൽ നികുതി അടവാക്കിയവരുടെ ലിസ്റ്റ്, നികുതി അടവാക്കിയ സ്ഥാപനം, ഹാജരാക്കിയ അർദ്ധ വാർഷിക റിട്ടേൺ എന്നിവ പരിശോധിച്ചതിൽ തൊഴിൽ നികുതിയ്ക്കായി സോഫ്റ്റ് വെയറിൽ മൊഡ്യൂൾ ലഭ്യമല്ലാത്തതിനാൽ നഗരസഭയുടെ കീഴിൽ 1994 ലെ കേരള മുൻസിപ്പാലിറ്റി ആക്ട്, 2005 ലെ കേരള മുൻസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടം എന്നിവയുടെ പരിധിയിൽ വരുന്ന ാപനങ്ങളുടെയും വ്യക്തികളുടെയും വിവരങ്ങളും വരുമാന വിശദാംശങ്ങളും ചട്ടങ്ങളിൽ അനുശാസിക്കുന്ന കാരം അതത് അർദ്ധ വർഷത്തിന്റെ തുടക്കത്തിൽ തന്നെ ശേഖരിച്ച് കൃത്യമായി നികുതി അസസ് ചെയ്യുന്നതിലും അർദ്ധ വർഷം അവസാനിക്കുന്നതിന് മുമ്പ് പൂർണ്ണമായി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിലും വീഴ്ച ഉണ്ടാകുന്നതായി കാണുന്നു.

2)

| | 2023-24 | 2024-25 |
|---|---|---|
| Profession Tax – Employees | 5,758,150 | 6086533 |
| Receivables For Profession Tax - Institutions / Traders (തൻവർഷം) | 1,242,520 | 1464444 |

വാർഷിക ധനകാര്യ പത്രിക പ്രകാരം മേൽ ചേർക്കും പ്രകാരം നികുതി വരവിൽ മുൻ വർഷത്തേക്കാൾ വർദ്ധനവുണ്ട്. നികുതി അടവാക്കിയ സ്ഥാപന / ജീവനക്കാരുടെ ലിസ്റ്റ്, സ്ഥാപന റിട്ടേൺ എന്നിവ ഭാഗീകമായി മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്. കൂടാതെ സ്ഥാപനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം കൃത്യമാണൊ എന്ന് പരിശോധിച്ചിട്ടില്ല. റിട്ടേൺ സമർപ്പിയ്ക്കാതെ ഓൺലൈൻ ആയും തൊഴിൽ നികുതി അടയ്ക്കുന്ന സന്ദർഭം ഉള്ളതിനാൽ അർദ്ധ വാർഷിക തുകയ്ക്ക് ആനുപാതികമായ നികുതിയാണ് ലഭിച്ചിട്ടുള്ളതെന്ന് പരിശോധിയ്ക്കാൻ സാധിച്ചില്ല. തന്മൂലം ഈ ഇനത്തിൽ മുൻസിപ്പാലിറ്റിയ്ക്ക് വരുമാന ചോർച്ച ഉണ്ടായിട്ടുണ്ടോ എന്ന് രേഖകളുടെ അഭാവത്തിൽ പരിശോധിയ്ക്കാൻ സാധിച്ചില്ല.

ബി) ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ നികുതി അടവാക്കിയിട്ടില്ല എന്ന് കാണുന്നു.

| ക്രമ നമ്പർ | സ്ഥാപനം | അടക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | പോസ്റ്റ് ഓഫീസ്, ചാലപ്പറമ്പ് | 1,2 |
| 2 | വാർഡൻ, പ്രീ മെട്രിക് ഹോസ്റ്റൽ, വൈക്കം | 1,2 |
| 3 | വൈക്കം ടൌൺ കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമി., ആറാട്ടുകുളങ്ങര | 1,2 |
| 4 | സെന്റ് ലിറ്റിൽ തെരേസാസ് എച്ച്.എസ്.എസ്., വൈക്കം | 1,2 |
| 5 | എസ്.എം.എസ്.എൻ.എച്ച്.എസ്, വൈക്കം | 1,2 |
| 6 | താലൂക്ക് ഇൻഡസ്ട്രിയൽ ഓഫീസ്, വൈക്കം | 1,2 |
| 7 | സത്യാഗ്രഹ സ്മാരക ഗാന്ധി മ്യൂസിയം | 1,2 |
| 8 | കേരള ലാന്റ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ ലി., വൈക്കം | 1,2 |
| 9 | ആർഎഐ സെന്റർ, വൈക്കം | 1,2 |
| 10 | ആലപ്പി സർവോദയ സംഘം, ഖാദി വസ്ത്രോത്സവം, വൈക്കം | 1,2 |
| 11 | ഡി. വൈ. എസ്. പി. ഓഫീസ്, വൈക്കം | 1,2 |
| 12 | ഇൻഫർമേഷൻ കേരള മിഷൻ | 1,2 |
| 13 | കുടുബശ്രീ, NULM | 1,2 |
| 14 | വൈക്കം താലൂക്ക് ഫാമിംഗ് ആന്റ് മാർക്കറ്റിംഗ് കോ ഓപ്പറേറ്റീവ് സംഘം | 1,2 |
| 15 | വിജിലൻസ് ഓഫീസ്, റ്റി. ഡി. ബി. വൈക്കം | 1,2 |
| 16 | സബ് രജിസ്ട്രാർ ഓഫീസ്, വൈക്കം | 1,2 |
| 17 | കോട്ടയം ജില്ലാ ജനറൽ മാർക്കറ്റിംഗ് സൊസൈറ്റി | 1,2 |
| 18 | ഹാൻവീവ് | 1,2 |
| 19 | കോ-ഓപ്പറേറ്റീവ് സൊസൈറ്റി നം. 349 | 1,2 |
| 20 | ചെത്ത് തൊഴിലാളി യൂണിയൻ ഓഫീസ് | 1,2 |
| 21 | വ്യവസായ ഏകോപന സമിതി ഓഫീസ് | 1,2 |
| 22 | കെ. സി. എബ്രഹാം കൊച്ചേട്ട് റബർ ഫാക്ടറി | 1,2 |

| | | |
|---|---|---|
| 23 | പഴേമഠം | 1,2 |
| 24 | സർവീസ് പെൻഷനേഴ്സ് യൂണിയൻ ഓഫീസ് | 1,2 |
| 25 | ഡിവിഷണൽ എഞ്ചിനീയർ, ടെലഗ്രാഫ്, വൈക്കം | 1,2 |
| 26 | വിംഗ്സ്പാം എൻററർപ്രൈസെസ് ഇന്ത്യ ലിമിറ്റഡ്, വൈക്കം | 1,2 |
| 27 | പോളശ്ശേരി ദേവസ്വം | 1,2 |
| 28 | ഹരിജൻ സർവീസ് സൊസൈറ്റി | 1,2 |
| 29 | അക്ഷയ കേന്ദ്രങ്ങൾ / ജനസേവന കേന്ദ്രങ്ങൾ | 1,2 |
| 30 | വിവിധ ക്ഷീരോത്പാദക സഹകരണ സംഘങ്ങൾ (വൈക്കം ടൗൺവല്ലകം, ഉദയനാപുരം, മടിയത്ര) | 1,2 |

**4)** രജിസ്റ്റർ പ്രകാരം മുനിസിപ്പാലിറ്റിയിൽ വിവിധ പ്രവൃത്തികളിൽ ഏർപ്പെടുന്ന ചുവടെ ചേർക്കുന്ന കരാർ ജീവനക്കാരിൽ നിന്നും 24-25 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം |
|---|---|
| 1 | എൻ. തങ്കപ്പൻ |
| 2 | റ്റി. ജി. ഗിരീശൻ |
| 3 | വിൻസൺ റ്റി. ആന്റണി |
| 4 | മനോജ് പി. വി. |
| 5 | വി. കെ. ഷാജി |
| 6 | റ്റി. എസ്. അശോകൻ |
| 7 | രാജീവ് വി. പി. |
| 8 | ഉണ്ണികൃഷ്ണൻ കെ. |

5) തൊഴിൽ നികുതി ഡിമാന്റ് ഡാറ്റാ ബേസ് ആധികാരികമായി സൂക്ഷിക്കാത്തത് മൂലം ചില സ്ഥാപനങ്ങൾ പൂർണ്ണമായി തന്നെ ഡിമാന്റിൽ നിന്നും വിട്ടുപോകുന്നുണ്ടോയെന്നും നികുതി ഒടുക്കിയിട്ടും കുടിശ്ശികയായി പ്രതിഫലിക്കുന്ന സാഹചര്യമുണ്ടോയെന്നും വ്യക്തമല്ല. കൃത്യമായ വിവരങ്ങൾ ശേഖരിച്ച് ഡാറ്റബേസ് സമഗ്രമാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 39/21.02.2026 ന് ലഭ്യമാക്കിയ മറുപടിയിൽ ഖണ്ഡികയിലെ പരാമർശങ്ങൾക്ക് തുടർനടപടി സ്വീകരിയ്ക്കുന്നതാണെന്ന് അറിയിച്ചു.

ഖണ്ഡികയിലെ പരാമർശത്തിന്മേൽ തുടർ നടപടി സ്വീകരിയ്ക്കേണ്ടതും തൊഴിൽ നികുതിയിനത്തിൽ നഗരസഭയ്ക്ക് നികുതിച്ചോർച്ച ഉണ്ടാകാതിരിയ്ക്കുവാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതും നികുതി ഈടാക്കി മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 1- 31 പരിഷ്കരിച്ച നിരക്കിലുള്ള തൊഴിൽ നികുതി ഈടാക്കിയില്ല

1994 ലെ കേരള മുൻസിപ്പാലിറ്റി ആക്ട്, 2005 ലെ കേരള മുൻസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടം എന്നിവയിലെ തൊഴിൽ നികുതി സ്ലാബുകൾ സ. ഉ. (സാധാ) നം. 1149/2024/LSGD തീയതി. 27-06-2024 ഉത്തരവ് പ്രകാരം രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി (01.10.2024 മുതൽ)

പരിഷ്കരിച്ചിരുന്നു. വൈക്കം നഗരസഭയിലെ തൊഴിൽ നികുതി രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ രണ്ടാം അർദ്ധ വർഷം തൊഴിൽ നികുതി ഒടുക്കിയ സ്ഥാപനങ്ങളുടെ അർദ്ധ വാർഷിക റിട്ടേണുകൾ പൂർണ്ണമായും പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഹാജരാക്കിയ റിട്ടേണുകളിൽ ചേർത്തിരിയ്ക്കുന്ന സ്ഥാപനങ്ങളിൽ നിന്നും പരിഷ്കരിച്ച നിരക്കിൽ തുക ഈടാക്കിയിട്ടില്ല.

| ക്രമ നം. | ജീവനക്കാരന്റെ പേര് | അർദ്ധ വാർഷിക വരുമാനം | ഈടാക്കിയ നികുതി | സർക്കാർ ഉത്തരവ് പ്രകാരം ഈടാക്കേണ്ട നികുതി | നികുതിയിൽ ഈടാക്കിയതിൽ കുറവ് വന്ന തുക |
|---|---|---|---|---|---|
| 1 | ഹോട്ടൽ അക്വാറീസ് ആന്റ് ഫാമിലി റസ്റ്റോറന്റ് (രസീത് നം. 24009252/12.02.25) | | | | |
| | ഗിൽസൺ ജോർജ്ജ് | 74916 | 600 | 750 | 150 |
| | ബിജു തോമസ് | 72636 | 600 | 750 | 150 |
| | ബെന്നി എം.കെ. | 72636 | 600 | 750 | 150 |
| | പ്രോൺസൺ ആന്റണി | 72636 | 600 | 750 | 150 |
| | ജോസ് സ്കറിയ | 72636 | 600 | 750 | 150 |
| | അജിമോൻ പി. എസ്. | 72636 | 600 | 750 | 150 |
| | സായം സന്തോഷ് | 72636 | 600 | 750 | 150 |
| | | | ആകെ | | 1050 |
| 2 | വിവേകാനന്ദ വിദ്യാമന്ദിർ, ചാലപ്പറമ്പ് (രസീത് നം. 24012331/18.03.2025) | | | | |
| | സ്മിത കെ. നായർ | 66000 | 600 | 750 | 150 |
| | ഷൈലജ എം. പി. | 66000 | 600 | 750 | 150 |
| | അനുമോൾ എം. പി. | 63000 | 600 | 750 | 150 |
| | ഗിരീഷ് സി. ജി. | 60000 | 600 | 750 | 150 |
| | പ്രഭാകരൻ കെ. | 63000 | 600 | 750 | 150 |
| | വിജയലക്ഷ്മി എം. എസ്. | 66000 | 600 | 750 | 150 |
| | സതീദേവി പി. പി. | 60000 | 600 | 750 | 150 |
| | ഷീബ റ്റി. എസ്. | 60000 | 600 | 750 | 150 |
| | ബിൻസ എസ്. | 72000 | 600 | 750 | 150 |
| | ധന്യ എസ്. നായർ | 48000 | 450 | 750 | 300 |
| | ഉഷ വിജയൻ | 50100 | 450 | 750 | 300 |
| | സുധ കെ. ആർ. | 36000 | 300 | 600 | 300 |
| | സജി മോൾ എസ്. | 36000 | 300 | 600 | 300 |
| | ഗീതമ്മ പി. ബി. | 45600 | 450 | 750 | 300 |
| | രമേശൻ | 54000 | 450 | 750 | 300 |

| | | | | | |
|---|---|---|---|---|---|
| | സതി മനോഹരൻ | 51600 | 450 | 750 | 300 |
| | തങ്കപ്പൻ പിള്ള | 60000 | 600 | 750 | 150 |
| | സിനിമോൾ | 54000 | 450 | 750 | 300 |
| | സൌമ്യ | 54000 | 450 | 750 | 300 |
| | നീതു ജി. | 60000 | 600 | 750 | 150 |
| | രേഖ ആർ | 54000 | 450 | 750 | 300 |
| | ചിഞ്ചു റ്റി. പി. | 48000 | 450 | 750 | 300 |
| | ആഷാ വി. നായർ | 48000 | 450 | 750 | 300 |
| | ശ്രീജ എം. | 54000 | 450 | 750 | 300 |
| | ധന്യമോൾ | 48000 | 450 | 750 | 300 |
| | | ആകെ | | | 5850 |
| 3 | കുടല്ലി സിൽക്ക്സ് ആന്റ് സാരീസ് | | | | |
| | മനു | 44400 | 300 | 600 | 300 |
| | ശാന്ത | 43500 | 300 | 600 | 300 |
| | സനിത രാജ്കുമാർ | 43500 | 300 | 600 | 300 |
| | സുജ സന്തോഷ് | 43500 | 300 | 600 | 300 |
| | കുഞ്ഞുമോൾ | 43500 | 300 | 600 | 300 |
| | | ആകെ | | | 1500 |
| 4 | ജോസ് ടൂർസ് ആന്റ് ട്രാവൽസ് | 60000 | 600 | 750 | 150 |
| | | ആകെ | | | 150 |
| 5 | വാർവിൻ സ്കൂൾ, വൈക്കം (രസീത് നം. 024012328/18.03.2025) | | | | |
| | മേരി റ്റി.സി | 72600 | 600 | 750 | 150 |
| | രമ്യ മോഹൻ | 72600 | 600 | 750 | 150 |
| | ഷീബ ഫിലിപ്പ് | 72600 | 600 | 750 | 150 |
| | ലാലി | 72000 | 600 | 750 | 150 |
| | ജിറ്റി ആന്റണി | 67710 | 600 | 750 | 150 |
| | ഷൈനി കുര്യാക്കോസ് | 67710 | 600 | 750 | 150 |
| | ശ്രീഷ്മ | 63348 | 600 | 750 | 150 |
| | അനു ബാബു | 60000 | 600 | 750 | 150 |
| | ശോഭന റ്റി. പി. | 57552 | 450 | 750 | 300 |
| | മീര കെ.ജി. | 57552 | 450 | 750 | 300 |
| | ജിജി അരുൺ | 57420 | 450 | 750 | 300 |
| | മഞ്ജു കെ. പി. | 54594 | 450 | 750 | 300 |

| | | | | | |
|---|---|---|---|---|---|
| | കൊച്ചുറാണി | 54000 | 450 | 750 | 300 |
| | ശ്രീജ | 52360 | 450 | 750 | 300 |
| | മിനി എൻ. പി. | 51960 | 450 | 750 | 300 |
| | കവിത | 51000 | 450 | 750 | 300 |
| | നീതു റ്റി. പി. | 51000 | 450 | 750 | 300 |
| | അനിത മോൾ പി. എ. | 51000 | 450 | 750 | 300 |
| | ശരണ്യ ശശി | 51000 | 450 | 750 | 300 |
| | രശ്മി പി.ആർ | 51000 | 450 | 750 | 300 |
| | സീന | 51000 | 450 | 750 | 300 |
| | ശുഭ കെ. ആർ. | 51000 | 450 | 750 | 300 |
| | | ആകെ | | | 5400 |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 40/21.02.2026 ന് ലഭ്യമാക്കിയ മറുപടിയിൽ സെക്ഷൻ കൈകാര്യം ചെയ്യുന്നതിലെ പരിചയക്കുറവ് മൂലമാണ് മേൽ അപാകത ഉണ്ടായതെന്ന് മറുപടി ലഭ്യമാക്കി.

മേൽ ചേർക്കുന്ന ജീവനക്കാരിൽ നിന്നും സർക്കാർ ഉത്തരവ് പ്രകാരം അർദ്ധ വാർഷിക ശമ്പളത്തിന് ആനുപാതികമായി തൊഴിൽ നികുതി ഈടാക്കി അറിയിക്കാത്ത പക്ഷം സെക്രട്ടറിയുടെ ബാധ്യതയായി ഉൾപ്പെടുത്തുന്നതാണ്.

## 1-32 ലൈസ® സ് ഫീസ് ഈടാക്കാതെ ലൈസ® സ് ന® കി

കെ സ്മാർട്ടിൽ നിന്നും ലഭിച്ച IFTE & OS ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന ലൈസൻസികൾക്ക് ഫീസ് ഈടാക്കാതെ ലൈസൻസ് അനുവദിച്ച് നൽകിയതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ. നം. | വാർഡ് നം. | ലൈസൻസിയുടെ പേര് | വ്യാപാരം/ വ്യവസായം | നൽകിയ ലൈസൻസിന്റെ കാലയളവ് | ലൈസൻസ് ഫീസ് | അപ്രൂവ് ചെയ്ത തീയതി |
|---|---|---|---|---|---|---|
| 1 | 20/496 | രാജ്കുമാർ, തെക്കേമണിയത്ത്, വൈക്കം | ഫ്ലവർ മിൽസ് | 31.03.2024-30.03.2025 | 500 | 29.06.24 |
| 2 | 16/237 | അനിൽകുമാർ, കുന്നത്തുചിറ | ഹോട്ടൽ | 31.03.2024-30.03.2025 | 1000 | 29.04.24 |
| 3 | 22/128 | ആന്റണി സേവ്യർ, കൊല്ലംപറമ്പിൽ, എരമല്ലൂർ | ഓട്ടോമൊബൈൽ സ്പെയർ പാർട്സ് | 13.11.2024-12.11.2025 | 500 | 13.11.24 |
| 4 | 17/269 | റ്റി.സി.വിജയമ്മ, വെളിയമ്പള്ളിൽ, | തയ്യൽ | 28.03.25-27.03.26 | 500 | 10.03.25 |

| | | | | | | |
|---|---|---|---|---|---|---|
| | | വൈക്കം | | | | |
| | | | ആകെ | | 2500 | |

ഫീസ് അടവാക്കിയ രേഖകൾ ഹാജരാക്കണമെന്നാവശ്യപ്പെട്ട് നൽകിയ എൻക്വയറി നം. 67/25.02.2026 ന് ലഭ്യമാക്കിയ മറുപടിയിൽ 2024-25 സാമ്പത്തിക വർഷം ലൈസൻസ് അപ്രൂവലിന് ശേഷം മാത്രമെ ഫീസ് അടയ്ക്കുന്നതിന് ഓപ്ഷൻ ഉണ്ടായിരുന്നുള്ളുവെന്നും ലൈസൻസികളിൽ നിന്നും ഫീസ് ഈടാക്കി അറിയിയ്ക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. ലൈസൻസ് ഇനത്തിൽ നഗരസഭയ്ക്കുണ്ടായ നഷ്ടം 2500/- രൂപ നഗരസഭാ ഫണ്ടിൽ അടവാക്കിയതിന്റെ വിശദാംശം അറിയിയ്ക്കേണ്ടതാണ്.

## 1-33 IFTE & OS - ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിയ്ക്കുന്നു

2011-ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം നഗരസഭയിലെ IFTE & OS ലൈസൻസ് കെ-സ്മാർട്ട് സോഫ്റ്റ് വെയറിൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപന ഉടമകൾ 2024-25 വർഷം ലൈസൻസ് എടുത്തിട്ടില്ലായെന്ന് സ്ഥിരീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം. | ലൈസൻസിയുടെ പേര് | വ്യാപാരം/ വ്യവസായം |
|---|---|---|---|
| 1 | 18/253 | ഡിവിഷണൽ എഞ്ചിനീയർ, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ | കർഷക അനുബന്ധ ഉപകരണം |
| 2 | 19/3 | ഷീല പി. ഡി., പുത്തൻതറ | ശ്രീലക്ഷ്മി ഓട്ടോ ഇലക്ട്രിക്കൽസ് |
| 3 | 19/25 | റോസി ഫിലിപ്പ് | ആവേ മരിയ യമവലരരസഹ |
| 4 | 19/69 | പ്രീതി അനിൽ | ഇളമ്പാശേരി എക്സ്പോർട്ടിംഗ് |
| 5 | 20/2 | അനൂപ് | ആരോമൽ കൂൾബാർ |
| 6 | 20/21 | സെവി മാത്യു | ആരാധന ഫാഷൻ ജൂവലറി |
| 7 | 20/232-E | ജയകൃഷ്ണൻ എസ്. | സെൻട്രൽ ബസാർ |
| 8 | 20/496 | രാജ്കുമാർ ആർ. | കൃഷ്ണ ഫ്ലവർ |
| 9 | 20/540 | പ്രജീഷ് കുമാർ | വിജയ ഫ്ലവർ |
| 10 | 21/6 | ദേവരാജൻ കെ. എൻ. | അശ്വതി ബേക്കറി |
| 11 | 21/8 | എം. പി. ശിവകുമാർ | ഭക്ഷ്യവസ്തുക്കൾ |
| 12 | 21/343 | ജോൺ സെബാസ്റ്റ്യൻ | മെഡി ഹെൽത്ത് |
| 13 | 21/427 | സിയാദ് വി. എ. | വിസ്മയ വെഡ്ഡിംഗ് സെന്റർ |
| 14 | 21/506 | അബ്ജോ ജിജി | നോവൽറ്റി ഫുട് വെയർ |
| 15 | 21/684 | ഐഷാ മോൾ | കമ്പനി ട്രേഡേഴ്സ് |
| 16 | 21/736 | എക്സിക്യൂട്ടീവ് ഡയറക്ടർ, വെൽഫയർ സെന്റർ | വെൽഫയർ റിലീജിയസ് ആർട്ട് സെന്റർ |
| 17 | 21/746 | പോൾ തോമസ് | കുഞ്ഞരത്ത് മെഡിക്കൽസ് |

| | | | |
|---|---|---|---|
| 18 | 21/774 | പി.ജി.രവീന്ദ്രൻ നായർ | വൈക്കം മെഡിക്കൽസ് |
| 19 | 21/778 | കെ.എ.അസീസ് | ലാസ്റ്റ് ചാൻസ് മെറ്റൽസ് |
| 20 | 21/521 എ | ഗോകുൽ ഐസക് ജോസ് | സോഫ്റ്റ് വെയർ കമ്പനി |
| 21 | 22/17 എ | മുരളീധരൻ | സ്റ്റേഷനറി |
| 22 | 25/118 | മുരളീധരൻ, മങ്ങാട്ട് | മങ്ങാട്ട് ടീ ഷോപ്പ് |
| 23 | 1/27 | സുരേഷ് കെ.എസ്. | വാഹന റിപ്പയർ |
| 24 | 1/202 | ബാബു എം,കെ. | ഗ്യാസ് സ്റ്റൌ റിപ്പയറിംഗ് |
| 25 | 2/23 | സോമൻ | ഡിറ്റിപി, ഓൺലൈൻ സർവീസ് |
| 26 | 2/119 | കെ.എം.സുബൈർ | ആക്രിസാധനങ്ങൾ സംഭരണം |
| 27 | 3/14 | ഹംസ | ഹാരിഷ് ബേക്കറി |
| 28 | 3/42 | പ്രവീൺകുമാർ | ഓട്ടോപ്ലാനറ്റ് മാരുതി കെയർ സെന്റർ |
| 29 | 4/312 | ചക്രധാരി എസ്. | കീ ഓട്ടോസ്, ചാലപ്പറമ്പ് |
| 30 | 6/250 A | ആർ. രാജേന്ദ്രൻ | പ്രസാധി സ്റ്റോഴ്സ് |
| 31 | 7/695 | ലാലി കെ. ബി. | ശ്രീഹരി ബേക്കറി |
| 32 | 7/323 | തോമസ് | വിജയ സ്റ്റോഴ്സ് |
| 33 | 10/41 | ഷാജി റ്റി. സി. | സിമന്റ് ഇഷ്ടിക നിർമ്മാണം |
| 34 | 10/233 | തങ്കമ്മ കൊല്ലായിക്കൽ | കൃഷ്ണ സ്വീറ്റ് ലാന്റ് |
| 35 | 10/4 | സുരേഷ് കുമാർ | സ്വർണ്ണപ്പണി |
| 36 | 12/2 | നെൽസൺ എ. ഐ. | സാന്ദ്രാ വുഡ് വർക്ക്സ് |

ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 74/26.02.2026) ന് ലഭ്യമാക്കിയ മറുപടിയിൽ ലൈസൻസ് എടുക്കാത്ത മേൽ ചേർക്കുന്ന സ്ഥാപന ഉടമകൾക്ക് ലൈസൻസ് നൽകുന്നതിന് നടപടി സ്വീകരിയ്ക്കുന്നതാണെന്ന് അറിയിച്ചു. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന ാപനങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. ലൈസൻസ് എടുക്കാതെ നഗരസഭാ പരിധിയിൽ സ്ഥാപനങ്ങൾ പ്രവർത്തിയ്ക്കുന്നത് ക്രമവിരുദ്ധമാണ്.

ലൈസൻസ് നടപടികൾ കാര്യക്ഷമമാക്കേണ്ടതും ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിയ്ക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതുണ്ട്.

## 1- 34 തൻവർഷ വാടക കുടിശ്ശിക ഈടാക്കുവാൻ അവശേഷിക്കുന്നു

2024-25 വർഷത്തെ വാടക ഡിമാൻഡ് രജിസ്റ്റർ പരിശോധിച്ചതിൽ നഗരസഭയുടെ ഉടമസ്ഥതയിലുള്ള മുറികളിൽ താഴെ പറയുന്ന മുറികളുടെ തൻവർഷ വാടക തുക പൂർണ്ണമായും ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | മുറി | കുത്തകക്കാരൻ | മാസ വാടക + ജി | ആകെ കുടിശ്ശിക | കുടിശ്ശിക കാലയളവ് |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| | | | എസ് റ്റി | | |
| 1 | കച്ചേരിക്കവല ഷോപ്പിംഗ് കോംപ്ലക്സ് റൂം നമ്പർ- 17 | ശ്രീ. ഉലഹന്നാൻ യു., ചാണ്ടിച്ചിറ | 1978 + 356 | 23736 + 4272 | 04/2024-03/2025 |
| 2 | കച്ചേരിക്കവല ഷോപ്പിംഗ് കോംപ്ലക്സ് റൂം നമ്പർ- 18 | ശ്രീ. എം. പി. രമണൻ, വടക്കേത്തറ | 2637 + 475 | 2637 + 475 | 03/2025 |
| 3 | ബസ് സ്റ്റാന്റ് ഷോപ്പ് റൂം നം- 1 | ശ്രീമതി സീന ഷാജി, വല്ലത്തറ | 1567 + 282 | 18804 + 3384 | 04/2024-03/2025 |
| 4 | ബസ് സ്റ്റാന്റ് ഷോപ്പ് റൂം നം- 2 | ശ്രീ പി. എസ്. ശശി | 1419 + 255 | 2838 + 510 | 02/2025-03/2025 |
| 5 | ബസ് സ്റ്റാന്റ് ഷോപ്പ് റൂം നം-4 | കോട്ടയം ജില്ല മെക്കാനിക്കൽ വർക്കേഴ്സ് യൂണിയൻ | 313 + 56 | 3756 + 672 | 04/2024-03/2025 |
| 6 | ബസ് സ്റ്റാന്റ് പുറമ്പോക്ക് റൂം നം- 1 | ശ്രീമതി സീന ഷാജി | 6685 + 1203 | 80220 + 14436 | 04/2024-03/2025 |
| 7 | ബസ് സ്റ്റാന്റ് പുറമ്പോക്ക് റൂം നം- 4 | ശ്രീ അജിമോൻ | 1925 + 347 | 23100 + 4164 | 04/2024-03/2025 |
| 8 | ബസ് സ്റ്റാന്റ് പുറമ്പോക്ക് റൂം നം- 9 | ശ്രീ. ഗൗരി കൊച്ചനിയൻ | 739 + 133 | 1478 + 266 | 02/2025-03/2025 |
| 9 | ബസ് സ്റ്റാന്റ് പുറമ്പോക്ക് റൂം നം- 10 | ശ്രീ. കേശവൻ,മറ്റപ്പള്ളി | 2702 + 486 | 27020 + 4860 | 06/2024-03/2025 |
| 10 | ഓഫീസ് കോംപ്ലക്സ് റൂം നം- 1 | സെക്രട്ടറി, KISCO ഡയഗണോസ്റ്റിക് സെന്റർ | 17374 + 3127 | 208488 + 37524 | 04/2024-03/2025 |
| 11 | ഓഫീസ് കോംപ്ലക്സ് റൂം നം- 2 | ജോയിന്റ് ആർ. ടി. ഓ. , വൈക്കം | 15862 + 2855 | 190344 + 34260 | 04/2024-03/2025 |
| 12 | ഓഫീസ് കോംപ്ലക്സ് റൂം നം- 3A | സെക്രട്ടറി, വൈക്കം താലൂക്ക് അർബൻ കോപ്പറേറ്റീവ് സൊസൈറ്റി | 4400 + 792 | 52800 + 9504 | 04/2024-03/2025 |
| 13 | ഓഫീസ് കോംപ്ലക്സ് റൂം നം-4 | ജി - ടെക് കംപ്യൂട്ടേർസ് | 36095 + 6497 | 216570 + 38982 | 04/2024-09/2024 |
| 14 | മുനിസിപ്പൽ പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നം- 1 | അഖിൽ ഓമനക്കുട്ടൻ, അടയാക്കൽ | 2435 + 438 | 29220 + 5256 | 04/2024-03/2025 |
| 15 | മുനിസിപ്പൽ പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നം- 21/76 | ജൻ ജീവൻ സേവ കേന്ദ്ര | 5106 + 919 | 61272 + 11028 | 04/2024-03/2025 |
| 16 | മുനിസിപ്പൽ പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് | ശ്രീമതി പി. ആർ. സുമതിയമ്മ | 4064 + 732 | 48768 + 8784 | 04/2024-03/2025 |

| | | | | | |
|---|---|---|---|---|---|
| | റൂം നം- 21/90 | | | | |
| 17 | മുനിസിപ്പൽ പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നം- 21/93 | ശ്രീ. സാന്റി പി. കെ. | 4631 + 834 | 37048 + 6672 | 08/2024-03/ 2025 |
| 18 | മുനിസിപ്പൽ പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നം- 21/94 | ശ്രീ. സാന്റി പി. കെ. | 4631 + 834 | 37048 + 6672 | 08/2024-03/ 2025 |
| 19 | മുനിസിപ്പൽ പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നം- 21/101 | ശ്രീ. മനോജ് റ്റി, ദിന്റപ് വി. പി. | 5106 + 919 | 35742 + 6433 | 09/2024-03/ 2025 |
| 20 | മുനിസിപ്പൽ പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നം- 21/102 | പ്രസിഡന്റ്, പ്രസ് ക്ലബ് | 1707 + 307 | 20484 + 3684 | 04/2024-03/ 2025 |
| | | ആകെ | 1121373 + 201838 | | |

മേൽ കുത്തകക്കാരുമായി 2024-25 വർഷം വാടക കരാറിലേർപ്പെട്ടതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വാടക കുടിശ്ശിക തുക പൂർണ്ണമായി ഈടാക്കാത്തതിന് വിശദീകരണവും ഈടാക്കുന്നതിന് സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങളും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 23/19.02.26) സമർപ്പിച്ച മറുപടിയിൽ മേൽ കടമുറികളുടെ വാടക കുടിശ്ശിക അടവാക്കുന്നതിന് വാടകക്കാർക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും നോട്ടീസ് കൈപ്പറ്റിയിട്ടും അടവാക്കാത്തവർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ മേൽ വാടകക്കാരുമായി കരാർ ചമച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമല്ലാത്തതിനാൽ അവർക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നതാണ്. വാടക കുടിശ്ശിക പിഴപലിശ സഹിതം പൂർണ്ണമായും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. കരാർ ചമയ്ക്കാതെ വ്യക്തികളിൽ നിന്ന് കുടിശ്ശിക ഈടാക്കാൻ സാധിക്കാത്തപക്ഷം അത് ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്ക്, റവന്യൂ ഇൻസ്പെക്ടർ, സെക്രട്ടറി എന്നിവരുടെ വ്യക്തിപര ബാധ്യതയായി നിർണ്ണയിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്. തനത് വരുമാനം കുറവായ നഗരസഭയിൽ ഒരു ഇനത്തിൽ തന്നെ ഇത്രയും ഭീമമായ തുക പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നത് തനത് വരുമാനം പിരിച്ചെടുക്കുന്നതിൽ നഗരസഭാധികൃതരുടെയും ഭരണ സമിതിയുടെയും അനാസ്ഥയെ പ്രതിഫലിപ്പിക്കുന്നു. ആയതിനാൽ ഭരണ സമിതി ഇക്കാര്യത്തിൽ ഫലപ്രദമായ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. കൂടാതെ കരാറിലേർപ്പെടാതെ ആസ്തികൾ വാടകയ്ക്ക് നൽകുന്ന വണത പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്.

## 1-35 ദീർഘകാലമായി കുടിശ്ശിക വരുത്തിയ കുത്തകക്കാർക്ക് മുറികൾ തുടർന്നും വാടകയ്ക്ക് നൽകുന്നു

നഗരസഭയുടെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ ദീർഘകാലമായി വാടക അടവാക്കാതെ കുടിശ്ശിക വരുത്തിയവർക്കെതിരെ നടപടികൾ സ്വീകരിക്കാതെ തുടർന്നും മുറികൾ വാടകയ്ക്ക് നൽകി വരുന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | മുറി | കുത്തകക്കാരൻ | മാസ വാടക + | കുടിശ്ശിക |
|---|---|---|---|---|

| നമ്പർ | | | ജിഎസ് റ്റി (2024-25) | കാലയളവ് |
|---|---|---|---|---|
| 1 | കച്ചേരിക്കവല ഷോപ്പിംഗ് കോംപ്ലക്സ് റൂം നമ്പർ- 17 | ശ്രീ. ഉലഹന്നാൻ യു., ചാണ്ടിച്ചിറ | 1978 + 356 | 11/2019 മുതൽ |
| 2 | ബസ് സ്റ്റാന്റ് ഷോപ്പ് റൂം നം- 1 | ശ്രീമതി സീന ഷാജി, വല്ലൂത്തറ | 1567 + 282 | 06/2020 മുതൽ |
| 3 | ബസ് സ്റ്റാന്റ് ഷോപ്പ് റൂം നം-4 | കോട്ടയം ജില്ല മെക്കാനിക്കൽ വർക്കേഴ്സ് യൂണിയൻ | 313 + 56 | 03/2023 മുതൽ |
| 4 | ബസ് സ്റ്റാന്റ് പുറമ്പോക്ക് റൂം നം- 1 | ശ്രീമതി സീന ഷാജി, വല്ലൂത്തറ | 6685 + 1203 | 12/2017 മുതൽ |
| 5 | ബസ് സ്റ്റാന്റ് പുറമ്പോക്ക് റൂം നം- 4 | ശ്രീ. അജിമോൻ, മുട്ടത്താഴത്ത് | 1925 + 347 | 12/2022 മുതൽ |
| 6 | ഓഫീസ് കോംപ്ലക്സ് റൂം നം- 1 | സെക്രട്ടറി, KISCO ഡയഗണോസ്റ്റിക് സെന്റർ | 17374 + 3127 | 07/2022 മുതൽ |
| 7 | ഓഫീസ് കോംപ്ലക്സ് റൂം നം- 2 | ജോയിന്റ് ആർ. ടി. ഓ., വൈക്കം | 15862 + 2855 | 11/2022 മുതൽ |
| 8 | മുനിസിപ്പൽ പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നം- 21/90 | ശ്രീമതി പി. ആർ. സുമതിയമ്മ, ചിറ്റേഴത്ത് | 4064 + 732 | 06/2021 മുതൽ |
| 9 | മുനിസിപ്പൽ പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നം- 21/102 | പ്രസിഡന്റ്, പ്രസ്സ് ക്ലബ് | 1707 + 307 | 09/21 മുതൽ |

മേൽ കുത്തകക്കാരുമായി 2024-25 വർഷം വാടകകരാറിലേർപ്പെട്ടതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇത്തരത്തിൽ ദീർഘകാലമായി കുടിശ്ശിക വരുത്തിയ കുത്തകക്കാർക്കെതിരെ നടപടികൾ സ്വീകരിക്കാതെയും കരാറിലേർപ്പെടാതെയും തുടർന്നും കടമുറികൾ വാടകയ്ക്ക് നൽകിപ്പോരുന്നതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 24/19.02.26) മറുപടിയായി മേൽ കടമുറികളുടെ വാടക കുടിശ്ശിക അടവാക്കുന്നതിന് വാടകക്കാർക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും നോട്ടീസ് കൈപ്പറ്റിയിട്ടും അടവാക്കാത്തവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും പിഴപലിശ സഹിതം കുടിശ്ശിക ഈടാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. വാടക കുടിശ്ശിക വരുത്തുന്നവർക്ക് കരാർ പോലും ചമയ്ക്കാതെ മുറികൾ തുടർന്നും വാടകയ്ക്ക് നൽകുന്ന പ്രവണത അത്യന്തം ഗൗരവതരമാണ്. മേൽ വാടകക്കാരുമായി കരാർ ചമച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമല്ലാത്തതിനാൽ അവർക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ചും വ്യക്തതയില്ല.ഇത് സംബന്ധിച്ച് നഗരസഭ കൗൺസിൽ അടിയന്തിര ഇടപെടൽ നടത്തേണ്ടതും ഇനിയും കുടിശ്ശിക അടയ്ക്കുവാൻ തയ്യാറാകാത്തവരെ ഒഴിപ്പിച്ച് മുറികൾ പുനർ ലേലം ചെയ്ത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. അല്ലാത്തപക്ഷം ഇപ്രകാരം നടപടിക്രമങ്ങൾ പാലിക്കാതെ തുടർച്ചയായി കാലാവധി നീട്ടി നൽകുന്നതു മൂലം കാലഹരണപ്പെടുന്ന കുടിശ്ശികകൾ കരാർ

വ്യവസ്ഥകൾ പാലിക്കാതെ തുടർച്ചയായി മുറികൾ വാടകയ്ക്ക് നൽകുന്നതിന് തീരുമാനം എടുക്കുന്ന ഭരണ സമിതി അംഗങ്ങളിൽ നിന്നും കുടിശ്ശിക ഈടാക്കിയതിന് ചുമതലപ്പെട്ട അതത് കാലയളവിലെ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. ഈ വിഷയത്തിലെ തുടർ നടപടികളുടെ വിവരം ഓഡിറ്റിൽ അറയിക്കേണ്ടതാണ്.

## 1-36 വാടക കുടിശ്ശിക അടവാക്കാതെ കുത്തകക്കാർ ഒഴിഞ്ഞ് പോയി

2024-25 വർഷത്തെ വാടക ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന കുത്തകക്കാർ നാളിതുവരെയുള്ള കുടിശ്ശിക തുക അടവാക്കാതെ 2024-25 വർഷം കടമുറികൾ ഒഴിഞ്ഞ് പോയിട്ടുള്ളതായി കാണുന്നു.

| ക്രമ നം. | റൂം നം. | കുത്തകക്കാരന്റെ വിവരം | കുടിശ്ശിക കാലയളവ് |
|---|---|---|---|
| 1 | ഓഫീസ് കോംപ്ലക്സ് റൂം നം.3A | സെക്രട്ടറി വൈക്കം താലൂക്ക് അർബൻ വെൽഫെയർ കോപ്പറേറ്റീവ് സൊസൈറ്റി | 07/22 മുതൽ 03/24 വരെ |
| 2 | കോവിലകത്ത് കടവ് മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നം.1 | ഉൾനാടൻ മത്സ്യതൊഴിലാളി സഹകരണ സംഘം | 11/19 മുതൽ 03/24 വരെ |
| 3 | കോവിലകത്ത് കടവ് മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നം.2 | ഹെഡ് ലോഡ് & ജനറൽ മസ്ദൂർ സംഘം | 10/17 മുതൽ 03/24 വരെ |
| 4 | കോവിലകത്ത് കടവ് മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നം.3 | കൺവീനർ, ഐ.എൻ.റ്റി.യു.സി | 08/20 മുതൽ 03/24 വരെ |
| 5 | പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോപ് ളക്സ് റൂം നം. 2 | ടോമി.കെ.റ്റി, കളപ്പുരയ്ക്കൽ | 09/23 മുതൽ 03/24 വരെ |
| 6 | ശ്രീമൂലം മാർക്കറ്റ് റൂം നം-4 | ശ്രീ ബിജു ഉലഹന്നാൻ, രണ്ടാനിക്കൽ | 03/23 മുതൽ 04/24 വരെ |

മേൽ കുത്തകക്കാരിൽ നിന്നും കുടിശ്ശിക തുക പൂർണ്ണമായും ഈടാക്കാതെ കടമുറികൾ ഒഴിഞ്ഞ് പോയതിന് വിശദീകരണവും കുടിശ്ശിക തുക ഈടാക്കുന്നതിന് സ്വീകരിച്ച തുടർനടപടികളുടെ വിശദാംശങ്ങളും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 25/19.02.26) മറുപടി ലഭ്യമാക്കിയില്ല. കുടിശ്ശിക തുക പൂർണ്ണമായും ഈടാക്കുന്നതിന് മുമ്പ് കുത്തകക്കാർ ഒഴിഞ്ഞ് പോയ സാഹചര്യം നഗരസഭയുടെ ഭാഗത്തു നിന്നും സംഭവിച്ച ഗുരുതരമായ വീഴ്ചയാണ്. ഇത്തരത്തിൽ കുടിശ്ശിക അടവാക്കാതെ കടമുറികൾ ഒഴിഞ്ഞ് പോയ കുത്തകക്കാരുടെ ഡെപ്പോസിറ്റ് തുക മുതൽക്കൂട്ടുന്നതിനും നടപടികൾ സ്വീകരിച്ചിട്ടില്ല. മേൽ കുത്തകക്കാർക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതും കുടിശ്ശിക തുക കൃത്യമായി കണക്കാക്കി പൂർണ്ണമായും ഈടാക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് നഗരസഭ കൗൺസിൽ അടിയന്തിര ഇടപെടൽ നടത്തേണ്ടതാണ്.

## 1-37 നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഒട്ടേറെ കടമുറികൾ വാടകരഹിതമായി ഒഴിഞ്ഞ് കിടക്കുന്നു

നഗരസഭയുടെ വാടക ഡിമാൻഡ് രജിസ്റ്ററുകൾ പരിശോധിച്ചതിൽ നഗരസഭയുടെ ഉടമസ്ഥതയിലുള്ള മുറികളിൽ താഴെ പറയുന്നവ കുത്തകക്കാർക്ക് നിയമാനുസൃത കരാർ ചമച്ച് വാടകയ്ക്ക് നൽകാതെ ഒഴിഞ്ഞ്

കിടക്കുന്നതായി കാണുന്നു.

| ക്രമ നമ്പർ | മുറികളുടെ വിവരം |
|---|---|
| 1 | കച്ചേരിക്കവല ഷോപ്പിംഗ് കോംപ്ലക്സ് റൂം നമ്പർ- 20 |
| 2 | ദളവാക്കുളം ബസ് ടെർമിനൽ റൂം നമ്പർ 19/273L |
| 3 | കോവിലകത്തും കടവ് മാർക്കറ്റ് കോംപ്ലക്സ് റൂം നം -4 |
| 4 | കോവിലകത്തും കടവ് മാർക്കറ്റ് കോംപ്ലക്സ് റൂം നം -5 |
| 5 | കോവിലകത്തും കടവ് മാർക്കറ്റ് കോംപ്ലക്സ്(റൂം നം രേഖപ്പെടുത്തിയിട്ടില്ല) |
| 6 | മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ലക്സ് കം റസ്റ്റ് ഹൗസ് റൂം നം- 8 |
| 7 | മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ലക്സ് കം റസ്റ്റ് ഹൗസ് റൂം നം- 19 |
| 8 | പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നം- 4 |
| 9 | പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നം- 5 |
| 10 | പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നം- 6 |
| 11 | പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നം- 7 |
| 12 | പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നം- 8 |
| 13 | പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നം- 10 |
| 14 | പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നം- 12 |
| 15 | പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നം- 13 |
| 16 | പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നം- 14 |
| 17 | പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നം- 15 |
| 18 | പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നം- 16 |
| 19 | പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നം- 17 |
| 20 | പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നം- 18 |
| 21 | പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നം- 19 |
| 22 | പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നം- 21 |
| 23 | പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നം- 22 |
| 24 | പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നം- 23 |
| 25 | പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നം- 24 |
| 26 | പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നം- 27 |
| 27 | പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നം- 33 |
| 28 | പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നം- 38 |
| 29 | പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നം- 43 |
| 30 | പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നം- 44 |

| 31 | ശ്രീമൂലം മാർക്കറ്റ് റൂം നം.2 |
|---|---|

മുറികൾ ദീർഘകാലം വാടകരഹിതമായി ഒഴിഞ്ഞ് കിടക്കുന്നതും സമയബന്ധിതമായി വാടകയ്ക്ക് നൽകുവാൻ സാദ്ധ്യമാകാത്തതും നഗരസഭയ്ക്ക് വരുമാന നഷ്ടം ഉണ്ടാകുന്നതിന് ഇടയാക്കുന്നു. ആയതിനാൽ പ്രസ്തുത കടമുറികൾ ഒഴിഞ്ഞ് കിടക്കുന്നതിന് വിശദീകരണവും അവ വാടകയ്ക്ക് നൽകുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 26/19.02.26) ഇതിൽ ഭൂരിഭാഗം കെട്ടിടങ്ങളും എല്ലാ വർഷവും ലേലത്തിൽ വയ്ക്കുന്നുണ്ടെങ്കിലും ആരും എടുക്കുന്നില്ലെന്നും ചില കെട്ടിടങ്ങൾ 2026-27 വർഷം ലേലത്തിൽ പോയിട്ടുണ്ടെന്നും മറ്റ് ചിലവയ്ക്ക് മെയിന്റനൻസ് ആവശ്യമുണ്ടെന്നും മറുപടി ലഭ്യമാക്കി.മുറികൾ ദീർഘകാലം വാടകരഹിതമായി ഒഴിഞ്ഞ് കിടക്കുന്നതും സമയബന്ധിതമായി പുനഃനിർമ്മാണം സാദ്ധ്യമാകാത്തതും നഗരസഭയുടെ സാമ്പത്തിക സ്ഥിതിയെ പ്രതികൂലമായി ബാധിക്കുന്നതിനും ഒഴിഞ്ഞ് കിടക്കുന്ന കെട്ടിടങ്ങൾ പരിപാലനത്തിന്റെ അഭാവത്താൽ ഉപയോഗയോഗ്യമല്ലാതായി തീരുന്നതിനും ഇടയാക്കും. വാടകയ്ക്ക് നൽകുവാൻ നിലവിലും അവശേഷിക്കുന്ന റികളുടെ കാര്യത്തിൽ മെയിന്റനൻസ് ഉൾപ്പെടെയുള്ള സത്വര നടപടികൾ സ്വീകരിച്ച് വരുമാനദായകമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. നഗരസഭാ കൗൺസിലിന്റെയും, ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെയും സത്വര ശ്രദ്ധ ടി വിഷയത്തിലേയ്ക്ക് ക്ഷണിക്കുന്നു.

## 1-38 കുത്തകാവകാശങ്ങളും ആസ്തികളും വരുമാനദായകമാക്കുന്നില്ല

നഗരസഭയുടെ ഉടമസ്ഥതയിലുള്ള വിവിധ കുത്തകാവകാശങ്ങളും ആസ്തികളും ലേലത്തിൽ നൽകി വരുമാനദായകമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ലായെന്ന് കാണുന്നു. പ്രസ്തുത കുത്തകാവകാശങ്ങൾ / ആസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നതിന് വിശദീകരണം, ലേലത്തിൽ നൽകുന്നതിന് സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങൾ , ആസ്തികളുടെ നിലവിലെ അവസ്ഥ എന്നിവ ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 57/24.02.26) ലഭ്യമാക്കിയ മറുപടി സഹിതമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ആസ്തി/ കുത്തകയുടെ വിവരം | ലഭ്യമാക്കിയ മറുപടി |
|---|---|---|
| 1 | ഐസ് പ്ലാന്റ് & കോൾഡ് സ്റ്റോറേജ് | ഐസ് പ്ലാന്റിന്റിൽ ഗ്യാസ് ലീക്കേജ് ഉണ്ടായതിനാലും മെഷിനറികൾ പ്രവർത്തനരഹിതമായതിനാലും 22.03.2021 മുതൽ പ്രവർത്തനം പൂർണ്ണമായും നിർത്തിവെച്ചിരിക്കുകയാണ്. മെയിന്റനൻസ് വർക്കുകൾ സ്വന്തം ചെലവിൽ നടത്തി ലേലത്തിൽ പിടിക്കുന്നതിന് തയ്യാറുള്ളവർക്കു വേണ്ടി എല്ലാ വർഷവും ലേല ലിസ്റ്റിൽ ഉൾപ്പെടുത്തുന്നുണ്ട്. |
| 2 | നഗര സഭ ലോഡ്ജ് | നിലവിൽ ലേലത്തിൽ പോയിട്ടുണ്ടെന്ന് എക്സിറ്റ് മീറ്റിംഗിൽ ചെയർമാൻ അറിയിച്ചു. ലോഡ്ജിന് അറ്റകുറ്റപ്പണികൾ ആവശ്യമുണ്ടെന്ന് സെക്രട്ടറി മറുപടിയിൽ അറിയിച്ചിട്ടുണ്ട്. |
| 3 | നഗര സഭ ടൗൺ ഹാൾ | നിലവിൽ ഉപയോഗയോഗ്യമല്ലാത്ത അവസ്ഥയിലാണ്. കറന്റ് കണക്ഷനും മറ്റും പുനസ്ഥാപിച്ച് മെയിന്റനൻസ് വർക്കുകൾ നടത്തി ഉപയോഗഗ്യമാക്കുന്നതിന് അടുത്ത വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് |

| | | |
|---|---|---|
| 4 | ദളവാക്കളം ബസ് സ്റ്റാൻഡ് | യൂസർ ഫീസ് പിരിവ് നടത്തുന്നില്ല |
| 5 | സത്യഗ്രഹ സ്മാരകത്തിലെ മുറികൾ. | മറുപടി ലഭ്യമാക്കിയില്ല |
| 6 | മുനിസിപ്പൽ വക സ്ഥലത്ത് ഡ്രൈവിംഗ് ടെസ്റ്റ് | ടി സ്ഥലം എല്ലാ വർഷത്തേയും ലേലത്തിൽ ഉൾപ്പെടുത്തുന്നുണ്ട്. ആരും ലേലത്തിൽ എടുക്കുന്നില്ല. |

മേൽ ആസ്തികൾ / കുത്തകാവകാശങ്ങൾ വരുമാനദായകമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും നഗരസഭ ലോഡ്ജിന് മെയിന്റനൻസ് ആവശ്യമുണ്ടെങ്കിൽ ആയത് പൂർത്തിയാക്കേണ്ടതുമാണ്. കൂടാതെ വൈക്കത്തഷ്ടമിയോടനുബന്ധിച്ച് നഗരസഭാ ഉടമസ്ഥതയിലുള്ള ഭൂപ്രദേശങ്ങൾ പല ആവശ്യങ്ങൾക്കായി വിട്ടുനൽകുന്നതിന് കൃത്യമായ മാനദണ്ഡമോ ഇത്തരം ഭൂമികൾ സംബന്ധമായ വിവരങ്ങളോ നഗരസഭയിലില്ല. നഗരസഭയുടെ ആസ്തികൾ സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ ശേഖരിച്ച് പൊതുമരാമത്ത് / റവന്യൂ വകുപ്പുകളുടെ സഹായത്തോടെ അളന്ന് തിട്ടപ്പെടുത്തി വിവരങ്ങൾ ആധികാരികമാക്കി ആയതിന്റെ അടിസ്ഥാനത്തിൽ വാടകയ്ക്കും അവകാശങ്ങൾ വിട്ടുനൽകുന്നതിനുമായി പ്രയോജനപ്പെടുത്തേണ്ടതും നഗരസഭയുടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സാദ്ധ്യതകൾ തേടേണ്ടതുമാണ്.

## 1-39 കീഴ് വാടക സമ്പ്രദായം - വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

വൈക്കം മഹാദേവ ക്ഷേത്രത്തിലെ അഷ്ടമി മഹോത്സവവുമായി ബന്ധപ്പെട്ട് കടകൾ നടത്തുന്നതിന് സ്ഥലം ലേലത്തിൽ എടുത്ത ശേഷം നാല് ഇരട്ടി രൂപയ്ക്ക് മറിച്ചുകൊടുത്ത് സർക്കാരിനെ പറ്റിക്കുന്നു എന്ന് കടക്കാർ പരാതി നൽകിയതിന്റെ അടിസ്ഥാനത്തിലാണ് വിജിലൻസ് അന്വേഷണം വന്നതെന്നും ടി കാലയളവിൽ നഗരസഭയ്ക്ക് വലിയ തുക കിട്ടുന്ന ലം ലേലത്തിൽ പോകാതെ ചെറിയ തുകയ്ക്കുള്ള സ്ഥലം ആണ് ലേലത്തിൽ പോയതെന്നും 05.10.2024 ലെ കൗൺസിലിൽ പരാമർശമുണ്ടായതായി കാണുന്നു. ഇത് സംബന്ധിച്ച് താഴെ ചേർക്കുന്ന വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.71/26.02.26) മറുപടി ലഭ്യമാക്കിയില്ല.

1. മേൽ സൂചിപ്പിച്ചത് പോലെ കുത്തകക്കാർ സ്ഥലങ്ങൾ, മുറികൾ എന്നിവ വാടകയ്ക്ക് എടുത്ത ശേഷം വലിയ തുകയ്ക്ക് കീഴ്വാടകയ്ക്ക് നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും അതിന് സ്വീകരിച്ച തുടർനപടികളും
2. മേൽ സൂചിപ്പിച്ച പ്രകാരം വിജിലൻസ് അന്വേഷണം നടന്നിട്ടുണ്ടെങ്കിൽ ആയതിന്റെ ഫയലും വിജിലൻസിന്റെ റിപ്പോർട്ടും
3. മേൽ പരാമർശത്തിൽ സൂചിപ്പിച്ചിട്ടുള്ള വലിയ തുക കിട്ടുന്ന സ്ഥലം ഏതെന്നും ആയത് ലേലത്തിൽ പോകാത്തതിന് കാരണവും
4. അഷ്ടമിയുമായി ബന്ധപ്പെട്ട് സ്ഥലങ്ങൾ ലേലം കൊള്ളുന്നവരുമായി കരാർവെച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ

മേൽ വിശദാംശങ്ങൾ ലഭ്യമാക്കാത്തതിനാൽ കീഴ് വാടക സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തിയിരുന്നോയെന്നും വലിയ തുക കിട്ടുന്ന സ്ഥലം ലേലത്തിൽ പോകാത്തത് സംബന്ധിച്ചും

പരിശോധന നടത്തി നിജ സ്ഥിതി ബോദ്ധ്യപ്പെട്ടുവാൻ സാധിച്ചില്ല. എന്നിരുന്നാലും നഗരസഭയുടെ ഉടമസ്ഥതയിലുള്ള കുത്തകകൾ, കടമുറികൾ തുടങ്ങിയവ കീഴ് വാടകയ്ക്ക് പോകുന്ന പ്രവണതയുണ്ടെങ്കിൽ ആയത് അനുവദിക്കുവാൻ പാടില്ലാത്തതാണ്. ഇത് സംബന്ധിച്ച് നഗരസഭ കൗൺസിൽ ഇടപെടലുകൾ നടത്തേണ്ടതും തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. കൂടാതെ നഗരസഭയിൽ വാടക ഈടാക്കുന്നത് സംബന്ധിച്ച് ഒട്ടേറെ അപാകതകൾ നിലനിൽക്കുന്നതിനാലും കീഴ്വാടക സംബന്ധിച്ച് പരാമർശമുണ്ടായ സാഹചര്യത്തിലും അപാകതകളുടെ നിജസ്ഥിതി ബോധ്യപ്പെടുത്തുന്നതിനായി വിജിലൻസ് അന്വേഷണത്തിന് ശിപാർശ ചെയ്യുന്നു.

## 1-40 വാടകയുടെ മുൻവർഷ കുടിശ്ശികയിനത്തിൽ 65.5 ലക്ഷം രൂപ ഈടാക്കുവാൻ അവശേഷിക്കുന്നു

2024-25 വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ, വസ്തുവകകൾ എന്നിവ വാടകയ്ക്ക് എടുത്ത കുത്തകക്കാരിൽ നിന്നും മുൻവർഷങ്ങളിലെ (2023-24 വരെ) വാടക കുടിശ്ശികയിനത്തിൽ 6551568/- രൂപ ലഭ്യമാകുവാൻ അവശേഷിക്കുന്നതായി കാണുന്നു. ബാലൻസ് ഷീറ്റിലെ ബി-14 ഷെഡ്യൂൾ പ്രകാരമുള്ള പ്രസ്തുത കുടിശ്ശികയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ശീർഷകം | ഇനം | കുടിശ്ശിക തുക |
|---|---|---|
| 4314002 | Rent Receivable From Buildings (Arrears) | 36,38,786/- |
| 4314016 | Rent Receivables From Local Body Properties (Arrears) | 29,12,782/- |
| ആകെ | | 65,51,568/- |

പ്രസ്തുത കുടിശ്ശിക തുകകൾ ഏതൊക്കെ കുത്തകക്കാരിൽ നിന്നും ഏത് വർഷം മുതൽ ഈടാക്കുവാനുള്ളതാണെന്നതിന്റെ വിശദാംശങ്ങൾ ക്രോഡീകരിച്ച് ലഭ്യമാക്കിയിട്ടില്ല. മേൽ സാഹചര്യത്തിൽ പ്രസ്തുത കുടിശ്ശിക തുകകളുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ, കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച് നടപടികൾ എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.27/19.02.26), മുൻവർഷ കുടിശ്ശികയായ 3638786/- രൂപയിൽ നിന്ന് അടവാക്കിയ കുടിശ്ശിക തുക കുറച്ചതിന് ശേഷമുള്ള തുകയാണ് 2912782/- രൂപയെന്ന് മറുപടി ലഭ്യമാക്കി. പ്രസ്തുത കുടിശ്ശിക തുകയുടെ കൃത്യത ബോദ്ധ്യപ്പെടേണ്ടതും തുടർനടപടികൾ സ്വീകരിച്ച് പൂർണമായി ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-41 സത്യാഗ്രഹ സ്മാരക ഹാൾ നിർമ്മാണം- തൊഴിലാളി മരണപ്പെട്ട സംഭവത്തിൽ നഗരസഭയ്ക്കെതിരെ 10.14 ലക്ഷം രൂപയുടെ റവന്യൂ റിക്കവറി നടപടി

**ഫയൽനമ്പർ- R2 -1343615/2024, R2/E1/8679/23)**

2005 വർഷം വൈക്കം സത്യാഗ്രഹ സ്മാരക ഹാൾ നിർമ്മാണം നടന്നുകൊണ്ടിരിക്കെ കരാർ കമ്പനിയുടെ തൊഴിലാളി മരണപ്പെട്ട സംഭവവുമായി ബന്ധപ്പെട്ട് നഗരസഭയേയും കരാർ കമ്പനിയേയും എതിർ കക്ഷികളാക്കി കോടതിയിൽ നിലനിന്നിരുന്ന കേസിൽ നഷ്ടപരിഹാര തുക ഇനത്തിലുള്ള ടിശ്ശിക അടയ്ക്കേണ്ടതുമായി ബന്ധപ്പെട്ട് നഗരസഭ വൻതുക (10 ലക്ഷം രൂപ) അടവാക്കണമെന്ന് കോടതി വിധി ഉണ്ടായിട്ടുള്ളതായും, 2007-ൽ ഫയൽ ചെയ്യപ്പെട്ട കേസിൽ യഥാസമയം എതിർ സത്യവാങ്മൂലം സമർപ്പിക്കാതിരുന്നതിനാൽ നഗരസഭ കേസിൽ ഒന്നാം എതിർ കക്ഷിയായി മാറുകയായിരുന്നുവെന്നും,

കരാർ കമ്പനി കേസിൽ നിന്നും ഒഴിവാക്കപ്പെട്ടതായും 20-7-24-ൽ നടന്ന കൗൺസിൽ യോഗത്തിലെ ചർച്ചകളിൽ പരാമർശിച്ചു കാണുന്നു. കേസുമായി ബന്ധപ്പെട്ട ഫയലും അനുബന്ധ രേഖകളും നഗരസഭയിൽ കണ്ടെത്താനായിട്ടില്ല എന്നും മിനിറ്റ്സിൽ വ്യക്തമാക്കിയിട്ടുണ്ട്.

വിഷയവുമായി ബന്ധപ്പെട്ട് നിലവിൽ നഗരസഭയിൽ ലഭ്യമായ രേഖകൾ /ഫയൽ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ വിശകലനം ചെയ്യുന്നു. മരണപ്പെട്ട തൊഴിലാളിയുടെ കുടുംബം ഇടുക്കി പീരുമേട് ഇൻഡസ്ട്രിയൽ ട്രിബ്യൂണലിൽ നഷ്ട പരിഹാരം ആവശ്യപ്പെട്ട് കേസ് ഫയൽ ചെയ്തിരുന്നതും ആയതു പ്രകാരം എംപ്ലോയീസ് കോമ്പൻസേഷൻ ഇനത്തിലുള്ള കുടിശ്ശികയായി 10,14,940/- രൂപ നോട്ടീസ് ലഭിച്ച് 10 ദിവസത്തിനകം അധികാരപ്പെട്ട ഓഫീസിൽ അടവാക്കണമെന്നും, ആക്ഷേപമെന്തെങ്കിലുമുണ്ടെങ്കിൽ ബന്ധപ്പെട്ട ഓഫീസിനെ രേഖാമൂലം അടിയന്തിരമായി അറിയിക്കണമെന്നും ആവശ്യപ്പെട്ട് നഗരസഭയ്ക്ക് റവന്യൂ റിക്കവറി നോട്ടീസ് ലഭ്യമായിട്ടുള്ളതാണ് {വൈക്കം (ആർ.ആർ) ഡപ്യൂട്ടി തഹസിൽദാരുടെ 17-10-23- RR/2023/7004/ 2006നമ്പർ ഡിമാന്റ് നോട്ടീസ്} . എന്നാൽ സംഭവവുമായി ബന്ധപ്പെട്ട യാതൊരു രേഖകളും നഗരസഭയിൽ ലഭ്യമല്ലായെന്ന് നഗരസഭയിലെ വിവിധ ഓഫീസ് സെക്ഷനുകൾ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ട്രിബ്യൂണലിൽ നേരിട്ട് പോയി ബന്ധപ്പെട്ട പരാതിയുടെയും കോടതി ഉത്തരവുകളുടേയും പകർപ്പ് വാങ്ങിയിരുന്നതായും ഫയലിൽ കാണുന്നു. കൂടാതെ 20-7-24-ലെ നഗരസഭാ കൗൺസിൽ വിഷയം ഗൗരവമായി ചർച്ച ചെയ്തിട്ടുള്ളതായും (അജണ്ട- 12) അന്വേഷിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിലേക്കായി സബ് കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. വിഷയത്തിൽ അഡ്വക്കേറ്റിൽ നിന്നും നിയമോപദേശം തേടിയതിൽ ഇപ്രകാരം രൂപീകരിക്കപ്പെട്ട സബ് കമ്മിറ്റി ആർ. ആർ. നടപടികളിൽ സാവകാശം ലഭിക്കുന്നതിനായി ജില്ലാ കളക്ടർക്ക് കത്ത് നൽകുന്നതിനും, പീരുമേട് കോടതിയിൽ സബ് കമ്മിറ്റി അംഗങ്ങളും ഉദ്യോഗസ്ഥരുമായി നേരിട്ട് പോയി കേസുമായി ബന്ധപ്പെട്ട ഡോക്കുമെന്റ്സ് പരിശോധിക്കുന്നതിനും, കൂടാതെ ആർ ആർ നടപടി ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനായി റിട്ട് ഫയൽ ചെയ്യുന്നതിന് ലഭ്യമായ രേഖകളും വക്കാലത്തും സ്റ്റാന്റിംഗ് കൗൺസൽ അഡ്വ. ശ്രീകലയ്ക്ക് നൽകുന്നതിനും തീരുമാനമെടുക്കുകയും ചെയ്തു. മേൽ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ റവന്യൂ റിക്കവറി നടപടികളിൽ സാവകാശം ലഭ്യമാക്കണമെന്നറിയിച്ച് ജില്ലാ കളക്ടർക്ക് അപേക്ഷ നൽകിയിട്ടുണ്ടെങ്കിലും (31-7-24- 1343615/2024 നമ്പർ കത്ത്) സബ് കമ്മിറ്റി തീരുമാനിച്ചിരുന്ന പ്രകാരം റിട്ട് ഫയൽ ചെയ്തിട്ടുള്ളതായി ഫയലിൽ രേഖകളില്ല.

സത്യഗ്രഹ സ്മാരക ഹാൾ നിർമ്മാണം നടന്നുകൊണ്ടിരിക്കെ നിർമ്മാണ കമ്പനിയുടെ കരാർ തൊഴിലാളി മരണപ്പെട്ട സംഭവവുമായി ബന്ധപ്പെട്ട കേസിൽ വൈക്കം നഗരസഭ എതിർ കക്ഷിയായതും, നഗരസഭയ്ക്കതിരെ 10 ലക്ഷത്തിലധികം രൂപയുടെ റവന്യൂ റിക്കവറി നടപടിയുണ്ടായതും, നഗസഭാ വക സ്ഥലത്തെ സത്യഗ്രഹ സ്മാരകത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് നിർമ്മാണ കമ്പനിയുമായി വ്യവസ്ഥകളുൾപ്പെടുത്തി നഗരസഭ ചമച്ച കരാറുൾപ്പെടെയുള്ള വിവരങ്ങളടങ്ങിയ പ്രധാനപ്പെട്ട ഫയൽ നഗരസഭയിൽ കണ്ടെത്താൻ കഴിയാതിരുന്ന സാഹചര്യം സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കുവാനും കൂടാതെ കോമ്പൻസേഷൻ തുക അടവാക്കുന്ന വിഷയത്തിൽ സ്വീകരിച്ച തുടർ നടപടികളുടെ വിവരം ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു (നം- 79/28-2-26). ഈ വിഷയത്തിൽ നഗരസഭ വിശദമായ അന്വേഷണം നടത്തി പരിശോധിക്കുന്നതും, ആ കാലയളവിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം ആവശ്യപ്പെടുന്നതും, അപ്പീൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. കൂടാതെ സംഭവവുമായി ബന്ധപ്പെട്ടുള്ള ഫയൽ കണ്ടെത്തുന്നതിനും വിഷയം വിശദമായി പരിശോധിച്ച് റിട്ട് ഫയൽ ചെയ്യുന്നതിനുമുള്ള നടപടികൾ

അടിയന്തിരമായി സ്വീകരിക്കുന്നതാണെന്നും എക്സിറ്റ് മീറ്റിംഗിൽ സെക്രട്ടറിയും അറിയിച്ചു.

കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിഷയത്തിൽ അടിയന്തിരമായി തുടർനടപടി സ്വീകരിക്കേണ്ടതുണ്ട്. എന്നാൽ നഗരസഭയുടെ സാമ്പത്തിക താൽപര്യം സംരക്ഷിക്കപ്പെടേണ്ടതുമാണ്. വിഷയത്തിൽ നടപടി സ്വീകരിക്കാൻ വൈകുന്തോറും പിഴ വർദ്ധിച്ച് കോമ്പൻസേഷൻ തുകയിലും വലിയ വർദ്ധനവുണ്ടാകുന്നതാണ്. ആയതിനാൽ നഗരസഭാ സ്റ്റാന്റിംഗ് കൗൺസലുമായി ബന്ധപ്പെട്ട് നിയമോപദേശം സ്വീകരിച്ച് വിഷയത്തിലുള്ള തുടർനടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 1-42 നഗരസഭാവക സ്ഥലത്ത് തീയറ്റർ കോംപ്ലക്സ് നിർമ്മാണം-കരാർ വ്യവസ്ഥകൾ പാലിക്കപ്പെടുന്നില്ല.

വൈക്കം നഗരസഭയുടെ ഉടമസ്ഥതയിലുള്ള നടുവിലേ വില്ലേജ് കിഴക്കേ നടയിലെ പബ്ലിക് ആന്റ് സെമി പബ്ലിക് സോണിൽ സർവ്വേ നമ്പർ 39/2-ൽ ഉൾപ്പെട്ട 80 സെന്റ് സ്ഥലം ബഹു. തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പിന്റെ 5-11-21-ലെ സ.ഉ (കൈ) നം 257/തസ്വഭവ നം. ഉത്തരവു പ്രകാരം കേരള സ്റ്റേറ്റ് ഫിലിം ഡവലപ്പ്മെന്റ് കോർപ്പറേഷന് തീയേറ്റർ പണിയുന്നതിനായി 11.03.2022 മുതൽ 30 വർഷത്തേക്ക് പാട്ട വ്യവസ്ഥയിൽ 360000/- രൂപ പ്രതിവർഷ പാട്ട തുകയ്ക്ക് അനുവദിച്ചിരുന്നതും കെ.എസ്.എഫ്.ഡി.സിയുമായി ഇതു സംബന്ധിച്ച് 11-3-22 -ൽ കരാറിൽ ഏർപ്പെട്ടിട്ടുള്ളതുമാണ്. തീയേറ്റർ പ്രവർത്തനം തുടങ്ങുന്ന തീയതി മുതലോ അല്ലെങ്കിൽ കരാർ തീയതി മുതൽ രണ്ട് വർഷം പൂർത്തിയാക്കുന്നതിന്റെ തൊട്ടടുത്ത തീയതിയായ 11-3-24 മുതലോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ടി തീയതി മുതൽ പാട്ട തുക ഓരോ വർഷവും കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ നഗരസഭയ്ക്ക് നൽകേണ്ടതാണ്. അടിസ്ഥാന പാട്ട സംഖ്യയുടെ 10% വീതം 3 വർഷം കഴിയുമ്പോൾ വർദ്ധിപ്പിക്കുന്നതാണെന്നും വർദ്ധിപ്പിക്കുന്ന തുക സാമ്പത്തിക വർഷം മാർച്ച് 31-ാം തീയതിക്കു മുൻപായി കെ.എസ്.എഫ്.ഡി.സി നഗരസഭയിൽ ഒടുക്കേണ്ടതാണെന്നും കരാറിൽ വ്യവസ്ഥ ചെയ്തിരുന്നു. സ്ഥലത്ത് തീയേറ്റർ പ്രവർത്തനം ആരംഭിച്ചുകഴിയുമ്പോഴുള്ള വാഹനത്തിരക്ക് ഒഴിവാക്കുന്നതിന് കെഎസ്എഫ് ഡി സി-യുടെ അഭ്യർത്ഥന പ്രകാരം വഴിക്കും പാർക്കിംഗിനുമായി നിലവിൽ അനുവദിച്ചിട്ടുള്ള സ്ഥലത്തിനു പുറമെ 10 സെന്റ് സ്ഥലം കൂടി സർക്കാർ അനുമതിക്കു വിധേയമായി നിലവിലുള്ള പാട്ടത്തുകയുടെ ആനുപാതിക നിരക്കിൽ നിയമാനുസൃത അനുബന്ധ കരാർ നഗരസഭയുമായി ഏർപ്പെടണമെന്ന വ്യവസ്ഥയിൽ പാട്ടത്തിന് വിട്ടുനൽകിയിട്ടുള്ളതുമാണ്. ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1) തീയേറ്റർ കോംപ്ലക്സിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ കരാർ വ്യവസ്ഥയനുസരിച്ച് പാട്ടത്തുകയായ 360000/- രൂപ കരാർ തീയതി മുതൽ 2 വർഷം പൂർത്തിയാകുന്നതിന്റെ തൊട്ടടുത്ത ദിവസം അതായത് 11-3-24 മുതൽ നഗരസഭയ്ക്ക് കെഎസ്എഫ്ഡി സി നൽകേണ്ടതാണ്. ഇതനുസരിച്ച് കെഎസ് എഫ് ഡി സി പാട്ടത്തുക നൽകിയിട്ടുള്ളതായി ഫയലിൽ രേഖകളില്ല.

2) അധികമായി വിട്ടുൽകുന്ന (10 സെന്റ്) ഭൂമിക്ക് നിലവിലുള്ള പാട്ടത്തുകയുടെ ആനുപാതിക നിരക്കിൽ പാട്ടത്തുക നൽകണമെന്നും ടി സ്ഥലത്ത് മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ പാടുള്ളതല്ലായെന്നും വ്യവസ്ഥ ചെയ്തുകൊണ്ട് അനുബന്ധ കരാറിൽ ഏർപ്പെടേണ്ടതാണെന്ന് ഭൂമി വിട്ടുനൽകുന്നതിന് അനുവാദം നൽകിക്കൊണ്ടുള്ള സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിരുന്നതാണ്. ഇതനുസരിച്ച് പ്രസ്തുത വ്യവസ്ഥകളുൾപ്പെടുത്തി അനുബന്ധ കരാർ ചമച്ചിട്ടുള്ളതായി കാണുന്നില്ല. കൂടാതെ ആനുപാതിക നിരക്കിലുള്ള പാട്ടത്തുക നഗരസഭയിൽ അടവാക്കിയിട്ടുള്ളതായും ഫയലിൽ നിന്നും വ്യക്തമല്ല.

3) കെസിആർ വ്യവസ്ഥകൾ പ്രകാരം പദ്ധതിയുടെ പൂർത്തീകരണത്തിന് പത്ത് സെന്റ് സ്ഥലം കൂടി നഗരസഭയോട് ആവശ്യപ്പെട്ടുകൊണ്ടുള്ള കേരള സ്റ്റേറ്റ് ഫിലിം ഡവലപ്പ്മെന്റ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 23-7-24- ലെ 3619/പി1/19/കെഎസ്എഫ് ഡി സി നമ്പർ കത്തിൽ ടി സ്ഥലം കൂടി ലഭ്യമായാൽ മാത്രമേ ബിൽഡിംഗ് പെർമിറ്റ് സ്റ്റാറ്റ്യൂട്ടറി ക്ലിയറൻസ് എന്നിവ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭ്യമായി തീയേറ്റർ സമുച്ചയ നിർമ്മാണം പൂർത്തീകരിക്കുവാൻ കഴിയുകയുള്ളൂവെന്നും ടി സാഹചര്യം കണക്കിലെടുത്ത് പാട്ടതുക തീയേറ്റർ സമുച്ചയ നിർമ്മാണത്തിന്റെ പൂർത്തീകരണ ശേഷം ഒടുക്കുന്നതിന് പ്രത്യേകാനുമതി നഗരസഭയിൽനിന്നുണ്ടാകണമെന്നും അഭ്യർത്ഥിച്ചുകാണുന്നു. എന്നാൽ കൗൺസിൽ ഈ വിഷയം സംബന്ധിച്ച് തീരുമാനമെടുക്കുകയോ തുടർനടപടി സ്വീകരിക്കുകയോ ചെയ്തിട്ടുള്ളതായി വ്യക്തമല്ല. മാത്രമല്ല കരാർ പ്രകാരം അടവാക്കേണ്ട വാർഷിക ലീസ് തുക നഗരസഭ ഡിമാന്റ് ചെയ്തിട്ടുള്ളതായും കാണുന്നില്ല.

4) വിട്ടുനൽകിയ ഭൂമി തരം മാറ്റുന്നതിനുള്ള അപേക്ഷ ഓൺലൈനായി ഫയൽ ചെയ്യുകയും അപേക്ഷാ ഫീസിനത്തിൽ 1000/- രൂപ ചെലവഴിച്ചിട്ടുള്ളതായും കാണുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഭൂമി തരം മാറ്റി ലഭിച്ചിട്ടുണ്ടോയെന്ന വിവരവും ഫയലിൽ വ്യക്തമാക്കിയിട്ടില്ല.

5) തീയേറ്റർ നിർമ്മാണവുമായി ബന്ധപ്പെട്ട് നിർമ്മാണാനുമതി സംബന്ധിച്ചും കരാറിലെ വ്യവസ്ഥകളിലെ അവ്യക്തത സംബന്ധിച്ചും 2022-23 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-47– ൽ പരാമർശിച്ചിരുന്ന വിഷയങ്ങളിൽ തുടർനടപടികൾ സ്വീകരിച്ചിട്ടുള്ളതായും ഫയലിൽ രേഖകളില്ല.

മേൽ വിവരങ്ങൾക്കുള്ള വിശദീകരണം രേഖാമൂലം ആവശ്യപ്പെട്ടതിന് (എൻക്വയറി നമ്പർ 70/26.02.2026) മറുപടി ലഭ്യമാക്കിയില്ല.

ഈ വിഷയത്തിൽ നഗര സഭയുടെ സാമ്പത്തിക താൽപര്യവും വികസന താൽപര്യവും സംരക്ഷിക്കപ്പെടേണ്ടതും അവ്യക്തതകൾ നീക്കി എല്ലാ വ്യവസ്ഥകളും ഉൾപ്പെടുത്തി കരാർ പൂർണ്ണമാക്കേണ്ടതും, ആവശ്യമായ എല്ലാ അനുമതി രേഖകളും, ലഭ്യമാക്കി നിർമ്മാണ പ്രവർത്തനം നിയമ വിധേയമാക്കേണ്ടതുമാണെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു. പരിഹാര നടപടികൾക്കും തുടർ നടപടികൾ സ്വീകരിക്കുന്നതിനുള്ള അടിയന്തിര ഇടപെടലുകൾക്കുമായി മേൽ വിവരങ്ങൾ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. തുടർനടപടികൾ സ്വീകരിച്ച വിവരം അറിയിക്കേണ്ടതാണ്.

## 1-43 മുനിസിപ്പൽബീച്ചിൽ കളിസ്ഥലവും സ്റ്റേഡിയം നിർമ്മാണവും - യാഥാർത്ഥ്യമായിട്ടില്ല.

**ഫയൽനമ്പർ - E1 - 2371/22, E1- 1095160/24**

സർക്കാർ ഉത്തരവ് ജിഒ (എം എസ്) 734/88/RD Dtd 10-10-1988 പ്രകാരം വൈക്കം വില്ലേജിൽ സർവ്വേ നമ്പർ 197/1ൽപ്പെട്ട 6.8 ഏക്കർ കായൽ പുറമ്പോക്ക്, കളിസ്ഥലവും സ്റ്റേഡിയവും നിർമ്മിക്കുന്നതിന്, വൈക്കം നഗരസഭയ്ക്ക് സൗജന്യമായി വിട്ടുനൽകുന്നതിന് അനുമതി നൽകിയിരുന്നു. വിട്ടുനൽകുന്ന ഭൂമി നിശ്ചിതലക്ഷ്യത്തിനല്ലാതെ മറ്റൊരു കാര്യത്തിനും ഉപയോഗിക്കുവാൻ പാടില്ലാത്തതാണെന്നും വ്യവസ്ഥാ ലംഘനം നടത്തിയാൽ ഭൂമി തിരികെ എടുക്കുന്നതാണെന്ന് പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കുകയും ചെയ്തിരുന്നു. എന്നാൽ നാളിതുവരെ ബീച്ചിൽ കളിസ്ഥലമോ സ്റ്റേഡിയമോ സജ്ജമാക്കുന്നതിന് നഗരസഭ നടപടി സ്വീകരിച്ചിട്ടില്ലാത്തതാണ്.

വൈക്കം മുനിസിപ്പൽ ബീച്ചിൽ സ്പോർട്സ് കൾച്ചറൽ ടൂറിസം എന്ന പ്രവൃത്തി നടപ്പിലാക്കുന്നത് സംബന്ധിച്ച് 2021-22 വർഷത്തിലെ ഗവൺമെന്റ് ബജറ്റിൽ പ്രഖ്യാപിച്ചതിനെ തുടർന്ന് വൈക്കം എംഎൽഎ-യുടെ അദ്ധ്യക്ഷതയിൽ 9-2-23-ൽ ടൂറിസം വകുപ്പ് ഉദ്യോഗസ്ഥരുമായി യോഗം ചേർന്ന് ചർച്ചകൾ നടത്തിയിരുന്നുവെങ്കിലും കൗൺസിലിന്റെ എതിർപ്പിനെ തുടർന്ന് നടപടികളിൽ പുരോഗതി

കൈവരിക്കാതിരുന്നിട്ടുമുള്ളതാണ്. എന്നാൽ എം എൽ എ അനുവദിച്ച 9 കോടി രൂപ നഗരസഭ ഫണ്ടിലേയ്ക്ക് വാങ്ങി സ്പോർട്സ് & കൾച്ചറൽ ടൂറിസത്തിനായി ഉചിതമായ ഡി പി ആർ നഗരസഭ തയ്യാറാക്കി ടെണ്ടർ നടപടികളിലൂടെ പ്രവൃത്തി പൂർത്തീകരിയ്ക്കുന്നതിന് 29-8-24-ലെ നഗരസഭാ കൗൺസിൽ തീരുമാനമെടുത്തിരുന്നതായും (അജണ്ട- 2 തീരുമാനം-1) തുടർന്ന് ടൂറിസം വകുപ്പിന്റെ ഡസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയിൽപ്പെടുത്തി നടപ്പാക്കുന്നതിനായി സ്പോർട്സ് & കൾച്ചറൽ ടൂറിസം പദ്ധതിക്കായുള്ള ഉചിതമായ ഡിപിആർ നഗരസഭ തയ്യാറാക്കി നൽകണമെന്ന് പലതവണ ടൂറിസം വകുപ്പ് രേഖാമൂലം നഗരസഭയോട് ആവശ്യപ്പെട്ടിരുന്നതായും ഫയലിൽനിന്നും വ്യക്തമാകുന്നു.എന്നാൽ ഇതനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കുകയോ, ഇക്കാര്യത്തിൽ നഗരസഭയുടെ വ്യക്തമായ തീരുമാനം ടൂറിസം വകുപ്പിനെ അറിയിക്കുകയോ ചെയ്തിട്ടില്ലാത്തതാണ്.

ഭൂമി വിട്ടുനൽകിക്കൊണ്ടുള്ള ഉത്തരവിൽ വിട്ടുനൽകുന്ന മി പ്ലേഗ്രൗണ്ടിനും സ്റ്റേഡിയം നിർമ്മിക്കുന്നതിനും മാത്രമേ പ്രയോജനപ്പെടുത്താവൂ എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണെന്നും ഇക്കാരണത്താൽ ടൂറിസം പ്രവർത്തനങ്ങൾക്കായി ബീച്ച് സ്ഥലം വിട്ടുനൽകാൻ സാധിക്കുകയില്ല എന്നും എം എൽ എ യെ അറിയിക്കാവുന്നതാണെന്ന് 31-12-24-ൽ ഫയലിൽ കുറിച്ചിട്ടുണ്ടെങ്കിലും ഇതനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിച്ചതായി ഫയലിൽ രേഖകളില്ല. ഭൂമി വിട്ടുകിട്ടി വർഷങ്ങൾ കഴിഞ്ഞിട്ടും വിട്ടുകിട്ടിയ ഭൂമി സർക്കാർ നിർദ്ദേശ പ്രകാരമുള്ള നിശ്ചിത ലക്ഷ്യങ്ങൾക്കായി സജ്ജമാക്കിയിട്ടില്ലാത്തതിന്റെ സാഹചര്യമാണുള്ളത്. കായൽ പുറമ്പോക്കിന്റെ 1989, 1994, 2007 വർഷങ്ങളിലെ അതിരുകൾ കൃത്യമായി നിർണ്ണയിക്കുന്നതിനാവശ്യമായ കെഡസ്ട്രൽ / ടോപ്പോമാപ്പുകൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് കേരള സ്റ്റേറ്റ് റിമോട്ട് എൻവയോൺമെന്റ് ഡയറക്ടർക്ക് കത്ത് നൽകിരുന്നതായും, ബീച്ച് സ്ഥലം അളന്നുതിട്ടപ്പെടുത്തി നൽകുന്നതിനുള്ള നടപടി വൈക്കം താലൂക്കോഫീസുമായി ബന്ധപ്പെട്ട് സ്വീകരിക്കാവുന്നതാണെന്ന റീസർവ്വേ സൂപ്രണ്ട് വൈക്കം നഗരസഭയെ രേഖാമൂലം അറിയിക്കുകയും ചെയ്തിരുന്നു. (11-11-24-Bi-509/24 ലെ കത്ത്). ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കണമെന്നും സ്ഥലം എപ്രകാരം പ്രയോജനപ്പെടുത്തണമെന്ന വിഷയത്തിൽ തീരുമാനമെടുത്തിട്ടില്ലാത്തത് സംബന്ധിച്ചും വിശദീകരണം ആവശ്യപ്പെട്ടതിന് (എൻക്വയറി നം. 61/25.02.2026) ലഭ്യമാക്കിയ മറുപടിയിൽ സർക്കാർ ഉത്തരവിൽ വിട്ടുനൽകുന്ന ഭൂമി കളിസ്ഥലത്തിനും സ്റ്റേഡിയം നിർമ്മിക്കുന്നതിനും മാത്രമേ പ്രയോജനപ്പെടുത്താവൂ എന്ന് വ്യവസ്ഥയുള്ളതിനാൽ ടൂറിസം പ്രവർത്തനങ്ങൾക്കായി സ്ഥലം വിട്ടുനൽകാൻ കഴിയില്ലെന്ന് 25-2-26-ൽ എം എൽ എ -യെ അറിയിച്ചിട്ടുണ്ടെന്നും അനധികൃത കയ്യേറ്റങ്ങൾ ഒഴിവാക്കി സ്ഥലം അളന്നുതിട്ടപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് വൈക്കം താലൂക്കോഫീസിൽ നിന്നും റീസർവ്വേ പൂർത്തിയായതിനു ശേഷം മാത്രമേ സ്ഥലം അളന്നു തിട്ടപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയൂ എന്ന് മറുപടി ലഭിച്ചതായും കൂടാതെ നിലവിൽ എല്ലാ വർഷവും അഷ്ടമി ലേലത്തിൽ സ്ഥ ലം ബീച്ച് ഫെസ്റ്റിനായി നൽകാറുണ്ടെന്നും വിശദീകരണം നൽകി.

കളിസ്ഥലവും സ്റ്റേഡിയവും നിർമ്മിക്കുന്നതിനായി ബീച്ച് സ്ഥലം വിട്ടുനൽകണമെന്ന നഗരസഭയുടെ അപേക്ഷയുടെ അടിസ്ഥാനത്തിലാണ് പ്രസ്തുത ലക്ഷ്യങ്ങൽക്കു വേണ്ടി മാത്രമേ പ്രയോജനപ്പെടുത്താവൂ എന്ന വ്യവസ്ഥയിൽ സർക്കാർ ബീച്ച് സ്ഥലം നഗരസഭയ്ക്ക് വിട്ടുതന്നിട്ടുള്ളത്. ബീച്ച് സ്ഥലം സ്പോർട്സ് സംബന്ധമായ ആവശ്യങ്ങൾക്കായി നീക്കിവച്ചിട്ടുള്ളതാകയാൽ കായികപ്രേമികളായ എല്ലാവർക്കും ഉപയോഗിക്കാൻ കഴിയും വിധം മനോഹരമായ കളിസ്ഥലവും അനുബന്ധ സൗകര്യങ്ങളും ഒരുക്കി നൽകാൻ എമർജിംഗ് വൈക്കത്തുകാർ എന്ന സാംസ്കാരിക കൂട്ടായ്മ രേഖാമൂലം (അഡ്മിന്റെ 10715/22/14-2-22 നമ്പർ

കത്ത്) ആവശ്യപ്പെട്ടിരുന്നതായും ഫയലിൽ കാണുന്നു. എന്നാൽ സ്ഥലം വിട്ടുകിട്ടി 35 വർഷങ്ങളായിട്ടും അളന്നു തിട്ടപ്പെടുത്തി അതിർത്തി നിർണ്ണയിക്കുന്നതിനും നിശ്ചിത ലക്ഷ്യങ്ങൾക്കായി സ്ഥലം സജ്ജമാക്കുന്നതിനും നടപടികൾ സ്വീകരിക്കാതിരുന്നത് ശരിയല്ല. ആയതിനാൽ ഈ വിഷയത്തിൽ സർക്കാർ നിർദ്ദേശാനുസരണം യുക്തമായ തീരുമാനങ്ങളെടുത്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്ന നഗരസഭ സാമ്പത്തിക താൽപര്യങ്ങൾ മുൻനിർത്തി ഇതരകാര്യങ്ങൾക്കായി ടി സ്ഥലം ഉപയോഗിക്കുകയോ വിട്ടുനൽകുകയോ ചെയ്യുന്നത് സർക്കാരിന്റെ പ്രത്യേകാനുമതിക്ക് വിധേയമായി മാത്രമേ ആകാവൂ എന്ന വിവരവും ശ്രദ്ധയിൽപ്പെടുത്തുന്നു. സ്ഥലം തീരദേശനിയന്ത്രണമേഖലയിൽ ഉൾപ്പെടുന്നതാണെങ്കിൽ ബന്ധപ്പെട്ട വകുപ്പിൽ നിന്നും നിരാക്ഷേപസാക്ഷ്യപത്രം ലഭ്യമായതിനുശേഷമേ സ്ഥലത്ത് കളിസ്ഥലവും സ്റ്റേഡിയവുമായി ബന്ധപ്പെട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്താവൂ എന്നും, നിർമ്മാണ പ്രവർത്തനങ്ങൾ ഭൂമേഖലയ്ക്കനുയോജ്യമായ തരത്തിലുള്ളതാകണമെന്നുമുള്ള കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണെന്നും അറിയിക്കുന്നു.

## 1-44 പെൻഷൻ ഫണ്ട്-അപാകതകൾ

വൈക്കം നഗരസഭയിൽ 34 റെഗുലർ പെൻഷൻകാരും (14 പേർ ഫാമിലി പെൻഷൻ കൈപ്പറ്റുന്നവർ, ശ്രീമതി കെ. റ്റി. കുമാരി രണ്ടും കൈപ്പറ്റുന്നുണ്ട്) 34 കണ്ടിജന്റ് പെൻഷൻകാരും (10 പേർ ഫാമിലി പെൻഷൻ കൈപ്പറ്റുന്നവർ) ഉൾപ്പെടെ ആകെ 68 പെൻഷൻകാർ നിലവിലുണ്ട്.

നഗരസഭയിലെ പെൻഷൻ വിതരണ രേഖകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കാത്തതിനാൽ നഗരസഭയ്ക്ക് പെൻഷൻ അലോട്ട്മെന്റ് ലഭിയ്ക്കുന്നില്ല

1996 -ലെ കേരള മുനിസിപ്പാലിറ്റി ജീവനക്കാരുടെ (റഗുലർ വിഭാഗം & കണ്ടിജന്റ് വിഭാഗം) ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ് ചട്ടങ്ങളിലെ ചട്ടം 8 പ്രകാരം പെൻഷൻ വിഹിതം അതത് മാസത്തെ ശമ്പള ബില്ലിനോടൊപ്പം മുനിസിപ്പൽ ഫണ്ടിൽ നിന്നും പിൻവലിച്ച് അതത് മാസം 15-ാം തീയതിക്ക് മുമ്പ് സെൻട്രൽ പെൻഷൻ ഫണ്ടിൽ വരവ് വെയ്ക്കുന്നതിലേക്ക് നഗരകാര്യ ഡയറക്ടർക്ക് ഡിമാന്റ് ഡ്രാഫ്റ്റായി സെക്രട്ടറി അയച്ച് കൊടുക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിരിക്കുന്നു. 2008-09 വർഷം മുതൽ നാളിതുവരെയായി റഗുലർ വിഭാഗം ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ സെൻട്രൽ പെൻഷൻ ഫണ്ടിലും കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അതത് മുനിസിപ്പാലിറ്റികളിൽ സൂക്ഷിക്കേണ്ട മുനിസിപ്പൽ പെൻഷൻ ഫണ്ടിലും പൂർണ്ണമായി അടവാക്കുന്നില്ല. പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കാത്തതിനാൽ നഗരസഭയ്ക്ക് പെൻഷൻ അലോട്ട്മെന്റ് ലഭിച്ചിരുന്നില്ല. പെൻഷൻ ഫണ്ട് ഇനത്തിൽ നഗരസഭയ്ക്ക് 2010-11 വർഷം മുതലുള്ള ടിശ്ശിക തുക ലഭിക്കാനുണ്ട്. പെൻഷൻ അലോട്ട്മെന്റ് ലഭിക്കാത്തതിനാൽ പെൻഷൻ വിതരണത്തിനായി തനതുഫണ്ടിൽ നിന്നും തുക ചെലവഴിക്കേണ്ട സാഹചര്യം നിലനിൽക്കുന്നു.

പെൻഷൻ ആനുകൂല്യങ്ങൾ തനത് ഫണ്ടിൽ നിന്നും അനുവദിച്ച് നൽകുന്നു

സെൻട്രൽ പെൻഷൻ ഫണ്ടിന്റെ അഭാവത്തിൽ സ ഉ (എംഎസ്) 49/2016/ 04.03.2016 പ്രകാരം വിരമിക്കുന്ന ജീവനക്കാരുടെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും അനുവദിക്കാവുന്നതാണ് തൻവർഷം റെഗുലർ പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് 88,51,525/- രൂപയും കണ്ടിജന്റ് പെൻഷൻ വിതരണത്തിനായി 67,86,237/- രൂപയുമായി ആകെ

1,56,37,762/- രൂപ നഗരസഭാ ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. (പ്രതിമാസ പെൻഷനും പേ റിവിഷൻ, ഡി എ കുടിശ്ശിക എന്നീ ആനുകൂല്യങ്ങളും ഉൾപ്പടെ.) നാളിതുവരെ ലഭിക്കാനിള്ള തുകയുടെ കണക്ക് നഗരസഭ സൂക്ഷിക്കുന്നില്ല. വാർഷിക കണക്കുകളിൽ ബാദ്ധ്യത തുക കണക്കാക്കി അക്കൗണ്ട് ചെയ്തിട്ടില്ല. 2024-25 വർഷം 799010100382130 അക്കൗണ്ടിൽ 3,32,756/- രൂപ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. പെൻഷൻ ഫണ്ട് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (34/20.02.2026) മറുപടി ലഭ്യമാക്കിയില്ല.

2. പെൻഷൻ വിതരണ രേഖകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല.

2024-25 ലെ തനത് ഫണ്ട് വൗച്ചറുകളോടൊപ്പം ജീവനക്കാർക്ക് അനുവദിച്ചിരുന്ന പെൻഷൻ / ഫാമിലി പെൻഷൻ തുക, ഡി.ആർ, റിക്കവറി, ജീവനക്കാരുടെ ബാങ്ക് അക്കൗണ്ട് നം, IFSC കോഡ്, പെൻഷൻ തുക തുടങ്ങിയ വിശദാംശങ്ങൾ അടങ്ങിയ പത്രിക സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ഈ പത്രികകളിൽ രേഖപ്പെടുത്തിയിരിക്കുന്ന ബാങ്ക് അക്കൗണ്ടുകളിലേക്ക് തന്നെയാണോ യഥാർത്ഥത്തിൽ പെൻഷൻ തുക അനുവദിക്കുന്നത് എന്നത് ഉറപ്പാക്കാനുള്ള രേഖകൾ ഫയലില്ല. ഇത് സംബന്ധിച്ച് സാക്ഷ്യപ്പെടുത്തിയ രേഖകൾ ബാങ്കിൽ നിന്നും വാങ്ങുന്നില്ല.

3. നഗരസഭയിലെ റഗുലർ/കണ്ടിജന്റ് പെൻഷൻകാരുടെ സമഗ്രമായ ഡേറ്റാബേസ് തയ്യാറാക്കിയിട്ടില്ല

റിട്ടയർ ചെയ്ത ജീവനക്കാരുടെ പേര്, ആധാർ നമ്പർ, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ, വെരിഫിക്കേഷൻ റിപ്പോർട്ട് പ്രകാരം അർഹമായതും അനുവദിച്ചതുമായ പെൻഷൻ ആനുകൂല്യങ്ങൾ, പെൻഷൻ റീസ്റ്റോറേഷൻ വിവരം, ഫാമിലി പെൻഷണർക്ക് ഉയർന്ന നിരക്ക് അനുവദിക്കുന്ന കാലയളവ്, പെൻഷൻ റിവിഷൻ എന്നിവ രേഖപ്പെടുത്തി പെൻഷൻ രജിസ്റ്റർ നഗരസഭയിൽ സൂക്ഷിക്കുന്നില്ല. ഫണ്ടിന്റെ കുറവ് മൂലം പെൻഷൻ ആനുകൂല്യങ്ങൾ പല തവണകളായിട്ടാണ് അനുവദിക്കാറുള്ളത്. ഓരോ ജീവനക്കാരനും അനുവദിക്കേണ്ടതും അനുവദിച്ചതുമായ പെൻഷൻ ആനുകൂല്യങ്ങളുടെ വിശദാംശം രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കാത്തതിനാൽ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിൽ ഇരട്ടിപ്പ്, കുറവ് എന്നിവയുണ്ടായാൽ കണ്ടുപിടിക്കുന്നതിന് കഴിയാതെ വരുന്നു. മാത്രമല്ല കമ്യൂട്ടേഷൻ കാലയളവിന് ശേഷമുള്ള പെൻഷൻ റീസ്റ്റോറേഷൻ, ഫാമിലി പെൻഷൻ ഉയർന്ന നിരക്കിൽ നിന്നും സാധാരണ നിരക്കിലേയ്ക്ക് മാറ്റുന്നുണ്ടോ, സമയബന്ധിതമായി പെൻഷൻ പരിഷ്കരിക്കുന്നുണ്ടോ തുടങ്ങിയവ യഥാസമയം പരിശോധിക്കുന്നതിന് സാധിക്കുന്നില്ല. സോഫ്റ്റ്‌വെയർ സഹായത്തോടെയല്ല നഗരസഭകളിലെ പെൻഷൻ ആനുകൂല്യങ്ങളുടെ വിതരണം നടത്തുന്നത്.

4. നഗരസഭയുടെ പെൻഷൻ ഫണ്ട് അക്കൌണ്ടുകളിലൂടെ വിനിമയം നടക്കുന്നില്ല.

1996 ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത്- കം- റിട്ടയർമെന്റ് ബെനഫിറ്റ്) ചട്ടങ്ങൾ ചട്ടം 10 പ്രകാരം പെൻഷൻകാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനു വേണ്ടി മാത്രമായി ട്രഷറിയിലോ ദേശസാൽകൃത ബാങ്കിലോ മുനിസിപ്പൽ പെൻഷൻ ഫണ്ട് എന്ന പേരിൽ അക്കൗണ്ട് തുടങ്ങേണ്ടതും 9-ാം ചട്ടത്തിലെ 3, 4 ഉപചട്ടങ്ങൾ അനുസരിച്ച് ഡയറക്ടർ അനുവദിയ്ക്കുന്ന തുക ഈ അക്കൗണ്ടിൽ വരവ് വെയ്ക്കേണ്ടതും ചട്ടം 11 പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് വിതരണം ചെയ്യേണ്ടതുമാണ്. വൈക്കം നഗരസഭയിൽ റെഗുലർ പെൻഷണർമാർക്ക് സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിയ്ക്കുന്ന പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനായും കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ തുക കണക്കാക്കി അടവാക്കുന്നതിനായും ട്രഷറി സേവിങ്സ് ബാങ്കിൽ യഥാക്രമം 799010100382130, 799010100382132 എന്നീ അക്കൗണ്ട് നമ്പറുകളിൽ പ്രത്യേകം പെൻഷൻ ഫണ്ട് അക്കൗണ്ടുകൾ

തുടങ്ങിയിട്ടുണ്ട് . എന്നാൽ വർഷങ്ങളായി (08/2009 മുതൽ) കണ്ടിജന്റ് ജീവനക്കാരുടെ ശമ്പളത്തിന് ആനുപാതികമായ പെൻഷൻ വിഹിതം കണക്കാക്കി പ്രസ്തുത അക്കൗണ്ടിലേക്ക് ഒടുക്കുന്നില്ല.

5. ലൈഫ് സർട്ടിഫിക്കറ്റുകളുടെ സൂക്ഷിപ്പ് .

തൻവർഷം പെൻഷൻ ആനുകൂല്യങ്ങൾ കൈപ്പറ്റിയവരുടെ ലൈഫ് സർട്ടിഫിക്കറ്റ് വാങ്ങി പ്രത്യേക ഫയലായി സൂക്ഷിച്ചിട്ടുണ്ടെങ്കിലും റെഗുലർ പെൻഷൻകാരിൽ ഫാമിലി പെൻഷൻ കൈപ്പറ്റിക്കൊണ്ടിരുന്ന ശ്രീമതി കെ. പത്മാക്ഷി, ശ്രീമതി വിജയമ്മ ഇ., കണ്ടിജന്റ് പെൻഷൻ കൈപ്പറ്റുന്ന ശ്രീമതി അജിതകുമാരി, ശ്രീമതി ഉമൈബ എന്ന വ്യക്തികളുടെ ലൈഫ് സർട്ടിഫിക്കറ്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ 2025 മാർച്ച് ലെ പെൻഷൻ വിതരണം താല്ക്കാലികമായി നിർത്തിവെച്ചിട്ടുണ്ട്. പെൻഷണർമാരുടെ ലൈഫ് സർട്ടിഫിക്കറ്റ് യഥാസമയം വാങ്ങി സൂക്ഷിയ്ക്കേണ്ടതാണ്. പെൻഷൻ രേഖകളുടെ സൂക്ഷിപ്പിലെ അപാകതകൾ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും നിലവിലും പരിഹരിച്ചിട്ടില്ല

മുനിസിപ്പൽ പെൻഷൻ ഫണ്ട് സംബന്ധിച്ച് സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിക്കുന്ന പത്രികയും ഇത് സംബന്ധിച്ച ഫയലുമാണ് ഓഡിറ്റിന് വിധേയമാക്കുന്നത്. പെൻഷൻ വിതരണത്തിന് നഗരസഭ ചെലവഴിക്കുന്ന തുകയും പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കുന്നതിന് നഗരസഭ ചെലവഴിക്കേണ്ടുന്ന തുകയും (ജീവനക്കാരുടെ മൊത്ത വേതനത്തിന്റെ 15%) തട്ടിക്കിഴിച്ചാണ് സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്ന് തുക അനുവദിക്കുന്നത്. എന്നാൽ ഇതിന്റെ കൃത്യത പരിശോധിക്കുന്നതിന് ഉചിതമായ രജിസ്റ്റർ നഗരസഭയിൽ സൂക്ഷിക്കുന്നില്ല. സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും നഗരസഭയ്ക്ക് ലഭിക്കേണ്ട തുകയും പ്രതിമാസ പെൻഷൻ വിതരണത്തിന് നഗരസഭ ചെലവഴിക്കുന്ന തുകയും, നീക്കിയിരുപ്പ് തുകയും രേഖപ്പെടുത്തുന്ന ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്

സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും മതിയായ അലോട്ട്മെന്റ് ലഭിക്കാതെ വരുമ്പോൾ പെൻഷൻ വിതരണത്തിനായി തനത് ഫണ്ട് നഗരസഭ വിനിയോഗിക്കുന്നു. ഇത്തരം സാഹചര്യത്തിൽ പ്രസ്തുത തനത് ഫണ്ട് മുനിസിപ്പൽ പെൻഷൻ ഫണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത ശേഷം പ്രസ്തുത അക്കൗണ്ടിൽ നിന്നാണ് പെൻഷൻ വിതരണം ചെയ്യേണ്ടത്. വിനിയോഗിക്കപ്പെടുന്ന തനത് ഫണ്ട് റീക്കൂപ്പ് ചെയ്യേണ്ട ക ആയതിനാൽ വ്യക്തമായ കണക്ക് സൂക്ഷിക്കേണ്ടതുണ്ട്. എന്നാൽ മുനിസിപ്പൽ പെൻഷൻ ഫണ്ടിലേക്ക് മാറ്റിയിടാതെ നഗരസഭ നേരിട്ട് തനത് ഫണ്ട് വിനിയോഗിക്കുന്നതിനാൽ മേൽപ്പറഞ്ഞ പ്രകാരം വിനിയോഗത്തിന്റെ കൃത്യമായ കണക്ക് ലഭ്യമാകാതെ വരുന്നു. ആയതിനാൽ പെൻഷൻ വിതരണത്തിന് ഉപയോഗപ്പെടുത്തുന്ന തനത് ഫണ്ടിന്റെ കണക്ക് കൃത്യമായി സൂക്ഷിക്കേണ്ടതും ആയത് റീക്കൂപ്പ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്

## 1- 45 ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ സ്കൂൾ പ്രവർത്തിയ്ക്കുന്നു

ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിൽ വരുന്ന ൾ കെട്ടിടങ്ങളുടെ സുരക്ഷിതത്വം സംബന്ധിച്ച വാർഷിക പരിശോധന എല്ലാ വർഷവും ഫെബ്രുവരി മാസം 28-ാം തീയതിക്കകം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ പരിശോധന നടത്തി വിദ്യാഭ്യാസ വകുപ്പ് മേധാവികൾക്ക് സമർപ്പിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത് (സർക്കുലർ നം. 45713(1)/M3/05/ GenEd/ Dt.10.3.06). എന്നാൽ നഗരസഭയിലെ ശ്രീ ശങ്കര പബ്ലിക്ക് സ്കൂളിന്റെ വാർഷിക സുരക്ഷിതത്വ പരിശോധന നടത്തി ഫിറ്റ്നെസ്സ് സാക്ഷ്യപത്രം നൽകിയിട്ടില്ല. നഗരസഭയിലെ എല്ലാ സ്കൂളുകളും ഫിറ്റനെസ്സ് സാക്ഷ്യപത്രം ലഭ്യമാക്കി പ്രവർത്തിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്

(അന്വേഷണക്കുറിപ്പ് 74/27.02.2026)

### 1-46 ടേക്ക് എ ബ്രേക്ക് - വഴിയോരവിശ്രമ കേന്ദ്രങ്ങൾ - കോവിലകത്തും കടവിലെ ടോയ്‌ലെറ്റ് സമുച്ചയം നാളിതുവരെ ഉപയോഗപ്രദമാക്കിയില്ല

| | |
|---|---|
| പ്രോജക്ട് | S260/25 ദളവാക്കുളം, കോവിലകത്തും കടവ് എന്നിവിങ്ങളിലെ ടേക്ക് എ ബ്രേക്ക് ടോയ്‌ലെറ്റുകളിൽ അനുബന്ധ സൗകര്യങ്ങൾ ഒരുക്കൽ |
| നിർവ്വഹണോദ്യാഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനിയർ |
| അടങ്കൽ | 1574823, ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവ് | 1524823 |
| കരാറുകാരൻ | ശ്രീ. റ്റി. ജി. ഗിരീശൻ |
| കരാർ നം./ തീയതി | AE/LSGD/VMC/31/23/24, 16.02.2024 |

സ.ഉ. (കൈ) 39/2020/ത.സ്വ.ഭ.വ, തീയതി. 20/02/2020, സ.ഉ. (കൈ) 45/ 2020/ത.സ്വ.ഭ.വ, തീയതി, 06/03/2020 എന്നീ ഉത്തരവുകൾ പ്രകാരം കേരള സർക്കാറിന്റെ 12 ഇന പരിപാടിയിൽ ഉൾപ്പെട്ട ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നിർബന്ധമായും പദ്ധതികൾ നടപ്പിലാക്കാൻ നിർദ്ദേശമുണ്ട്. റോഡ് മാർഗ്ഗം യാത്ര ചെയ്യുന്നവർക്കായി തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പൊതു ശുചിമുറികൾ സ്ഥാപിക്കുക (വഴിയിട വിശ്രമ കേന്ദ്രം) എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. കോവിലകത്തും കടവ് മാർക്കറ്റിൽ ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രം ഫീഡിങ്ങ് റൂം ഉൾപ്പെടെ 2021-22 പദ്ധതിയിൽ ആവിഷ്കരിച്ച് തുടർ വർഷങ്ങളിൽ കെട്ടിടം നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ടി കെട്ടിടത്തിന് അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിനാണ് മേൽ പ്രോജക്ട് പ്രകാരം തുക ചെലവഴിച്ചിട്ടുള്ളത്. ഫിനിഷിംഗ് വർക്കുകളായ പെയിന്റിംഗ്, ഫ്ലോറിംഗ് (ടൈൽ) എന്നിവയും, മുറ്റത്ത് പേവർ ബ്ലോക്ക് സ്ഥാപിക്കൽ G1 ഷീറ്റ് സ്ഥാപിക്കൽ എന്നിവയാണ് മേൽ പ്രോജക്ട് പ്രകാരം നടപ്പാക്കിയത്. കായലിൽ നിന്നും ഏകദേശം 30m മാത്രം അകലത്തിൽ കെട്ടിടം നിർമ്മിച്ചതിനാൽ CRZ ക്ലിയറിംഗ് ലഭിച്ചിട്ടില്ലെന്ന് മുൻ വർഷത്തെ റിപ്പോർട്ടിൽ പരാമർശമുണ്ട്. നിലവിലും കെട്ടിടം പ്രവർത്തനം ആരംഭിച്ചിട്ടില്ലെന്ന് 21/02/2026 ൽ നടത്തിയ ഭൗതിക പരിശോധനയിൽ കണ്ടു. ടോയ്‌ലെറ്റ് സമുച്ചയം പ്രവർത്തനം ആരംഭിക്കാത്തതിന്റെ സാഹചര്യം / സ്വീകരിച്ച നടപടികൾ എന്നിവ വ്യക്തമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (44/23.02.2026) മറുപടി ലഭ്യമാക്കിയില്ല. തുടർനടപടികൾ സ്വീകരിച്ച് ടോയ്‌ലെറ്റ് പ്രവർത്തനക്ഷമമാക്കേണ്ടതും പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുത്തേണ്ടതുമാണ്.

### 1-47 അങ്കണവാടി നിർമ്മാണം - തറനിർമ്മാണത്തിന മാത്രമായി പ്രോജക്ട് തയ്യാറാക്കി

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | S249/25, അങ്കണവാടി നിർമ്മാണം ആദ്യഘട്ടം വാർഡ് 19 പൈലിങ്ങ് ഉൾപ്പെടെ |
| അടങ്കൽ, ഫണ്ടിനം | 620000/-, ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവ് | 335788 |
| ബിൽ നമ്പർ , തീയതി | 59/8/7/24 |
| നിർവ്വഹണോദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |
| കരാറുകാരൻ | ശ്രീ. പി. കെ. ഷാജി, പനച്ചിത്തുരുത്ത് |

| | |
|---|---|
| കരാർ | AE/LSGD/VMC/15/23-24, 6.12.23 |
| എം.ബുക്ക് | LSGD/CELSGD/MB/111078/2022-5-1-1 |

വാർഡ് 19 ൽ പുല്ലുകുളത്തിന് സമീപം പുതിയ അങ്കണവാടി കെട്ടിടം നിർമ്മിക്കുകയായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം . 2022-23 വർഷം 259/23 നമ്പരായി രൂപീകരിച്ച പ്രോജക്ടിന് പ്രസ്തുത വർഷം 2,78,401/- രൂപയും 2024-25 ൽ 3,35,788/- രൂപയും ഉൾപ്പെടെ 614189/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ടിന്റെ നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19.4.22 ലെ ജി.ഒ (കൈ) 86/2022 പ്രകാരമുള്ള പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയുടെ ഖണ്ഡിക 3.5(8) പ്രകാരം കെട്ടിട നിർമ്മാണ പ്രോജക്ടുകളുടെ കാര്യത്തിൽ കെട്ടിടം ഉപയോഗിക്കാൻ കഴിയണമെങ്കിൽ എന്തെല്ലാം പ്രവൃത്തികൾ ചെയ്യണമോ അതെല്ലാം പ്രോജക്ടിൽ നിർബന്ധമായും ഉൾപ്പെടുത്തിയിരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. ഇതുകയ്ക്ക് അനുസൃതമായി ഒരു കെട്ടിടത്തിന്റെ ഭാഗികമായ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുവാനോ അംഗീകാരം നൽകുവാനോ പാടില്ല എന്നും പ്രസ്തുത ഉത്തരവിൽ വ്യവസ്ഥ ചെയ്യുന്നു. ഇത്തരത്തിൽ ഭാഗിക നിർമ്മാണത്തിന് പ്രോജക്ടുകൾ തയ്യാറാക്കുന്നത് വഴി ആസ്തികളുടെ പ്രയോജനം ലഭിക്കാതെ പോകുന്നതിനിടയാകുന്നു. മേൽ പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത് കെട്ടിടത്തിന്റെ തറ നിർമ്മാണത്തിനു മാത്രമായാണ്. തുടർ വർഷങ്ങളിൽ കെട്ടിട നിർമ്മാണം പൂർത്തിയാക്കാൻ പ്രോജക്ട് രൂപീകരിച്ചിട്ടില്ല. 21.02.2026 തീയതിയിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ കെട്ടിടത്തിനായി നിർമ്മിച്ച തറ പുല്ല് മൂടിയ അവസ്ഥയിലാണ് കാണപ്പെട്ടത്. നിർമ്മാണം നടത്തിയ സ്ഥലം നഗരസഭയുടെ ആസ്തിയാണ് എന്ന് തെളിയിക്കുന്ന രേഖകൾ ഫയലിൽ ലഭ്യമല്ല. ഭാഗിക കെട്ടിട നിർമ്മാണത്തിനു പ്രോജക്ട് തയ്യാറാക്കിയ സാഹചര്യം വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (51/23.02.2026) മറുപടി ലഭ്യമാക്കിയില്ല. നിർമ്മാണ പ്രവൃത്തികൾ സമഗ്രമായി ആവിഷ്കരിച്ച് നടപ്പിലാക്കാൻ ശ്രദ്ധിയ്ക്കേണ്ടതും, കെട്ടിട നിർമ്മാണം പൂർത്തിയാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. 6,14,189/- രൂപ ചെലവഴിച്ച മേൽ ആസ്തി ഫലപ്രാപ്തിയിലെത്തിയിട്ടില്ലാത്തതിനാൽ തൻവർഷത്തെ 3,35,788/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-48 അന്ധകാരത്തോട്ടിൽ കണക്ഷൻ ഡ്രെയിനേജ് നിർമ്മാണം- പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | S329/25, അന്ധകാരത്തോട്ടിൽ കണക്ഷൻ ഡ്രെയിനേജ് നിർമ്മാണം |
| അടങ്കൽ, ഫണ്ടിനം | 500000/-, ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവ് | 487690 |
| ബിൽ നമ്പർ , തീയതി | 160/11.09.2024 |
| നിർവ്വഹണോദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |
| കരാറുകാരൻ | ശ്രീ. വി. കെ. ഷാജി, ദേവാഞ്ജലി വൈക്കം |
| കരാർ | AE/LSGD/VMC/47/23-24, 7.03.24 |
| എം.ബുക്ക് | LSGD/CELSGD/MB/3962/2024-5-1-1 |

നഗരസഭ വാർഡ് 20 യൂണിയൻ ബാങ്ക് റോഡിലെ വെള്ളക്കെട്ടൊഴിവാക്കുന്നതിന് വേണ്ടി 45 M

നീളത്തിൽ നിലവിലുള്ള റോഡിന് മുകളിൽ ഓട നിർമ്മിച്ച് നിലവിലുള്ളതുമായി ബന്ധിപ്പിക്കുന്നതിനാണ് മേൽ പ്രോജക്റ്റ് തയ്യാറാക്കിയിരുന്നത്. പ്രസ്തുത റോഡിൽ 21.02.2026 ൽ ഭൗതിക പരിശോധന നടത്തിയതിൽ ഓട നിർമ്മാണം കയർ പ്രോജക്റ്റ് ഓഫീസിന്റെ മുൻ ഭാഗത്തു നിന്നാരംഭിച്ച് സമീപത്തുള്ള വീടിന്റെ മുൻഭാഗത്ത് നിർമ്മാണം അവസാനിപ്പിച്ചിട്ടുള്ളതായി കാണാൻ സാധിച്ചു. എസ്റ്റിമേറ്റ് പ്രകാരമുള്ള നിർമ്മാണം പൂർത്തിയാക്കിയെങ്കിലും നിലവിലുള്ള ഓടയുമായി ബന്ധിപ്പിച്ചിട്ടില്ല. ആയതിനാൽ വെള്ളത്തിന്റെ സുഗമമായ ഒഴുക്ക് സാദ്ധ്യമാക്കി പ്രോജക്റ്റ് ലക്ഷ്യം കൈവരിക്കുവാൻ സാധിച്ചില്ല. കൂടാതെ നിർമ്മാണം നടത്തിയ റോഡ് നഗരസഭയുടെ ആസ്തിയിൽ ഉൾപ്പെട്ടതിന്റെ രേഖകളും ലഭ്യമല്ല. പ്രോജക്റ്റ് ഫയലിൽ റോഡുമായി ബന്ധപ്പെട്ട് കോടതി കേസുള്ളതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യണമെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. റോഡിന്റെ ഉടമസ്ഥത, കോടതി കേസിന്റെ വിശദാംശങ്ങൾ, പ്രോജക്റ്റ് പാതിവഴിയിൽ അവസാനിപ്പിച്ചതിന്റെ കാരണം എന്നിവ രേഖാമൂലം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (52/23.02.2026) മറുപടി ലഭ്യമാക്കിയില്ല.

അപാകതകളിന്മേൽ ചുമതലപ്പെട്ട സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരുടെ വിശദീകരണം സഹിതമുള്ള മറുപടി ലഭ്യമാക്കേണ്ടതും ന്യൂനതാ പരിഹാര നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. അപാകതകളുടെ അടിസ്ഥാനത്തിൽ 4,87,690/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-49 പഠനമുറി നിർമ്മാണം - രേഖകൾ ലഭ്യമായില്ല.

മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി പഠനമുറി നിർമ്മാണം എന്ന പ്രോജക്റ്റിനായി ബിൽ നമ്പർ 85/27.03.23 പ്രകാരം വികസനഫണ്ട് (എസ്.സി.പി) യിൽ നിന്നും 50,000/- രൂപ പിൻവലിച്ചിട്ടുണ്ട്. പ്രോജക്റ്റ് ഫയലുകളും അനുബന്ധ രേഖകളും ഓഡിറ്റിന് ലഭ്യമായിട്ടില്ല.. അപാകതയ്ക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 47/23.02.2026) മറുപടിയോ രേഖകളോ ലഭ്യമാക്കിയില്ല. ചെലവ് രേഖകൾ ലഭ്യമല്ലാത്തതിനാൽ 50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-50 റോഡ് ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലിവീപ്പകളുടെ വില തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 30-10-17-ലെ 59827/എഫ്.എം /07 നമ്പർ സർക്കുലർ പ്രകാരം ടാറിംഗ് പ്രവൃത്തികളിൽ ഉപയോഗിക്കുന്ന ടാർ വീപ്പകളുടെ വില ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അഥവാ ഏത് ഫണ്ട് വിനിയോഗിച്ചാണോ പ്രവൃത്തി നടത്തിയത് അതേ ഫണ്ടിലേക്ക് ധനകാര്യ വകുപ്പിന്റെ 12-4-06-ലെ ജി. ഒ. (പി) 177/06/ നമ്പർ ഉത്തരവിലെ ഖണ്ഡിക 10.3 പാലിച്ച് തിരിച്ചടയ്ക്കേണ്ടതാണ്. ഓഡിറ്റിന് ലഭ്യമാക്കിയ റോഡ് ടാറിംഗ് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ വികസന ഫണ്ട് ജനറൽ, എസ്. സി. എസ്. പി., മെയിന്റനൻസ് ഗ്രാന്റ് റോഡ് എന്നീ ഫണ്ടുകൾ ഉപയോഗിച്ച് നിർവ്വഹിച്ച വിവിധ റോഡ് ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും (നമ്പർ 339/25) ടാർ വീപ്പകളുടെ വിലയും ജി എസ് റ്റിയും ഉൾപ്പെടെയുള്ള ക ട്രഷറിയിൽനിന്നും പിൻവലിച്ചിട്ടുണ്ടെങ്കിലും ബാരൽ വിലയും ആയതിന്റെ ജിഎസ് റ്റിയും നിശ്ചിത ശീർഷകങ്ങളിൽ സർക്കാരിലേക്ക് തിരിച്ചടയ്ക്കാതെ നഗരസഭയുടെ തനതു ഫണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുള്ളതായി കാണുന്നു. (സെക്രട്ടറിയുടെ നമ്പർ അക്കൗണ്ട് 799013000000084).

പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലി വീപ്പകളുടെ വിലയും ജി എസ് റ്റിയും തനത് ഫണ്ടിൽ

സൂക്ഷിച്ചിരിക്കുന്നത് ക്രമപ്രകാരമല്ല. അപാകതയിൽ വിശദീകരണം ആവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന് (45/23.02.2026) മറുപടി ലഭ്യമാക്കിയില്ല. ബാരൽ വില ഏത് ഫണ്ട് വിനിയോഗിച്ചാണോ പ്രവൃത്തി നടത്തിയത് അതേ ഫണ്ടിലേക്കും ജി. എസ്. റ്റി. ബന്ധപ്പെട്ട വകുപ്പിലേക്കും അടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-51 വൈക്കം താലൂക്ക് ആശുപത്രിയിൽ എക്സ്റേ ഫിലിം വാങ്ങൽ-വിതരണ ഏജൻസിയുടെ ബില്ലിൽനിന്ന് ജി.എസ്.ടി ടി.ഡി.എസ്.നടത്തിയില്ല

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | സൂപ്രണ്ട്, താലൂക്ക് ഹെഡ് ക്വാർട്ടർ ആശുപത്രി, വൈക്കം |
| പ്രോജക്റ്റ് നം. | എസ്.0030/25, വൈക്കം താലൂക്ക് ആശുപത്രിയിൽ എക്സ്റേ ഫിലിം വാങ്ങൽ |
| അടങ്കൽ | ₹4,00,000/- (മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം ) |
| ചെലവ് | ₹262080/-<br>(ബിൽ നം. 246/03.01.2025 )<br>₹134400/- (ബിൽ നം. 26.10.2024 ) |

വൈക്കം താലൂക്ക് ആശുപത്രിയിലേക്കാവശ്യമായ എക്സ്റേ ഫിലിം ടെണ്ടർ നടപടികളിലൂടെ ബാപ്സൺ മെഡിക്കൽ സിസ്റ്റം, തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്ന് പ്രസ്തുത പ്രോജക്റ്റ് പ്രകാരം വാങ്ങിയിട്ടുണ്ട്. 2017-ലെ കേന്ദ്ര- സംസ്ഥാന ചരക്ക-സേവന നികുതി നിയമങ്ങളുടെ വകുപ്പ് 51(1) എന്നിവ അനുസരിച്ച്, ആകെ കരാർ മൂല്യം 2.50 ലക്ഷത്തിൽ അധികമാകുന്ന സാധനങ്ങളുടെയോ സേവനങ്ങളുടെയോ ബില്ലുകളുടെ സ്രോതസ്സിൽ നിന്നും CGST, SGST ഇനങ്ങളിൽ കരാർ മൂല്യത്തിന്റെ 1% വീതം (ആകെ 2%) തുക TDS ആയി കുറവു ചെയ്യേണ്ടതാണ്. എന്നാൽ സ്ഥാപനം ഹാജരാക്കിയ ടാക്സ് ഇൻവോയ്സ് നം. BMS/24-25/B0672/ 06.09.2024 പ്രകാരം ₹1,34,400/- രൂപയും നം. BMS/24-25/ B0903/ 01.11.2024 പ്രകാരം ₹2,62,080/- രൂപയും ഉൾപ്പെടെ ആകെ 3,96,480/- രൂപ നൽകിയ വേളയിൽ സ്രോതസ്സിൽ നിന്നും ജി.എസ്.ടി. ഇനത്തിൽ തുക കുറവു ചെയ്തിട്ടില്ല.

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 35/20.02.2026) ന് മറുപടി ലഭ്യമാക്കിയില്ല.

ജിഎസ്.ടി നിയമ പ്രകാരം ടി.ഡി.എസ് നടത്താതിരുന്നത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ വീഴ്ചയാണ്. പ്രസ്തുത ഇടപാടിന് കരാർ കമ്പനി ഫയൽ ചെയ്ത ത്രൈമാസ റിട്ടേൺ ഹാജരാക്കി കേന്ദ്ര- സംസ്ഥാന സർക്കാരുകൾക്ക് നഷ്ടം സംഭവിച്ചിട്ടില്ലായെന്ന് ഉറപ്പ വരുത്തേണ്ടതും അല്ലാത്തപക്ഷം ആയതിന് പ്രസ്തുത നിയമത്തിലെ സെക്ഷൻ 122(1)(v) അനുശാസിക്കുന്ന പിഴ ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 1-52 സ്കൂളുകൾക്ക് ലാപ് ടോപ്പ് - സർക്കാർ നിർദ്ദേശം പാലിച്ചില്ല.- അധികം തുക ചെലവഴിച്ചു

| | |
|---|---|
| പ്രോജക്റ്റ് നമ്പർ , പേര് | നം. S139/25, സ്കൂളുകൾക്ക് ലാപ് ടോപ്പ്, കമ്പ്യൂട്ടർ ഉപകരണങ്ങൾ എന്നിവ വാങ്ങൽ |
| അടങ്കൽ ,ഫണ്ടിനം | 15,00,000/-, റോഡിതര സംരക്ഷണ ഗ്രാന്റ് |
| ചെലവ്, ബിൽ നമ്പർ , തീയതി | 1469670<br>ബിൽ നമ്പർ<br>1.485/24.3.25 -489890<br>2. 484/24.3.25-489890<br>3. 483/24.3.25-489890 |

| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ്മിസ്ട്രസ്സ് ഗവ എൽ പി എസ് |
|---|---|

പ്രസ്തുത പ്രോജക്റ്റ് പ്രകാരം ജെം മുഖേന കെ. എം. ടെക്നോളജീസ്, വടവാതൂർ, കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നും മേൽ തുക ചെലവഴിച്ച് 30 ലാപ്ടോപ്പുകൾ വാങ്ങി വിവിധ സ്കൂളുകൾക്ക് നൽകിയിട്ടുണ്ട്.

പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു

1. പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള മുഴുവൻ സ്ഥാപനങ്ങൾക്കും സ്കൂളുകൾക്കും ആവശ്യമായ ഐ. സി. ടി. ഹാർഡ് വെയർ ഉപകരണങ്ങൾ സർക്കാർ ഫണ്ടോ എം.പി / എം.എൽ.എ / തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ വിവിധ സ്കീമുകൾക്കുള്ള ഫണ്ട് ഉപയോഗിച്ച് വാങ്ങുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും സ്പെസിഫിക്കേഷനും പൊതു വിദ്യാഭ്യാസ വകുപ്പിന്റെ 27.9.2019 ലെ സ.ഉ (സാ.ധാ) നമ്പർ 3847/2019 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പൊതു വിദ്യാഭ്യാസ വകുപ്പിന്റെ 30.1.2023 ലെ സ.ഉ (സാ.ധാ) നമ്പർ 818/2023 ഉത്തരവനുസരിച്ച് ഒരു ലാപ് ടോപ്പിന് ഈടാക്കാവുന്ന പരമാവധി വില 35,207/- രൂപയാണ്. എന്നാൽ ജെം മുഖേന കെ. എം. ടെക്നോളജീസിൽ നിന്നും വാങ്ങിയപ്പോൾ ചുവടെ ചേർക്കും പ്രകാരം അധികം ചെലവഴിച്ചിട്ടുണ്ട്.

| ഇനം | വാങ്ങിയ നിരക്ക് | വാങ്ങാവുന്ന നിരക്ക് | അധികം |
|---|---|---|---|
| ലാപ് ടോപ്പ് | ഒന്നിന് ജി എസ് റ്റി ഉൾപ്പെടെ 48,989/- രൂപ വീതം 30 എണ്ണത്തിന് 14,69,670/- | ഒന്നിന് ജി എസ് റ്റി ഉൽപ്പെടെ (35207/- വീതം 30 എണ്ണത്തിന് 1056210/- | 413460 |

2) മേൽ സൂചിത ഉത്തരവിന്റെ ക്രമ നമ്പർ 3 പ്രകാരം വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നൽകുന്ന എല്ലാ ഐ.ടി ഉപകരണങ്ങൾക്കും 5 വർഷ വാറന്റി ഉറപ്പ് വരുത്തേണ്ടതാണ്. എന്നാൽ കെ എം ടെക് ലോളജീസ് ലഭ്യമാക്കിയ ലാപ് ടോപ്പിന് 3 വർഷ വാറന്റി മാത്രമാണ് .

3).The Central Goods & Services Tax Act-2017, The Kerala State Goods & Services Tax Act-2017 എന്നീ നിയമങ്ങളിലെ സെക്ഷൻ 51 (1) പ്രകാരം GST ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്തതിന് ശേഷം ബിൽ തുക അനുവദിക്കുമ്പോൾ ആകെ കരാർ തുക 2.5 ലക്ഷം രൂപയിൽ അധികരിക്കുന്ന പക്ഷം കരാർ തുകയുടെ 1% CGST, 1% SGST എന്നിങ്ങനെ ആകെ 2% തുക സ്രോതസ്സിൽ (ടി.ഡി.എസ്.) കുറവ് ചെയ്യേണ്ടതാണ്. ടി.ഡി.എസ്. നടത്താത്തതിനാൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് ലഭിക്കേണ്ട നികുതി ക്രമീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല. സ്ഥാപനം തുക ഉൾപ്പെടുത്തി റിട്ടേൺ ഫയൽ ചെയ്തിട്ടുണ്ടെന്ന് ഡിക്ലറേഷൻ ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയതിനെ സാധൂകരിക്കുന്ന ജി എസ് റ്റി വകുപ്പിൽ നിന്നുള്ള രേഖകൾ ലഭ്യമല്ല. സർക്കാർ നിർദ്ദേശം പാലിക്കാതെ വാങ്ങൽ നടത്തി അധികം തുക ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (38/23.02.2026) മറുപടിയായി ഹയർ സെക്കണ്ടറി സ്കൂളിൽ കണക്ക് ലാബ് പരീക്ഷ നടത്തുവാനാണ് ലാപ്പ് ടോപ്പുകൾ വാങ്ങിയത് എന്നും കൗൺസിൽ തീരുമാന പ്രകാരമാണ് ജെം പോർട്ടൽ വഴി വാങ്ങിയതെന്നും മറുപടി ലഭ്യമാക്കി. എന്നാൽ അധികം തുക ചെലവഴിച്ചതിനും മറ്റ് അപാകതകൾക്കുമുള്ള വിശദീകരണം മറുപടിയിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ അധികം ചെലവഴിച്ച 4,13,460/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. നിരാകരിച്ച തുക ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. മറ്റ് അപാകതകൾക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കാത്തതിനാൽ നിരാകരിച്ച തുകയുടെ ബാക്കി 10,56,210/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1- 53 സ്കൂൾ വിദ്യാർത്ഥിനികൾക്ക് ഷീ പാഡ് പദ്ധതി-പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ , പേര് | നം. 295/25, സ്കൂൾ വിദ്യാർത്ഥിനികൾക്ക് ഷീ പാഡ് പദ്ധതി |
| അടങ്കൽ ,ഫണ്ടിനം | 4,00,000/-, വികസന ഫണ്ട് പൊതു വിഭാഗം |
| ചെലവ്, ബിൽ നമ്പർ, തീയതി | 3,92,590/-, ബിൽ നമ്പർ 149/2.9.2024 |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ്മിസ്ട്രസ്സ് ഗവ എൽ പി എസ് |

സംസ്ഥാനത്തെ സർക്കാർ / എയ്ഡഡ് സ്കൂളുകളിൽ 6 മുതൽ 12 വരെയുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥിനികൾക്ക് സാനിട്ടറി നാപകിൻ, ഉപയോഗിച്ച നാപ്കിനുകൾ പ്രകൃതിക്ക് ദോഷകരമല്ലാത്ത രീതിയിൽ കത്തിക്കുന്നതിനുള്ള നാപ്കിൻ ഡിസ്പോയർ, സാനിട്ടറി നാപ്കിനുകൾ കേടു കൂടാതെ സൂക്ഷിക്കുന്നതിനുള്ള അലമാര എന്നിവ വിതരണം ചെയ്യുന്ന ' ഷീ പാഡ് ' എന്ന പദ്ധതി പ്രകാരം സിഡ്കോ-യിൽ നിന്നും 7 സിംഗിൾ ചേമ്പർ ഇൻസിനറേറ്റർ മെഷീനും 7 നാപ്കിൻ വെൻഡിങ്ങ് മെഷീനും വാങ്ങി നഗരസഭയിലെ വിവിധ സ്കൂളുകൾക്ക് നൽകിയിട്ടുണ്ട് .

| സ്കൂളുകളുടെ പേര് | എണ്ണം |
|---|---|
| GGHSS വൈക്കം | 2 |
| GHSS തെക്കേനട വൈക്കം | 2 |
| GUPS അയ്യർകുളങ്ങര | 1 |
| GVHSS വൈക്കം വെസ്റ്റ് | 2 |

24.02.2026ൽ സ്കൂളുകളിൽ നടത്തിയ ഭൗതിക പരിശോധനയിൽ തെക്കേനട GHSS ൽ മാത്രമാണ് വെൻഡിങ്ങ് മെഷീനും ഇൻസിനറേറ്ററും പ്രവർത്തിക്കുന്നതായി കണ്ടത്. വെൻഡിങ്ങ് മെഷീൻ മറ്റെല്ലാ സ്കൂളുകളുടേയും സ്റ്റാഫ് റൂമുകളിൽ വെൻഡിംഗ് മെഷീനുകളും ടോയ് ലറ്റുകളിൽ ഡിസ്പോയർ യൂണിറ്റുകളും സ്ഥാപിച്ചിട്ടുണ്ടെങ്കിലും നിലവിൽ ഒന്നും പ്രവർത്തിക്കുന്നില്ല. GUPS അയ്യർകുളങ്ങരയിൽ ഇൻസിനറേറ്റർ സ്ഥാപിച്ചിട്ടുള്ള ടോയ് ലറ്റ് ബ്ലോക്ക് നാളിതുവരെ വൈദ്യുതീകരിച്ചിട്ടില്ല. ആയതിനാൽ പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല എന്ന് വിലയിരുത്തുന്നു. വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (58/24.02.2026) തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. വെൻഡിങ്ങ് മെഷീനും ഇൻസെനറേറ്ററും പ്രവർത്തനക്ഷമമാക്കി വിവരം അറിയിക്കേണ്ടതാണ്. ആയതുവരെ പ്രവർത്തിയ്ക്കാത്ത മെഷിനറികൾക്കായി ചെലവഴിച്ച 2,80,421/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-54 സ്വയംതൊഴിൽ (വനിത) – തൊഴിൽസംരംഭം പ്രവർത്തിക്കുന്നില്ല.

| | |
|---|---|
| പ്രോജക്ട് | 80/25(78/24) സ്വയംതൊഴിൽ (വനിത) വ്യക്തിഗതം |
| അടങ്കൽ | 360983/- (വികസന ഫണ്ട്- ജനറൽ)<br>400000<br>760983 |
| ചെലവ് | 90000/- (ബിൽനമ്പർ-2/9-5-24)<br>90000/- (ബിൽനമ്പർ- 355/24-2-25<br>180000/- |

ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി 2023-24 വാർഷിക പദ്ധതിയിൽ ആവിഷ്കരിച്ചതാണ് മേൽ പ്രോജക്ട്. 2023-24വർഷം പ്രോജക്ടിന്റെ ഭാഗമായി തുകയൊന്നും

ചെലവഴിച്ചിട്ടില്ല. 2024-25-ൽ സ്പിൽ ഓവർ പ്രോജക്ട് പ്രകാരം രണ്ട് ഗുണഭോക്താക്കൾക്ക് 90000/- വീതം ആകെ 1806000/-രൂപ അനുവദിച്ച നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | ഗുണഭോക്താവ് | ഫയൽ പ്രകാരം ആരംഭിച്ച സംരംഭം |
|---|---|---|
| 1 | ഷീലാ രവീന്ദ്രൻ, തച്ചേഴത്തുചിറ, കൊച്ചുകവല, വാർഡ്- 21 | കൃഷ്ണാ ടെയ് ല റിംഗ് യൂണിറ്റ് |
| 2 | ജലജ എം ജി, മുണ്ടുപറമ്പിൽ, അയ്യർകുളങ്ങര | അഞ്ജലി ലേഡീസ് കോർണർ, ടൗൺ ഹാളിനു സമീപം , തെക്കേ നട |

ശ്രീമതി ഷീലാ രവീന്ദ്രൻ എന്ന ഗുണഭോക്താവിന്റെ ഫയൽ പരിശോധിച്ചതിൽ സംരംഭത്തിനുള്ള ലധന ആസ്തി സൃഷ്ടിക്കലിന്റെ ഭാഗമായി 2 പവർ മെഷീനുകളും തുണിത്തരങ്ങളും ഉൾപ്പെടെ ആകെ 1,47,740/- രൂപയുടെ തയ്യൽ സാമഗ്രികൾ വാങ്ങിയതിന്റെ ബില്ലുകൾ സൂക്ഷിച്ചിട്ടുണ്ട്. സ്വന്തം വീടിന്റെ മുകൾനിലയിൽ സംരംഭം ആരംഭിക്കുന്നതായി അപേക്ഷയിൽ പറഞ്ഞിട്ടുണ്ടെങ്കിലും 21-2-26- ൽ നേരിട്ട നടത്തിയ പരിശോധനയിൽ തൊഴിൽ സംരംഭം ആരംഭിച്ചിട്ടുള്ളതായോ നിലവിൽ പ്രവർത്തിക്കുന്നതായോ ബോധ്യപ്പെട്ടിട്ടില്ല. പഴയ ഒരു സാധാരണ മെഷീൻ മാത്രം ഉണ്ടെന്നതൊഴിച്ചാൽ ഒരു തയ്യൽ യൂണിറ്റ് പ്രവർത്തിക്കുന്നതിന്റെ യാതൊരു ലക്ഷണങ്ങളും ഇല്ലെന്നു മാത്രമല്ല വാങ്ങിയതായി ബിൽ സൂക്ഷിച്ചിട്ടുള്ള പവർ മെഷീനുകൾ ഒന്നുപോലും കാണാൻ സാധിച്ചിട്ടുമില്ല. സ്പിൽ ഓവർ പ്രോജക്ട് പ്രകാരം 2024-25 വർഷമാണ് തുക ചെലവഴിച്ചിട്ടുള്ളതെങ്കിലും വാർഷിക പദ്ധതി വരവു ചെലവു പത്രികയിൽ പ്രസ്തുത സ്പിൽ ഓവർ പ്രോജക്ട് ഉൾപ്പെട്ടു കാണുന്നില്ല .

രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് മേൽ അപാകതൾ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും (ഓഡിറ്റ് എൻക്വയറി നമ്പർ-37/21-2-26) മറുപടി ലഭ്യമായിട്ടില്ല. മേൽ പരാമർശിത അപാകതകളുടെ വെളിച്ചത്തിൽ പ്രസ്തുത സംരംഭത്തിനായി അനുവദിച്ച 90000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകതകൾ പരിഹരിച്ച് സംരംഭം പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും അല്ലാത്തപക്ഷം തുക പലിശ സഹിതം തിരികെ ഈടാക്കി സർക്കാരിലേക്ക് തിരികെ അടവാക്കേണ്ടതും തുടർനടപടികളുടെ വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-55 നാപ്കിൻ ഡിസ്പോസൽ മെഷീൻ സ്ഥാപിക്കൽ -മെഷീനുകൾ ഉപയോഗപ്രദമല്ല.

| | |
|---|---|
| പ്രോജക്ട് | S228/25 ദളവാക്കുളം, കോവിലകത്തുംകടവ്, ഫയർ സ്റ്റേഷൻ എന്നിവിടങ്ങളിലും മറ്റ് ടേക്ക് എ ബ്രേക്ക് കെട്ടിടങ്ങളിലും നാപ് കിൻ ഡിസ്പോസൽ മെഷീൻ സ്ഥാപിക്കൽ |
| അടങ്കൽ | 2,21,880/- (സി എഫ് സി ടൈഡ് ഫണ്ട്) |
| ചെലവ് | 1,02,660/- |
| ബിൽനമ്പർ | 200/23-10-24 |

'ദളവാക്കുളം, കോവിലകത്തുംകടവ്, ഫയർസ്റ്റേഷൻ എന്നിവിടങ്ങളിലെ ടേക്ക് എ ബ്രേക്കുകളിലും മറ്റ് ടേക്ക് എ ബ്രേക്ക് കെട്ടിടങ്ങളിലും നാപ് കിൻ ഡിസ്പോസൽ മെഷീൻ സ്ഥാപിക്കൽ ' എന്ന മേൽ പ്രോജക്ട് പ്രകാരം ശുചിത്വ മിഷൻ അംഗീകാരമുള്ള എച്ച് എൽഎൽ ലൈഫ് കെയർ ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും മെഷീനുകൾ നേരിട്ട് വാങ്ങുന്നതിന് തീരുമാനിക്കുകയും, ഒരു വർഷ വാറന്റിയോടു കൂടിയ ഡബിൾ ചേമ്പർ മെഷീനുകൾ രണ്ട് വർഷത്തെ എ എം സി, മെഷീൻ സ്ഥാപിക്കൽ, ട്രെയിനിംഗ് എന്നിവ ഉൾപ്പെടെ 51,330/- രൂപ യൂണിറ്റ് നിരക്ക് രേഖപ്പെടുത്തിയ ക്വട്ടേഷൻ കൗൺസിൽ അംഗീകരിക്കുകയും (15-3-25-ലെ

അജണ്ട-4) സ്ഥാപനത്തിന് വർക്ക് ഓർഡർ നൽകുകയും ചെയ്തു. 26-3-24-ലെ 9422002124 നമ്പർ ഇൻവോയ്സ് പ്രകാരം 2 മെഷീനുകളുടെ വിലയിനത്തിൽ 1,02,660/- രൂപ സ്ഥാപനത്തിന് അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 5-3-24-ലെ തീരുമാന പ്രകാരം ദളവാക്കുളം, കോവിലകത്തുംകടവ് ടേക്ക് എ ബ്രേക്ക് ടോയ് ലറ്റുകളിൽ ടി മെഷീനുകൾ സ്ഥാപിച്ചിട്ടുള്ളതായി ഹെൽത്ത് ഇൻസ്പെക്ടർ റിപ്പോർട്ട് നൽകിയിട്ടുള്ളതായും കാണുന്നു.

മെഷീൻ പ്രവർത്തിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ആർക്കെങ്കിലും ട്രെയിനിംഗ് നൽകിയിട്ടുള്ളതായി ഫയലിൽ വ്യക്തമാക്കിയിട്ടില്ല. 21-2-26-ൽ പ്രസ്തുത സ്ഥലങ്ങൾ നേരിട്ട് സന്ദർശിച്ചതിൽ ദളവാക്കുളത്ത് ടേക്ക് എ ബ്രേക്ക് കെട്ടിടത്തിൽ ഇൻസിനറേറ്റർ സ്ഥാപിച്ചിട്ടുണ്ടെങ്കിലും പ്രവർത്തിപ്പിക്കാതെ പൂട്ടിയിട്ടിരിക്കുന്നതായിട്ടാണ് കണ്ടത്. മെഷീൻ ഉപയോഗിക്കുന്നില്ലായെന്ന് സൂക്ഷിപ്പുകാരൻ അറിയിക്കുകയും ചെയ്തു. കോവിലകത്തും കടവിലെ ടേക്ക് എ ബ്രേക്ക് സംവിധാനം പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കാതെ അടച്ചിട്ടിരിക്കുന്ന നിലയിലുമാണ് കാണുന്നത്. മെഷീനുകൾ ഉപയോഗിച്ചിട്ടില്ലാത്തതിനാൽ നിലവിൽ അവ പ്രവർത്തനക്ഷമമാണോയെന്ന് വ്യക്തമല്ല. വാറന്റി പീരീഡ് വ്യഥാ നഷ്ടമാകുന്ന സാഹചര്യവും നിലനിൽക്കുന്നു.

മേൽ അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-41/22-2-26) മറുപടി ലഭ്യമാക്കിയിട്ടില്ല. മെഷീനുകൾ സ്ഥാപിച്ചെങ്കിലും പൊതുജനങ്ങൾക്ക് ഉപയോഗപ്രദമാകാത്തതിനാൽ 1,02,660/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രണ്ട് സ്ഥലങ്ങളിലും സ്ഥാപിച്ചിട്ടുള്ള മെഷീനുകൾ പൊതുജനങ്ങൾക്ക് ഉപയോഗപ്രദമാകുന്നതിനുള്ള നടപടികൾ ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ സ്വീകരിക്കേണ്ടതാണ്.

**1-56 തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം - 2012- 13 ൽ തുക കൈമാറിയ പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.**

ഫയൽ നമ്പർ- E1-8747/23 ( കെ സ്മാർട്ട് ഫയൽ - 398482)

തെരുവു വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട സൂചന ഫയൽ പരിശോധിച്ചതിൽ 2012-13 സാമ്പത്തിക വർഷം വഴിവിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം നടപ്പിലാക്കൽ എന്ന പ്രോജക്ടിനായി 2,80,900/- (Proj. No123/13) ഇലക്ട്രിക് ലൈൻ ദീർഘിപ്പിക്കൽ എന്ന പ്രോജക്ടിനായി ( Proj. No123/13) 2,80900/- രൂപയും ഉൾപ്പെടെ ആകെ 5,61,800/- രൂപ.ഡി ഡി നം-623735/ 7-3-23 പ്രകാരം കെഎസ്ഇബി യിൽ ഡെപ്പോസിറ്റ് ചെയ്തിരുന്നതായി കാണുന്നു. എന്നാൽ പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട് കെഎസ്ഇബി യുമായി കരാർ ചമച്ചിരുന്നില്ല. തുടർന്ന് 2013 മുതൽ 2022 വരെയുള്ള കാലയളവിൽ പ്രോജക്ടുമായി ബന്ധപ്പെട്ട് നഗരസഭ ഏതെങ്കിലും തരത്തിലുള്ള ഇടപെടലുകൾ നടത്തിയിട്ടുള്ളതായോ പ്രവൃത്തിയുടെ നിർവ്വഹണ പുരോഗതി അന്വേഷിച്ചിട്ടുള്ളതായോ കെഎസ്ഇബി യിൽനിന്നും റിപ്പോർട്ട് ലഭ്യമായിട്ടുള്ളതായോ ഫയലിൽ രേഖകളില്ല. പിന്നീട് തെരുവു വിളക്കുകളുടെ കറന്റ് ചാർജ് കുടിശ്ശിക ആർ ആർ നടപടികളിലേക്ക് കടന്ന സാഹചര്യത്തിൽ വിഷയം ചർച്ച ചെയ്യുന്നതിനായി 3-7-22- ൽ കെഎസ്ഇബി ഉദ്യോഗസ്ഥരും നഗരസഭാധികൃതരുമായി ചേർന്ന സംയുക്തയോഗത്തിലാണ് 2012-13 വർഷം മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനായി പ്രോജക്ട് പ്രകാരം തുക അടവാക്കിയ വിവരം പരാമർശിച്ചുകണ്ടത്.

പ്രവൃത്തി നടപ്പാക്കുന്നതിനായി അപേക്ഷ സമർപ്പിക്കുന്നതുൾപ്പെടെയുള്ള ടർ നടപടികൾ സ്വീകരിക്കുന്നതിന് അസിസ്റ്റന്റ് എൻജിനീയറെ ചുമതലപ്പെടുത്തുകയും തുടർന്ന് ക്വട്ടേഷൻ നടപടികളിലൂടെ (26-6-23- E1-2804/19) ഒരു കണക്ഷൻ ഏറ്റവും കുറഞ്ഞ നിരക്കായ 1,061/- രൂപയ്ക്ക് കരാർ

ഏറ്റെടുത്തിരുന്ന ശ്രീ. സജീവ് ശിവസദനം എന്നയാൾ 48 കണക്ഷനുകളുടെ ഡേറ്റാ എൻട്രി, കംപ്ലീഷൻ സർട്ടിഫിക്കറ്റ്, ഡ്രോയിംഗ് എന്നിവ പൂർത്തീകരിച്ച് ബിൽ സമർപ്പിക്കുകയും 9-1-24-ലെ കൗൺസിൽ തീരുമാന പ്രകാരം തുക അനുവദിക്കുകയും ചെയ്തിരുന്നു. തുടർന്ന് മീറ്റർ സ്ഥാപിക്കുന്നതിലേക്കായി നൽകിയ 48 കൺസ്യൂമർ നമ്പറുകൾക്ക് സർവ്വീസ് കണക്ഷൻ ലഭിക്കുന്നതിന് എസ്റ്റിമേറ്റ് പ്രകാരമുള്ള (2,054/- രൂപ നിരക്കിൽ) തുക അടവാക്കുന്നതിന് കെഎസ്ഇബി യിൽനിന്നും 23-12-23 ൽ ഡിമാന്റ് ലറ്റർ നൽകിയിരുന്നതനുസരിച്ച് ചെക്ക് നമ്പർ 986275/ തീ.14-3-24 പ്രകാരം 1,08,384/- രൂപ കെഎസ്ഇബി ക്ക് കൈമാറുകയും കൗൺസിലിന്റെ 13-5-24- ലെ നിർദ്ദേശമനുസരിച്ച് 2024 മെയ് 31-നകം പ്രവൃത്തി പൂർത്തീകരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്ന് രേഖാമൂലം കെഎസ്ഇബി-യെ അറിയിക്കുകയും 10-6-24-ൽ ഓർമ്മക്കുറിപ്പ് നൽകുകയും ചെയ്തിരുന്നതായി കാണുന്നു. എന്നാൽ പ്രവൃത്തി പൂർത്തീകരണം സംബന്ധിച്ച ഒരു വിവരവും ഫയലിൽ ലഭ്യമല്ല.

തുക കൈമാറി 10 വർഷങ്ങൾക്കു ശേഷം പദ്ധതി നിർവ്വഹണത്തിനുള്ള തുടർ നടപടികളാരംഭിച്ചെങ്കിലും ഓഡിറ്റ് തീയതിയിലും പ്രോജക്ട് പൂർത്തീകരിച്ച് ധനവിനിയോഗ സാക്ഷ്യപത്രവും പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രവും ലഭ്യമായിട്ടില്ല. മേൽ അപാകതകൾക്ക് രേഖാമൂലം മറുപടി ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി (75/27-2-26) നൽകിയിരുന്നതിന് തൃപ്തികരമായ വിശദീകരണം ലഭ്യമായിട്ടില്ല.

വികസന പദ്ധതികൾക്കായി ലഭ്യമാകുന്ന സർക്കാർ ഗ്രാന്റുകൾ നിർവ്വഹണ സ്ഥാപനങ്ങൾക്ക് കൈമാറുന്നതിനു മുന്നോടിയായി പ്രവൃത്തിയുമായി ബന്ധപ്പെട്ട് എല്ലാ വ്യവസ്ഥകളും ഉൾപ്പെടുത്തി കരാർ ചമയ്ക്കേണ്ടതാണെന്ന് മാർഗ്ഗ രേഖയിൽ നിർദ്ദേശിച്ചിട്ടുള്ളതാണ്. കൂടാതെ പ്രോജക്ടിന്റെ നിർവ്വഹണ പുരോഗതി മേൽനോട്ട ചുമതലയുള്ള വർക്കിംഗ് ഗ്രൂപ്പുകളും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും യഥാസമയം നിരീക്ഷിച്ചുപോരേണ്ടതും റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണെന്നും നിഷ്കർഷിക്കുന്നു. പ്രസ്തുത സർക്കാർ നിർദ്ദേശങ്ങളും നടപടിക്രമങ്ങളും പാലിക്കപ്പെടാതിരുന്നതാണ് മേൽ അപാകതയ്ക്ക് ഇടയാക്കിയതെന്ന് വ്യക്തമാണ്. ഇത്തരം സാഹചര്യങ്ങൾ കർശനമായും ഒഴിവാക്കേണ്ടതും പ്രവൃത്തി നിർവ്വഹണത്തിൽ കാലതാമസവും മറ്റ് അപാകതകളും ശ്രദ്ധയിൽപ്പെടുന്നത് സമയ ബന്ധിതമായി പരിഹരിക്കപ്പെടുന്നതിന് നിർവ്വഹണ സ്ഥാപനവുമായി ബന്ധപ്പെട്ട് ആവശ്യമായ തുടർടപടികൾ സ്വീകരിക്കേണ്ടതുമാണ്. എസ്റ്റിമേറ്റനുസരിച്ചുള്ള എല്ലാ പ്രവൃത്തികളും അടിയന്തിരമായി പൂർത്തീകരിച്ച് ഏജൻസിയിൽ നിന്നും ഡെപ്പോസിറ്റ് തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തുടർ നടപടികളുടെ വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-57 ജലാശയങ്ങളുടെ പുനരുജ്ജീവനം- 18ലക്ഷത്തിലധികം രൂപ 4വർഷമായി ചെലവഴിക്കാതെ നിർവ്വഹണ ഏജൻസിയുടെ അക്കൗണ്ടിലവശേഷിക്കുന്നു.

ഫയൽ നമ്പർ - PW1-5460/17

ജലശക്തി അഭിയാൻ പദ്ധതിയുടെ ഭാഗമായി നഗരസഭയിലെ പൊതു തോടുകൾ ഉൾപ്പെടെയുള്ള ജലാശയങ്ങളുടെ ശുദ്ധീകരണത്തിനായി 2021-22 വാർഷിക പദ്ധതിയിൽ സി എഫ് സി ടൈഡ് ഗ്രാന്റ് 30.22 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ച് അംഗീകാരം ലഭിച്ചിരുന്നു. നഗരസഭാ പരിധിയിൽ 26 വാർഡുകളിലേയും തോടുകൾ ശുചീകരിക്കുന്നതിനായി മൈനർ ഇറിഗേഷൻ വകുപ്പ് ലഭ്യമാക്കിയ 33 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും ഡിപിആറും അംഗീകരിക്കുകയും തുക ഡെപ്പോസിറ്റ് ചെയ്യുന്നതിനു തീരുമാനിക്കുകയും മൈനർ ഇറിഗേഷൻ ഡിവിഷൻ കോട്ടയം, എക്സിക്യൂട്ടീവ് എൻജിനീയറുടെ 26-3-22- ലെ കത്തു പ്രകാരം നഗരസഭ പ്രോജക്ടിന് വകയിരുത്തിയിരുന്ന 30,22,892/- രൂപ എക്സി. എൻജിനീയർ, മൈനർ ഇറിഗേഷൻ ഡിവിഷൻ കോട്ടയത്തിന്റെ പേരിലുള്ള അക്കൗണ്ടിലേക്ക് ഡെപ്പോസിറ്റ് ചെയ്യുകയും

(ചെക്ക് നം PPACo32270358804 / 27-3-22) 26-3-22- ൽ സ്ഥാപനവുമായി കരാറിലേർപ്പെടുകയും ചെയ്തു. എന്നാൽ കരാറിൽ പ്രവൃത്തി ആരംഭിക്കുന്നതും പൂർത്തീകരിക്കേണ്ടതുമായ തീയതികൾ രേഖപ്പെടുത്തിയിരുന്നില്ല.

സെന്റേജ് ചാർജ് ഉൾപ്പെടെ ആകെ 33 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമാക്കിയിരുന്നെങ്കിലും 30,22,892/- രൂപ യേ നഗരസഭ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളുവെന്നും ബാക്കി തുക എത്രയും വേഗം അടവാക്കിയാൽ മാത്രമേ പ്രോജക്ട് നിർവ്വഹണത്തിനായുള്ള ടർനടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂവെന്നും മൈനർ ഇറിഗേഷൻ വകുപ്പിൽ നിന്നും നഗരസഭയെ രേഖാമൂലം അറിയിച്ചിരുന്നു. (എക്സിക്യൂട്ടീവ് എൻജിനീയർ മൈനർ ഇറിഗേഷൻ കോട്ടയത്തിന്റെ 6-5-22- ലെ A2-Deposit Works/21-22) കത്തിന്റെ അടിസ്ഥാനത്തിൽ വിഷയം പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ചചെയ്യുകയും നഗരസഭ നിലവിൽ പ്രോജക്ടിൽ വകയിരുത്തിയിട്ടുള്ള 30,22,892/- രൂപയ്ക്ക് ആനുപാതികമായി നിലവിലെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് ഇറിഗേഷൻ വകുപ്പിനെ രേഖാമൂലം അറിയിച്ചു. (2-6-22- ലെ Pw1/5460/21 നമ്പർ കത്ത്) റിവൈസ്ഡ് എസ്റ്റിമേറ്റിനുള്ള പുതുക്കിയ സാങ്കേതികാനുമതിപത്ര പ്രകാരം പ്രവൃത്തി പൂർത്തീകരണത്തിനുള്ള കാലാവധി 9 മാസം മാത്രമായിരുന്നു. മൈനർ ഇറിഗേഷൻ കോട്ടയം എക്സി. എൻജിനീയർ, 11-11-24-ലെ A5-1428/Deposit/ 2023 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ ധനവിനിയോഗ സാക്ഷ്യപത്രത്തിൽ പ്രവൃത്തിക്കായി ആകെ 12,15,763/- രൂപ ചെലവായിട്ടുണ്ടെന്നും ബാക്കി തുകയായ 18,07,129/- രൂപ തിരികെ ലഭിക്കുന്നതിനോ മറ്റ് പ്രവൃത്തികൾക്കായി ക്രമീകരിക്കുന്നതിനോ വേണ്ട സത്വരനടപടികൾ സ്വീകരിക്കണമെന്നും നഗരസഭയെ അറിയിച്ചിട്ടുളളതാണെങ്കിലും പൊതുമരാമത്ത് കമ്മിറ്റിയിൽ വിഷയം അജണ്ടയിലുൾപ്പെടുത്തി ചർച്ച ചെയ്തിട്ടുള്ളത് 14-3-25- ലെ യോഗത്തിൽ മാത്രമാണ്. വീണ്ടും മൂന്നു മാസങ്ങൾക്കു ശേഷം 30-6-25-ൽ മാത്രമാണ് ഇറിഗേഷൻ വകുപ്പിന് ഇത് സംബന്ധിച്ച് മറുപടി അയയ്ക്കുന്നത്. മറുപടിയിൽ വകുപ്പ് നടപ്പാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നും ആയതനുസരിച്ച് മാത്രമേ അവശേഷിക്കുന്ന തുകയുടെ പുനരുപയോഗം സംബന്ധിച്ചുള്ള വിവരം ലഭ്യമാക്കാൻ സാധിക്കുകയുള്ളൂവെന്നും മൈനർ ഇറിഗേഷൻ വകുപ്പിനെ അറിയിച്ചിട്ടുള്ളതായും ഫയലിൽനിന്നും വ്യക്തമാകുന്നു. എന്നാൽ നാളിതുവരെ ഇറിഗേഷൻ വകുപ്പിൽ നിന്നും വിവരം ലഭ്യമാക്കിയിട്ടുള്ളതായി ഫയലിൽ രേഖകളില്ല.

മേൽ സാഹചര്യത്തിൽ നടപ്പാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ മൈനർ ഇറിഗേഷൻ വകുപ്പിൽ നിന്നും ലഭ്യമായിട്ടുണ്ടോയെന്നും ആയതിന്റെ അടിസ്ഥാനത്തിൽ വകുപ്പിന്റെ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക തിരിച്ചടയ്ക്കുകയോ ക്രമീകരിക്കുകയോ ചെയ്യുന്നത് സംബന്ധിച്ച് തീരുമാനമെടുത്ത് ഇറിഗേഷൻ വകുപ്പിനെ അറിയിച്ചിട്ടുണ്ടോയെന്നുമുള്ള വിവരങ്ങൾക്ക് രേഖാമൂലമുള്ള മറുപടി ബന്ധപ്പെട്ട രേഖകൾ സഹിതം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന് (65/25-2-26) ലഭ്യമാക്കിയ മറുപടിയിൽ നടപ്പാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് ഇറിഗേഷൻ വകുപ്പിന് കത്ത് നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ലെന്നും ടി തുക ഉപയോഗിച്ച് പദ്ധതികൾ ആവിഷ്കരിക്കുന്നതിനായി 16-2-26- ൽ കൗൺസിലിൽ അജണ്ട സമർപ്പിച്ചിട്ടുള്ളതാണെന്നും ആയതിന്റെ തീരുമാനം ലഭ്യമാകുന്ന മുറയ്ക്ക് ടി തുക ഉപയോഗിച്ച് പദ്ധതി രൂപീകരിച്ച് തുക ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും വിശദീകരണം നൽകിയിട്ടുണ്ട്.

നഗരസഭ 21-22 വർഷമാണ് തുക മൈനർ ഇറിഗേഷൻ വകുപ്പിന് കൈമാറിയിരുന്നത്. 18,07,129/- രൂപ 2022 വർഷം മുതൽ നാളിതുവരെയുള്ള (4 വർഷം) നിർവ്വഹണ ഏജൻസിയുടെ അക്കൗണ്ടിൽ നിലനിന്നിരുന്നതുവഴി പലിശയിനത്തിൽ ക്രഡിറ്റ് ചെയ്യപ്പെട്ട തുക എത്രയാണെന്ന് വ്യക്തത

വരുത്തേണ്ടതും പലിശ തുക കൂടി ഉൾപ്പെടെയുള്ള തുക കണക്കാക്കി എസ്റ്റിമേറ്റ് തയ്യാറാക്കി ലഭിക്കുന്നതിനുള്ള നടപടികളുണ്ടാകേണ്ടതുമാണ്. പ്രവൃത്തികൾ നടപ്പാക്കാനുദ്ദേശിക്കുന്നില്ലാത്തപക്ഷം നാളിതുവരെയുള്ള പലിശ സഹിതം തുക തിരികെ ഈടാക്കി നിശ്ചിത ഫണ്ട് ശീർഷകത്തിൽ തിരിച്ചടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുടർ നടപടികളുടെ വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

സമയബന്ധിതമായി തീരുമാനങ്ങളെടുക്കാത്തതും നടപടികൾ സ്വീകരിക്കാത്തതും കാരണം വികസന പദ്ധതികൾക്കായി ലഭ്യമാകുന്ന സർക്കാർ ധനസഹായം നിർവ്വഹണ ഏജൻസികളുടെ അക്കൗണ്ടിൽ മൂതനിക്ഷേപമായി നിലനിർത്തപ്പെടുന്ന സാഹചര്യം ശരിയല്ല. മാത്രമല്ല നഗരസഭാ പരിധിയിൽ ഏതെല്ലാം പൊതു തോടുകളാണ് പ്രസ്തുത പദ്ധതി പ്രകാരം ശുചിയാക്കിയിട്ടുള്ളതെന്ന വിവരം നഗരസഭയിൽ ലഭ്യമല്ലാത്തത് പ്രവൃത്തികൾ മേൽ നിരീക്ഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ ചുമതല നിറവേറ്റിയിട്ടില്ലായെന്നും വെളിവാക്കുന്നു. ഈ വിഷയത്തിൽ മൈനർ ഇറിഗേഷൻ വകുപ്പുമായി ബന്ധപ്പെട്ട് തുക നിശ്ചിത ലക്ഷ്യത്തിനായി പൂർണ്ണമായും ഫലപ്രദമായും വിനിയോഗിക്കാൻ സാധിക്കുന്നില്ലാത്ത പക്ഷം സർക്കാരിലേക്ക് തിരിച്ചടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സജീവ ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## 1-58 ഉന്നത വിദ്യാഭ്യാസമുള്ള വനിതകൾക്ക് മത്സരപരീക്ഷാ പരീശീലനം- പ്രോജകട് പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല.

| | |
|---|---|
| പ്രോജക്ട് നം | Soo79/25 (ഉന്നത വിദ്യാഭ്യാസമുള്ള വനിതകൾക്ക് മത്സര പരീക്ഷാ പരീശീലനം) |
| നിർവ്വഹണ ഉദ്യോഗസ്ഥ | പ്രോജകട് ഓഫീസർ നഗര ദാരിദ്ര്യ നിർമാർജ്ജന സെൽ |
| അടങ്കൽ | 2,00,000/- (വികസന ഫണ്ട് പൊതു വിഭാഗം) |
| ചെലവ് | 97,986/- (വികസന ഫണ്ട് പൊതു വിഭാഗം)<br>ബിൽ നം. 507 തീയതി 25.03,2025 |

നഗരസഭ പരിധിയിലുള്ള വനിത ഉദ്യോഗാർത്ഥികൾക്ക് മത്സര പരീക്ഷകൾക്കായി പരിശീലനം നൽകുന്നതിനാണ് പ്രസ്തുത പ്രോജക്ടിലൂടെ ലക്ഷ്യമിട്ടിരുന്നത്. കൗൺസിലിന്റെ 06.03.2025 ലെ 1(1) നം. തീരുമാനത്തിൽ ആശീർവാദ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടീച്ചേഴ്സ്, വൈക്കം എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ച് 14 വനിത ഉദ്യോഗാർത്ഥികൾക്ക് ആറ് മാസത്തെ പരിശീലനം നൽകുന്നതിന് 19.03.2025 ൽ ടി സ്ഥാപനവുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. ഉദ്യോഗാർത്ഥികൾക്ക് ഓഫ്‌ലൈൻ, ഓൺലൈൻ ആയി ക്ലാസ്സുകൾ ഉൾപ്പെടെ ആറുമാസത്തെ പരിശീലനത്തിനായി ഒരു പരിശീലനാർത്ഥിയ്ക്ക് 13,999/- രൂപയാണ് കരാർ പ്രകാരം ഫീസായി നിശ്ചയിച്ചിരുന്നത്. ഇതിന്റെ 50% ഫീസ് തുക മുൻകൂർ നൽകണമെന്നും വിദ്യാർത്ഥികളുടെ ഓരോ മാസത്തേയും പഠന പുരോഗതി റിപ്പോർട്ട് ചെയ്യണമെന്നും കരാറിൽ വ്യവസ്ഥ ചെയ്തിരുന്നു. ആകെ ഫീസിന്റെ 50% തുകയായ 97986/-രൂപ മുൻകൂറായി ബിൽ നം. 507 തീയതി 25.03.2025 പ്രകാരം സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1) നഗരസഭ ക്വട്ടേഷൻ / പുനർ ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചതിന്റെ രേഖ (ക്വട്ടേഷൻ / പുനർക്വട്ടേഷൻ നോട്ടീസ്) പ്രോജക്ട് ഫയലിൽ ലഭ്യമല്ല.

2) പരിശീലനം നൽകിയ ഉദ്യോഗാർത്ഥികളുടെ എണ്ണം, പരിശീലനം പൂർത്തീയാക്കിയവരുടെ എണ്ണം

പരിശീലന പരിപാടിയുടെ സമയക്രമം എന്നീ വിവരങ്ങളും ഫയലിൽ വ്യക്തമല്ല.

3) ഫയലിനൊപ്പം ലഭ്യമാക്കിയ ഉദ്യോഗാർത്ഥികളുടെ അപേക്ഷകളിൽ പൂർണ്ണമായ വിവരങ്ങൾ, വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

4) പ്രോജക്ടിന്റെ മോണിറ്ററിംഗിന് ചുമതലപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് (സ്ത്രീകളുടേയും കുട്ടികളുടേയും വികസനം) പദ്ധതി നിർവ്വഹണവും പുരോഗതിയും പൂർത്തീകരണവും വിലയിരുത്തി മോണിറ്ററിംഗ് റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതോടൊപ്പം 2024-25 സാമ്പത്തിക വർഷം പൂർത്തിയായ പദ്ധതിയുടെ കരാർ പ്രകാരം നല്കുവാനുള്ള ബാലൻസ് തുക നാളിതുവരെ സ്ഥാപനത്തിന് നൽകാത്തതിന്റെ കാരണം കൂടി വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 21/19.02.2026) ന് ലഭ്യമാക്കിയ മറുപടിയിൽ 2025 മാർച്ച് 25 മുതൽ സെപ്റ്റംബർ 25-ാം തീയതി വരെയുള്ള ആറ് മാസക്കാലയളവിൽ പരിശീലനം നൽകിയിട്ടുള്ളതാണെന്നും സർട്ടിഫിക്കറ്റുകൾ അപേക്ഷയോടൊപ്പം ഉണ്ടായിരുന്നത് കാണാതെ വന്നിട്ടുള്ളതാണെന്നുമാണ് വ്യക്തമാക്കിയത്. പ്രോജകട് പൂർത്തിയാക്കിയത് സംബന്ധിച്ച് വ്യക്തമായ രേഖകൾ ലഭ്യമല്ലാത്തതിനാൽ പരിശീലനത്തിനായി ആശീർവാദ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടീച്ചേഴ്സ്, വൈക്കം എന്ന സ്ഥാപനത്തിന് നൽകിയ ആകെ ഫീസിന്റെ 50% തുകയായ 97,986/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പരിശീലനം ലഭിച്ച ഉദ്യോഗാർത്ഥികളുടെ പൂർണ്ണമായ അപേക്ഷകളും അപേക്ഷകളിൽ പൂർണ്ണമായ വിവരങ്ങൾ വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ എന്നിവയും ഉൾപ്പെടുത്തേണ്ടതാണ്. ഉദ്യോഗാർത്ഥികൾ പരിശീലനത്തിൽ പങ്കെടുത്ത് പരിശീലന പൂർത്തിയാക്കി എന്ന സ്വയം സാക്ഷ്യപത്രവും വാങ്ങി ഫയലിൽ സൂക്ഷിയ്ക്കേണ്ടതാണ്. മേൽ വിശദാംശങ്ങളുടെ പകർപ്പുകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-59 പിഎഫ് റിക്കവറി യഥാസമയം അടവാക്കിയിലല്‍ - നഗരസഭാഫണ്ടിൽ നിന്നും പിഴ അടവാക്കി

ചെലവ്- 76177/-

ചെക്ക് നമ്പർ- 2497748/6-8-24

ഫയൽ നമ്പർ - R4 – 8388/24

Ksmart File No- R$-1224289/24

ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പിഎഫ് റിക്കവറി ഇനത്തിൽ 1/22 മുതൽ 1/23 വരെയുള്ള കാലയളവിൽ ഈടാക്കിയ തുക ഒടുക്കുന്നതിൽ കാലതാമസം വന്നിട്ടുള്ളതിനാൽ 76,177/- രൂപ പിഴ ഇനത്തിൽ തനതു ഫണ്ടിൽ നിന്നും തുക അടവാക്കേണ്ടി വന്നിട്ടുണ്ട്. നഗരകാര്യ ഡയറക്ടറുടെ R4/Lsgd/ Pd/ 12808/23-PF2 നമ്പർ കത്തു പ്രകാരം പിഎഫ് അലോട്ട്മന്റായി 2500000/- രൂപ അനുവദിച്ചിരുന്നു. എന്നാൽ പ്രസ്തുത അലോട്ട്മെന്റിൽ നിന്നും റിക്കവറി ഒടുക്കുവാൻ കാലതാമസം വരുത്തിയ കാലയളവിലെ പിഴ ഇനത്തിലുള്ള 76,177/- രൂപ കുറവു ചെയ്തതിനു ശേഷം 24,23,823/- രൂപ മാത്രമാണ് നഗരസഭയുടെ റ്റി എസ് ബി അക്കൗണ്ടിലേക്ക് മാറ്റി നൽകിയിട്ടുള്ളത്. അലോട്ട്മെന്റ് തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണമെന്ന് നഗരകാര്യ ഡയറക്ടറേറ്റ് കാര്യാലയത്തിൽ നിന്നും രേഖാമൂലം ആവശ്യപ്പെട്ടതു പ്രകാരം റ്റി എസ് ബി അക്കൗണ്ടിൽ ലഭ്യമായ 24,23,823/- രൂപയുടെ ധനവിനിയോഗ സാക്ഷ്യപത്രം നഗരസഭ നൽകിയെങ്കിലും പിഴയിനത്തിൽ കുറവു ചെയ്ത തുകയുടെ ഉൾപ്പെടെ മുഴുവൻ തുകയുടേയും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയാൽ മാത്രമേ അടുത്ത അലോട്ട്മെന്റ് അനുവദിക്കുകയുള്ളൂ എന്ന് അറിയിക്കുകയാണുണ്ടായത്. പ്രസ്തുത സാഹചര്യത്തിൽ നഗരസഭാ

അക്കൗണ്ടിൽ നിന്നും ടി തുക അടവാക്കുവാൻ 10-6-24-ലെ കൗൺസിൽ യോഗത്തിൽ തീരുമാനമെടുക്കുകയും ചെക്ക് നമ്പർ 2497748/6-8-24 പ്രകാരം 76,177/- രൂപ തനതു ഫണ്ടിൽ നിന്നും അടവാക്കുകയും ചെയ്തു.

റിക്കവറി തുക അടവാക്കാൻ കാലതാമസം വന്നതും തനതു ഫണ്ടിൽ നിന്നും പിഴ അടവാക്കിയതുമായ സാഹചര്യം സംബന്ധിച്ച് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടതിന് (എൻക്വയറി നമ്പർ- 73/27-2-26) സമർപ്പിച്ച മറുപടിയിൽ തനതു ഫണ്ടിന്റെ അപര്യാപ്തത മൂലമാണ് 1/22 മുതൽ 1/23 വരെയുള്ള കാലയളവിൽ ഈടാക്കിയ തുക ഒടുക്കുന്നതിൽ കാലതാമസം വന്നിട്ടുള്ളതെന്നും എന്നാൽ നിലവിൽ നഗരസഭയുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെട്ട സാഹചര്യത്തിൽ ജീവനക്കാരുടെ 1/26 വരെയുള്ള റിക്കവറി തുക സെൻട്രൽ പ്രൊവിഡന്റ് ഫണ്ട് അക്കൗണ്ടിലേക്ക് അടവാക്കിയിട്ടുള്ളതാണെന്നും ഈയിനത്തിൽ കുടിശ്ശികയൊന്നും അവശേഷിക്കുന്നില്ലായെന്നും അറിയിച്ചു. എന്നാൽ വാർഷിക കണക്കുകൾ പ്രകാരം പ്രോവിഡന്റ് ഫണ്ട് റിക്കവറി ഇനത്തിൽ സെൻട്രൽ പ്രോവിഡന്റ് ഫണ്ട് അക്കൗണ്ടിലേക്ക് 12,73,378/- രൂപ അടവാക്കാനവശേഷിക്കുന്നുണ്ട് (1159066 + 51200 + 48570 + 4542 + 10000). ആയതിൽ 11,59,066/- രൂപ റഗുലർവിഭാഗം മുനിസിപ്പൽ ജീവനക്കാരുടെ റിക്കവറി തുക അടവാക്കാനുള്ളതാണ്. പ്രസ്തുത കുടിശ്ശിക തുക ഏത് കാലയളവിലെയാണെന്ന വിവരം വ്യക്തമാക്കിയിട്ടില്ല. റിക്കവറി തുക സമയബന്ധിതമായിത്തന്നെ (ഓരോ മാസവും 15-ാം തീയതിക്കകം) അടവാക്കേണ്ടതും കാലതാമസം വരുത്തി തനതു ഫണ്ടിൽ നിന്നും പിഴ അടയ്ക്കേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്. കൂടാതെ വാർഷിക കണക്ക പ്രകാരമുള്ള 12,73,378/- രൂപ കുടിശ്ശികയുടെ വിദാംശങ്ങൾ (ജീവനക്കാരൻ, റിക്കവറി തുക, കാലയളവ്) ലഭ്യമാക്കേണ്ടതുമാണ്.

## 1-60 ഹോമിയോ മരുന്ന് വാങ്ങൽ -മരുന്ന് പൂർണ്ണമായി ലഭ്യമായില്ല

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S0086/25 |
| അടങ്കൽ, ഫണ്ടിനം | 4,50,000/-, മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) |
| ചെലവ് | 4,50,000/- |
| ബിൽ നമ്പർ, തീയതി | 05/09.12.2024-250000/-<br>06/14.12.2024-200000/- |
| നിർവ്വഹണോദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ ഹോമിയോ |

പ്രസ്തുത പ്രോജക്റ്റ് പ്രകാരം GHD വൈക്കത്തിന് 2,00,000/- രൂപയുടെയും APHC വൈക്കത്തിന് 2,50,000/- രൂപയുടെയും മരുന്നുകൾ വാങ്ങുന്നതിനായി ഹോംകോയ്ക്ക് 4,50,000/- രൂപ കൈമാറിയിട്ടുണ്ട്. GHD വൈക്കത്തിന് മുഴുവൻ തുകയ്ക്കുമുള്ള മരുന്നുകളും ലഭ്യമായിട്ടുണ്ടെങ്കിലും വൈക്കം APHC ക്ക് 1,31,545/- രൂപയുടെ മരുന്ന് കൂടി ലഭ്യമാകാൻ അവശേഷിക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 3/11.02.26), ബാക്കി മരുന്നുകൾ ഉടനെ ലഭ്യമാക്കുന്നതാണെന്ന് ഹോംകോയിൽ നിന്ന് അറിയിച്ചിട്ടുള്ളതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. മരുന്നുകൾ പൂർണ്ണമായി ലഭ്യമാകാത്തതിനാൽ 1,31,545/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1- 61 ആയുർവേദം - മരുന്നുകൾ ലഭ്യമാകാൻ ശേഷിക്കുന്നു

| പ്രോജക്റ്റ് നമ്പർ പേര് | ഫണ്ടിനം | അടങ്കൽ | ചെലവ് | ബിൽ നമ്പർ/ തീയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| S409/25 ജീവിതശൈലീരോഗ ക്ലിനിക് | മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | 3,00,000/- | 3,00,000 | 329/ 11.02.25 |

മെഡിക്കൽ ഓഫീസർ ആയുർവേദം നടപ്പാക്കിയ ജീവിതശൈലീ രോഗ ക്ലിനിക് എന്ന പദ്ധതിയ്ക്ക് വേണ്ടിയുള്ള മരുന്നുകൾ വാങ്ങുന്നതിനായി 2024-25 സാമ്പത്തിക വർഷത്തിൽ 3,00,000/- രൂപ ഔഷധിയിൽ അടവാക്കിയിട്ടുള്ളതാണ്. ഇതിൽ 297354/- രൂപയുടെ മരുന്നുകൾ നിലവിൽ ലഭിച്ചിട്ടുണ്ട്. 2646/- രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയതു ലഭ്യമാകുന്ന മുറയ്ക്ക്, സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തി വിശദാംശങ്ങൾ രേഖകൾ ഉൾപ്പെടെ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-62 പിഎംഎവൈ ഭവനപദ്ധതി -മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല /നിർമ്മാണപുരോഗതി കൈവരിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ട് | S299/25 (204/24) -പിഎംഎവൈ നഗരസഭാ വിഹിതം നൽകൽ- പൊതുവിഭാഗം |
| തൻവർഷ അടങ്കൽ | 17,13,710 /- |
| തൻവർഷ ചെലവ് | 480000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

പിഎംഎവൈ ഭവന പദ്ധതിയുടെ ഭാഗമായി മുൻ വർഷങ്ങളിൽ കരാറിലേർപ്പെട്ട് മുൻകൂർ കൈപ്പറ്റിയിരുന്ന ഗുണഭോക്താക്കൾക്ക് തുടർന്നുള്ള ഗഡുക്കൾ അനുവദിക്കുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയത്. ഓഡിറ്റ് വർഷം പ്രോജക്ടിന്റെ ഭാഗമായി 4,80,000/- ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി പ്രകാരം 2022-23, 23-24 വർഷങ്ങളിൽ കരാറിലേർപ്പെട്ട് മുൻകൂർതുകയായ 40000/- രൂപ വീതം കൈപ്പറ്റിയിരുന്ന നിരവധി ഗുണഭോക്താക്കൾ ഓഡിറ്റ് വർഷത്തിലും നിർമ്മാണ പ്രവൃത്തികൾ തുടർന്ന് നടത്തി പദ്ധതി ആനുകൂല്യം കൈപ്പറ്റിയിട്ടില്ലാത്തതാണ്. ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവ് | കരാർ തീയതി | തുക കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1 | പ്രമീള രാജൻ | 30-9-23 | 30-9-23 |
| 2 | ബൈജു വെൺപറമ്പിൽ | 24-3-22 | 25-3-22 |
| 3 | ഷിബു കെ., നാറാണാത്ത് | 17-12-22 | 17-12-22 |
| 4 | അമ്മിണി, അമ്പേലിത്തറ | 30-10-23 | 21-11-23 |
| 5 | ബിന്ദു പി. കളരിക്കൽ | 25-1-24 | 6-2-24 |
| 6 | പങ്കജാക്ഷി | 31-1-24 | 2-2-24 |
| 7 | സുമംഗലാഭായി, പുതുപ്പറേത്ത് | 7-2-24 | 26-2-24 |
| 8 | രാധ | 10-10-22 | 28-10-22 |
| 9 | പൊന്നമ്മ കെ. ചാലുംകടവിൽ | 8-12-23 | 21-12-23 |

2)

| | |
|---|---|
| പ്രോജക്ട് | 298/25 പിഎം എ വൈ നഗരസഭാ വിഹിതം നൽകൽ (എസ് സി |

| | |
|---|---|
| | വിഭാഗം) |
| തൻവർഷത്തെ വകയിരുത്തൽ | 2100000/- |
| ചെലവ് | 400000/- |

പ്രോജക്ടിന്റെ ഭാഗമായി ലഭ്യമാക്കിയ രേഖകൾ പ്രകാരം ആകെ 34 ഗുണഭോക്താക്കൾ കരാറിലേർപ്പെട്ടിട്ടുണ്ട്. ആയതിൽ 28 പേർ പണി പൂർത്തീകരിച്ചിട്ടുള്ളതാണ്. പ്രസ്തുത സ്പിൽ ഓവർ പ്രോജക്ട് പ്രകാരം മുൻ വർഷങ്ങളിൽ കരാർ വച്ച് മുൻകൂർ തുക കൈപ്പറ്റിയെങ്കിലും നിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത ഗുണഭോക്താക്കളുടെയും വിവിധ ഗഡുക്കൾ കൈപ്പറ്റുകയും നാളിതുവരെ പണി പൂർത്തീകരിച്ചിട്ടില്ലാത്തതുമായ ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവ് | കൈപ്പറ്റിയ തുക | തുക കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1 | കണ്ണൻ, വാർഡ്- 4 | 40000/- | 2-11-21 |
| 2 | ബൈജു, വാർഡ്- 5 | 40000/- | 30-3-22 |
| 3 | രാധ, വാർഡ്- 5 | 40000/- | 28-10-22 |
| 4 | സുഭാഷ് ചന്ദ്രബോസ്, വാർഡ്- 4 | 40000/- | 30-3-22 |
| 5 | അമ്മിണി, വാർഡ്-6 | 30-10-23 | 21-11-23 |
| 6 | പങ്കജാക്ഷി, വാർഡ്-6 | 30-1-24 | 2-2-24 |
| 7 | പൊന്നമ്മ കെ, വാർഡ് -6 | 8-12-23 | 21-12-23 |
| 8 | വത്സലകുമാരി, വാർഡ്-6 | ലഭ്യമല്ല | 16-3-24 |

<u>3) ഓഡിറ്റ് വർഷത്തിൽ 40000/- അഡ്വാൻസ് തുക കൈപ്പറ്റി നാളിതുവരെ തുടർന്നുള്ള ഗഡുക്കൾ കൈപ്പറ്റിയിട്ടില്ലാത്തവർ</u>

| ക്രമ നമ്പർ | ഗുണഭോക്താവ് | കരാർ തീയതി | തുക കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1 | അശോക് കുമാർ പി, വാർഡ്-6 | 4-9-24 | 29-11-24 |
| 2 | ശാന്ത കെ, വാർഡ്-6 | 4-9-24 | 26-3-25 |

പട്ടികയിൽ പറഞ്ഞിട്ടുള്ള ഗുണഭോക്താക്കൾ ഇതിനോടകം നിർമ്മാണ പുരോഗതി കൈവരിച്ച് തുടർന്നുള്ള ഗഡുക്കൾ കൈപ്പറ്റുന്നുണ്ടോയെന്നും, പണി തുടർന്ന് നടത്തുന്നില്ലാത്ത പക്ഷം ആയതിന്റെ കാരണം, കൈപ്പറ്റിയ തുക തിരികെ ഈടാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ, തുക തിരികെ അടവാക്കിയിട്ടുള്ള പക്ഷം ആയതിന്റെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കുവാൻ രേഖാമൂലം ആവശ്യപ്പെട്ടിരുന്നു. (എൻക്വയറി നമ്പർ - 50/ 23-2-26) ആയതിന് ഗുണഭോക്താക്കളിൽ നിന്നും വിശദീകരണം തേടിയതിൽ സാമ്പത്തിക ബുദ്ധിമുട്ടുകൾ, രോഗാവസ്ഥ, തൊഴിലില്ലായ്മ തുടങ്ങിയ കാരണങ്ങളാലാണ് നിർമ്മാണം ആരംഭിക്കാൻ വൈകുന്നതെന്ന് അറിയിച്ചിട്ടുള്ളതായി വിശദീകരണം നൽകി. കൂടാതെ വാർഡ് കൗൺസിലർമാരുടെ നേതൃത്വത്തിൽ ഗുണഭോക്താക്കളെ നേരിൽ കണ്ട് ഭവന നിർമ്മാണം പുനരാരംഭിക്കുന്നതിന് നിർദ്ദേശം

നൽകിയിട്ടുള്ളതായും വീട്പണി തുടർന്നു നടത്താത്തവർക്ക് കൈപ്പറ്റിയ തുക തിരികെ അടവാക്കണമെന്ന് കാണിച്ച് നോട്ടീസ് അയച്ചിട്ടുള്ളതായും കൂട്ടിച്ചേർത്തു.

വിവിധ നിർമ്മാണ ഘട്ടങ്ങളിലായിരിയ്ക്കുന്ന എല്ലാ ഗുണഭോക്താക്കളുടെയും ഭവന നിർമ്മാണം പൂർത്തീകരിച്ച് ആയതിന്റെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**രജിസ്റ്ററുകളുടെ സൂക്ഷിപ്പ്.**

മുൻവർഷങ്ങളിലുൾപ്പെടെ വിവിധ ഡി.പി.ആറുകളിലായി ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വിവരം രേഖപ്പെടുത്തി വിവിധ സ്റ്റേജുകളിലായി നാളിതുവരെ കൈപ്പറ്റിയ തുകകൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. ഗുണഭോക്താക്കളുടെ പേഴ്സണൽ ഫയലുകളിൽ മാത്രമാണ് തുകകൾ കൈപ്പറ്റിയത് സംബന്ധിച്ച് രേഖപ്പെടുത്തിയിരിക്കുന്നത്. അപാകതകൾ പരിഹരിക്കേണ്ടതും രജിസ്റ്റർ യഥാവിധി തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്.

## 1-63 364035/- രൂപ സർക്കാരിലേക്ക് തിരികെ അടവാക്കുവാൻ അവശേഷിക്കുന്നു

2024-25 വാർഷിക കണക്കുകളിലെ ബാലൻസ് ഷീറ്റിലെ ബി-8 ഷെഡ്യൂളിൽ "3503013-Government And Other Dues Payable " എന്ന ശീർഷകത്തിൽ 364035/- രൂപ സർക്കാരിലേക്ക് അടവാക്കുവാൻ ബാദ്ധ്യതയായി അവശേഷിക്കുന്നതായി കാണുന്നു. പ്രസ്തുത തുക ഏതൊക്കെ ഇനത്തിലുള്ളതാണെന്നും തുക നിശ്ചിത ശീർഷകത്തിലേക്ക് തിരിച്ചടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 11/16.02.26) മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത തുക ഏതിനത്തിൽ തിരിച്ചടയ്ക്കുവാനുള്ളതാണെന്ന് വ്യക്തത വരുത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-64 ലൈബ്രറി സെസ് അടവാക്കുന്നില്ല- 6735515/- രൂപ കുടിശ്ശികയിനത്തിൽ ബാധ്യത

2024-25 വാർഷിക കണക്കുകളിലെ ബാലൻസ് ഷീറ്റിലെ ബി-8 ഷെഡ്യൂൾ പ്രകാരം 67,35,515/- രൂപ ലൈബ്രറി സെസ് ഇനത്തിൽ സംസ്ഥാന ലൈബ്രറി കൗൺസിലിലേക്ക് അടവാക്കുവാൻ അവശേഷിക്കുന്നതായി കാണുന്നു. 29.12.2000 ലെ സർക്കുലർ നം. 17263/എൽ3/99/ LSGD പ്രകാരം ഓരോ വർഷവും പിരിക്കുന്ന ലൈബ്രറി സെസ് അർദ്ധ വർഷം കഴിഞ്ഞ് 30 ദിവസത്തിനുള്ളിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം ഈടാക്കിയ തുക ഒടുക്കാതെ വന്നാൽ അത് നൽകേണ്ട തീയതി മുതൽ പ്രതിമാസം 2% പിഴപലിശ സഹിതം തദ്ദേശ സ്വയംഭരണ സ്ഥാപന ലൈബ്രറി കൗൺസിലിന് നൽകേണ്ടതാണ്. നഗരസഭ പിഴപലിശ നൽകേണ്ടി വരുന്നതിന് സെക്രട്ടറിക്കും ചെയർപേഴ്സണും കൂട്ടുത്തരവാദിത്വം ഉണ്ടായിരിക്കുന്നതും ടി തുക വ്യക്തിപരമായ ബാധ്യതായി അവരിൽ നിന്നും ഈടാക്കേണ്ടതുമാണ്. മേൽ സാഹചര്യത്തിൽ പ്രസ്തുത തുക ഏത് വർഷം മുതലുള്ള കുടിശ്ശികയാണെന്നും നാളിതുവരെ തുക അടവാക്കാത്തതിന് വിശദീകരണവും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 8/16.02.26) മറുപടി ലഭ്യമാക്കിയില്ല. ലഭ്യമായ വിവരങ്ങൾ പ്രകാരം 2012-13 ആദ്യ പകുതി മുതലുള്ള ലൈബ്രറി സെസ് അടവാക്കാനുണ്ടെന്ന് കാണുന്നു. പ്രസ്തുത കുടിശ്ശിക തുക അടിയന്തിരമായി ലൈബ്രറി കൗൺസിലിലേക്ക് അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ അടിയന്തിരമായി സംസ്ഥാന ലൈബ്രറി കൗൺസിലുമായി ചർച്ച നടത്തി തീരുമാനം എടുക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് നഗരസഭാ കൗൺസിലിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-65 ഫെസ്റ്റിവൽ അഡ്വാൻസ് തിരികെ ലഭ്യമാക്കി ക്രമീകരിക്കുവാൻ അവശേഷിക്കുന്നു

2024-25 വർഷത്തെ വാർഷിക കണക്കുകളിലെ ബി-18 ഷെഡ്യൂൾ പരിശോധിച്ചതിൽ ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ ജീവനക്കാർക്ക് നൽകിയിട്ടുള്ള കയിൽ 4,800/- രൂപ തിരികെ ലഭ്യമാകുവാൻ

അവശേഷിക്കുന്നതായി കാണുന്നു. എന്നാൽ അഡ്വാൻസ് രജിസ്റ്ററിൽ ഇത് സംബന്ധിച്ച കൃത്യമായ രേഖപ്പെടുത്തലുകളില്ല. പ്രസ്തുത തുക തിരികെ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും അല്ലാത്ത പക്ഷം ഏതൊക്കെ ജീവനക്കാരിൽ നിന്ന് ഈടാക്കുവാനുള്ളതാണെന്നും ഈടാക്കുന്നതിന് സ്വീകരിച്ച തുടർ നടപടികളുടെ വിവരങ്ങളും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 9/16.02.26) മറുപടി ലഭ്യമാക്കിയില്ല. ഫെസ്റ്റിവൽ അഡ്വാൻസിനത്തിൽ തിരികെ ലഭ്യമാകുവാൻ അവശേഷിക്കുന്ന ക അടിയന്തരമായി ലഭ്യമാക്കി ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-66 അമൃത് 2.0 ജലശക്തി അഭിയാൻ പദ്ധതി - അപാകതകൾ പരിഹരിച്ച് പദ്ധതികൾ പൂർത്തിയാക്കിയിട്ടില്ല

ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുക, കുടിവെള്ള കണക്ഷനു വേണ്ടിയുള്ള കാലഹരണപ്പെട്ട പൈപ്പുകൾ മാറ്റി പുതിയത് സ്ഥാപിക്കുക, ജലാശയങ്ങൾ നവീകരിക്കുക തുടങ്ങിയവയാണ് വൈക്കം നഗരസഭയിൽ ആരംഭിച്ച അമൃത് 2.0 ജലശക്തി അഭിയാൻ പദ്ധതിയുടെ അടിസ്ഥാന ലക്ഷ്യങ്ങൾ. ആയതിലേക്കായി നഗരസഭയ്ക്ക് 6.86 കോടി രൂപയുടെ ചെലവനുവാദം ഡി പി ആർ പ്രകാരം ലഭ്യമായിട്ടുണ്ട്. അനുവദിക്കപ്പെട്ട തുകയിൽ 50% കേന്ദ്ര വിഹിതവും 37.5% സംസ്ഥാന വിഹിതവും 12.5% ലോക്കൽ ബോഡി വിഹിതവുമാണ്. പ്രോജക്ടിന്റെ വരവ് ചെലവുകൾക്കായി ഇന്ത്യൻ ബാങ്ക് വൈക്കം ബ്രാഞ്ചിൽ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട് (അക്കൗണ്ട് നമ്പർ 7280161591). 2024-25 വർഷം നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**1. പ്രോജക്ടിന്റെ പേര്: നിലവിലുള്ള വാട്ടർ കണക്ഷൻ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കൽ**

പ്രോജക്ടിന്റെ നിർവ്വഹണ ഏജൻസിയായ വാട്ടർ അതോറിറ്റിക്ക് തുക കൈമാറുന്ന പ്രവർത്തനമാണ് നഗരസഭയിൽ പ്രധാനമായും നടക്കുന്നത്. 2024-25 വർഷം ഇപ്രകാരം നൽകിയിട്ടുള്ള തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ | തുക | നൽകിയ തീയതി |
|---|---|---|
| 3rd Part Bill | 4285099 | 13.05.2024 |
| 4th Part Bill | 4303619 | 26.09.2024 |
| 5th Part Bill | 3349511 | 28.03.25 |

ഇതിൽ വാട്ടർ അതോറിറ്റിയ്ക്ക് തൻവർഷം നൽകിയ പാർട്ട് ബിൽ പേയ്മെന്റുകളിൽ ബിൽ പ്രകാരമുള്ള റിക്കവറികൾ കുറവ് വരുത്തിയതായി കാണുന്നില്ല.

**2. പ്രോജക്ടിന്റെ പേര്- അന്ധകാരതോട് ആഴംകൂട്ടൽ, സംരക്ഷണഭിത്തി കെട്ടൽ**

സെക്രട്ടറിയാണ് നിർവ്വഹണോദ്യോഗസ്ഥൻ. എസ്റ്റിമേറ്റ്, ബിൽ എന്നിവ മുനിസിപ്പൽ എഞ്ചിനിയർ തയ്യാറാക്കുന്നു. 2024-25 വർഷം ബിൽ പ്രകാരം നൽകിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ | തുക | നൽകിയ തീയതി |
|---|---|---|
| 1st Part Bill | 355278 | 30.09.2024 |
| 2nd Part Bill | 3354108 | 25.01.2025 |
| 3rd Part Bill | 237859 | 30.03.25 |

**3. പ്രോജക്ടിന്റെ പേര്- പെരിഞ്ചില്ലതോട് ആഴംകൂട്ടൽ, സംരക്ഷണഭിത്തി കെട്ടൽ**

സെക്രട്ടറിയാണ് നിർവ്വഹണോദ്യോഗസ്ഥൻ. എസ്റ്റിമേറ്റ്, ബിൽ എന്നിവ മുനിസിപ്പൽ എഞ്ചിനിയർ തയ്യാറാക്കുന്നു. 2024-25 വർഷം ബിൽ പ്രകാരം നൽകിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ | തുക | നൽകിയ തീയതി |
|---|---|---|
| 1 St Part Bill | 173136 | 30.09.2024 |
| 2 Nd Part Bill | 1374646 | 24.01.2025 |

മേൽ പ്രോജക്ടുകളിൽ വിഭാവനം ചെയ്തിരുന്ന തരത്തിൽ പ്രോജക്ടുകളുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ടെന്ന് നഗരസഭ ഉറപ്പുവരുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും വാട്ടർ അതോറിറ്റി വിവിധ ശീർഷകങ്ങളിലേക്ക് റിക്കവറി തുകകൾ അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 62/25.02.2026) വാട്ടർ അതോറിറ്റി കണക്ഷനുകൾ നാളിതുവരെ എവിടെയെല്ലാം പൂർത്തിയാക്കിയെന്ന വിവരം വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമാക്കുന്നതാണെന്നും പാർട്ട് ബില്ലുകളിൽ റിക്കവറി നടത്തുന്നത് വാട്ടർ അതോറിറ്റി തന്നെയായതിനാൽ വാട്ടർ അതോറിറ്റിക്ക് കത്ത് നൽകി ആയതിന്റെ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. അന്ധകാരതോട് ആഴം കൂട്ടൽ പദ്ധതിയുടെ എസ്റ്റിമേറ്റിൽ 9 ലക്ഷം രൂപ അവശേഷിക്കുന്നുണ്ടെന്നും പ്രദേശവാസികളുടെ എതിർപ്പ് മൂലം കല്ല്-കെട്ട് പൂർത്തിയാക്കുവാൻ സാധിച്ചിട്ടില്ലെന്നും പെരിഞ്ചില്ലതോട് ആഴംകൂട്ടൽ പദ്ധതി എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ മേൽനോട്ടത്തിൽ പൂർത്തീകരിച്ചിട്ടുണ്ടെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. അമൃത് പദ്ധതിയിലൂടെ നടപ്പാക്കുന്ന പ്രവൃത്തികളുടെ കൃത്യത, പുരോഗതി, ഗുണനിലവാരം മുതലായവ ഉറപ്പ് വരുത്തി പദ്ധതി നിർവ്വഹണം നഗരസഭാ തലത്തിലും വാർഡ് കൗൺസിലർമാരുടെ തലത്തിലും മോണിട്ടർ ചെയ്യുന്നതായി ഫയലിൽ രേഖകളില്ല. പൂർത്തീകരിക്കുവാൻ അവശേഷിക്കുന്ന പദ്ധതികൾ ക്രിയാത്മകമായ ഇടപെടലുകളിലൂടെ അടിയന്തിരമായി പൂർത്തിയാക്കേണ്ടതും വാട്ടർ അതോറിറ്റി വിവിധ ശീർഷകങ്ങളിലേക്ക് റിക്കവറി തുകകൾ അടവാക്കിയതിന്റെ രേഖകൾ ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ നിലനിൽക്കുന്ന അപാകതകൾ പരിഹരിച്ച് പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകൾ ഉൾപ്പെടെ മോണിട്ടർ ചെയ്ത് പ്രവൃത്തികളുടെ സമയബന്ധിതവും ഗുണപരവുമായ പൂർത്തീകരണം ഉറപ്പ് വരുത്തേണ്ടതാണ്.

## 1-67 ഇ.ടെണ്ടർ ഫീസ് - അക്കൗണ്ട് വിവരങ്ങൾ ലഭ്യമായില്ല

ചീഫ് എഞ്ചിനീയറുടെ 17.08.2017ലെ DB1/7942/ 2010/CE/ LSGD നം സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനും നഗരസഭ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ SBI യിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട് (A/C No. 42236772364). പ്രസ്തുത അക്കൗണ്ടിന്റെ പാസ്സ്ബുക്ക് / സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷക്കുറിപ്പ് (46/23.02.2026) നൽകിയെങ്കിലും ലഭ്യമാക്കിയില്ല

ടെണ്ടർഫീസ് ഇനത്തിൽ കറന്റ് അക്കൗണ്ടിൽ അവശേഷിക്കുന്ന ബാലൻസ് തുക നഗരസഭയുടെ തനത് വരുമാനമായതിനാൽ നഗരസഭാ ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്.

## 1-68 പുതിയ വാഹനത്തിന്റെ ഇൻഷ്വറൻസ്, ചെലവുകൾക്ക് തനത് ഫണ്ടിൽ നിന്ന് അനുവദിച്ച തുക റീ ക്ലപ്പ് ചെയ്തില്ല. പഴയ വാഹനം കണ്ടം ചെയ്യുന്നതിനുള്ള നടപടി ക്രമങ്ങൾ പാലിച്ചില്ല.

(കെ സ്മാർട്ട് ഫയൽ നം. 1324454-2024)

2023-24 വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജകട് നം. 174/24 -മുൻസിപ്പിൽ ഓഫീസിലേയ്ക്ക് വാഹനം വാങ്ങൽ എന്ന പദ്ധതി പ്രകാരം - മഹീന്ദ്രാ & മഹീന്ദ്രാ ലിമിറ്റഡിൽ (എറണാകുളം) നിന്നും

നഗരസഭയിലേയ്ക്ക് പുതിയ ബൊലേറോ വാഹനം വാങ്ങിയിരുന്നു. 988720/- രൂപയുടെ ബിൽ ലഭ്യമായതിൽ പദ്ധതി പ്രകാരം ലഭ്യമായ 936000/- രൂപ അടവാക്കിയിട്ടുള്ളതും 20/06/2024 തീയതിയിലെ ബഹു. കൗൺസിലിൻെറ 5-ാം നമ്പർ തീരുമാനം പ്രകാരം ബാക്കി അടവാക്കാനുള്ള 52720/- രൂപ തനത് ഫണ്ടിൽ നിന്നും അടവാക്കിയിട്ടുള്ളതുമാണ്.

29.07.2024 ലെ അടിയന്തിര കൗൺസിൽ 2-ാം നം. തീരുമാന പ്രകാരം ഇൻഷ്വറൻസ്, റോഡ് ടാക്സ് മുതലായ ചെലവുകൾക്കായി പുതിയ പദ്ധതി വെയ്ക്കുന്നതിനും എന്നാൽ പുതിയ പദ്ധതി രൂപീകരിച്ച് അംഗീകാരം ലഭ്യമാകുന്നതിന് കാലതാമസം നേരിടുന്ന സാഹചര്യത്തിൽ അടിയന്തിരമായി ഇൻഷ്വറൻസ്, രജിസ്ട്രേഷൻ സ്റ്റിക്കർ വർക്ക് തുടങ്ങിയ ചെലവുകൾക്ക് തനത് ഫണ്ടിൽ നിന്ന് തുക അനുവദിയ്ക്കുന്നതിനും പദ്ധതി അംഗീകാരം ലഭിയ്ക്കുന്ന മുറയ്ക്ക് തുക റീക്ലൂപ്പ് ചെയ്യുന്നതിനും തീരുമാനിച്ചിരുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ചെലവ് വിശദാംശങ്ങൾ | തുക പിൻവലിച്ച തനത് ഫണ്ട് അക്കൌണ്ട് | ചെക്ക്/ വൌച്ചർ നം. | തുക |
|---|---|---|---|---|
| 1 | ഇൻഷ്വറൻസ് | (LGSTB OWN FUND 799013000000084) | (ചെക്ക് നം. 2497750/21.08.2024) വൌച്ചർ നം. P-M050200-24000257-27-08-2024 | 29134/- |
| 2 | റോഡ് ടാക്സ് (എസ്.ആർ .റ്റി.ഒ, വൈക്കം | SBI OWN FUND 57039365397 | (E Payment) വൌച്ചർ നം. P-M050200-24000322-19-09-2024 | 165745/- |
| | ആകെ | | | 194879/- |

മാത്രമല്ല പഴയ 2563 CC വാഹനം 12 വർഷം കഴിഞ്ഞിട്ടുള്ളതും 280000 കിലോമീറ്റർ ഓടിയിട്ടുള്ളതുമാണ്. ടി വാഹനം കണ്ടം ചെയ്യുന്നതിനായി അസിസ്റ്റന്റ് എൻജിനീയറെ മേൽ കൗൺസിൽ തീരുമാന പ്രകാരം ചുമതലപ്പെടുത്തിയിരുന്നു.

ഇൻഷ്വറൻസ്, രജിസ്ട്രേഷൻ സ്റ്റിക്കർ വർക്ക് തുടങ്ങിയ ചെലവുകൾക്ക് തനത് ഫണ്ടിൽ നിന്ന് അനുവദിച്ച തുക റീ ക്ലൂപ്പ് ചെയ്തതിന്റേയും പഴയ വാഹനം കണ്ടം ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെയും വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വഷണക്കുറിപ്പിന് (നം. 32/20.02.2026) ന് മറുപടി ലഭ്യമാക്കിയില്ല. ഇൻഷ്വറൻസ്, റോഡ് ടാക്സ് മുതലായ ചെലവുകൾക്കായി തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ച തുക കൗൺസിൽ തീരുമാന പ്രകാരം പുതിയ പ്രോജക്ട് വെച്ച് റീക്ലൂപ്പ് ചെയ്യേണ്ടതും പഴയ വാഹനം കണ്ടം ചെയ്ത് വിവരം അറിയിയ്ക്കേണ്ടതുമാണ്.

## 1-69 പഴയ മോട്ടോറുകൾ വില്പന നടത്തി തുക മുതൽ കൂട്ടിയില്ല.

നഗരസഭയുടെ കീഴിലുള്ള കോവിലകത്തു കടവ് മത്സ്യ മാർക്കറ്റ്, 21-ാം വാർഡിലെ ഷോപ്പിംഗ് കോംപ്ലക്സിൽ മഴക്കാലത്ത് ഒഴുകിയെത്തുന്ന വെള്ളം പമ്പ് ചെയ്ത് വിടുന്ന മോട്ടോർ കേടായതിനെ തുടർന്ന് പുതിയ മോട്ടോർ വാങ്ങി സ്ഥാപിക്കുന്നതിന് ഫിറ്റിംഗ് ചാർജ്ജ് ഉൾപ്പെടെ തനത് ഫണ്ടിൽ നിന്ന് തുക അനുവദിച്ചിരുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1) കോവിലകത്തു കടവ് മത്സ്യ മാർക്കറ്റിലെ ശുചീകരണത്തിനായി ഉപയോഗിയ്ക്കുന്ന മോട്ടോർ കേടായതിനെ

തുടർന്ന് പുതിയ മോട്ടോർ വാങ്ങി സ്ഥാപിയ്ക്കുന്നതിന് ഫിറ്റിംഗ് ചാർജ്ജ് ഉൾപ്പെടെ പി.എച്ച്.ഐ. രമ്യയ്ക്ക് 27.06.2024 ലെ 1(1) നം. തീരുമാന പ്രകാരം 6968/- രൂപ അനുവദിച്ചിരുന്നു. പഴയ മോട്ടോർ 22/04/2023-ൽ ഒരു വർഷ ഗ്യാരന്റി കഴിഞ്ഞിട്ടുള്ളതും ഉപയോഗിയ്ക്കാൻ കഴിയാത്ത വിധം കേടായിട്ടുള്ളതാണ് എന്നാണ് ഫയലിൽ രേഖപ്പെടുത്തിയിരിയ്ക്കുന്നത്. (കെ സ്മാർട്ട് ഫയൽ നം. 1409506-2024); ചെക്ക് നം. 748165/01.08.2024

2) വൈക്കം നഗരസഭ 21-ാം വാർഡിലെ ഷോപ്പിംഗ് കോംപ്ലക്സിൽ മഴക്കാലത്ത് ഒഴുകിയെത്തുന്ന വെള്ളം പമ്പ് ചെയ്ത് വിടുന്ന മോട്ടോർ കേടായതിനെ പുതിയ മോട്ടോർ വാങ്ങിച്ച് സ്ഥാപിച്ചതിന് പി.എച്ച്.ഐ രമ്യയ്ക്ക് 30.08.2024 ലെ 2(1)നം. തീരുമാന പ്രകാരം 13,074/- രൂപ അനുവദിച്ചിരുന്നു (കെ സ്മാർട്ട് ഫയൽ നം. (1540719-2024) ; ചെക്ക് നം. 270564/10.10.20204)

പഴയ മോട്ടോറുകൾ ലേലം ചെയ്തതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 48/23.02.2026) പി.എച്ച്.ഐ രമ്യ ലഭ്യമാക്കിയ മറുപടിയിൽ കോവിലകത്തു കടവ് മത്സ്യമാർക്കറ്റിലെ ശുചീകരണത്തിനായി ഉപയോഗിയ്ക്കുന്ന മോട്ടോർ കേടായതിനെ തുടർന്നാണ് പുതിയ മോട്ടോർ വാങ്ങി സ്ഥാപിച്ചതെന്നും ഉപയോഗശൂന്യമായ മോട്ടോർ നഗരസഭയുടെ ഹെൽത്ത് വിഭാഗത്തിന്റെ സ്റ്റോർ റൂമിൽ സൂക്ഷിച്ചിട്ടുള്ളതും ഉപയോഗശൂന്യമായ മോട്ടോർ ആയതിനാൽ ലേലം ചെയ്ത് പോകുന്നതിന് സാധ്യത കുറവായതിനാൽ നഗരസഭ തലത്തിൽ നടത്തുവാനിരിയ്ക്കുന്ന ഇ-വേസ്റ്റ് ഡ്രൈവിൽ ആയത് ഉൾപ്പെടുത്തി വില്പന നടത്തി ലഭ്യമാകുന്ന തുക തനത് ഫണ്ടിൽ അടവാക്കുന്നതാണെന്നും അറിയിച്ചു. 21-ാം വാർഡിലെ ഷോപ്പിംഗ് കോംപ്ലക്സിൽ മഴക്കാലത്ത് ഒഴുകിയെത്തുന്ന വെള്ളം പമ്പ് ചെയ്ത് വിടുന്ന മോട്ടോർ കേടായതിനെ പുതിയ മോട്ടോർ വാങ്ങിച്ച് സ്ഥാപിച്ചത് റവന്യൂ വിഭാഗത്തിൽ നിന്ന് നേരിട്ട് ആണെന്നും തുക അനുവദിച്ചത് തന്റെ പേരിൽ അല്ലെന്നും ആയതിനാൽ 21-ാം വാർഡിലെ ഷോപ്പിംഗ് കോംപ്ലക്സിൽ കേടായ മോട്ടോർ സംബന്ധിച്ച അറിവില്ല എന്നും പി.എച്ച്.ഐ രമ്യ നൽകിയ മറുപടിയിൽ വ്യക്തമാക്കി.

കോവിലകത്തു കടവ് മത്സ്യ മാർക്കറ്റിലെ ശുചീകരണത്തിനായി ഉപയോഗിച്ച ഉപയോഗശൂന്യമായ മോട്ടോർ വില്പന നടത്തി ലഭ്യമാകുന്ന തുക തനത് ഫണ്ടിൽ അടവാക്കി വിവരം രേഖാമൂലം അറിയിയ്ക്കേണ്ടതാണ്. 21-ാം വാർഡിലെ ഷോപ്പിംഗ് കോംപ്ലക്സിലെ കേടായ മോട്ടോർ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-70 മരം മുറിച്ച് മാറ്റിയതിന്റെ ചെലവ് തുക ഈടാക്കിയില്ല

( കെ -സ്മാർട്ട് ഫയൽ നം.1199005-2024)

വൈക്കം നഗരസഭ, വാർഡ്-10-ൽ ശ്രീമതി ധനലക്ഷ്മി അമ്മാൾ, രാജധാനി എന്ന വ്യക്തിയുടെ 13.09.2022 ലെ പരാതി പ്രകാരം പരാതിക്കാരിയുടെ വീടിന്റെ തെക്ക് വശത്തായുള്ള മതിലിനോട് ചേർന്ന് ശ്രീ. വിജയകുമാർ കിഴക്കേകണ്ടത്തിപ്പറമ്പിലിന്റെ ഉടമസ്ഥതയിലുള്ള പുരയിടത്തിൽ പടിഞ്ഞാറു വശം മുതൽ കിഴക്കേ അറ്റം വരെയുള്ള ഭാഗത്ത് പരാതിക്കാരിയുടെ വീടീന് മുകളിലേയ്ക്കായി വളർന്ന് അപകടാവസ്ഥയിൽ നിന്നിരുന്ന 14 മഹാഗണി മരങ്ങളിൽ 13 എണ്ണത്തിന്റെ അപകടാവസ്ഥയിലുള്ള ശിഖരങ്ങളും കിഴക്കേ അറ്റത്തായി നിൽക്കുന്ന 75 ഇഞ്ച് ചുറ്റവണ്ണമുള്ള വലിയ മഹാഗണി മരവും മുറിച്ച് മാറ്റുന്നതിന് ശ്രീ. വിജയകുമാർ കിഴക്കേകണ്ടത്തിപ്പറമ്പിലിന് പല തവണ നോട്ടീസ് നൽകിയിട്ടും, നടപടി സ്വീകരിയ്ക്കാത്തതിനാൽ സെക്രട്ടറിയുടെ 02.10.2024 തീയതിയിലെ H1/6468/2022 നം. ഉത്തരവ് ബഹു. ഹൈക്കോടതിയുടെ WPC N0. 8338/2024 എന്നിവ പ്രകാരം മരങ്ങൾ മുറിച്ച് മാറ്റുന്നതിന് 20,000/- രൂപ മുൻകൂർ കൂടാതെ ചെലവായ 6,000/- രൂപ കൂടി ചേർത്ത് 26000/- രൂപ പി.എച്ച്.ഐ രമ്യയ്ക്ക്

അനുവദിച്ചിരുന്നു. (30.11.2024 ലെ 3 നം. തീരുമാനം). മരം മുറിയ്ക്കുന്നതിന് ചെലവായ തുകയും, (26000/- രൂപ) പിഴ (5,000/- രൂപ) ചേർത്ത് 31,000/- രൂപ അടവാക്കാൻ ശ്രീ. വിജയകുമാറിന് നോട്ടീസ് അയച്ചിരുന്നു. ടിയാനിൽ നിന്ന് തുക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്, എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 49/23.02.2026) മറുപടിയായി മരങ്ങൾ മുറിച്ച് മാറ്റുന്നതിന് ചെലവായ തുക ഈടാക്കുന്നതിനുള്ള നടപടികൾ പൂർത്തീയാക്കുന്നതിന് മുൻപ് ശ്രീ. വിജയകുമാർ നഗരസഭയ്ക്കെതിരെ കേസ് ഫയൽ ചെയ്തിട്ടുള്ളതിനാൽ ടി കേസിന്റ വിധി വരുന്ന മുറയ്ക്ക് തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കുന്നതാണെന്ന് അറിയിച്ചു. കേസിന്റെ തുടർ നടപടി വിവരങ്ങൾ അറിയിയ്ക്കേണ്ടതാണ്.

## 1-71 ആർദ്രം പദ്ധതി പുരസ്കാര തുക -ബാലൻസ് തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

(കെ സ്മാർട്ട് ഫയൽ നം. 2657359-2024)

എൻ.എച്ച്.എം ആർദ്രം പദ്ധതിയിൽപ്പെടുത്തി വൈക്കം നഗരസഭയ്ക്ക് ലഭിച്ചതും (രസീത് നം. 122020900238 തീയതി 28.03.2023) നഗരസഭയുടെ തനത് ഫണ്ട് അക്കൌണ്ടിൽ (അക്കൌണ്ട് നം. 57039365397 എസ്.ബി.ഐ വൈക്കം) വകയിരുത്തിയിരുന്നതുമായ മൂന്ന് ലക്ഷം രൂപയിൽ നിന്ന് 75000/- രൂപ വൈക്കം താലൂക്ക് ആശുപത്രി സൂപ്രണ്ടിന്റെ 26/11/2024 -ലെ സി2-3195/2024 നം. കത്തിന്റെ അടിസ്ഥാനത്തിൽ ആശുപത്രിയുടെ വിവിധ ഭാഗങ്ങളിൽ ബോർഡുകൾ സ്ഥാപിയ്ക്കുന്നതിന് ആരോഗ്യകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ 04.12.2024 തീയതിയിലെ 2(1) നം. തീരുമാനം ആശുപത്രി വികസന സമ്മതിയുടെ അക്കൗണ്ടിലേയ്ക്ക് കൈമാറിയിട്ടുണ്ട്. (ചെക്ക് നം.630133 തീയതി 11.02.2025). തുകയുടെ വിനിയോഗ വിവരങ്ങളും ആർദ്രം പദ്ധതിയിൽപ്പെടുത്തി ലഭിച്ച തുകയിൽ ബാലൻസ് നിൽക്കുന്ന തുകയുടെ വിശദാംശങ്ങളും പരിശോധനയയ്ക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 49/23.02.2026) മറുപടിയായി വൈക്കം താലൂക്ക് ആസ്പത്രി സൂപ്രണ്ട് നൽകിയ 75000/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി. (നം. ബി2/765/2026 തീയതി 26.02.2026)

ആർദ്രം മിഷൻ ഡയറക്ടറുടെ ഉത്തരവ് നം: NHM/5174/ JC(SD)/2022/ SPMSU, Dated, 04.04.2023 പ്രകാരം ആർദ്രം പദ്ധതിയിൽപ്പെടുത്തി ലഭിച്ച തുക താഴെപ്പറയുന്ന ഏതെങ്കിലും പ്രവർത്തനങ്ങൾക്ക് വിനിയോഗിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും പരിശോധനയയ്ക്ക് ലഭ്യമാക്കേണ്ടതാണ് എന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിൽ ആവശ്യപ്പെട്ടെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയില്ല.

1. കോവിഡ് അനുബന്ധ പ്രവർത്തനങ്ങൾ
2. ആർദ്രം മിഷനുമായി ബന്ധപ്പെട്ട പ്രകവർത്തനങ്ങൾ
3 . ലാബ് സൌകര്യം ആരംഭിയ്ക്കാൻ ശാക്തീകരണ പ്രവർത്തനങ്ങൾ
4 .പകർച്ച വ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾ
5 . ആശുപത്രിയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പ്രകവർത്തനങ്ങൾ
6 . ജീവിത ശൈലി രോഗ നിയന്ത്രണ പ്രകവർത്തനങ്ങൾ
7. സബ്ബ് സെന്ററുകളെ ജനകീയ ആരോഗ്യ കേന്ദ്രങ്ങളായി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ

എൻ.എച്ച്.എം ആർദ്രം പദ്ധതിയിൽപ്പെടുത്തി വൈക്കം നഗരസഭയ്ക്ക് ലഭിച്ച തുക മേൽ ഉത്തരവു പ്രകാരമുള്ള എതെങ്കിലും പ്രവർത്തനങ്ങൾക്ക് ഉപയോഗിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും ആർദ്രം പദ്ധതിപ്രകാരം ലഭിച്ച തുകയിൽ തനത് ഫണ്ടിൽ ബാലൻസ് നിൽക്കുന്ന തുകയുടെ വിശദാംശങ്ങളും അറിയിയ്ക്കേണ്ടതാണ്. ബാലൻസ് തുക ഉണ്ടെങ്കിൽ ആയത് ഉത്തരവു പ്രകാരമുള്ള വർത്തനങ്ങൾക്ക്

വിനിയോഗിയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

## 1-72 സ്ഥലം വിട്ടുകിട്ടി വർഷം കഴിഞ്ഞിട്ടും നിശ്ചിതകാര്യത്തിനായി പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചില്ല

നഗരസഭയുടെ 14-ാം വാർഡിൽ ശ്രീ.ജോമി ലോനപ്പൻ, കണിയാംപറമ്പിൽ എന്നയാൾ ഹോമിയോ ആശുപത്രി പണിയുന്നതിനായി 2022-ൽ 3 സെന്റ് സ്ഥലം സൗജന്യമായി നഗരസഭയ്ക്ക് വിട്ടുനൽകിയിരുന്നു.

വൈക്കം നഗരസഭ- ഹോമിയോ ക്ലിനിക് പണിയുന്നതിനായി വിട്ടു നൽകിയ സ്ഥലം തിരികെ നൽകണമെന്ന് ആവശ്യപ്പെട്ട് വക്കീൽ നോട്ടീസ് ലഭ്യമായ വിഷയം കൗൺസിൽ ചർച്ച ചെയ്യുകയും തുടർന്ന് 2025-26 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വിട്ടു നൽകിയ സ്ഥലത്ത് ഹോമിയോ ക്ലിനിക് പണിയുന്നതിന് തീരുമാനമെടുക്കുകയും ചെയ്തിരുന്നു. (27-2-25,അജണ്ട- 2 തീരുമാനം-1) കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചതിന്റെ വിവരം ലഭ്യമാക്കാൻ 31/20-2-26 ഓഡിറ്റ് എൻക്വയറിയിലൂടെ ആവശ്യപ്പെട്ടതിനെ തുടർന്ന് കൗൺസിൽ തീരുമാന പ്രകാരം 2025-26 വാർഷിക പദ്ധതിയിൽ പ്രോജക്റ്റ് ഉൾപ്പെടുത്തിയിട്ടില്ലെന്നും എന്നാൽ ആശുപത്രി പണിയുന്നതിനായി വിട്ടുതന്ന സ്ഥലത്ത് എൻ ആർ എച്ച് എം പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടം പണിയുന്നതിന് ബഹു. ചെയർമാൻ അവതാരകനായും ശ്രീമതി സൗമിനി അഭിലാഷ് അനുവാദകനായും അവതരിപ്പിച്ച പ്രമേയം (നം- 5) പാസ്സാക്കിയിട്ടുള്ളതാണെന്നും മറുപടി ലഭ്യമാക്കി. എന്നാൽ ഹോമിയോ ആശുപത്രിക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി എൻ ആർ എച്ച് എം ഫണ്ട് അനുവദിച്ചിട്ടുണ്ടോയെന്ന കാര്യത്തിൽ വ്യക്തതയില്ല. നിലവിൽ തെക്കേനടയിൽ മാതൃശിശു സംരക്ഷണ കേന്ദ്രത്തോട് ചേർന്ന് പ്രവർത്തിക്കുന്ന ഗവ. ഹോമിയോ ഡിസ്പെൻസറിക്കും ചാലപ്പറമ്പിൽ പ്രവർത്തിക്കുന്ന ആയുഷ് ഹോമിയോ ഡിസ്പെൻസറിക്കും സ്വന്തമായി കെട്ടിടം ഇല്ലാത്തതാണ്. ഹോമിയോ ക്ലിനിക്ക് പണിയണം എന്ന വ്യവസ്ഥയോടെയാണ് സ്ഥലം വിട്ടുനൽകിയിരുന്നത്. എന്നാൽ തുടർന്നുവന്ന 4 വാർഷിക പദ്ധതികളിലും നഗരസഭ ഇതിനായി പ്രോജക്റ്റ് ആവിഷ്ക്കരിക്കാതിരുന്നതിന്റെ കാരണം വ്യക്തമല്ല. സ്ഥലത്ത് ഹോമിയോ ക്ലിനിക് നിർമ്മിക്കാതിരുന്നാൽ സ്ഥലം ഉടമയ്ക്ക് തിരികെ നൽകേണ്ടി വരുന്ന സാഹര്യം നിലനിൽക്കുന്നു. ആയതിനാൽ ഈ വിഷയത്തിൽ യുക്തമായ തീരുമാനമെടുത്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതാണെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു. ഇക്കാര്യത്തിലേക്ക് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും നഗരസഭാ കൗൺസിലിന്റേയും ശ്രദ്ധ ക്ഷണിക്കുന്നു.

## 1-73 കെ സ്മാർട്ട് - അവലോകനം

സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുമുള്ള സേവനങ്ങൾ സമയബന്ധിതമായി ഓഫീസുകളിൽ നേരിട്ട് പോകാതെ തന്നെ പൊതുജനങ്ങൾക്ക് ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ തദ്ദേശ സ്വയംഭരണ വകുപ്പിനു വേണ്ടി IKM വികസിപ്പിച്ചെടുത്ത ആപ്ലിക്കേഷനാണ് കെ സ്മാർട്ട് അഥവാ കേരള സൊല്യൂഷൻ ഫോർ മാനേജിംഗ് അഡ്മിനിസ്ട്രേറ്റീവ് റിഫോർമേഷൻ ആൻഡ് ട്രാൻസ്ഫോർമേഷൻ.

2024 ജനുവരി ഒന്ന് മുതൽ പദ്ധതിയും കെ-സ്മാർട്ട് മൊബൈൽ ആപ്പും നഗരസഭകളിൽ ഔദ്യോഗികമായി നിലവിൽ വന്നെങ്കിലും, വൈക്കം നഗരസഭയിൽ വരവ് വിവരങ്ങൾ 04.01.2024 തീയതി മുതലും, ചെലവ് 08.01.2024 തീയതി മുതലുമാണ് കെ-സ്മാർട്ടിലൂടെ അധികൃതമായിട്ടുള്ളത്. ഫയൽ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം 2024-25 വർഷത്തിൽ കെ-സ്മാർട്ട് സോഫ്റ്റ് വെയർ മുഖേന കൈകാര്യം ചെയ്തിട്ടുള്ള ഫയലുകളിൽ

8874 ഫയലുകൾ തീർപ്പാക്കിയിട്ടുണ്ട്.

**1.ഫിനാൻസ് മാനേജ്മെന്റ് മൊഡ്യൂൾ -** ഓഡിറ്റർ ലോഗിനിൽ ലഭ്യമായിരിക്കുന്ന രണ്ടാമത്തെ മൊഡ്യൂളായ ഫിനാൻസ് മാനേജ്മെന്റിൽ ഫിനാൻസ് സർവീസസ് രസീത് സേർച്ച്, പേയ്മെന്റ് സേർച്ച് എന്നീ ടാബുകളാണുള്ളത്.

**ഫിനാൻസ് സർവീസസ്** - ഫിനാൻസ് ടാബിലാണ് ക്യാഷ് ബുക്ക്, ബാങ്ക് ബുക്ക്, ഡേ ബുക്ക്, ചെക്ക് ഇഷ്യൂ രജിസ്റ്റർ, റിക്കൺസിലേഷൻ റിപ്പോർട്ട് മുതലായവ ഉൾപ്പെടുന്നത്.

**ബാങ്ക് ബുക്ക്** – നിലവിൽ നഗരസഭ മറ്റിടപാടുകൾ നടത്താത്തതും നിർജ്ജീവമായതുമായ അക്കൗണ്ടുകൾ കെ-സ്മാർട്ടിൽ നിലനിർത്തിയിട്ടുണ്ട്.

**ഡേ ബുക്ക്** – ഒറ്റത്തവണയിൽ ഒരു ദിവസത്തെ ഡേ ബുക്ക് മാത്രമായി സെലക്ട് ചെയ്താണ് പരിശോധിക്കാൻ കഴിയുന്നത് . ഒരു മാസത്തെതോ / ഒരു കാലയളവിലെയോ ഒരുമിച്ച് സെലക്ട് ചെയ്യാനുള്ള സംവിധാനം നിലവിലില്ല.

>ഇ-പേയ്മെന്റായി ലഭിക്കുന്ന വരവ് തുകകളും (UPI പേയ്മെന്റുകളും) ഐ.കെ.എം ഗേറ്റ് വേ മുഖേനയാണ് ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റാകുന്നത്. കെ-സ്മാർട്ടിലെ വിവിധ ബാങ്കുകളുടെ പേയ്മെന്റ് ഗേറ്റ് വേ മുഖേന പല ദിവസങ്ങളിലായി നടത്തിയ പേയ്മെന്റുകൾ ഒറ്റ തുകയായി കുറെ ദിവസങ്ങൾക്ക് ശേഷമാണ് ബാങ്ക് അക്കൌണ്ടിൽ ക്രഡിറ്റാകുന്നത്. ഈ- പേയ്മെന്റ് ഡിസ്പേഴ്സ്മെന്റ് റിപ്പോർട്ടിൽ പ്രസ്തുത തുകയുടെ സ്പ്ളിറ്റപ്പ് ലഭ്യമാകുന്നുണ്ടെങ്കിലും നിരവധി പേയ്മെന്റ് ഗേയ്റ്റ്വേകളുള്ളതിനാലും ദിവസങ്ങൾക്കു ശേഷം ഒറ്റ തുകയായി അക്കൗണ്ട് ചെയ്യപ്പെടുന്നതിനാലും ഇപ്രകാരം ലഭ്യമായ തുകകളുടെ കൃത്യത ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ച് ഉറപ്പാക്കുക എന്നത് സമയനഷ്ടമുണ്ടാക്കുന്ന പ്രവൃത്തിയാണ്.

**റിക്കൺസിലേഷൻ റിപ്പോർട്ട്** – കെ-സ്മാർട്ട് ഉപയോഗിച്ചുള്ള റിക്കൺസിലിയേഷൻ പരിശോധനയിൽ ചെക്കുകൾ സംബന്ധിച്ചുള്ള ഒരു വിശദാംശങ്ങളും റിക്കൺസിലിയേഷൻ പത്രികയിൽ നിന്ന് ലഭ്യമാകുന്നില്ല. ഉദാ.

ചുവടെ ചേർത്തിരിക്കുന്ന അക്കൗണ്ടുകളുടെ പ്രതിമാസ പൊരുത്തപ്പെടുത്തലുകൾ നടത്തിയിട്ടുണ്ടെങ്കിലും , ചെക്ക് ഇഷ്യൂഡ് ബട്ട് നോട്ട് പ്രസന്റഡ് ടു ബാങ്ക്, ചെക്ക് ഡിപ്പോസിറ്റഡ് ബട്ട് നോട്ട് കളക്റ്റഡ്, ഡയറക്റ്റ്ലി ക്രെഡിറ്റഡ് ബൈ ബാങ്ക് എന്നീ ഇനങ്ങളിൽ ക്രമീകരിച്ച ചെക്കു തുകകളുടെ വിശദാംശങ്ങൾ കെ സ്മാർട്ടിൽ നിന്നും ലഭ്യമായിട്ടില്ല.

| ക്രമ നം. | ബാങ്ക് അക്കൗണ്ട് | ചെക്ക് ഇഷ്യൂഡ് നോട്ട് പ്രസന്റഡ് ടു ബാങ്ക്, | ചെക്ക് ഡിപ്പോസിറ്റഡ് ബട്ട് നോട്ട് കളക്റ്റഡ് | ഡയറക്റ്റ്ലി ക്രെഡിറ്റഡ് ബൈ ബാങ്ക് |
|---|---|---|---|---|
| 1. | Catholic Syrian Bank- CFC Account 017804023994190001 | 14982 (Old) | - | 28116 (Old) |
| 2. | SBI Own Fund Account 57039365397 | 684846/- 2000/- (Old) | 444875 | - |
| 3. | UBI POS Account 553702010017071 | - | 442502 | - |

**ക്യാൻസൽ രസീതുകൾ** – ഡേ ബുക്കിലേത് പോലെ തന്നെ ഒറ്റത്തവണയിൽ ഒരു ദിവസവും ഒരു കൗണ്ടറും മാത്രമായി സെലക്ട് ചെയ്താണ് സെർച്ച് ചെയ്യാൻ കഴിയുന്നത്. അതിനാൽ ഓരോ ദിവസത്തെ

ക്യാൻസൽ ചെയ്ത രസീതുകളുടെ റിപ്പോർട്ട് ആണ് നിലവിൽ ഓഡിറ്റിന് ലഭ്യമാകുന്നത്. ഒരു സാമ്പത്തിക വർഷം ക്യാൻസൽ ചെയ്ത എല്ലാ കൗണ്ടറുകളിലേയും രസീതുകളുടെ വിവരം ഒരുമിച്ച് പരിശോധിക്കാനുള്ള സംവിധാനം നിലവിലില്ല.

**ഇ പോസ് കളക്ഷൻ ലിസ്റ്റ്** – ഒരു ദിവസവും ഒരു ഡിവൈസും ഒരു കൗണ്ടറും മാത്രമായി സെലക്ട് ചെയ്താണ് സെർച്ച് ചെയ്യാൻ കഴിയുന്നത്. ഓരോ ഡിവൈസും ഉപയോഗിച്ചുള്ള ഒരു ദിവസത്തെ മുഴുവൻ കളക്ഷൻ പോലും ഒരുമിച്ച് പരിശോധിക്കാൻ കഴിയുന്നില്ല.

**പേയ്മെന്റ് സേർച്ച്** – എന്ന ഓപ്ഷനിൽ നിർദ്ദിഷ്ട കാലയളവിലെ ചെലവ് വിവരങ്ങൾ Pdf/Excel ഫോർമാറ്റിൽ ലഭ്യമാകുകയും ഫയലുകൾ പരിശോധിക്കുകയും ചെയ്യാൻ സാധിക്കുന്നുണ്ട്. എന്നാൽ ഏതെങ്കിലും ശീർഷകങ്ങളിലെ ഫയലുകൾ ലിസ്റ്റ് ചെയ്യുന്നതിനും ചെലവിന്റെ ആവർത്തന വിവരങ്ങൾ പരിശോധിക്കുന്നതിനും സാധിക്കുന്നില്ല.

> പേമെന്റ് സേർച്ച് എന്ന ഓപ്ഷനിൽ വൗച്ചർ നമ്പർ തുടർച്ചയായിട്ടല്ല രേഖപ്പെടുത്തുന്നത്.

**2.പ്രോപ്പർട്ടി ടാക്സ് മോഡ്യൂൾ** – ഓഡിറ്റർ ലോഗിനിൽ ലഭ്യമായിരിക്കുന്ന നാലാമത്തെ മൊഡ്യൂളാണ് പ്രോപ്പർട്ടി ടാക്സ് മോഡ്യൂൾ

>കേരള മുനിസിപ്പാലിറ്റി നിയമം, സെക്ഷൻ 242(4) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കുന്ന കെട്ടിടത്തിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്ററുകൾ വാർഡ് തലത്തിൽ തയ്യാറാക്കേണ്ടതാണെന്നു നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ K Smart ൽ ഓഡിറ്റിനു ലഭ്യമാക്കിയ ലോഗിനിൽ അനധികൃത കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ലഭ്യമല്ല. K Smart ൽ Property Tax മോഡ്യൂളിലെ ബിൽഡിംഗ് കൌണ്ട് പരിശോധിച്ചപ്പോൾ 13 കെട്ടിടങ്ങൾ മാത്രമാണ് Unauthorised എന്ന ലിസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഏതൊക്കെ കെട്ടിടങ്ങളാണ് അനധികൃതമെന്നുള്ളതിന്റെ വിശദാംശങ്ങൾ K-Smart ൽ ലഭ്യമല്ല.

>നഗരസഭാ പരിധിയിലുൾപ്പെട്ട, സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം Unauthorised എന്ന ഗണത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ച് നികുതി ഈടാക്കിയിരുന്ന കെട്ടിടങ്ങൾ കെ-സ്മാർട്ടിൽ Unauthorised എന്ന ഗണത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും Demand Notice, Collection വിശദാംശങ്ങൾ എന്നിവ ലഭ്യമല്ല.

>കെ-സ്മാർട്ട് ആപ്ലിക്കേഷനിൽ , 'കെട്ടിട നികുതി' ഒഴിവാക്കിയ കെട്ടിടങ്ങളുടെ ഗണത്തിൽ ഉൾപ്പെട്ടിരിയ്ക്കുന്ന കെട്ടിടങ്ങളുടെ ഫോം-6 , നഗരസഭയിൽ നിന്നും അനുവദിച്ചുതന്ന ഓഡിറ്റർ ലോഗിനിൽ ലഭ്യമല്ല. കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിന്റെ റിപ്പോർട്ടും കെ-സ്മാർട്ടിൽ ലഭ്യമല്ല

>വസ്തു നികുതി പരിഷ്കരണം - ഡേറ്റാ പ്യൂരിഫിക്കേഷൻ കെ-സ്മാർട്ടിൽ പൂർത്തിയാക്കിയിട്ടില്ല.

**ഫയലുകൾ** – ചെലവുമായി ബന്ധപ്പെട്ട അനുബന്ധ രേഖകൾ പൂർണ്ണമായും ലഭ്യമാകുന്നില്ല. ഓഡിറ്റേഴ്സ് ലോഗിനിൽ കൂടി പരിശോധിക്കുമ്പോൾ സ്കാൻ ചെയ്ത് അറ്റാച്ച് ചെയ്യുന്ന പല രേഖകളും ക്ലിയർ ആകുന്നില്ല. കൂടാതെ അനിവാര്യ ചുമതലകളിൽപ്പെടുന്നതും വലിയ കുടിശ്ശിക നിലനിൽക്കുന്നതും തുടർച്ചയുള്ളതുമായ ഫയലുകളുടെ കാര്യത്തിൽ മുൻകാല കുടിശ്ശികയും അടവ് വിവരങ്ങളും KSmart -ൽ കൃത്യമായി ലഭ്യമാകുന്നില്ല.

ലഭ്യമാക്കിയിട്ടുള്ള ഓഡിറ്റർ ലോഗിൻ പ്രകാരം, കെ-സ്മാർട്ട് വെബ് പോർട്ടലിന്റെ വിവിധ മൊഡ്യൂളുകൾ ആക്സസ് ചെയ്യുന്നതിന് പരിമിതികൾ നിലനിൽക്കുന്നു. ആയത് പരിഹരിച്ച് പൂർണ്ണതോതിൽ വെബ്പോർട്ടൽ ഡാറ്റയുടെ ആക്സസ് പ്രിവിലേജ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. നിലവിൽ പ്രവർത്തിക്കുന്ന സോഫ്റ്റ്‌വെയർ സംവിധാനത്തിലെ അപാകതകൾ പൂർണ്ണമായും പരിഹരിക്കുന്നതിനുള്ള മീകരണങ്ങൾ ഏർപ്പെടുത്താനുള്ള നടപടി സ്വീകരിക്കുന്നതിന് വിഷയം തദ്ദേശ

സ്വയം ഭരണ വകുപ്പിന്റെയും IKM ന്റേയും ശ്രദ്ധയിൽപ്പെടുത്തേണ്ടതുമാണ്.

## 1-74 ഹെൽത്ത് ഗ്രാന്റ് വിനിയോഗം - അവലോകനം

പ്രാഥമിക ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായാണ് പതിനഞ്ചാം ധനകാര്യ കമ്മീഷൻ 2021-22 മുതൽ 2025-26 വരെ ആരോഗ്യ മേഖലാ ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്. ആരോഗ്യ സ്ഥാപനങ്ങളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നിനും പൊതുജനങ്ങൾക്ക് മികച്ച സേവനം നൽകുന്നതിനുമുള്ള ശ്രമങ്ങൾ നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി കേരളമൊട്ടാകെ നടന്നുവരികയായതിനാൽ മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി ആർദ്രം മിഷനിലൂടെ ആരോഗ്യ മേഖലാ ഗ്രാന്റ് ഉപയോഗപ്പെടുത്തുക എന്ന സമീപനമാണ് കേരളത്തിൽ സ്വീകരിച്ചിട്ടുള്ളത്. ആരോഗ്യമേഖലാ ഗ്രാന്റിന്റെ നോഡൽ മന്ത്രാലയമായ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കിയാണ് കർമ്മപദ്ധതി തയ്യാറാക്കിയിട്ടുള്ളത്. ആരോഗ്യമേഖലാ ഗ്രാന്റ് വിനിയോഗത്തിനാധാരമായിട്ടുള്ള സർക്കാർ ഉത്തരവുകളും സർക്കുലറുകളും ചുവടെ ചേർക്കുന്നു .

| ക്രമ നമ്പർ | മാർഗരേഖയുടെ നമ്പർ, തീയതി |
|---|---|
| 1 | G.O(Rt) No. 2132/2022/LSGD Dated 31.08.2022 |
| 2 | G.O(Rt) No. 2156/2022/LSGD Dated 01.09.2022 |
| 3 | G.O(Rt) No. 3157/2022/LSGD Dated 21.12.2022 (Urban Local Bodies) |
| 4 | G.O(Rt) No. 1078/2022/LSGD Dated 20.05.2023 (Urban Local Bodies) |
| 5 | Circular No. FM3/138/2023/LSGD Dated 23.05.2023 |
| 6 | G.O(Rt) No. 1625/2023/LSGD Dated 09.08.2023 |

കുടുംബാരോഗ്യ കേന്ദ്രത്തിലും സബ് സെന്ററുകളിലും രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും, ആരോഗ്യ സ്ഥാപനങ്ങൾ മുഖേന ഹെൽത്ത് & വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനും കെട്ടിടമില്ലാത്ത കുടുംബാരോഗ്യ / ഉപകേന്ദ്രങ്ങൾക്ക് കെട്ടിട നിർമ്മാണത്തിനുമായി ഹെൽത്ത് ഗ്രാന്റ് ഉപയോഗിക്കേണ്ടതാണ്. ഇത് ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള വിവിധ സ്കീമുകൾ വഴിയാണ് നടപ്പാക്കേണ്ടത്. സ്കീമുകൾ താഴെ നൽകുന്നു.

<u>സ്കീം-1 കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കാൻ സഹായം</u>

കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി കെട്ടിടം നിർമ്മിക്കാൻ ധനസഹായം നൽകുന്നു. കേന്ദ്ര ആരോഗ്യ കു ംബ ക്ഷേമ മന്ത്രാലയം 31.08.2021 ന് പുറപ്പെടുവിച്ച സാങ്കേതിക മാർഗ്ഗരേഖയുടെ അനുബന്ധം-3.3 പ്രകാരമുള്ള ലേ-ഔട്ട് പ്ലാൻ കെട്ടിട നിർമ്മാണ മാതൃക പ്രകാരമാണ് കെട്ടിടങ്ങൾ നിർമ്മിക്കേണ്ടത്.

<u>സ്കീം-2 ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം</u>

ബ്ലോക്ക് കുടുബാരോഗ്യങ്ങൾക്ക് വിവിധ പ്രവർത്തനങ്ങൾക്ക് സഹായം നൽകൽ

<u>സ്കീം-3 ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ</u>

പ്രാഥമികാരോഗ്യ പരിരക്ഷ നൽകുന്ന എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുകയാണ് ഈ സ്കീമിന്റെ ലക്ഷ്യം. ഉപകേന്ദ്രങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ, കുടുംബാരോഗ്യ കേന്ദ്രങ്ങളിലും പ്രാഥമികാരോഗ്യ പരിരക്ഷ നൽകുന്ന മറ്റ് ആരോഗ്യ സ്ഥാപനങ്ങളിലും രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ എന്നീ രണ്ട് ഘടകങ്ങളിലായി പ്രവർത്തനം നടത്തുന്നു.

<u>സ്കീം-4 ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് അൻഡ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ.</u>

ഗ്രാമപ്രദേശങ്ങളിൽ ആരോഗ്യ വർദ്ധക സേവനങ്ങൾ, ആരോഗ്യകരമായ ഭക്ഷണശീലം, വ്യായാമം, ശുചിത്വം മുതലായവ പ്രോത്സാഹിപ്പിക്കൽ, രോഗ പ്രതിരോധ പ്രവർത്തനങ്ങൾ, അസുഖങ്ങൾ പ്രാരംഭ ഘട്ടത്തിൽ തന്നെ കണ്ടുപിടിക്കുന്നതിനുള്ള വർത്തനങ്ങൾ, ദീർഘകാല രോഗികൾക്ക് മാനസിക സാമൂഹ്യ പിന്തുണ നൽകൽ, പാലിയേറ്റീവ് പ്രവർത്തനങ്ങൾ തുടങ്ങിയവ ഉൾപ്പെടുന്നു.

<u>സ്കീം-5 നഗരപ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.</u>

ഉപകരണങ്ങൾ വാങ്ങുന്നതിനും കേരളാ മെഡിക്കൽ കോർപ്പറേഷനിൽ പരിശീലനവും ഉൾപ്പെടുന്നു.

<u>സ്കീം- 6 അർബൻ ഹെൽത്ത് & വെൽനസ് കേന്ദ്രങ്ങൾ.</u>

അർബൻ ഹെൽത്ത് & വെൽനസ് കേന്ദ്രങ്ങൾ, അർബൻ പോളിക്ലിനിക്കുകൾ സ്ഥാപിക്കൽ എന്നീ രണ്ട് ഘടകങ്ങൾ ഉൾപ്പെടുന്നു.

**നഗരസഭയിലെ ആരോഗ്യ സ്ഥാപനങ്ങൾ**

വൈക്കം നഗരസഭയുടെ കീഴിൽ 5 ആരോഗ്യ സ്ഥാപനങ്ങളാണുള്ളത്. വൈക്കം താലൂക്ക് ആശുപത്രി, ഹോമിയോ ആശുപത്രി, ആയുർവേദ ആശുപത്രി എന്നിവയും ചുള്ളിത്തറ, പെരുമാശ്ശേരി എന്നിവിടങ്ങളിലായി രണ്ട് ഹെൽത്ത് ആന്റ് വെൽനസ് സെന്ററുകൾ എന്നിവയാണവ. രണ്ട് ഹെൽത്ത് ആന്റ് വെൽനസ് സെന്ററുകൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിയ്ക്കുന്നത്.

<u>**ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് വിഭാവനം ചെയത പദ്ധതികൾ**</u>

നഗര പ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ. അർബൻ ഹെൽത്ത് & വെൽനസ് കേന്ദ്രങ്ങൾ, അർബൻ പോളിക്ലിനിക്കുകൾ സ്ഥാപിക്കൽ എന്നിവയാണ് ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് നഗരഭരണ സ്ഥാപനങ്ങൾക്ക് നടപ്പാക്കാവുന്ന പദ്ധതികൾ 2022-23 മുതൽ 2024-25 വരെയുള്ള കാലയളവിൽ ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് വിഭാവന ചെയ്തതും നടപ്പാക്കിലാക്കിയതുമായ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വർഷം | പദ്ധതി | അടങ്കൽ തുക ₹ | ചെലവ് തുക ₹ |
|---|---|---|---|
| 2022-23 | 264/2023- അർബൻ ഹെൽത്ത് & വെൽനസ് കേന്ദ്രങ്ങളുടെ വാടക, ഫർണ്ണീച്ചറുകൾ ടെലി കൺസൾട്ടേഷൻ സംവിധാനം എർപ്പെടുത്തൽ | 20,00,000/- | 0 |
| | 265/2023- അർബൻ ഹെൽത്ത് & വെൽനസ് കേന്ദ്രങ്ങളുടെ ജീവനക്കാർക്ക് വേതനം മറ്റ് ആവർത്തന ചെലവുകൾ | 35,00,000/- | 0 |
| | 266/ 2023- അർബൻ പോളിക്ലിനിക്ക് താലൂക്ക് ആശുപത്രികളിൽ തുടങ്ങുന്നതിന് പാലിയേറ്റീവ് മെഡിസിൻ സ്പെഷ്യലിസ്റ്റ് സേവനം ആരംഭിയ്ക്കൽ | 7,00,000/- | 0 |

| | | | |
|---|---|---|---|
| 2023-24 | 344/2024- അർബൻ ഹെൽത്ത് & വെൽനസ് കേന്ദ്രങ്ങളുടെ വാടക, ഫർണ്ണീച്ചറുകൾ ടെലി കൺസൾട്ടേഷൻ സംവിധാനം എർപ്പെടുത്തൽ | 20,00,000/- | 429819/- |
| | 345/2024- അർബൻ ഹെൽത്ത് & വെൽനസ് കേന്ദ്രങ്ങളുടെ ജീവനക്കാർക്ക് വേതനം മറ്റ് ആവർത്തന ചെലവുകൾ | 35,00,000/- | 428237/- |
| | 346/2024- അർബൻ പോളിക്ലിനിക്ക് താലൂക്ക് ആശുപത്രികളിൽ തുടങ്ങുന്നതിന് പാലിയേറ്റീവ് മെഡിസിൻ സ്പെഷ്യലിസ്റ്റ് സേവനം ആരംഭിക്കൽ | 7,00,000/- | 0 |
| | 350/2024- പാലീയേറ്റിവ് പ്രവർത്തനങ്ങൾ സർവത്രികമാക്കൽ | 30000000/- | 809959/- |
| | 352/2024- അർബൻ ഹെൽത്ത് & വെൽനസ് കേന്ദ്രങ്ങളുടെ പുനരുദ്ധാരണം | 275000/- | 206264/- |
| | 376/2024- രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ. | 2413000/- | 2413000/- |
| 2024-25 | 414/2025- അർബൻ ഹെൽത്ത് & വെൽനസ് കേന്ദ്രങ്ങളുടെ വാടക, ഫർണ്ണീച്ചറുകൾ ടെലി കൺസൾട്ടേഷൻ സംവിധാനം എർപ്പെടുത്തൽ | 1555231/- | 712115/- |
| | 412/2025- 2021-22 ഹെൽത്ത് ഗ്രാന്റ്, അർബൻ ഹെൽത്ത് & വെൽനസ് കേന്ദ്രങ്ങളുടെ ജീവനക്കാർക്ക് വേതനം മറ്റ് ആവർത്തന ചെലവുകൾ | 1542763/- | 1499362/- |
| | 413/2025- അർബൻ പോളിക്ലിനിക്ക് താലൂക്ക് ആശുപത്രികളിൽ തുടങ്ങുന്നതിന് പാലിയേറ്റീവ് മെഡിസിൻ സ്പെഷ്യലിസ്റ്റ് സേവനം ആരംഭിക്കൽ | 7,00,000/- | 0 |
| | 430/25 – ഹെൽത്ത് ഗ്രാന്റ് 21-22 യു എച്ച് ഡബ്ല്യൂ സി നവീകരണ പ്രവർത്തനങ്ങൾ | 1000000 | 0 |
| | 467/2025- അർബൻ ഹെൽത്ത് & വെൽനസ് കേന്ദ്രങ്ങളുടെ ആവർത്തന ചെലവുകൾ | 17,00,000/- | 0 |
| | 468/2025- ഹെൽത്ത് വെൽനസ് ഫീൽഡ് തല പ്രവർത്തനങ്ങൾ | 3,16,667/- | 0 |
| | 469/25 – ഹെൽത് വെൽനസ് ഫീൽഡ് ദല പ്രവർത്തനങ്ങൾ താലൂക്കാശുപത്രി | 158333 | 0 |

<u>പ്രോജക്ട് പ്രകാരമല്ലാതെയുള്ള ചെലവുകൾ</u>

**1) പാലിയേറ്റിവ് പ്രവർത്തനങ്ങൾ സർവത്രികമാക്കൽ , കാൻസർ കെയർ എന്നീ പ്രൊജെക്ടുകൾ നടപ്പിലാക്കുന്നതിന് അനുവദിച്ച തുകയിൽ നിന്നും 3324041/രൂപ 21/03/2024 നാഷണൽ ഹെൽത്ത് മിഷൻ ഡയറക്ടറുടെ അക്കൗണ്ടിലേക്ക് സ്കീം- 6-ൽ നിന്ന് (അർബൻ ഹെൽത്ത് & വെൽനസ് കേന്ദ്രങ്ങൾ 110054505060 കാനറാ ബാങ്ക് വൈക്കം) കൈ മാറിയിട്ടുണ്ട്.**

**2) പെരുമശ്ശേരി ,ചുള്ളിത്തറ എന്നീ ഹെൽത്ത് സെന്ററുകളുടെ തുടർപ്രവർത്തനങ്ങൾക്കായി 300000/- രൂപ മെഡിക്കൽ ഓഫീസർ ആവശ്യപ്പെട്ടതിൻ പ്രകാരം 25/01/2025-എച്ച്.എം.സി അക്കൗണ്ടിലേക്ക് സ്കീം- 6-ൽ നിന്ന് (അർബൻ ഹെൽത്ത് & വെൽനസ് കേന്ദ്രങ്ങൾ 110054505060 കാനറാ ബാങ്ക്**

വൈക്കം) കൈ മാറിയിട്ടുണ്ട്.

<u>ഫണ്ട് വിനിയോഗം</u>

**2021-22** മുതൽ **2024-25** വരെ വിവിധ സ്കീമുകളിൽ ലഭ്യമായ ഹെൽത്ത് ഗ്രാന്റുകളുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു .

| ക്രമ നം | ഇനം | ലഭിച്ച ഹെൽത്ത് ഗ്രാന്റ് | | | ആകെ | ചെലവഴിച്ച ഹെൽത്ത് ഗ്രാന്റ് | | | ആകെ | ബാലൻസ് |
|---|---|---|---|---|---|---|---|---|---|---|
| | | **2022-23** | **2023-24** | **2024-25** | | **2022-23** | **2023-24** | **2024-25** | | |
| 1 | സ്കീം **-5** നഗര പ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ. | 8200000 | 2605000 | 2175000 | 12980000 | 0 | 5198320 | 2270216 | 7468536 | 5511464 |
| | പലിശ | 127096 | 295648 | 200110 | 622854 | 0 | 0 | 0 | | 622854 |
| | ആകെ | **8327096** | **2900648** | **2375110** | **13602854** | **-** | **5198320** | **2270216** | **7468536** | * **6134318** |
| 2 | സ്കീം- **6** *അർബൻ ഹെൽത്ത് & വെൽനസ് കേന്ദ്രങ്ങൾ.* | 0 | 2413000 | 0 | 2413000 | 0 | 2413000 | 0 | 2413000 | 0 |
| | പലിശ | 0 | 16488/- | 10931 | 27419 | | 0 | 0 | **0** | |
| | ആകെ | | **2429488** | **10931** | **2440419** | | **2413000** | **0** | **2413000** | **27419** |

*സ്കീം**-5** പ്രകാരമുള്ള അക്കൗണ്ടിൽ ബാലൻസ് നിൽക്കുന്ന ക പാസ് ബുക്ക് ബാലൻസ് വാർഷിക

**ധനകാര്യ പത്രിക എന്നിവ തമ്മിൽ വ്യത്യാസമുണ്ട്**

**പാസ് ബുക്ക് ബാലൻസ് - 6134318/**

**വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ബാലൻസ് - 6119368/-**

**വ്യത്യാസം -14950/-**

**31/03/2024-ൽ ഇഷ്യൂ ചെയ്ത ചെക്ക് പ്രകാരമുള്ള 14950/ രൂപ അക്കൗണ്ടിൽ നിന്ന് പിൻവലിച്ചിട്ടില്ലാത്തതാണ് വ്യത്യാസത്തിന് കാരണം. (ചെക്ക് നം.54504950 തീയതി 31.03.2024)**

നഗരസഭയ്ക്ക് ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ നാളിതുവരെ ലഭിച്ച തുകയിൽ ബാങ്ക് അക്കൗണ്ടുകളിൽ ലഭ്യമായ പലിശ (650273/-) ഉൾപ്പടെ 6161737/- രൂപ 31.03.25 വരെ ചെലവഴിക്കാതെ അവശേഷിക്കുന്നു.

ഹെൽത്ത് ഗ്രാന്റ് വിനിയോഗവുമായി ബന്ധപ്പെട്ട് നിലവിൽ രണ്ട് ബാങ്ക് അക്കൌണ്ടുകളാണ് നിലവിലുള്ളത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ഇനം | അക്കൗണ്ട് നം |
|---|---|---|
| 1 | സ്കീം -5 നഗര പ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ. | **110054504950 (കാനറാ ബാങ്ക് വൈക്കം)** |
| 2 | സ്കീം- 6 അർബൻ ഹെൽത്ത് & വെൽനസ് കേന്ദ്രങ്ങൾ. | **110054505060 (കാനറാ ബാങ്ക് വൈക്കം)** |

അതത് സ്കീമുകളുടെ പ്രവർത്തനങ്ങൾക്കായി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരമുള്ള നിർവ്വഹണ ഉദ്യോഗസ്ഥരാണ് ഗ്രാന്റ് തുകയുടെ വിനിയോഗം നിർവ്വഹിക്കുന്നത്. കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ അസിസ്റ്റന്റ് എഞ്ചിനീയറും മറ്റുള്ളവ സെക്രട്ടറിയും, മെഡിക്കൽ ഓഫീസർമാരുമാണ് നിർവ്വഹിക്കുന്നത്. 2022-23, 2023-24, 2024-25 വർഷങ്ങളിലായി ആകെ 15 പ്രോജക്ടുകൾ വിഭാവനം ചെതിരുന്നെങ്കിലും 7 പ്രോജക്ടുകൾ മാത്രമാണ് നടപ്പാക്കുവാനായത് .

<u>പ്രോജക്ട് പ്രകാരമല്ലാതെയുള്ള ചെലവുകൾക്കായി *പാലിയേറ്റിവ് പ്രവർത്തനങ്ങൾ സർവത്രികമാക്കൽ , കാൻസർ കെയർ എന്നീ പ്രൊജെക്ടുകൾ നടപ്പിലാക്കുന്നതിന് അനുവദിച്ച തുകയിൽ നിന്നും 3324041/രൂപ 21/03/2024 നാഷണൽ ഹെൽത്ത് മിഷൻ ഡയറക്ടറുടെ* അക്കൗണ്ടിലേക്ക് സ്കീം- 6-ൽ നിന്ന് (*അർബൻ ഹെൽത്ത് & വെൽനസ് കേന്ദ്രങ്ങൾ **110054505060 കാനറാ ബാങ്ക് വൈക്കം)*** **കൈ മാറിയിട്ടുണ്ട്. ഇതു കൂടാതെ പെരുമശ്ശേരി, ചുള്ളിത്തറ എന്നീ ഹെൽത്ത് സെന്ററുകളുടെ തുടർപ്രവർത്തനങ്ങൾക്കായി 300000/- രൂപ മെഡിക്കൽ ഓഫീസർ ആവശ്യപ്പെട്ടതിൻ പ്രകാരം 25/01/2025-എച്ച്.എം.സി അക്കൗണ്ടിലേക്ക് സ്കീം- 6-ൽ നിന്ന് (*അർബൻ ഹെൽത്ത് & വെൽനസ് കേന്ദ്രങ്ങൾ 110054505060 കാനറാ ബാങ്ക് വൈക്കം)* കൈ മാറിയിട്ടുണ്ട്. ടി തുകകളുടെ വിനിയോഗം സംബന്ധിച്ച് വിനിയോഗം സാക്ഷ്യപത്രങ്ങൾ വാങ്ങി സൂക്ഷിയ്ക്കേണ്ടതാണ്.**</u>

നഗരസഭയ്ക്ക് കീഴിലുള്ള ആരോഗ്യ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യം, രോഗനിർണ്ണയ സൗകര്യം എന്നിവ മെച്ചപ്പെടുത്തുന്നതിന് ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പും ആരോഗ്യ സ്റ്റാൻഡിംഗ് കമ്മറ്റിയും ആരോഗ്യ സ്ഥാപനങ്ങൾ സന്ദർശിച്ച് സൗകര്യങ്ങൾ വിലയിരുത്തി നിർദ്ദേശങ്ങൾ ഭരണസമിതിയെ അറിയിക്കേണ്ടതാണ്. ആയത് ആവശ്യകതയ്ക്കനുസരിച്ച് പ്രോജക്ടുകൾ രൂപം നൽകുന്നതിന് സഹായകമാകുന്നതാണ്. പ്രോജക്ടുകൾക്ക് അന്തിമ രൂപം നൽകുന്നതിൽ ആരോഗ്യ മേഖലാ വർക്കിംഗ്

ഗ്രൂപ്പ്, ആരോഗ്യത്തിന്റെ ചുമതലയുള്ള ാന്റിംഗ് കമ്മിറ്റി, ഭരണ സമിതി എന്നീ തലങ്ങളിൽ ക്രിയാത്മകമായ ഇടപെടലുകൾ ഉണ്ടാവേണ്ടതാണ്.

## 1-75 ദേശീയനഗര ഉപജീവനമിഷൻ (എൻ.യു.എൽ.എം)-പദ്ധതി നിർവ്വഹണം-അവലോകനം

നഗരസഭയിലെ ദേശീയ നഗര ഉപജീവന മിഷൻ (എൻ.യു.എൽ.എം) പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് തൻ വർഷം 5 പുതിയ അയൽക്കൂട്ടങ്ങൾ രൂപീകരിക്കുകയും 2 അയൽക്കൂട്ടങ്ങളുടെ (വിവിധ അയൽകൂട്ടങ്ങൾ) അക്കൗണ്ടിലേക്ക് റിവോൾവിംഗ് ഫണ്ടിനത്തിൽ 10000/- രൂപ വീതം ദാരിദ്ര്യ നിർമ്മാർജന മിഷനിൽ നിന്ന് നേരിട്ട് ട്രാൻസ്ഫർ ചെയ്യുകയും ചെയ്തിട്ടുണ്ട്. റിസോഴ്സ് ഓർഗനൈസേഷൻ ഫണ്ടായി 23,200/- രൂപ തൻ വർഷം സി.ഡി.എസ് കൾക്ക് അനുവദിച്ചിട്ടുണ്ട്. തൻവർഷം 5 വ്യക്തിഗത സംരഭങ്ങളും 3 ഗ്രൂപ്പ് സംരഭംങ്ങളും ആരംഭിച്ചിട്ടുണ്ട്. തൻവർഷം നടപ്പാക്കിയ വിവിധ സ്കീമുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>സ്വാനിധി സെസമൃദ്ധി പദ്ധതി</u>

വഴിയോരക്കച്ചവക്കാരെ ബാങ്കുകളുമായി ബന്ധപ്പെടുത്തി വായ്പകൾ ലഭ്യമാക്കുകയും ഡിജിറ്റൽ ഇടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് സ്വാനിധി സെസമൃദ്ധി. പ്രസ്തുത പദ്ധതിയുടെ ഭാഗമായി അർഹരായ വഴിയോര കച്ചവടക്കാർക്കും വായ്പകൾ ലഭ്യമാക്കുന്നതിലേക്കായി വായ്പാ മേളകൾ സംഘടിപ്പിച്ചു. ഇത് പ്രകാരം ആദ്യ ഘട്ട വായ്പയായി 10,000/- രൂപ വീതം 27 പേർക്കും രണ്ടാംഘട്ട വായ്പയായി 20,000/- രൂപ വീതം 152 പേർക്കും മൂന്നാം ഘട്ട വായ്പയായി 50,000/- രൂപ വീതം 16 പേർക്കും ലഭിച്ചു. സ്വാനിധി സെസമൃദ്ധി പദ്ധതിയുടെ ഭാഗമായി 402 പേരുടെ പ്രൊഫൈലിംഗ് പൂർത്തിയാക്കുകയും അർഹരായ 377 പേരെ സാമൂഹ്യ സുരക്ഷാ പദ്ധതികളിൽ ഉൾപ്പെടുത്തുകയും ചെയ്തു.

<u>ക്വിക് സേർവ്</u>

നഗരങ്ങളിൽ വിവിധ സേവനങ്ങളായ വീട്ടുജോലി, ഗൃഹ ശുചീകരണം, പാചകം, കിടപ്പ് രോഗികളുടേയും വൃദ്ധരുടേയും കുട്ടികളുടേയും പരിചരണം, പ്രസവാനന്തര ശുശ്രൂക്ഷ, ഹൗസ് കീപ്പിംഗ് വർക്കുകൾ എന്നിവ നിർവ്വഹിക്കുന്നതിന് വേണ്ടി കുടുംബശ്രീ അംഗങ്ങളെ ഉൾപ്പെടുത്തി പ്രൊഫഷണൽ ടീമായ ക്വിക് സേർവ് എന്ന ബ്രാന്റിന് കീഴിൽ സംരഭ മാതൃകയിൽ പരിശീലനം നൽകി പ്രവർത്തനം ആരംഭിച്ചു. പരിശീലനം നൽകുന്നതിന് 27460/- രൂപ ചെലവഴിച്ചു.

**<u>TULIP (The Urban Learning Internship Program)</u>**

നഗരകാര്യ മന്ത്രാലയവും അഖിലേന്ത്യ ടെക്നിക്കൽ വിദ്യാഭ്യാസ കൗൺസിലും ചേർന്നുള്ള പങ്കാളിത്തത്തോടെ നടപ്പിലാക്കപ്പെടുന്ന പദ്ധതി. കുടുംബശ്രീയാണ് ഈ പദ്ധതിയുടെ നോഡൽ ഏജൻസി. കുടുംബശ്രീ സംവിധാനത്തിലുള്ള 3 പേർ ഇന്റേൺഷിപ്പ് പൂർത്തീകരിച്ചു.

<u>വരവ് ചെലവ് കണക്കുകൾ</u>

ദേശീയ നഗര ഉപജീവന മിഷൻ (എൻ.യു.എൽ.എം) പദ്ധതിയുടെ ഫണ്ട് വിനിമയങ്ങൾക്കായി നഗരസഭയിൽ 2 ബാങ്ക് അക്കൗണ്ടുകൾ ആരംഭിച്ചിട്ടുണ്ട് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബാങ്ക്, ശാഖ | അക്കൗണ്ട് നം. | ആവശ്യം |
|---|---|---|
| കാനറ ബാങ്ക്, വൈക്കം ശാഖ | 4670101007155 | എൻ.യു.എൽ.എം പദ്ധതിക്കായി സെക്രട്ടറിയുടെ പേരിൽ ആരംഭിച്ച അക്കൗണ്ട് |
| ഇൻഡ്യൻ ബാങ്ക്, | 7638203575 | എൻ.യു.എൽ.എം-സ്വാനിധി സെസമൃദ്ധി പദ്ധതിക്കായി |

| | | |
|---|---|---|
| വൈക്കം ശാഖ | | ആരംഭിച്ച അക്കൗണ്ട്. |

എന്നാൽ മേൽ ബാങ്ക് അക്കൗണ്ടുകൾ നഗരസഭയുടെ വാർഷികകണക്കുകളിൽ ഉൾപ്പെട്ടിട്ടില്ലായെന്ന് കാണുന്നു. അക്കൗണ്ടുകളുടെ തൻവർഷ വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

**1.എൻ.യു.എൽ.എം (അക്കൗണ്ട് നം.4670101007155 കാനറ ബാങ്ക് വൈയ്ക്കം ശാഖ)**

| | |
|---|---|
| പ്രാരംഭബാക്കി | 0 |
| വരവ് | 846931 |
| ആകെ | 846931 |
| ചെലവ് | 846931 |
| നീക്കിയിരിപ്പ് | 0 |

ഗുണഭോക്താക്കളുടെ (വിവിധ അയൽക്കൂട്ടങ്ങൾ) അക്കൗണ്ടിലേക്ക് ദാരിദ്ര്യനിർമ്മാർജനമിഷനിൽ നിന്ന് നേരിട്ട് ട്രാൻസ്ഫർ ചെയ്യുന്ന കകൾ രൂപ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല.തൻവർഷ ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| ശമ്പളവും അനുബന്ധ ചെലവുകളും | 765892 |
| കുടുംബശ്രീക്ക് റിസോഴ്സ് ഓർഗനൈസേഷൻ ഫണ്ട് നൽകിയത് | 23200 |
| TULIP ഇന്റേൺഷിപ്പ് കാർഡ് പ്രിന്റിംഗ് | 600 |
| നൈപുണ്യ പരിശീലനം പൂർത്തിയാക്കിയവർക്ക് യാത്രാബത്തയും അനുബന്ധ ചെലവുകളും | 14944 |
| വെന്റിംഗ് സർട്ടിഫിക്കറ്റ് | 1535 |
| കോവിഡ് ഡ്യൂട്ടിയുടെ യാത്രാ ബത്ത | 13300 |
| ട്രയിനിംഗ് പ്രോഗ്രാം | 27460 |
| ആകെ | 846931 |

**സ്വാനിധി സെസമൃദ്ധി (അക്കൗണ്ട് നം. 7638203575 ഇൻഡ്യൻ ബാങ്ക് വൈയ്ക്കം ശാഖ)**

| | |
|---|---|
| പ്രാരംഭബാക്കി | 0 |
| വരവ് | 500000 |
| ആകെ | 500000 |
| ചെലവ് | 118398 |
| നീക്കിയിരിപ്പ് | 381602 (ബാലൻസ് തുക തിരിച്ചെടുത്തു) |

തൻവർഷ ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ചെലവ് |
|---|---|
| റിസോഴ്സ്പേഴ്സന് സോഷ്യോ ഇക്കണോമിക് ഫണ്ട് | 34200 |
| സ്വാനിധി സേസമൃദ്ധി ക്യാപയിൻ | 3810 |
| ലാപ്ടോപ് & പ്രിന്റർ | 80388 |
| ആകെ | 118398 |

അപാകതകൾ പരിഹരിച്ച് പദ്ധതി പ്രകാരമുള്ള ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി നഗരസഭ ഉറപ്പാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 സ്കൂളുകൾക്ക് ലാപ് ടോപ്പ് - സർക്കാർ നിർദ്ദേശം പാലിച്ചില്ല.- അധികം തുക ചെലവഴിച്ചു

| | |
|---|---|
| പ്രോജക്ട് നമ്പർ , പേര് | നം. S139/25, സ്കൂളുകൾക്ക് ലാപ് ടോപ്പ്, കമ്പ്യൂട്ടർ ഉപകരണങ്ങൾ എന്നിവ വാങ്ങൽ |
| അടങ്കൽ ,ഫണ്ടിനം | 15,00,000/-, റോഡിതര സംരക്ഷണ ഗ്രാന്റ് |
| ചെലവ്, ബിൽ നമ്പർ , തീയതി | 1469670<br>ബിൽ നമ്പർ<br>1.485/24.3.25 -489890<br>2. 484/24.3.25-489890<br>3. 483/24.3.25-489890 |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ്മിസ്ട്രസ്സ് ഗവ എൽ പി എസ് |

പ്രസ്തുത പ്രോജക്ട് പ്രകാരം ജെം മുഖേന കെ. എം. ടെക്നോളജീസ്, വടവാതൂർ, കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നും മേൽ തുക ചെലവഴിച്ച് 30 ലാപ്ടോപ്പുകൾ വാങ്ങി വിവിധ സ്കൂളുകൾക്ക് നൽകിയിട്ടുണ്ട്.

പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു

1. പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള മുഴുവൻ സ്ഥാപനങ്ങൾക്കും സ്കൂളുകൾക്കും ആവശ്യമായ ഐ. സി. ടി. ഹാർഡ് വെയർ ഉപകരണങ്ങൾ സർക്കാർ ഫണ്ടോ എം.പി / എം.എൽ.എ / തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ വിവിധ സ്കീമുകൾക്കുള്ള ഫണ്ട് ഉപയോഗിച്ച് വാങ്ങുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും സ്പെസിഫിക്കേഷനും പൊതു വിദ്യാഭ്യാസ വകുപ്പിന്റെ 27.9.2019 ലെ സ.ഉ (സാ.ധാ) നമ്പർ 3847/2019 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പൊതു വിദ്യാഭ്യാസ വകുപ്പിന്റെ 30.1.2023 ലെ സ.ഉ (സാ.ധാ) നമ്പർ 818/2023 ഉത്തരവനുസരിച്ച് ഒരു ലാപ് ടോപ്പിന് ഈടാക്കാവുന്ന പരമാവധി വില 35,207/- രൂപയാണ്. എന്നാൽ ജെം മുഖേന കെ. എം. ടെക്നോളജീസിൽ നിന്നും വാങ്ങിയപ്പോൾ ചുവടെ ചേർക്കും പ്രകാരം അധികം ചെലവഴിച്ചിട്ടുണ്ട്.

| ഇനം | വാങ്ങിയ നിരക്ക് | വാങ്ങാവുന്ന നിരക്ക് | അധികം |
|---|---|---|---|
| ലാപ് ടോപ്പ് | ഒന്നിന് ജി എസ് റ്റി ഉൾപ്പെടെ 48,989/- രൂപ വീതം 30 എണ്ണത്തിന് 14,69,670/- | ഒന്നിന് ജി എസ് റ്റി ഉൾപ്പെടെ (35207/- വീതം 30 എണ്ണത്തിന് 1056210/- | 413460 |

2) മേൽ സൂചിത ഉത്തരവിന്റെ ക്രമ നമ്പർ 3 പ്രകാരം വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നൽകുന്ന എല്ലാ

ഐ.ടി ഉപകരണങ്ങൾക്കും 5 വർഷ വാറന്റി ഉറപ്പ് വരുത്തേണ്ടതാണ്. എന്നാൽ കെ എം ടെക് ലോളജീസ് ലഭ്യമാക്കിയ ലാപ് ടോപ്പിന് 3 വർഷ വാറന്റി മാത്രമാണ് .

3).The Central Goods & Services Tax Act-2017, The Kerala State Goods & Services Tax Act-2017 എന്നീ നിയമങ്ങളിലെ സെക്ഷൻ 51 (1) പ്രകാരം GST ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്തതിന് ശേഷം ബിൽ തുക അനുവദിക്കുമ്പോൾ ആകെ കരാർ തുക 2.5 ലക്ഷം രൂപയിൽ അധികരിക്കുന്ന പക്ഷം കരാർ തുകയുടെ 1% CGST, 1% SGST എന്നിങ്ങനെ ആകെ 2% തുക സ്രോതസ്സിൽ (ടി.ഡി.എസ്.) കുറവ് ചെയ്യേണ്ടതാണ്. ടി.ഡി.എസ്. നടത്താത്തതിനാൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് ലഭിക്കേണ്ട നികുതി ക്രമീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല. സ്ഥാപനം തുക ഉൾപ്പെടുത്തി റിട്ടേൺ ഫയൽ ചെയ്തിട്ടുണ്ടെന്ന് ഡിക്ലറേഷൻ ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയതിനെ സാധൂകരിക്കുന്ന ജി എസ് റ്റി വകുപ്പിൽ നിന്നുള്ള രേഖകൾ ലഭ്യമല്ല. സർക്കാർ നിർദ്ദേശം പാലിക്കാതെ വാങ്ങൽ നടത്തി അധികം തുക ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന് (38/23.02.2026) മറുപടിയായി ഹയർ സെക്കണ്ടറി സ്കൂളിൽ കണക്ക് ലാബ് പരീക്ഷ നടത്തുവാനാണ് ലാപ്പ് ടോപ്പുകൾ വാങ്ങിയത് എന്നും കൗൺസിൽ തീരുമാന പ്രകാരമാണ് ജെം പോർട്ടൽ വഴി വാങ്ങിയതെന്നും മറുപടി ലഭ്യമാക്കി. എന്നാൽ അധികം തുക ചെലവഴിച്ചതിനും മറ്റ് അപാകതകൾക്കുമുള്ള വിശദീകരണം മറുപടിയിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ അധികം ചെലവഴിച്ച 4,13,460/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. നിരാകരിച്ച തുക ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. മറ്റ് അപാകതകൾക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കാത്തതിനാൽ നിരാകരിച്ച തുകയുടെ ബാക്കി 10,56,210/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ് - അവലോകനം

**1.മെഡിസെപ്പ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)**

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം* | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|
| 50 | 300000/- | 300000/- | - | - |

*01-04-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ

**2.മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01-04-2024 മുതൽ 30-06-2024 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള ടിശ്ശിക | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | ഉൾപ്പെടെ)** | | | |
| ഇല്ല | - | - | - | - | - |

**3.മെഡിസെപ് പ്രീമിയം ഒടുക്ക് (01-07-2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

| ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള ടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|
| ഇല്ല | - | - | - | - |

**4.മെഡിസെപ് പ്രീമിയം ഒടുക്ക് (01-08-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)** | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | 02/25 | 1000 | 1000 | - | - |

**5.മെഡിസെപ് പ്രീമിയം ഒടുക്ക് (നഗരസഭയിലെ റഗുലർ പെൻഷൻ ഗുണഭോക്താക്കൾ)**

| ഓഡിറ്റ് വർഷത്തെ റഗുലർ പെൻഷൻ ഗുണഭോക്താക്കളുടെ എണ്ണം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|
| 28 | 168000/- | 168000/- | - | |

**6.മെഡിസെപ് പ്രീമിയം ഒടുക്ക് (നഗരസഭയിലെ കണ്ടിജന്റ് പെൻഷൻ ഗുണഭോക്താക്കൾ)**

| ഓഡിറ്റ് വർഷത്തെ കണ്ടിജന്റ് പെൻഷൻ ഗുണഭോക്താക്കളുടെ എണ്ണം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|
| 33 | 198000/- | 198000/- | - | - |

## 4-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിശദാംശങ്ങൾ

2024-25 ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 11.02.2026, 13.02.2026 തീയതികളിൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ ഓഡിറ്റ് സാക്ഷ്യപത്രം ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 1-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇംഗ്ലീഷിലുള്ള ഓഡിറ്റ് സാക്ഷ്യപത്രം (Financial Audit Certificate 2024-25) അനുബന്ധം-1 ആയും ചേർത്തിട്ടുണ്ട്. സർക്കാർ/പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത 2024-25 വാർഷിക ധനകാര്യപത്രികയിലെ

ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/20254-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം ഈ റിപ്പോർട്ടിന്റെ അനുബന്ധങ്ങളായി ചേർത്തിരിക്കുന്നു.

## 4-3 സംയുക്ത പ്രോജക്ടിനായി ചെലവഴിച്ച തുകയുടെ വിവരം

സംയുക്ത പ്രോജക്ടുകൾക്കായി തൻവർഷം തുക ചെലവഴിച്ചിട്ടില്ല.

## 4-4 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2024-25 വർഷത്തിൽ നിക്ഷേപ പ്രവൃത്തിയ്ക്കായി തുക നൽകിയിട്ടില്ല.

## 4-5 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-6 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്നതിന്റെയും വിശദവിവരം താഴെ കൊടുക്കുന്നു. ഇഎംഎസ് ഹൗസിംഗ് ലോൺ സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. കെയുആർഡിഎഫ് സി ലോൺ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും തൻവർഷ വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ വായ്പ വിവരങ്ങളുടെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

| വായ്പയുടെ പേര് ഉദ്ദേശ്യം | ഉത്തരവ് നം തീയതി | വായ്പ തുക | വർഷാരം-ഭത്തിൽ തിരിച്ചടക്കാൻ ബാക്കിയു-ണ്ടായിരുന്ന തുക | തൻവർഷം ലഭ്യമായ തുക | തൻവർഷം തിരിച്ചടച്ച തുക (മുതൽ) | വർഷാ-വസാനം തിരിച്ച-ടക്കാൻ ബാക്കി-യുള്ള തുക |
|---|---|---|---|---|---|---|
| കെ യു ആർ ഡിഎഫ് സി പി എം എവൈ ഹൗസിംഗ് ലോൺ | ജി.ഒ (എം എസ്) നം. 68/18/ എൽ എസ് ജി ഡി തീയതി 18/05/2018 | 40653333 | 36845572 | 7600000 | 3573333 | 40872239 |
| ഇ എം എസ് ഹൗസിംഗ് ലോൺ | ജിഒ (പിഎസ്) നം. 129/2009/ ടി ഡി തീയതി 16/07/2009 | 867975 | 975 | - | | 975 |

ഭവന പദ്ധതിക്കായി കെ.യു.ആർ.ഡി.എഫ്.സി യിൽ നിന്നും മുൻ വർഷം ലഭിച്ച ലോൺ തുകയായ 72,00,000/- രൂപയും തൻ വർഷം ലഭിച്ച 76,00,000/- രൂപയും ശരിയായ അക്കൗണ്ടിങ്ങ് ക്രമീകരണത്തിലൂടെ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ ബി-5 ഷെഡ്യൂൾ പ്രകാരം തിരിച്ചടയ്ക്കുവാനുള്ള കെ.യു.ആർ.ഡി.എഫ്.സി ലോൺ തുക 2,60,72,239/- രൂപയാണ്. വായ്പ

ഇനത്തിലുള്ള ബാധ്യതയിൽ 1,48,00,000/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. ആയത് വാർഷിക കണക്കുകളുടെ അപാകതയായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 4-7 സ്ഥിരനിക്ഷേപങ്ങൾ

നഗരസഭയുടെ 31.03.2025 ലെ ബാലൻസ് ഷീറ്റ് പ്രകാരം 26,27,027/- രൂപ ഇക്വിറ്റി ഷെയർ ആസ്തി ഉള്ളതായി കാണുന്നു (കണക്ക് ശീർഷകം – 4201001). 2013-ലെ കമ്പനീസ് ആക്ട് സെക്ഷൻ 46(3) പ്രകാരം CLEAN KERALA COMPANY LIMITED ലഭ്യമാക്കിയ 3 ഷെയർ സർട്ടിഫിക്കറ്റുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ഷെയർ രജിസ്റ്റർ ഫോളിയോ നം. | N-8 | N-16 | N-8 |
| ഷെയർ സർട്ടിഫിക്കറ്റ് നം. | 44 | 52 | 57 |
| ഷെയറുകളുടെ എണ്ണം | 1000 രൂപയുടെ 1000 എണ്ണം | 1000 രൂപയുടെ 500 എണ്ണം | 1000 രൂപയുടെ 1127 എണ്ണം |
| ഷെയർ ഡിസ്റ്റിങ്ഗ്റ്റീവ് നം. | 49001 മുതൽ 50000 വരെ | 86016 മുതൽ 86515 വരെ | 98715 മുതൽ 99841 വരെ |
| ഷെയർ എടുത്ത തീയതി | 10.06.2015 | 30.12.2015 | 26.12.2016 |
| ആകെ മൂല്യം | 1000000/- | 500000/- | 1127000/- |

മേൽ സർട്ടിഫിക്കറ്റുകൾ പ്രകാരം ആകെ ഷെയർ മൂല്യം 2627000/- രൂപയും വാർഷികകണക്കുകൾ പ്രകാരം മൂല്യം 26,27,027/- രൂപയുമാണ്. 2015 മുതൽ എടുത്ത ഷെയറിന്റെ ആസ്തിമൂല്യം 2024-25 വർഷം വരെയും പുതുക്കിയതായി വാർഷിക കണക്കുകളിൽ കാണുന്നില്ല. ഇക്വിറ്റി ഷെയറിന്റെ ആസ്തിമൂല്യം ഓരോ സാമ്പത്തിക വർഷത്തേതും കമ്പനിയിൽ നിന്നും സ്റ്റേറ്റ്മെന്റ്/പത്രിക (Share Value Statement) ലഭ്യമാക്കി കൃത്യമായി അക്കൗണ്ട് ചെയ്യാതിരുന്നതിനാൽ ധനകാര്യ പത്രികയിൽ നിലവിലെ ആസ്തിമൂല്യം പ്രതിഫലിക്കുന്നില്ല. ഷെയറിന്റെ മൂല്യം കൃത്യമായി ലഭ്യമാക്കി വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തി വിശദാംശം അറിയിക്കേണ്ടതാണ്.

## 4-8 ഓഡിറ്റ് റിക്കവറി

തൻവർഷം ഓഡിറ്റ് റിക്കവറിയിനത്തിൽ വരവില്ല.

## 4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ നിലവിലെ അവസ്ഥ

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12 | 3-26 | 2012-13 | അദ്ധ്യായം 2 ഖണ്ഡിക | നഗരസഭകളും പരസ്യ നികുതിയും പരസ്യ നികുതി | നിയമസഭാ സമിതിയുടെ |

| | | | | | |
|---|---|---|---|---|---|
| | | | 2-5 | പിരിക്കുന്നതിന് ബൈലോ തയ്യാറാക്കിയിട്ടില്ല | പരിഗണനയിലാണ് |
| 2011-12 | 2-7 | 2013-14 | 4-6 | ടൗൺ ഹാൾ, റെസ്റ്റ് ഹൗസ് വാടക കുടിശിക ഈടാക്കിയിട്ടില്ല | നിയസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2013-14 | വിഷയാധിഷ്ഠിത അവലോകനം | 2015-16 | 4-2-2 | വിവിധ പദ്ധതികളുടെ അപേക്ഷ ഫോറത്തിൽ അർഹത/ മുൻഗണന മാനദണ്ഡങ്ങൾ രേഖപ്പെടുത്തിയിട്ടില്ല (വിഷയാധിഷ്ഠിത അവലോകനം) | നിയസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2016-17 | 3-16 | 2017-18 | 1-5-3 | വെള്ളക്കര കുടിശിക – നഗരസഭയ്ക്ക് 4.8 കോടി രൂപയുടെ ബാദ്ധ്യത | നിയസഭാ സമിതിയുടെ പരിഗണനയിലാണ് |

## 4-10 ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം.

തൻവർഷം ചാർജ് സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയിട്ടില്ല.

## 4-11 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 15,15,37,235/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 1,39,52,860/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 4,13,460/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 26,32,300/- |

(ബി) മുൻസിപ്പൽ **ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളിന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 (1-52) | – | 4,13,460/- | ശ്രീമതി ഷാലിമോൾ എസ്., ഹെഡ്മിസ്ട്രസ്, ഗവ. എൽ. പി. എസ്., വൈക്കം ടൗൺ |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-47 | 335788/- | ശ്രീ. ജയകുമാർ ബി., മുനിസിപ്പൽ എഞ്ചിനീയർ |
| 1-48 | 487690/- | ശ്രീ. ജയകുമാർ ബി., മുനിസിപ്പൽ എഞ്ചിനീയർ |
| 1-49 | 50000/- | ശ്രീ. ജയകുമാർ ബി., മുനിസിപ്പൽ എഞ്ചിനീയർ |
| 1-52 | 1056210/- | ശ്രീമതി ഷാലിമോൾ എസ്., ഹെഡ്മിസ്ട്രസ്, ഗവ. എൽ. പി. എസ്., വൈക്കം |

| | | |
|---|---|---|
| | | ടൗൺ |
| 1-53 | 280421/- | ശ്രീമതി ഷാലിമോൾ എസ്., ഹെഡ്മിസ്ട്രസ്, ഗവ. എൽ. പി. എസ്., വൈക്കം ടൗൺ |
| 1-54 | 90000/- | ശ്രീ. സോണി ചെറിയാൻ, ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ |
| 1-55 | 102660/- | ശ്രീമതി സൗമ്യാ ഗോപാലകൃഷ്ണൻ, മുനിസിപ്പൽ സെക്രട്ടറി |
| 1-58 | 97986/- | ശ്രീ. അജിത്ത് വി. പി., പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ |
| 1-60 | 131545/- | ഡോ. രഞ്ജിനി സി. മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| ആകെ | 26,32,300/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

1-34 – 201838 (ജി. എസ്. ടി.)

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

1-35, 1-36, 1-39, 1-41

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ-**

| ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | മേൽവിലാസം |
|---|---|---|
| ശ്രീമതി ഷാലിമോൾ എസ്., ഹെഡ്മിസ്ട്രസ് | ഹെഡ്മിസ്ട്രസ്, ഗവ. എൽ. പി. എസ്., വൈക്കം ടൗൺ | അമ്പലംപറമ്പിൽ, കാട്ടിക്കുന്ന്, ചെമ്പ് പി. ഒ., വൈക്കം – 686608 |

## 4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | നം.എൽ.എഫ്.കെ. (എം.എൽ) 856/00/ 11.12.2001 |
| 1997-98 | നം.എൽ.എഫ്.കെ. (എം.എൽ)/1508/07 |
| 1998-99 | നം.എൽ.എഫ്.കെ. (എം.എൽ) 1497/07/ 11.07.2008 |
| 99-00, 00-01, 01-02 (പ്ലാൻ) | നം.എൽ.എഫ്.കെ. (എം.എൽ)116/04/ 4.1.10/ 6.2.2010 |
| 99-00 (പ്ലാൻ ഒഴികെ വരവു ചെലവ്) | നം.എൽ.എഫ്.കെ. (എം.എൽ) 1497/07, 11.07.08/ 19.09.2008 |
| 2000-01 (ഫുൾ) | നം.എൽ.എഫ്.കെ. (എം.എൽ) 431/07/ 17.11.08/ 3.2.2009 |
| 2001-02 വരവു ചെലവ് | നം.എൽ.എഫ്.കെ. (എം.എൽ) 117/09/ 20.04.16 |
| 02-03 ചെലവ് | നം.എൽ.എഫ്.കെ. (എം.എൽ) 736/07/ 6.7.09/ 8.9.09 |
| 02-03 വരവ് | നം.എൽ.എഫ്.കെ. (എം.എൽ) 995/09/ 30.12.09/ 30.3.10 |

| | |
|---|---|
| 03-04 ചെലവ് | നം.എൽ.എഫ്.കെ. (എം.എൽ) 737/07/ 11.7.09/ 8.9.09 |
| 03-04 വരവ് | നം.എൽ.എഫ്.കെ.(എം.എൽ) 996/09/29.03.16 |
| 04-05 ചെലവ് | നം.എൽ.എഫ്.കെ. (എം.എൽ) 174/09/2.7.09/ 8.9.09 |
| 04-05 വരവ് | നം.എൽ.എഫ്.കെ. (എം.എൽ) 997/09/ 31.03.16 |
| 05-06 ചെലവ് | നം.എൽ.എഫ്.കെ. (എം.എൽ) 738/07/ 09.10.09 |
| 05-06 വരവ് | നം.എൽ.എഫ്.കെ. (എം.എൽ) 738/07/ 09.09.09 |
| 06-07 | നം.എൽ.എഫ്.കെ. (എം.എൽ) 999/09/19.3.10/ 10.1.11 |
| 2007-08 | നം.എൽ.എഫ്.കെ. (എം.എൽ) 1000/09/19.3.10/ 10.01.2011 |
| 2008-09 | നം.എൽ.എഫ്.കെ. (എം.എൽ) 438/11/ 12.12.2011 |
| 2009-10 | നം.എൽ.എഫ്.കെ. (എം.എൽ) 439/11/ 2.2.2013 |
| 2010-11 | നം.എൽ.എഫ്.കെ.പി8- 471/14/ 7.10.2014 |
| 2011-12 | നം.എൽ.എഫ്.കെ. (എം.എൽ)പി8-/342/13/ 21.3.14 |
| 2012-13 | നം.എൽ.എഫ്.കെ.പി8-/832/2014/ 8.9.15 |
| 2013-14 | നം.കെ.എസ്. എ.കെ.ടി.എം.പി8-/1175 /2015/ 18.03.16 |
| 2014-15 | കെഎസ്എകെടിഎം.പി.8/880/2016 3.10.2016 |
| 2015-16 | കെഎസ്എ.കെടിഎം.പി.17/1206/17/29.01.2018/ 2.3.2018 |
| 2016-17 | കെഎസ്എ.കെടിഎം.പി.17/2049/18/04.05.2019 |
| 2017-18 | കെഎസ്എ.കെടിഎം.പി.17/178/19/03.08.19 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി17/1342/20/22.12.20 |
| 2019-20 | കെ.എസ്.എ-കെ.ടി.എം.പി17/185/21/ 01.04.2023 |
| 2020-21 | കെ.എസ്.എ-കെ.ടി.എം.പി17/186/22 20.04.2023 |
| 2021-22 | കെ.എസ്.എ-കെ.ടി.എം.പി17/303A/23/16.06.2023 |
| 2022-23 | കെ.എസ്.എ-കെ.ടി.എം.പി17/177/24/20.12.2024 |
| 2023-24 | കെ.എസ്.എ-കെ.ടി.എം.പി17/175/25/18.09.2025 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**

# Annexure-1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 8 dated 8/1 dated 30-10-2025 and submitted on 30-11-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Vaikom Municipality as per section 295(4) of Kerala Municipality act 1994, Kerala Municipality (Accounts) rules 2007, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State / Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the ULB’s management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of Local Bodies issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Vaikom Municipality as on 31-03-2025

Date: 21/03/2026 Senior Deputy Director

Kerala State Audit Department

## Audit Report appended to the Audit Certificate of Vaikom Municipality for the Year 2024-2025.

### 1.Major Observations

1. Municipal General Fund Details not maintained. data of asset and liability as on 01-04-2011 is not available. Full source data not available for the value of total general fund as on 31-03-2025.

2.Non Disclosure of Capital Contribution-Capital Contribution opening balance details as on 01-04-2024 is not provided by authorised register or document.
3.Non Disclosure of Fixed Assets-Fixed Assets not classified and valuated and accounted-Asset Database is not updated upto 31-03-2025.
4.Prior Period Adjustment of Rs. 28052685/- details not furnished
5.Two bank accounts of NULM Project not included in the Annual Financial Statement.

## 2.Other Observations

1. Municipal Pension fund is not correctly accounted in the Annual Financial Statement.
2. The loan amount of Rs 72,00,000/- received from KURDFC for the housing project in the previous financial year and Rs. 76,00,000/- received during the current year have not been properly incorporated in the Annual Accounts through appropriate accounting adjustments. Consequently, the liability amount shown under Schedule B-5 as the outstanding loan balance does not reflect the correct amount repayable. Balance in B5 Schedule does not match with B16 Schedule.
3. Employee loan recovery amount is wrongly accounted as loan amount of the institution.
4. Incorrect Large amounts accounted in certain Receipt Heads
5. The accuracy of the amounts accounted for under various heads are unclear.
6. The monthly bank reconciliation statement and treasury statement were not prepared for a treasury account of municipality.
7. The redemption amount from various treasury accounts for the year 2021-22 has not been adjusted in the Annual Financial Statement.
8. The accuracy of the bank book and passbook reconciliation for the health grant account has not been ascertained.
9. Advance amounts were wrongly accounted under the fixed asset heads.
10. The expenditure of various grants reflected in the AFS differs from the expenditure for the same funds as shown in the Sulekha Expenditure Statement.
11. The balance amounts of certain accounts recorded in the B-17 Schedule do not tally with those in the B-4 Schedule.
12. The depreciation of assets for the year has not been disclosed in detail, and no supporting worksheet has been maintained for the provision in this regard.
13. The advance register and deposit register have not been properly maintained.
14. Appropriation Control Register for earmarked special fund has not been maintained . Hence the correctness of B4 schedule balances cannot be ascertained.
15. Government and Other Dues Register has not been properly maintained. - The details of some recoveries outstanding as on 31-03-2025 has not been disclosed.
16. Accrual Demands for the financial year 2024-25 has not been accurately workedout and certified under attestation of Secretary (such as Rent from Buildings, License Fee, Institution Profession Tax, Property tax)
17. Prior period arrear of rent wrongly accounted in the balance sheet B-15 schedule (code 4314016-rent receivables from local body properites (arrear)).

Senior Deputy Director
District Office Kottayam
Kerala State Audit Department

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ വൈക്കം മുൻസിപ്പാലിറ്റിയുടെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്